# നാടോടിക്കഥ രൂപവും സംസ്കാരവും
# മലയാളത്തിലെ തിരഞ്ഞെടുത്ത
# നാടോടിക്കഥകളുടെ പഠനം

**കോഴിക്കോട് സർവകലാശാലയിൽ മലയാള–കേരളപഠനവിഭാഗത്തിൽ**
**ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനുവേണ്ടി**
**സമർപ്പിക്കുന്ന പ്രബന്ധം**

**സുരേഷ് കുമാർ എ.**

**മലയാള-കേരളപഠനവിഭാഗം**
**കോഴിക്കോട് സർവ്വകലാശാല**

**ഡിസംബർ 2018**

# FOLKTALE FORM AND CULTURE :
## A STUDY OF SELECTED FOLKTALES
## IN MALAYALAM

*Thesis submitted to the University of Calicut*
*for the award of the Degree of*
DOCTOR OF PHILOSOPHY IN MALAYALAM

**SURESH KUMAR A.**

**DEPARTMENT OF MALAYALAM AND KERALA STUDIES**
**UNIVERSITY OF CALICUT**

**DECEMBER 2018**

# സത്യവാചകം

കോഴിക്കോട് സർവകലാശാലയിൽ ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനുവേണ്ടി സമർപ്പിക്കുന്ന ഈ പ്രബന്ധം ഇതിനുമുമ്പ് ഏതെങ്കിലും ബിരുദത്തിനോ ഫെല്ലോഷിപ്പിനോ, മറ്റേതെങ്കിലും അംഗീകാരത്തിനോ വേണ്ടി എഴുതപ്പെട്ടതല്ല എന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

കോഴിക്കോട് സർവ്വകലാശാല
തിയ്യതി

**സുരേഷ്കുമാർ എ.**

**ഡോ. പി.ബി. ലൽകാർ**
**എഡിറ്റോറിയൽ കൺസൾട്ടന്റ്**
**തുഞ്ചത്തെഴുത്തച്ഛൻ മലയാള-സർവകലാശാല**
**തിരൂർ - 676 502**
**(റിസർച്ച് ഗൈഡ്, മലയാള-കേരളപഠനവിഭാഗം**
**കാലിക്കറ്റ് സർവ്വകലാശാല)**

# സാക്ഷ്യപത്രം

കോഴിക്കോട് സർവകലാശാലയിൽ പി.എച്ച്.ഡി. ബിരുദത്തിനുവേണ്ടി സുരേഷ്കുമാർ എ., സമർപ്പിക്കുന്ന **'നാടോടിക്കഥ രൂപവും സംസ്കാരവും മലയാളത്തിലെ തിരഞ്ഞെടുത്ത നാടോടിക്കഥകളുടെ പഠനം'** എന്ന പ്രബന്ധം എന്റെ മാർഗ്ഗനിർദ്ദേശമനുസരിച്ച് നിർവ്വഹിച്ച ഗവേഷണത്തിന്റെ രേഖയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

കോഴിക്കോട് സർവ്വകലാശാല

തിയ്യതി :

**ഡോ. പി.ബി. ലൽകാർ**

# കൃതജ്ഞത

പുത്തൻ പരിഷ്കാരത്തിന്റെ കുത്തൊഴുക്കിൽ തനത് സംസ്കാരങ്ങളും നാട്ടറിവുകളും തിരസ്കൃതമാവുന്ന ഒരു സാംസ്കാരിക രാഷ്ട്രീയ സന്ദർഭത്തിലാണ് നാം ജീവിക്കുന്നത്. കൂട്ടായ്മ നിർമ്മിച്ച നാടോടിവഴക്കങ്ങളിൽ സുപ്രധാനമാണ് നാടോടിക്കഥ. മലയാളത്തനിമയെയും സംസ്കാരത്തെയും നിർണ്ണയിക്കുന്നതിൽ നമ്മുടെ നാട്ടുകഥകൾ വഹിക്കുന്ന സജീവമായ പങ്കിനെ അടയാളപ്പെടുത്തുന്ന പഠനമാണിത്. നാട്ടറിവിനെ വിമോചനത്തിന്റെ വഴിയായി സ്വീകരിക്കുന്ന സാംസ്കാരിക ഇടപെടലാണ് ഈ പ്രബന്ധം നിർവ്വഹിക്കുന്നത്. പ്രബന്ധരചനയിൽ അർത്ഥഗർഭമായ മൗനംകൊണ്ടും (ഗുരോസ്തു മൗനം വ്യാഖ്യാനം) സാന്നിധ്യംകൊണ്ടും നിർദ്ദേശങ്ങൾ കൊണ്ടും ഉദാരമായ പിൻബലമേകിയ ആദരണീയയായ പി.ബി. ലൽകാർ ടീച്ചറെ സവിനയം നമിക്കുന്നു. പഠനവഴിയിൽ ആഴവും വ്യാപ്തിയുമുള്ള നിർദ്ദേശങ്ങൾ നൽകി പഠനഘട്ടങ്ങളെ നിർണയിച്ച പ്രബുദ്ധവ്യക്തിത്വത്തിനുടമായ സോമൻ കടലൂർ സാറിന് സസ്നേഹം നന്ദി പ്രകാശിപ്പിക്കുന്നു. പ്രബന്ധവഴിയിൽ ദിശാബോധം നൽകിയ ഡോ. പി. സുരേഷ്, ഗവേഷണ സഹപാഠികളായ ലിൻസി സി, ജിഷി കോട്ടക്കുന്നിമ്മേൽ, ഗീത എം. ടി, ദീപ്തി സി. കെ, ഷീന വി. കെ. അനസ്സ് എന്നിവരെ നന്ദിപൂർവ്വം സ്മരിക്കുന്നു. ബൗദ്ധികമായ പിന്തുണയേകിയ സതികുമാർ ജി, ഓംകാരനാഥൻ, ഓണിൽ രവീന്ദ്രൻ, പ്രൂഫ് റീഡറായ പി. യഹിയ പി.റഫീക്ക് എന്നിവരോടൊപ്പം കോഴിക്കോട് സർവ്വകലാശാലയിലെ മലയാളവിഭാഗം അധ്യാപക ശ്രേഷ്ഠർ, അധ്യാപകേതര ജീവനക്കാർ, ഗ്രന്ഥാലയ ജീവനക്കാർ അച്ചടി പൂർത്തീകരിച്ചു തന്ന ബിന ഫോട്ടോസ്റ്റാറ്റിലെ ബാലുവേട്ടൻ, അക്ഷരവും ആശയവും തന്ന മുഴുവൻ സുമനസുകളെയും ആത്മാർത്ഥമായി പ്രണമിക്കുന്നു.

**സുരേഷ് കുമാർ എ.**

# ഉള്ളടക്കം


| | | പേജ് നമ്പർ |
|---|---|---|
| ആമുഖം | | 1 – 6 |
| **അധ്യായം ഒന്ന് :** | **നാടോടിക്കഥയും സംസ്കാരവും** | **7 – 27** |
| 1.1 | കഥ ഒരു സാമൂഹ്യപ്രക്രിയ | 7 |
| 1.2 | കഥയും ജനസംസ്കാരങ്ങളും | 9 |
| 1.3 | കഥ ഭാരതീയ പാരമ്പര്യം | 11 |
| 1.4 | കഥ ഗ്രീക്ക് പൈതൃകം | 15 |
| 1.5 | കഥ സുമേറിയൻ പാരമ്പര്യം | 16 |
| 1.6 | കഥ പേർഷ്യൻ പൈതൃകം | 17 |
| 1.7 | കഥ ആഫ്രിക്കൻ പാരമ്പര്യം | 19 |
| 1.8 | കഥ റഷ്യൻ പൈതൃകം | 20 |
| 1.9 | കഥ ജിപ്സി പാരമ്പര്യം | 23 |
| 1.10 | ലോകനാടോടിക്കഥാപാരമ്പര്യം പൊതു നിരീക്ഷണങ്ങൾ | 24 |
| **അധ്യായം രണ്ട് :** | **നാടോടിക്കഥ : പാഠവും പഠനവും** | **28 – 53** |
| 2.1 | കഥയും നിർവ്വചനങ്ങളും | 28 |
| 2.2 | നാടോടിക്കഥ: സാഹിത്യരൂപം | 30 |
| 2.3 | നാടോടിക്കഥ: പഠനചരിത്രം | 31 |
| 2.3.1 | ഒന്നാംഘട്ടം: നാടോടിക്കഥകളുടെ ഉത്ഭവം, പ്രഥമരൂപം, പഠനം | 32 |
| 2.3.2 | രണ്ടാംഘട്ടം: നാടോടിക്കഥകളുടെ രൂപം, ഘടന, പഠനം | 32 |
| 2.3.3 | മൂന്നാംഘട്ടം: നാടോടിക്കഥകളുടെ രൂപം നൽകുന്ന അർത്ഥം, പഠനം | 33 |
| 2.3.4 | ചരിത്രാത്മക ഭൂമിശാസ്ത്ര പദ്ധതി (Historic Geographic Method) | 33 |
| 2.3.5 | രൂപപരമായ സമ്പ്രദായം (Morphological Method) | 37 |
| 2.3.6 | വംശീയ രീതിശാസ്ത്രം (Ethnographic Method) | 43 |
| 2.3.6.1 | മനഃശ്ശാസ്ത്രപരമായ വ്യാഖ്യാനം | 44 |

| | | |
|---|---|---|
| 2.3.6.2 | നരവംശശാസ്ത്രപരമായ വ്യാഖ്യാനം | 47 |
| 2.3.6.3 | സാഹിതീയ വ്യാഖ്യാനം | 49 |
| 2.4 | നാടോടിക്കഥ: പാഠവും പഠനവും: പൊതു നിരീക്ഷണങ്ങൾ | 50 |
| **അധ്യായം മൂന്ന് :** | **കേരളീയ നാടോടിക്കഥ** | **54 – 188** |
| 3.1 | കഥ: മൊഴിയും വഴിയും | 54 |
| 3.2 | സ്വത്വം - തനിമ - നാടോടിക്കഥ | 54 |
| 3.3 | കഥ വളർന്ന വഴികൾ | 56 |
| 3.4 | പുരാവൃത്തവും നാടോടിക്കഥയും | 57 |
| 3.5 | ഐതിഹ്യവും നാടോടിക്കഥയും | 59 |
| 3.6 | കഥാഗാനങ്ങളും നാടോടിക്കഥയും | 61 |
| 3.7 | പഴഞ്ചൊല്ലുകളും നാടോടിക്കഥയും | 63 |
| 3.8 | ആദിവാസികളും നാടോടിക്കഥകളും | 64 |
| 3.9 | നാടോടിക്കഥയും കേരളത്തനിമയും: ചില നിരീക്ഷണങ്ങൾ | 66 |
| 3.10 | കേരളീയ നാടോടിക്കഥ പാഠവും പഠനവും | 67 |
| 3.10.1 | കഥ- മണ്ണാങ്കട്ടയും കരിയിലയും | 67 |
| 3.10.2 | കുറുക്കത്തിപ്പെണ്ണിന്റെ ബുദ്ധി | 73 |
| 3.10.3 | മുത്തച്ഛന്റെ ചട്ടി | 78 |
| 3.10.4 | ഏകാദശി നോറ്റ കാക്ക | 81 |
| 3.10.5 | നിധികിട്ടുമ്പോൾ | 87 |
| 3.10.6 | ആനയും തുന്നൽക്കാരനും | 91 |
| 3.10.7 | കോടൻഭരണയിലെ ഉപ്പുമാങ്ങ | 98 |
| 3.10.8 | പരമസുഖം | 109 |
| 3.10.9 | മർമ്മവിദഗ്ധൻ | 116 |
| 3.10.10 | അത്തിമരത്തിലെ കരള് | 119 |
| 3.10.11 | ഉണ്ടനും ഉണ്ടിയും പുള്ളിപ്പുലിയും | 130 |
| 3.10.12 | പണിക്കരുടെ വാഴത്തോട്ടം | 138 |
| 3.10.13 | തോട്ടത്തിലെ നിധി | 141 |
| 3.10.14 | മടിയൻ മലചുമക്കും | 144 |
| 3.10.15 | തിയ്യാട്ടുണ്ണി | 148 |
| 3.10.16 | അധികാരി അമ്മാവൻ | 158 |
| 3.10.17 | ലോകത്തിന്റെ ഭൂപടം | 164 |

| | | |
|---|---|---|
| 3.10.18 | അച്ചനും കപ്പിയാരും | 168 |
| 3.10.19 | എലിപ്പെട്ടി | 175 |
| 3.10.20 | ചെമ്പൂപ്പൻ | 182 |

**അധ്യായം നാല് : നാടോടിക്കഥ; സൗന്ദര്യവും സംസ്കാരവും** **189 – 222**

| | | |
|---|---|---|
| 4.1 | സൗന്ദര്യവിദ്യാഭ്യാസവും സംസ്കാരവും | 192 |
| 4.2 | നാടോടിക്കഥയും ഭാവനയും | 197 |
| 4.3 | നാടോടിക്കഥയും നൈതികബോധവും | 200 |
| 4.4 | നാടോടിക്കഥയും ചിന്തയും | 204 |
| 4.5 | നാടോടിക്കഥയും പാരമ്പര്യബോധവും | 208 |
| 4.6 | നാടോടിക്കഥയും ഭാഷാശേഷിയും | 210 |
| 4.7 | നാടോടിക്കഥയും സർഗ്ഗാത്മകതയും | 214 |
| 4.8 | നാടോടിക്കഥയും വികാരവിരേചനവും | 216 |
| 4.9 | നാടോടിക്കഥയും മാനവികതയും | 219 |

**അധ്യായം അഞ്ച് : ഉപസംഹാരം** **223 – 231**

**ഗ്രന്ഥസൂചി** **232 – 241**

പഠനറിപ്പോർട്ട്

ആവേദകർ

വെബ്സൈറ്റ്

# ആമുഖം

നാടോടി വാമൊഴിവഴക്കങ്ങളിൽ സുപ്രധാനമാണ് നാടോടിക്കഥ. ഓരോ സംസ്കാരത്തിന്റെയും ആവിഷ്കാരപ്രകാരങ്ങളായ നാടോടിക്കഥകളിൽ അതത് ജനതയുടെ സ്വത്വവും സംസ്കാരവും ലോകവീക്ഷണവും നിലീനമായിക്കിടപ്പുണ്ട്. ഔപചാരികവിദ്യാഭ്യാസം ആരംഭിക്കുന്നതിനുമുമ്പ് ഒട്ടനവധി കഥകളിലൂടെ ഓരോ കൂട്ടായ്മയിലേക്കും കുട്ടികൾ കടന്നുപോകുന്നു. ഭാഷ, ഭാവന, ചിന്താ ശേഷി എന്നിവയെ സാർത്ഥകമാക്കാൻ കഥകളിലൂടെയുള്ള സൗന്ദര്യാത്മകവിദ്യാ ഭ്യാസത്തിന് കഴിയുന്നു. ഇത്തരം സാധ്യതകൾ തിരിച്ചറിഞ്ഞ് വിദ്യാഭ്യാസപ്രക്രിയ യിൽ ഉൾപ്പെടുത്തിയ ഒരു പാരമ്പര്യം നമുക്കുണ്ട്. നൈതികധാരണകളെയും ലോകവീക്ഷണത്തെയും ആഴത്തിൽ സ്വാധീനിക്കാൻ ശേഷിയുള്ള നാടോടിക്കഥ കൾ എങ്ങനെയാണ് മനുഷ്യന്റെ സൗന്ദര്യബോധത്തെയും സംസ്കാരത്തെയും നിർണ്ണയിക്കുന്നതെന്ന അന്വേഷണത്തിന്റെ ഭാഗമാണ് ഈ പ്രബന്ധം.

**പഠനലക്ഷ്യം**

സൂക്ഷ്മവും അഗാധവുമായ അനേകം ധർമ്മങ്ങൾ നാടോടിക്കഥ വ്യക്തിജീ വിതത്തിലും സമൂഹജീവിതത്തിലും നിർവ്വഹിക്കുന്നുണ്ട്. നാടോടിക്കഥയുടെ ഘട നയെക്കുറിച്ചല്ല, അത് അനുഷ്ഠിക്കുന്ന ധർമ്മത്തെയാണ് ഈ പഠനം മുഖ്യമായും ലക്ഷ്യംവയ്ക്കുന്നത്. നാടോടിക്കഥയുടെ സാധ്യതയും വിനിമയവീര്യവും എപ്രകാ രമാണ് മനുഷ്യന്റെ ലോകബോധത്തെ നിർണ്ണയിക്കുന്നതെന്ന അന്വേഷണം പ്രധാ നമാണ്. മാതൃഭാഷയെയും ഭാവനയെയും പര്യാപ്തമാക്കാനും ചിന്തയെയും സൗന്ദര്യബോധത്തെയും വികസിപ്പിക്കാനും നാടോടിക്കഥയ്ക്ക് എങ്ങനെ സാധ്യ മാവുന്നു എന്നീ അന്വേഷണങ്ങൾ ഈ പഠനത്തിന്റെ ലക്ഷ്യമാണ്. അതുവഴി കേരളീയസംസ്കാരവും നൈതികതയും നാടോടിക്കഥകളിൽ എപ്രകാരം ഉൾച്ചേർന്നിരിക്കുന്നു എന്ന വസ്തുതകൂടി ഈ അന്വേഷണപരിധിയിൽപ്പെടുന്നു.

## പഠനപ്രസക്തി

വിശദവും നാനാമുഖവുമായ തിരിച്ചറിവുകൾ ലഭ്യമാകുന്നത് കൂട്ടായ്മജീവിതത്തിന്റെ ഭാഗമായി നിൽക്കുന്ന നാട്ടറിവിലൂടെയാണ്. ജനനത്തിനും ആറുവയസ്സിനുമിടയിൽ ലഭിക്കുന്ന സാംസ്കാരികാനുഭവങ്ങളാണ് ഒരാളുടെ സ്വഭാവരൂപീകരണത്തിന്റെ അടിത്തറ. ഇക്കാലയളവിൽ ഒരു കുട്ടിക്ക് ലഭിക്കുന്ന ജൈവവും ജീവിതഗന്ധിയുമായ നാടോടിക്കഥകൾ പിൽക്കാലജീവിതത്തിന്റെ സൗന്ദര്യബോധത്തെയും സംസ്കാരത്തെയും സ്വാധീനിക്കുന്നു. നാടോടിക്കഥ നൽകുന്ന പ്രസക്തവും സത്യസന്ധവുമായ പാഠങ്ങൾ മനുഷ്യജീവിതത്തെ എങ്ങനെ സക്രിയവും സജീവവുമാക്കി മാറ്റുന്നു എന്ന അന്വേഷണം തനത് സംസ്കാരങ്ങളെല്ലാം നവകൊളോണിയൽ അധിനിവേശയുക്തിയിൽ തിരസ്കൃതമാവുന്ന വർത്തമാനകാലസന്ദർഭത്തിൽ ഏറെ പ്രസക്തമാണ്. മറ്റനേകം സാംസ്കാരികാവിഷ്കരണങ്ങൾപോലെ നാടോടിക്കഥയും ദേശീയമായ സ്വത്വത്തെ അടയാളപ്പെടുത്തുന്നുണ്ട്. പാരമ്പര്യവും ലോകവീക്ഷണവുമെല്ലാം ഓരോ കൂട്ടായ്മയുടെയും നാടോടിക്കഥകളിൽ അന്തർവഹിക്കുന്നുണ്ട്. പുതിയ കമ്പോളപ്രത്യയശാസ്ത്രം മേൽക്കൈ നേടുന്ന ഒരു സാംസ്കാരിക-രാഷ്ട്രീയസന്ദർഭത്തിൽ നാടോടിക്കഥ കൂട്ടായ്മയിൽ നിർവ്വഹിക്കുന്ന ഇത്തരം ദൗത്യങ്ങളെ നിർദ്ധാരണം ചെയ്യുക എന്നത് അങ്ങേയറ്റം പ്രസക്തമാണ്. ഭാവനയും യുക്തിചിന്തയും വികസിപ്പിക്കുന്ന നാടോടിക്കഥയെ സംബന്ധിച്ച ഈ പര്യാലോചന ഭാഷാപരവും വിദ്യാഭ്യാസപരവും സാംസ്കാരികവുമായി പ്രസക്തമാണ്.

## പ്രശ്നപരികല്പന

സംസ്കൃതിയെ സ്വാംശീകരിക്കുകയും സ്വാഭാവികമായ വിദ്യാഭ്യാസപ്രക്രിയയായി സ്വയം മാറുകയും ചെയ്യുന്ന നാടോടിക്കഥ ഒരു സമൂഹം കാലങ്ങൾകൊണ്ട് രൂപപ്പെടുത്തിയെടുത്തതാണ്. അതുകൊണ്ടുതന്നെ ആശയവിനിമയത്തിന്റെ ശക്തി ഇത്തരം വാമൊഴിരൂപങ്ങൾക്കെല്ലാമുണ്ട്. നാടോടിക്കഥകളിലൂടെ

ലഭിക്കുന്ന സൗന്ദര്യാത്മകവും വൈകാരികവും ബുദ്ധിപരവുമായ വിദ്യാഭ്യാസം മനുഷ്യജീവിതത്തെ ആഴത്തിൽ സ്വാധീനിക്കുന്നുണ്ട് എന്ന പരികല്പനയാണ് ഈ പഠനത്തെ നയിക്കുന്നത്.

**പഠനമേഖല**

നാടോടിക്കഥ എന്നത് ബൃഹദ്പ്രപഞ്ചമാണ്. ലോകത്തിലെ അനേകം സംസ്കാരങ്ങളിൽ വിചിത്രവും വൈവിധ്യപൂർണ്ണവുമായ നാടോടിക്കഥകൾ നില വിലുണ്ട്. വ്യത്യസ്ത ദേശപാരമ്പര്യങ്ങൾ പരസ്പരം കൈമാറ്റം ചെയ്യപ്പെടുകയും അതത് ദേശത്തിന്റെ പാഠങ്ങളായി അവ പരിണമിക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചത ന്ത്രവും കഥാസരിത്സാഗരവും ഇന്ത്യയിലെ നാടോടിക്കഥാപാരമ്പര്യമാണ്. കഥാ ഖ്യാനത്തിൽ നാടോടിക്കഥകളുടെ ഒരു വലിയ പാരമ്പര്യം കേരളത്തിനുമുണ്ട്. സന്ദേശവും ഭാവനയുമടങ്ങിയ കേരളീയ നാടോടിക്കഥകളിൽനിന്ന് തിരഞ്ഞെ ടുത്ത കഥകളാണ് ഇവിടെ പഠനമേഖലയായി സ്വീകരിച്ചിരിക്കുന്നത്.

**പഠനരീതി**

സംസ്കൃതിയുടെ അടയാളങ്ങളായ വസ്തുതകളുടെ സാമൂഹികധർമ്മ ങ്ങൾ വിശകലനം ചെയ്യാൻ സംസ്കാരപഠനങ്ങളുടെ സൈദ്ധാന്തിക ഊർജ്ജം പ്രയോജനപ്പെടുത്തേണ്ടതുണ്ട്. നാടോടിക്കഥ എന്ന സാംസ്കാരികോല്പന്ന ത്തെയും അത് മനുഷ്യജീവിതത്തിൽ നിർവ്വഹിക്കുന്ന ദൗത്യത്തെയും പ്രസക്തി യെയും പഠിക്കാൻ സാഹിത്യസൗന്ദര്യശാസ്ത്രം, ശിശുമനശ്ശാസ്ത്രം, ഫോക്‌ലോർ സിദ്ധാന്തങ്ങൾ എന്നിവയെ ഈ പഠനത്തിനായി സ്വീകരിക്കുകയും വിവരണാത്മക മായി പഠിക്കുകയും ചെയ്യുന്നു. കേരളീയ നാടോടിക്കഥ പ്രഥമദത്തമായി കൈക്കൊള്ളുകയും അവയെ സംബന്ധിച്ച് സമൂഹത്തിന്റെ കാഴ്ചപ്പാടുകളും വിദ്യാഭ്യാസവിചക്ഷണന്മാരുടെ വിചാരമാതൃകകളും വിശദാഖ്യാനത്തിന് വിധേയ മാക്കുകയും ചെയ്തുകൊണ്ടുള്ള പഠനാന്വേഷണമാണ് ഈ പ്രബന്ധത്തിൽ മുഖ്യ മായും ഉദ്ദേശിക്കുന്നത്.

**പൂർവ്വപഠനം**

നാടോടിക്കഥകളുടെ അർത്ഥം, ഘടന, പൊരുൾ എന്നിവയെ സംബന്ധിച്ച് ധാരാളം പഠനങ്ങൾ ലോകത്തുണ്ടായിട്ടുണ്ട്.

'മോർഫോളജി ഓഫ് ഫോക്ടേൽ' (Morphology of Folktale) എന്ന ഗ്രന്ഥത്തിൽ വി.ജെ. പ്രോപ്പ് നാടോടിക്കഥകളുടെ തിരശ്ചീനഘടന വിശകലനം ചെയ്യുന്നു. ആയിരക്കണക്കിന് രൂപങ്ങളിൽ ആവിഷ്കരിക്കപ്പെടുന്ന കഥകളിൽ 31 ധർമ്മങ്ങൾ മാത്രമേ ഉള്ളൂ എന്നും കഥാപാത്രങ്ങളും സന്ദർഭങ്ങളും മാറുന്നു എന്നതുകൊണ്ടാണ് കഥാവൈവിധ്യം അനുഭവപ്പെടുന്നത് എന്നും അദ്ദേഹം വിശദീകരിക്കുന്നു.

റിച്ചാർഡ് എം. സോർസൺ 'ഫോക്‌ലോർ ആന്റ് ഫോക്‌ലൈഫ്' എന്ന ഗ്രന്ഥത്തിൽ നാടോടിക്കഥകളെ സവിശേഷമായി പ്രതിപാദിക്കുന്നു.

അലൻ ഡൻഡിസ് 'ദി സ്റ്റഡി ഓഫ് ഫോക്‌ലോർ' എന്ന ഗ്രന്ഥത്തിൽ നാടോടിക്കഥകളെ വിശദമായി വ്യാഖ്യാനിക്കുന്നു.

എറിക് കെ. ടൈലർ എന്ന പണ്ഡിതൻ 'യൂസിങ് ഫോക് ടെയ്ൽസ്' എന്ന ഗ്രന്ഥത്തിൽ നാടോടിക്കഥ എങ്ങനെ വിദ്യാഭ്യാസത്തിൽ പ്രയോജനപ്പെടുത്താം എന്ന് പര്യാലോചിക്കുന്നു.

രാഘവൻ പയ്യനാടിന്റെ 'ഫോക്‌ലോർ' എന്ന ഗ്രന്ഥത്തിൽ നാടോടിക്കഥയെ വിശകലനം ചെയ്ത് കഥയുടെ ധർമ്മവും വർഗ്ഗീകരണവും വിശദമാക്കുന്നു.

ഡോ. കെ.എം. ഭരതൻ 'കേരള ഫോക്‌ലോർ' എന്ന ഗ്രന്ഥത്തിൽ കേരളത്തിലെ നാടോടിക്കഥയെ വി.ജെ. പ്രോപ്പിന്റെ വിചാരമാതൃകയിൽ പഠിച്ചിട്ടുണ്ട്.

ഡോ. സോമൻ കടലൂരിന്റെ 'വിദ്യാഭ്യാസവും ഫോക്‌ലോറും' എന്ന ഗ്രന്ഥത്തിൽ വിദ്യാഭ്യാസപ്രവർത്തനത്തിൽ നാടോടിക്കഥയുടെ സാധ്യത അന്വേഷിക്കുന്നു.

എന്നാൽ നാടോടിക്കഥ സംസ്കാരത്തെയും സൗന്ദര്യബോധത്തെയും എങ്ങനെ നിർണ്ണയിക്കുന്നു എന്നതിൽ കേരളത്തിലെ നാടോടിക്കഥയെ ആസ്പദമാക്കിയുള്ള പഠനം ഇതുവരെ ഉണ്ടായതായി അറിവില്ല. അത്തരം ഒരന്വേഷണത്തിന് പൂർവ്വപഠനം എന്ന രീതിയിൽ സ്വീകരിക്കാവുന്ന പഠനങ്ങളും അന്വേഷണങ്ങളും മാത്രമാണ് മേൽപ്പറഞ്ഞ ഗ്രന്ഥങ്ങൾ.

**പ്രബന്ധസ്വരൂപം**

**'നാടോടിക്കഥ: രൂപവും സംസ്കാരവും**-മലയാളത്തിലെ തിരഞ്ഞെടുത്ത നാടോടിക്കഥകളുടെ പഠനം' എന്ന പ്രബന്ധത്തിന് ആമുഖംകൂടാതെ അഞ്ച് അധ്യായങ്ങൾ ഉദ്ദേശിക്കുന്നു.

**നാടോടിക്കഥയും സംസ്കാരവും** എന്ന ഒന്നാമധ്യായത്തിൽ ലോകത്തിലെ നാടോടിക്കഥാപാരമ്പര്യത്തെയും ഓരോ സംസ്കാരത്തിലും അവ നിർവ്വഹിക്കുന്ന ധർമ്മവും അതിന്റെ രൂപഘടനയും അർത്ഥവും വിവരണാത്മകരീതിയിൽ രേഖപ്പെടുത്തുന്നു.

**നാടോടിക്കഥ പാഠവും പഠനവും** എന്ന രണ്ടാമധ്യായത്തിൽ നാടോടിക്കഥയെ സംബന്ധിച്ച് ഇതുവരെ ഉണ്ടായിട്ടുള്ള ഗൗരവമാർന്ന പഠനങ്ങൾ വിശകലനം ചെയ്യുന്നു. അതുവഴി നാടോടിക്കഥ നിർവ്വഹിക്കുന്ന ധർമ്മം തിരിച്ചറിയാനുള്ള സൗന്ദര്യശാസ്ത്രപദ്ധതി വികസിപ്പിച്ചെടുക്കാനും ശ്രമിക്കുന്നു..

**കേരളീയ നാടോടിക്കഥ: ഒരു വിവരണാത്മകപഠനം** എന്ന മൂന്നാമധ്യായത്തിൽ കേരളത്തിന്റെ സ്വന്തം കഥാപാരമ്പര്യത്തിന്റെ വഴികൾ അടയാളപ്പെടുത്തുന്നു.

**കേരളീയ നാടോടിക്കഥ സൗന്ദര്യവും സംസ്കാരവും** എന്ന നാലാമധ്യായത്തിൽ നാടോടിക്കഥ സമൂഹത്തിൽ നിർവ്വഹിക്കുന്ന സൗന്ദര്യാത്മകവും സാംസ്കാരികവുമായ ധർമ്മങ്ങൾ സംബന്ധിച്ച് കേരളീയ നാടോടിക്കഥാപാരമ്പര്യത്തിന്റെ വെളിച്ചത്തിൽ അന്വേഷിക്കുന്നു.

നാടോടിക്കഥകളിലൂടെ ലഭിക്കുന്ന സൗന്ദര്യാത്മകവും വൈകാരികവും ബുദ്ധിപരവുമായ വിദ്യാഭ്യാസം മനുഷ്യജീവിതത്തെ ആഴത്തിൽ സ്വാധീനിക്കുന്നു എന്ന പരികല്പനയോടെ നടത്താനുദ്ദേശിക്കുന്ന ഈ പഠനത്തിൽനിന്ന് വെളിപ്പെടുന്ന വസ്തുതകൾ അഞ്ചാം അധ്യായമായ ഉപസംഹാരത്തിൽ ക്രോഡീകരിക്കുന്നു.

# അധ്യായം 1

# നാടോടിക്കഥയും സംസ്കാരവും

മനുഷ്യവംശത്തിന്റെ പിറവിയും ജീവിതവും സാംസ്കാരികപരിണാമവും വികസിച്ചുവന്നത് ജലസമൃദ്ധമായ നദീതീരങ്ങളിലും അവയ്ക്ക് അനുബന്ധമായി നിലകൊള്ളുന്ന ആരണ്യമേഖലകളിലുമാണ്. കാരണം, ജീവന്റെ ഉത്പത്തിക്കും വികാസത്തിനും ജലം അനിവാര്യമാണ്. ഒറ്റയ്ക്കും കൂട്ടായും ജീവിച്ചുവന്ന ആദിമ മനുഷ്യർ പ്രാഥമികജീവിതാവശ്യങ്ങൾക്ക് പരിപൂർണ്ണമായും ആശ്രയിച്ചിരുന്നത് പ്രകൃതിയെയാണ്. അനുകൂലമായ ജീവിതാവസരം പ്രകൃതി ഒരുക്കുന്നു എന്ന അർത്ഥത്തിൽ മനുഷ്യനും പ്രകൃതിയും തമ്മിലുള്ള പാരസ്പര്യവും ആത്മബന്ധവും ദൃഢമാണ്.

## 1.1 കഥ - ഒരു സാമൂഹ്യപ്രക്രിയ

പ്രകൃതിയിലെ സൂക്ഷ്മജീവികൾ മുതൽ പരിണാമത്തിന്റെ ഇങ്ങേയറ്റത്തുള്ള മനുഷ്യൻ വരെ കൂട്ടായ്മയെ അംഗീകരിക്കുന്നുണ്ട്. ഒറ്റതിരിഞ്ഞ ജീവിതം ജീവികൾക്ക് അസാധ്യമാണ്. കൂട്ടായ്മ സൃഷ്ടിക്കുന്നതിൽ പ്രകൃതി രണ്ടുതരത്തിൽ സ്വാധീനിക്കുന്നു. പ്രകൃതി ഒരുക്കുന്ന കായ്കനികൾ, മത്സ്യം, മാംസം, ജലലഭ്യത, അനുകൂലമായ കാലാവസ്ഥ തുടങ്ങിയവ ജീവികളുടെ കൂട്ടായ്മയ്ക്കും സഹകരണജീവിതത്തിനും അനുകൂലമായ സാഹചര്യം സൃഷ്ടിക്കുന്നു. കാട്ടുതീ, വെള്ളപ്പൊക്കം, കൊടുംചൂട്, ഭൂമികുലുക്കം എന്നീ പ്രകൃതിപ്രതിഭാസങ്ങളിൽ നിന്നു രക്ഷനേടാൻ കൂട്ടായ്മ സഹായിക്കുന്നു.

മനുഷ്യൻ എന്ന ജീവിവർഗ്ഗം ഒറ്റതിരിഞ്ഞ ജീവിതത്തിൽനിന്നു സംഘബോധത്തിലേക്കും കൂട്ടായ്മയിലേക്കും നീങ്ങുന്നതിൽ പ്രകൃതിയുടെ അനുകൂലവും പ്രതികൂലവുമായ രണ്ട് ഭാവങ്ങൾ കാരണമാവുന്നു. സംഘശക്തിയുടെ അനിവാ

ഭൃത അനുഭവത്തിലൂടെ തിരിച്ചറിഞ്ഞ ആദിമമനുഷ്യൻ ഈ ഘട്ടത്തിൽ ഗോത്രജീവിതത്തിന്റെ സാധ്യത തിരിച്ചറിയുന്നു.

ഇരയും ഇണയും ഗോത്രജീവിതത്തിന്റെ ആണിക്കല്ലാണ്. ഇരതേടുമ്പോൾ ഇണയ്ക്കും സംഘത്തിനും അത് പങ്കുവയ്ക്കേണ്ടതിന്റെ ആവശ്യകത രൂപപ്പെടുന്നു. ഒറ്റയ്ക്കും കൂട്ടായും ഇരതേടി ജീവിച്ചിരുന്ന സന്ദർഭങ്ങളിൽ വിജയപരാജയങ്ങൾ മനുഷ്യന് നേരിടേണ്ടിവന്നു. വന്യമൃഗങ്ങളിൽനിന്നു ഭയത്തോടെ പിൻവാങ്ങി അഭയം തേടിയിരുന്നത് ഗുഹകളിലോ വൻമരങ്ങളിലോ ആയിരുന്നു. അങ്ങനെ ഗുഹകളും വൻമരങ്ങളുടെ സംരക്ഷിത ഇരിപ്പിടങ്ങളും മനുഷ്യന്റെ വിശ്രമകേന്ദ്രങ്ങളും അഭയസ്ഥാനവുമായി. ഗുഹകൾ വിശ്രമത്തിന്റെയും അഭയത്തിന്റെയും കേന്ദ്രങ്ങളായപ്പോൾ അവ്യക്തമായ ശബ്ദങ്ങളിലൂടെയും അർത്ഥഗർഭമായ വരകളിലൂടെയും അവന്റെ/അവളുടെ നായാട്ടനുഭവങ്ങൾ വരയായും വാക്കായും പങ്കുവയ്ക്കപ്പെട്ടു. ഇവ രണ്ടും ആദിമമനുഷ്യന്റെ ആശയവിനിമയത്തിന്റെയും സർഗ്ഗാത്മകതയുടെയും അടയാളപ്പെടുത്തലാണ്.

ഘോരവനങ്ങളിൽ സ്വാഭാവികമായി രൂപപ്പെടുന്ന കാട്ടുതീയിൽ അകപ്പെട്ട ജീവികളുടെ മാംസത്തിന്റെ, കാട്ടുകിഴങ്ങിന്റെ രുചിയറിഞ്ഞ മനുഷ്യൻ ആദ്യത്തെ ഭക്ഷണപരിണാമദശ പിന്നിടുന്നു. കനത്ത തണുപ്പിൽനിന്നും വന്യമൃഗങ്ങളുടെ ആക്രമണത്തിൽ നിന്നും രക്ഷനേടാൻ കാട്ടിൽ തീക്കൂട്ടി ചുട്ടമാംസത്തിനും കായ്കനികൾക്കും വേണ്ടി കാത്തിരിക്കുന്ന രാത്രിയുടെ ഇടവേളകളിൽ പകലത്തെ നായാട്ടനുഭവങ്ങൾ വികാരനിർഭരമായ ആംഗ്യങ്ങളിലൂടെയും അർത്ഥഗർഭമായ ശബ്ദങ്ങളിലൂടെയും പങ്കുവയ്ക്കപ്പെട്ടു. ഇത്തരം ആശയവിനിമയസന്ദർഭങ്ങളിലാണ് കഥയുടെ പിറവി. കഥയുടെ പിറവിയെക്കുറിച്ച്, രവികുമാർ കെ.എസിന്റെ നിരീക്ഷണം ഇവിടെ ശ്രദ്ധേയമാണ്.

''മനുഷ്യൻ ഭാഷയിലൂടെ ആശയവിനിമയം തുടങ്ങിയ കാലംമുതലേ കഥയുണ്ടായിട്ടുണ്ടാവണം. സമൂഹജീവിതത്തിന്റെ ഇടവേളകളിലെ കഥപറയലിലൂടെ

യാവാം സംസ്കാരത്തിന്റെ ആദിമബീജങ്ങൾ മുളച്ചുപൊന്തിയത്. കൂട്ടുചേർന്ന് നായാടിയും കായ്കനികൾ തേടിയും നടന്ന ഗോത്രജീവിതത്തിന്റെ കാലത്തെ വിശ്രമവേളകളിലാവണം മനുഷ്യർ കഥപറഞ്ഞു തുടങ്ങിയത്. അഗ്നികുണ്ഠത്തിൽ ഇറച്ചിക്കഷണങ്ങളും കാട്ടുകിഴങ്ങുകളുമൊക്കെ വേവാനിട്ട്, ചുറ്റുപാടും അത് പാകമാവുന്നതും കാത്തിരുന്ന ആദിമമനുഷ്യൻ ഇരുണ്ട രാത്രിയുടെ അന്ത്യയാമ ങ്ങളിൽ സംഭവബഹുലവും ഉദ്വേഗഭരിതവുമായ പകലത്തെ നായാട്ടനുഭവങ്ങൾ വിവരിച്ചതാവണം ആദ്യത്തെ കഥാഖ്യാനം. അതിന് ഭാവനയുടെ സ്പർശവും നാട കീയതയും നൽകി ആകർഷകമാക്കാൻ പിന്നെപ്പിന്നെ ആഖ്യാതാവ് ശ്രദ്ധിച്ചിരിക്ക ണം. അങ്ങനെ മറ്റു കലകളുടെ കാര്യത്തിലെന്നവണ്ണം കഥപറച്ചിലും ഒരു സാമൂ ഹികപ്രക്രിയയായി വികസിച്ചുവന്നു.''[1]

## 1.2 കഥയും ജനസംസ്കാരങ്ങളും

മനുഷ്യന്റെ സാംസ്കാരികചരിത്ര പരിണാമം ഗോത്രജീവിതത്തിൽനിന്നും സ്വകാര്യസ്വത്തിലേക്കും അതുവഴി കാർഷികസംസ്കാരത്തിലേക്കും വഴിമാറി. ഗുഹയിലെ വരകളിൽനിന്നും വരികളിൽനിന്നും അർത്ഥയുക്തമായ വാങ്മയപ്രകട നത്തിലേക്ക് മനുഷ്യന്റെ ഭാവനയും ചിന്തയും വികസിച്ചു. സാമൂഹികപ്രക്രിയ യുടെ ഈ വികാസഘട്ടത്തിലാണ് നാടോടിക്കഥകൾ ജീവിതഗന്ധിയായി മനുഷ്യ ക്കൂട്ടായ്മയിൽ അതിന്റെ സമഗ്രതയിൽ പ്രത്യക്ഷപ്പെട്ടുതുടങ്ങിയത് എന്ന് നിരീക്ഷി ക്കാവുന്നതാണ്.

ലോകത്തിൽ സംസ്കാരങ്ങൾ രൂപപ്പെട്ടത് നദീതീരങ്ങളിലാണ്. ഭാരതത്തെ പ്രതിനിധീകരിക്കുന്ന സൈന്ധവസംസ്കാരം, പാശ്ചാത്യദേശത്തെ ആഴത്തിൽ സ്വാധീനിച്ച ഗ്രീക്ക് സംസ്കാരം, ഈജിപ്ഷ്യൻ സംസ്കാരം, മെസോപ്പോട്ടേമിയൻ സംസ്കാരം, അമേരിക്കയിലെ മായൻ സംസ്കാരം, ചൈനീസ് സംസ്കാരം, ആഫ്രിക്കൻ സംസ്കാരം തുടങ്ങി പിൽക്കാല ചരിത്രാന്വേഷണം കണ്ടെടുത്ത ഓരോ സംസ്കാരവും മനുഷ്യവംശത്തെ എന്നും സ്വാധീനിക്കുന്നു. അതിനാൽ

ഇത്തരം സംസ്കാരങ്ങളെല്ലാം മാറിവരുന്ന കാലത്തിന്റെ യുക്തിയിൽ വൈവിധ്യ മാർന്ന അളവുകോൽവച്ച് പഠിക്കുകയും നിഗമനങ്ങൾ രൂപപ്പെടുത്തുകയും ചെയ്യു ന്നു. മനുഷ്യസംസ്കാരങ്ങൾക്കെല്ലാം കെട്ടുറപ്പും ആഴവും പരപ്പും നൽകുന്നതിൽ വിശ്വസാഹിത്യത്തിലെ കഥകൾക്കു വലിയ പങ്കുണ്ട്. ലോകകഥാപാരമ്പര്യം ഓരോ സംസ്കാരത്തിന്റെയും ആണിക്കല്ലാണ്. സംസ്കാരത്തിന്റെ അടിപ്പടവ് സർഗ്ഗാത്മക തയാണ്. ആ ഭാവനാനിലീനമായ സർഗ്ഗാത്മകതയാണ് കഥയുടെ കാതൽ.

ലോകകഥാപാരമ്പര്യത്തെ അതിന്റെ വിശാലമായ തലത്തിൽ മാത്രമേ വില യിരുത്താൻ പറ്റൂ. ഓരോ സംസ്കാരത്തിലും ഏതാനും വാക്കുകളിൽ അവസാനി ക്കുന്ന കഥകൾ മുതൽ മാസങ്ങളോളം പറയാവുന്ന കഥകൾവരെ ഉണ്ട്. ഈ കഥ കൾ ഐതിഹ്യമായും മിത്തായും പുരാണമായും ഇതിഹാസമായും ചൊൽക്കഥക ളായും പരന്നുകിടക്കുന്നു. ഒരിടത്തെ ഇതിഹാസവും മിത്തും മറ്റൊരിടത്ത് ചൊൽക്കഥയാണ്. കൃത്യമായി അതിർവരമ്പുകൾ നിശ്ചയിച്ച് നാടോടിക്കഥകളെ പഠിക്കാൻ പ്രയാസമായിവരും. കാരണം, പല ഇതിഹാസങ്ങളിലും മിത്തുകളിലും പരന്നുകിടക്കുന്ന കഥകൾ പല കാലഘട്ടങ്ങളിൽ അതത് സമൂഹം ചൊൽക്കഥക ളായി പറഞ്ഞുനടന്നതാണ്. 'രാമായണം' എന്ന ഇതിഹാസകഥതന്നെ ഏതോ കാലത്ത് നാടോടിക്കഥാരൂപത്തിൽ പറഞ്ഞുനടന്നതായി വിലയിരുത്തപ്പെട്ടിട്ടുണ്ട്. കഥകളുടെ ഈ ദേശ-കാലങ്ങൾ മറികടക്കുന്ന പ്രക്രിയയെ കലാവിമർശകർ വിശ ദീകരിച്ചിട്ടുണ്ട്.

''വായകൊണ്ട് ആഹാരം കഴിക്കുന്ന കാലത്തോളം വായകൊണ്ട് മനുഷ്യൻ കഥപറയും. കഥപറച്ചിലിന് ദേശകാലങ്ങളില്ല. കാലദേശഭേദങ്ങളെ കഥ കുറുകെ കടക്കുന്നു. ഏതു ദേശത്തെയും കഥ എവിടെയും പറയാം''.[2]

ഈ നിരീക്ഷണം കഥ കാലദേശങ്ങളെ അതിക്രമിക്കുന്നു എന്നതിനപ്പുറം കഥയുടെ സർവ്വലൗകികതയെ അംഗീകരിക്കലും കഥപറയാനും കഥ കേൾക്കാനുമുള്ള മനുഷ്യന്റെ ആദിമമായ ചോദനയെ സ്ഥിരീകരിക്കലുമാണ്.

## 1.3 കഥ - ഭാരതീയപാരമ്പര്യം

സംസ്കാരങ്ങളുടെ ചരിത്രത്തിൽ പ്രാചീനതകൊണ്ടും പവിത്രതകൊണ്ടും ശ്രേഷ്ഠമായ സ്ഥാനത്തിന് അർഹമാണ് ഭാരതം. ഭാരതീയസംസ്കാരത്തിന്റെ തായ്വേര് സൈന്ധവസംസ്കാരംതന്നെയാണ്. വേദങ്ങൾ, പുരാണങ്ങൾ, ഉപപുരാണങ്ങൾ, ഇതിഹാസങ്ങൾ, ഉപനിഷത്തുക്കൾ എന്നിവയാണ് ഭാരതീയസംസ്കാരത്തിന് അടിത്തറ പാകിയ ഘടകങ്ങൾ. ഇവയിൽ സവിശേഷമായ പ്രാധാന്യം വേദങ്ങൾക്കാണ്. അതാകട്ടെ, ലോകത്തിലെ ഏറ്റവും പ്രാചീനമായ സാഹിത്യസമുച്ചയവുമാണ്. വേദതത്ത്വവിചാരങ്ങൾ വ്യത്യസ്ത കഥാധാരകളിലൂടെ സാമാന്യജനങ്ങളിൽ എത്തിക്കുകയാണ് ഋഷിമാർ ചെയ്തിരുന്നത്.

''ഇതിഹാസ പുരാണഭ്യാം
വേദം സമുപജ്ജൃംഭയേത്''[3]

ഇതിഹാസപുരാണങ്ങളുടെ സഹായത്തോടുകൂടി വേദതത്ത്വത്തെ വിശദീകരിക്കണം എന്ന കാഴ്ചപ്പാട് ഇതിനെ സാധൂകരിക്കുന്നു.

ഭാരതീയസംസ്കാരത്തിന്റെ മുഖ്യധാര യജ്ഞസംസ്കാരമാണ്. യജ്ഞവേദിയോടനുബന്ധിച്ച് വിചാരസത്രങ്ങൾ നടന്നിരുന്നു. വിചാരസത്രങ്ങളിൽ നാനാദേശങ്ങളിലെ പണ്ഡിതർ ഒത്തുചേരുന്നതും അവർ ഋഷികളുമായി നടത്തുന്ന സംവാദങ്ങളും സർവ്വസാധാരണമായിരുന്നു. പഴയകാലചരിത്രം, തത്ത്വവിചാരങ്ങൾ, ധർമ്മകഥാപ്രവചനം എന്നിവ സദസ്യർക്ക് മുൻപാകെ അവതരിപ്പിക്കുന്ന രീതിയും ഇതിന്റെ ഭാഗമായി നടന്നു. ഇവിടെ ധർമകഥാപ്രവചനം മൃഗകഥകളോ പക്ഷിക്കഥകളോ മനുഷ്യ-മൃഗകഥകളോ ചേർത്ത് ഭാവനാസമ്പന്നമായി, പരിണാമഗുപ്തിയോടെ പറഞ്ഞ് വേദതത്ത്വങ്ങൾ ലളിതമായി ശ്രോതാക്കളിൽ എത്തിച്ചുകൊണ്ട് സാധാരണക്കാരനിൽ നീതിബോധവും ധർമ്മചിന്തയും സമ്യക്കായ ജീവിതവീക്ഷണവും നിർമ്മിച്ചെടുക്കുക എന്ന തന്ത്രമാണ് ഉപയോഗിച്ചിരുന്നത്. ധർമ്മകഥ അക്ഷരാർത്ഥത്തിൽ ധർമ്മവ്യാപനം ഉറപ്പുവരുത്തുന്നതിൽ ശ്രദ്ധിച്ചു എന്നു

കാണാം. യജ്ഞശാലകൾ ഒരേസമയം അറിവിന്റെയും കഥപറച്ചിലിന്റെയും വേദി യായിരുന്നു എന്നർത്ഥം. ഈ വസ്തുത ഭാരതീയ വിദ്യാഭ്യാസചരിത്രകാരൻ രാധാ കുമുദ് മുഖർജി 'ഏൻഷ്യന്റ് ഇന്ത്യൻ എജുക്കേഷൻ' എന്ന പുസ്തകത്തിൽ വിശദ മായി പ്രതിപാദിക്കുന്നുണ്ട്.[4]

ഇങ്ങനെ യജ്ഞവേദികളിലും വേദവിചാരസത്രങ്ങളിലുമാണ് ഭാരതത്തിലെ ആദ്യകഥാമാതൃകകൾ കാണുന്നത്. വേദത്തെ വ്യാഖ്യാനിക്കുന്ന, അല്ലെങ്കിൽ വേദ സംവാദമാകുന്ന ബ്രാഹ്മണം, ആരണ്യകം, ഉപനിഷത്ത്, ഇതിഹാസം, പുരാണം, കല്പം, ഗാഥ, നാരാശംസി എന്നീ അഷ്ടവിധ ബ്രാഹ്മണത്തിലും വേദസൂത്ര ത്തിലെ കഥാസൂചനകൾ വ്യാഖ്യാനിച്ച് ഭാവന നൽകി വികസിപ്പിച്ച് സാധാരണ ക്കാരിൽ വേദതത്ത്വബോധനം നടത്തിയിരുന്നു.

വൈദികകഥാഖ്യാനം സൂത്രഭാഷയിലാണ് നടന്നിരുന്നത്. ഇത് കഥാസൂ ചകം മാത്രമാണ്. ഈ കഥാസൂചകത്തിന് ഭാവനയും ചിന്തയും നൽകി, തത്ത്വ ബോധം ഉൾച്ചേർത്ത് മനുഷ്യജീവിതത്തെ ധന്യമാക്കി സാംസ്കാരികപോഷണം നടത്തുക എന്ന സോദ്ദേശ്യമാതൃകയാണ് വൈദികകഥാലോകം.

വൈദികകഥാലോകത്തിന്റെ തുടർച്ചയും വളർച്ചയുമാണ് ഇതിഹാസ-പുരാണ കാലഘട്ടത്തിലെ കഥകൾ. ഓരോ കഥയും പുരാണേതിഹാസങ്ങളിലെ ജീവിതകഥാസന്ദർഭങ്ങളിൽ എടുത്തുചേർക്കുകയും ഇതിഹാസകഥാപാത്രത്തിന്റെ മനസ്സംസ്കരണത്തിനും ജീവിതാവബോധത്തിനും തത്ത്വവിചിന്തനത്തിനുമായി തുന്നിച്ചേർക്കുകയുമാണ് ചെയ്തത്. ഇതിനുദാഹരണമാണ് ജീവിതവ്യസനത്തിൽ ആഴ്ന്നിറങ്ങിയ യുധിഷ്ഠിരന് മഹാഭാരതം വനപർവ്വത്തിൽ നളകഥ ഉപാഖ്യാന മായി ചേർത്തത്. യുധിഷ്ഠിരനേക്കാൾ ജീവിതം പ്രതിസന്ധിയിലായ നളരാജാവു ണ്ടെന്നും അദ്ദേഹംപോലും പ്രതിസന്ധികൾ മറികടന്ന് ജീവിതം പ്രകാശപൂർണ്ണ മാക്കിയിട്ടുണ്ടെന്നും സോദാഹരണം വ്യക്തമാക്കിക്കൊടുക്കുന്നു. ഈ നളോപാ

ഖ്യാനം ഇതിഹാസകാലത്തിനുമുൻപ് പ്രചാരത്തിലിരുന്ന നാടോടിക്കഥയാണെന്നും അതിന്റെ മൂലഘടകം വേദത്തിലാണെന്നും പറയുന്നു.

വൈദികപാരമ്പര്യത്തിന്റെ തുടർച്ചയായി കടന്നുവരുന്ന കഥാവഴിയാണ് പഞ്ചതന്ത്രാദികളുടെ കാലഘട്ടം. ഒരു പ്രശ്നം പരിഹരിക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ കഥയിലൂടെ മുന്നോട്ടുവെയ്ക്കുന്നു. അത് സാധൂകരിക്കാനും വീണ്ടും ഉപകഥകൾ ചേർത്ത് സ്ഥാപിച്ചെടുക്കാനും ഈ പാരമ്പര്യം ഊന്നൽ നൽകുന്നു. ഈ പാരമ്പര്യത്തിലെ പ്രധാന കൃതികൾ

1. വിഷ്ണുശർമ്മന്റെ പഞ്ചതന്ത്രം
2. നാരായണാചാര്യന്റെ ഹിതോപദേശം
3. നാരദപ്രണീതമായ ശുകസപ്തതി
4. അജ്ഞാതകർത്തൃകമായ വേതാളപഞ്ചവിംശതി

കഥാലോകത്ത് പക്ഷിമൃഗാദികൾ കഥാപാത്രങ്ങളായി വേദകാലത്തു തന്നെ ഉണ്ട്. ചെന്നായയും കുറുക്കനും തവളയും സരമയെന്ന പട്ടിയും വർത്തിക എന്ന കുരുവിയും ഋഗ്വേദത്തിൽ പ്രത്യക്ഷപ്പെടുന്നു. ഇങ്ങനെ കഥപറച്ചിൽ സാഹിത്യപദവിയിലേക്ക് പക്ഷിമൃഗാദികൾ കടന്നുവന്നു. ഇതിന്റെ വികാസമാണ് പഞ്ചതന്ത്രംകഥയിലെ കഥാപാത്രങ്ങൾ. ഭാരതീയന്റെ ഈ ജന്തുകഥാസമീപനത്തെ ഡോ.കെ. കുഞ്ചുണ്ണിരാജ ഇങ്ങനെ വിശദീകരിക്കുന്നു:

''ലോകസാഹിത്യത്തിലെ ജന്തുകഥാപ്രസ്ഥാനം (Fable) ഉടലെടുത്തതു തന്നെ ഭാരതത്തിലാണെന്ന് തീർച്ചപ്പെടുത്താം. ആത്മാവിന്റെ ജന്മാന്തരങ്ങളിലും കർമ്മഫലത്തിലും വിശ്വസിക്കുന്ന ഹിന്ദു-ബുദ്ധ-ജൈനമതങ്ങൾ ജന്തുകഥകളിൽ അസംബന്ധമായി ഒന്നും കാണുകയില്ല. ഒപ്പം പക്ഷിമൃഗാദികൾ മനുഷ്യരെപ്പോലെ ചിന്താശീലരും സംഭാഷണചതുരരുമാണെന്ന് കരുതാനും അവർക്ക് വിഷമമില്ല. മഹാഭാരതത്തിൽത്തന്നെ എത്രയെത്ര ജന്തുകഥകളാണ് നീതിപാഠങ്ങൾക്ക് ഉദാഹ

രിച്ചിട്ടുള്ളത്. ഭാരതീയരചനകളിലും ഹംസങ്ങളും മറ്റുപക്ഷികളുമാണല്ലോ ദൂതരായി വർത്തിക്കുന്നത്.''[5]

ഒരു കഥാസമാഹാരം എന്ന നിലയിൽ പ്രത്യക്ഷപ്പെട്ട കൃതിയാണ് ഗുണാഢ്യൻ രചിച്ച 'ബൃഹൽക്കഥ'. ഇതിന്റെ മൂലകൃതി ഇന്ന് ലഭ്യമല്ല. എന്നാൽ 'ബൃഹൽക്കഥ'യെ ആസ്പദമാക്കി രചിച്ച കൃതികൾ ഇന്നും നിലനിൽക്കുന്നു.

1. ബൃഹത്കഥാ ശ്ലോകസംഗ്രഹം - ബൗധസ്വാമി - നേപ്പാൾ
2. കഥാസരിത്സാഗരം - സോമദേവഭട്ടൻ
3. ബൃഹത്കഥാമഞ്ജരി - ക്ഷേമേന്ദ്രൻ

ബുദ്ധമതത്തിന്റെയും ജൈനമതത്തിന്റെയും ആവിർഭാവം കഥാലോകത്തെ വീണ്ടും വിസ്തൃതമാക്കി. ജാതകകഥകളും ബുദ്ധചരിതവും ഈ വിഭാഗത്തിലെ പ്രചുരപ്രചാരം നേടിയ കൃതികളാണ്. ജൈനപാരമ്പര്യത്തെ വെളിപ്പെടുത്തുന്ന മഹാവീരന്റെ സാരോപദേശകഥകൾ എല്ലാം തന്നെ നമ്മുടെ കഥാസാഹിത്യത്തെ സമ്പന്നമാക്കിയിട്ടുണ്ട്.

ഭാരതത്തിന്റെ മഹത്തായ കഥാപാരമ്പര്യം ചരിത്രപരമായ വഴികളിലൂടെയുള്ള ഒരന്വേഷണംകൂടിയാണ്. വേദസാഹിത്യത്തിൽ സൂക്ഷ്മാവബോധം മുന്നോട്ടുവയ്ക്കുന്ന സൂത്രങ്ങൾ പിറവിയെടുക്കണമെങ്കിൽ ഒരു ജനതതി നൂറ്റാണ്ടുകൾക്കു മുമ്പു തന്നെ ഈ ദേശത്ത് ജീവിക്കുകയും സംസ്കാരത്തിന്റെ പല ഘട്ടങ്ങൾ പിന്നിടുകയും വേണം. ജീവിതാവബോധത്തിന്റെയും വിവേകത്തിന്റെയും സമ്യക്ദർശനത്തിലേക്ക് വിരൽചൂണ്ടുന്ന വേദചിന്തയിൽ കഥകൾ പ്രത്യക്ഷപ്പെടുന്നുവെങ്കിൽ പ്രാചീനമായ ഒരു ചൊൽക്കഥാപാരമ്പര്യം ഇന്ത്യയിൽ ഉണ്ടായിരുന്നുവെന്ന് തിരിച്ചറിയാം. അതത് ഘട്ടത്തിൽ ഓരോ ജനസമൂഹവും അവയ്ക്ക് വ്യാഖ്യാനങ്ങൾ നൽകി തത്ത്വബോധത്തിന്റെയും തത്ത്വസ്ഥാപനത്തിന്റെയും മൂല്യാധിഷ്ഠിത സമൂഹത്തിന്റെയും നിർമ്മാണത്തിന് ഉപയുക്തമാക്കി എന്നു വിചാരിക്കാൻ ന്യായമുണ്ട്.

## 1.4 കഥ - ഗ്രീക്ക് പൈതൃകം

പാശ്ചാത്യസംസ്കാരത്തിന്റെ അടിസ്ഥാനം ഗ്രീക്ക്-റോമൻ സംസ്കാരങ്ങളാണ്. യൂറോപ്പ് എന്നാൽ ഒരുകാലത്ത് ഗ്രീസ്തന്നെയായിരുന്നു. കാരണം, ഈ സംസ്കാരങ്ങളുടെ സ്വാധീനം അത്രകണ്ട് യൂറോപ്പിനെ സ്വാധീനിച്ചിരുന്നു. ഏതൊരു സംസ്കാരത്തിന്റെയും സുപ്രധാന പിൻബലങ്ങളിലൊന്ന് ജനതതി രൂപംകൊടുത്ത കഥാസഞ്ചയമാണ്. കഥകളാൽ സമ്പന്നമായ ഈ സമൂഹം സൃഷ്ടിച്ച കഥകളെ സംസ്കാരം, ആചാരം, പ്രകൃതി, പ്രപഞ്ചോൽപ്പത്തി എന്നീ നാല് വിഭാഗങ്ങളായി തിരിക്കാം. ഇലിയഡ്, ഒഡീസി എന്നീ വിശ്രുത ഇതിഹാസങ്ങൾക്കൊപ്പം ലൗകികകഥകളും ഗുണപാഠകഥകളും പുരാവൃത്തങ്ങളും ചേർന്ന ബൃഹത്തായ ഒരു കഥാപാരമ്പര്യം ഈ സംസ്കാരങ്ങളുടെ സവിശേഷതയാണ്.

സാംസ്കാരിക കഥാരൂപങ്ങൾ ഏതെങ്കിലും വീരനായകനിലൂടെ ആവിഷ്കരിക്കുകയാണ്. ജനജീവിതവും സംസ്കാരവും ഉന്നതമാക്കാൻ നായകൻ നേരിടുന്ന ത്യാഗപൂർണ്ണമായ ജീവിതവും ആത്യന്തികവിജയവും ലക്ഷ്യംവയ്ക്കുന്നു. ജീവരാശിയുടെ പുരോഗതിക്കും ചെറുത്തുനിൽപ്പിനും ഊർജ്ജം പകർന്ന പ്രൊമിത്യൂസിന്റെ കഥ ഇതിന് മികച്ച ഉദാഹരണമാണ്.

ആചാരപരമായ കഥാരൂപങ്ങൾ ഭൗതികജീവിതത്തിന്റെ സമൃദ്ധിക്കായി മനുഷ്യർ നടത്തുന്ന ആചാരാനുഷ്ഠാനങ്ങളുടെ ഇതിവൃത്തത്തിൽ ഊന്നി പടുത്തുയർത്തിയവയാണ്. ദേവന്മാർ തന്നെ തുടങ്ങിവച്ച ആചാരങ്ങൾ മനുഷ്യവംശം തുടരണമെന്നും അത് സമൃദ്ധിയിലേക്കു നയിക്കും എന്നുമുള്ള ധ്വനിസൂചകങ്ങളാണ് ഈ കഥകൾ നൽകുന്നത്. പ്രകൃതിയെക്കുറിച്ചുള്ള കഥാരൂപങ്ങൾ പ്രകൃതിപ്രതിഭാസങ്ങളെ വിശദീകരിക്കുന്നതിൽ ഊന്നുന്നു. കാറ്റ്, മഴ, വെയിൽ, മഞ്ഞ് തുടങ്ങിയവ എങ്ങനെ ഉണ്ടാകുന്നു എന്നതിന് ലളിതാഖ്യാനങ്ങൾ നൽകുന്ന കഥകളാണ് ഇവ.

മറ്റെല്ലാ സംസ്കാരങ്ങളിലെയും കഥകൾപോലെ പ്രപഞ്ചോൽപ്പത്തിയെ ഗ്രീക്ക് സമൂഹം എങ്ങനെ കണ്ടിരുന്നു എന്നു വ്യക്തമാക്കുകയാണ് പ്രപഞ്ചോൽപ്പത്തിക്കഥകൾ. ഇവിടെ മനുഷ്യർ, ദേവന്മാർ, സൂര്യൻ, ചന്ദ്രൻ എന്നിവ എങ്ങനെ ഉണ്ടായി എന്നതിലേക്കും വെളിച്ചം വീശുന്നു.

നാടോടിക്കഥ എന്ന ചൊൽക്കഥാസാഹിത്യത്തിൽ ഗ്രീക്കുകാർക്കും ലോക സമൂഹത്തിനും മാറ്റിനിർത്താൻ പറ്റാത്ത നാമധേയമാണ് ഈസോപ്പ്. പഞ്ചതന്ത്രം കഥകൾപോലെ, മനുഷ്യസ്വഭാവമുള്ള മൃഗങ്ങളെ കഥാപാത്രങ്ങളായി സ്വീകരിച്ച് സാരോപദേശരൂപത്തിൽ ഈസോപ്പുകഥകൾ ലോകത്തെ അദ്ഭുതപ്പെടുത്തി. ഗ്രീക്ക് കഥാപാരമ്പര്യത്തിലെ മിഴിവുറ്റ ഒരു കഥാശേഖരമാണ് ഈസോപ്പു കഥകൾ. അധ്വാനത്തിന്റെയും അനുഭവത്തിന്റെയും ആഴം തിരിച്ചറിഞ്ഞ അടിത്തട്ടുകാരുടെ ജീവിതം ഒരടിമയിലൂടെ പുറത്തുവരുന്നതാണ് ഈസോപ്പുകഥകൾ. 'ഈസോപ്പ്' എന്ന അടിമ സ്വന്തം നാട്ടിൽനിന്നു ശേഖരിച്ച കഥകളാണ് ഈസോപ്പുകഥകൾ. ഈ കഥയിൽ സാരോപദേശത്തിന്റെ തിളക്കമുണ്ട്. കൂട്ടായ്മകളുടെ കരുത്തു വ്യക്തമാക്കി, ജീവിതായോധനം എങ്ങനെ നിറവേറ്റാമെന്നും ജീവിതത്തെ എങ്ങനെ സമീപിക്കണമെന്നും വെളിപ്പെടുത്തിക്കൊണ്ടുള്ള വലിയ സാംസ്കാരികദൗത്യമാണ് ഈസോപ്പുകഥകൾ നിറവേറ്റുന്നത്.

### 1.5 കഥ - സുമേറിയൻ പാരമ്പര്യം

യൂഫ്രട്ടീസ്-ടൈഗ്രീസ് നദീതടങ്ങളിലാണ് മെസോപ്പൊട്ടേമിയയുമായി ബന്ധപ്പെട്ട സുമേറിയൻസംസ്കാരം രൂപപ്പെട്ടത്. ലോകത്തിലെ പ്രാചീന സംസ്കാരങ്ങളിൽ എണ്ണപ്പെട്ട ഒന്നാണിത്. ഈ സംസ്കാരത്തിന്റെ ഭാഗമായി നിർമ്മിക്കപ്പെട്ട പുരാണങ്ങളിലും ഇതിഹാസങ്ങളിലുമെല്ലാം നാടോടിജീവിതത്തിന്റെ ഈടുവയ്പുകളായ നാടോടിക്കഥകളുടെ സ്വാധീനം കാണുന്നു. ചുട്ട കളിമൺ കുടങ്ങളിൽനിന്നും പെറുക്കിയെടുത്ത ഗിൽഗമേഷ് വീരഗാഥയിൽ ഈ സ്വാധീനം തെളിഞ്ഞുകാണാം. ലോക ഇതിഹാസകഥകളിൽ സുമേറിയൻ-ഈജി

പ്ഷ്യൻ മിത്തോളജി എഴുതിയ തോമസ് സി.വി, ജെർമി എന്നിവർ ഗിൽഗമേഷ് രചനയെ ഇപ്രകാരം നിരീക്ഷിക്കുന്നു:

''ഏതെങ്കിലും ഒരു കവി എഴുതിയതാണിത് എന്ന് ആരും അഭിപ്രായപ്പെടുന്നില്ല. കേട്ടുപരിചയിച്ച കഥകൾ ഓരോ കാലത്തിലും കാഥികന്മാർ വ്യത്യാസപ്പെടുത്തുകയും പുതിയ ഉപകഥകൾ കൂട്ടിച്ചേർക്കുകയും ചെയ്തായിരിക്കണം ഈ വീരഗാഥ ഇന്നത്തെ സ്ഥിതിയിലായത്.''[6]

ദേശീയ വീരഗാഥയുമായി നാടോടിപാരമ്പര്യം കണ്ണിചേർത്തതിന്റെ സൂക്ഷ്മനിരീക്ഷണം ഇവിടെ കാണാം. നഗരരാഷ്ട്രമായിരുന്ന ഉറുക്കിന്റെ ഭരണാധികാരിയായ ഗിൽഗമേഷിനെ ചുറ്റിപ്പറ്റിയുള്ള കഥകൾ ഭാവനയും ചിന്തയും ഉൾച്ചേർന്നവയാണ്. മനുഷ്യനെ ആത്യന്തികമായി കടന്നുപിടിക്കുന്ന മരണഭയം, മരണത്തിന്റെ അനിവാര്യതിയിൽനിന്നു തെന്നിമാറി ചിരഞ്ജീവിയാകാനുള്ള ത്വര എന്നിവയെല്ലാം മനുഷ്യജീവിതത്തിന്റെ അടിസ്ഥാനപ്രശ്നങ്ങൾ തന്നെയാണ്. ജീവിതം അസ്ഥിരമാണെന്ന തിരിച്ചറിവു പകരുന്ന താത്ത്വികമായ നിലപാട് മനുഷ്യവംശത്തിന് പകർന്നുകൊണ്ട് സംസ്കാരപോഷണത്തിന്റെ നാഴികക്കല്ലാവുകയാണ് സുമേറിയൻ കഥാപാരമ്പര്യം.

### 1.6 കഥ - പേർഷ്യൻ പൈതൃകം

ആധുനിക ഇറാന്റെ ഭൂവിഭാഗം ഉൾക്കൊള്ളുന്ന പ്രദേശമാണ് പേർഷ്യ. മധ്യേഷ്യയിലെ വിസ്തൃതമായ മണൽപ്പരപ്പും ഉന്നതങ്ങളായ പർവ്വതനിരകളും ഒട്ടകങ്ങളും കുതിരകളും നിറഞ്ഞ ലോകത്തെ ഗോത്രവർഗ്ഗജീവിതമാണ് പേർഷ്യയിലും അനുബന്ധമായ അറബിസംസ്കാരത്തിലും കാണുന്നത്. ഭൂപ്രദേശങ്ങളുടെ വൈവിധ്യം രൂപപ്പെടുത്തിയ, ജീവിതം പകർന്നുവച്ച ഈ നാടോടിക്കഥാലോകം വിസ്മയജനകമാണ്. അറേബ്യൻജീവിതത്തിന്റെ പൈതൃകവഴികളുടെ സവിശേഷതകൾ ഈ കഥകളിൽ നിലീനമായി കിടപ്പുണ്ടെന്ന് പണ്ഡിതന്മാർ ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

‘‘പ്രാചീനകാലത്തെ അറബ്സംസ്കാരത്തിന്റെ സൗരഭ്യവും ജീവിതരീതികളുടെ സവിശേഷതകളും ഉൾക്കൊള്ളുന്നവയാണ് അറബിനാടോടിക്കഥകൾ. മരുഭൂമിയും കൂടാരങ്ങളും ഒട്ടകങ്ങളും കുതിരകളും കോവർക്കഴുതകളും സുൽത്താന്മാരും ജിന്നുകളും ഇഫ്രീത്തുകളും മനുഷ്യരെ തിന്നുന്ന ഘൗളുകളും പ്രകൃത്യതീതശക്തിയുള്ള പക്ഷിമൃഗാദികളുമെല്ലാം അടങ്ങുന്ന ഒരു മാന്ത്രികലോകമാണത്’’[7] എന്ന് എൻ. മൂസക്കുട്ടി വിലയിരുത്തുന്നു.

ആടുകളെയും ഒട്ടകങ്ങളെയും വളർത്തി പുൽപ്രദേശം തേടി നാടോടി ജീവിതം നയിച്ച ബദൂവികൾ അറേബ്യൻ നാടോടിക്കഥകൾ സംഭാവനചെയ്ത വിഭാഗമാണ്. ഗോത്രജീവിതത്തിന്റെ കുടിപ്പകയും പോരാട്ടങ്ങളും യാത്രാനുഭവങ്ങളും അവരുടെ കഥകളിൽ നിറഞ്ഞുനിൽക്കുന്നു. അടിയുറച്ച ദൈവവിശ്വാസവും സഹനശീലവും മുറകെപ്പിടിച്ച് ജീവിതത്തിലെ കഷ്ടപ്പാടുകളും ദുരന്തങ്ങളും നിസ്സംഗതയോടെ നിരീക്ഷിക്കാനും സ്വീകരിക്കാനും പഠിച്ച അറേബ്യൻ ഗോത്രസമൂഹം സംഭാവനചെയ്ത കഥകളിൽ അറബ്സംസ്കാരവും ജീവിതരീതിയും ആഴത്തിൽ പ്രതിഫലിക്കുന്നതു കാണാം.

മധ്യേഷ്യൻ സംസ്കൃതിയുടെ ഏറ്റവും പ്രധാന സംഭാവനയാണ് അറബിക്കഥകൾ എന്നറിയപ്പെടുന്ന ‘ആയിരത്തൊന്നു രാത്രികൾ’. ഇറാഖിൽ പിറവികൊണ്ട ഈ കഥ അറബിയിൽ ‘അൽഫു ലൈല വലൈല’ എന്നറിയപ്പെട്ടു. ഭാര്യയുടെ അപഥസഞ്ചാരത്തിൽ കോപിഷ്ഠനായ ഷഹ്റിയാൻ രാജാവ് അവളെയും സ്ത്രീസമൂഹത്തെയും തന്ത്രപൂർവ്വം കൊന്നൊടുക്കുന്നു. ഈ ക്രൂരതയ്ക്കെതിരെ മന്ത്രിപുത്രിതന്നെ ഒരുങ്ങുകയും സമർത്ഥമായി കഥകൾ അവതരിപ്പിച്ചുകൊണ്ട് ആയിരത്തൊന്നു രാത്രികൾ പൂർത്തിയാക്കുകയും ചെയ്യുന്നു. അവളിൽ പ്രീതനായ രാജാവ് തുടർന്ന് മന്ത്രിപുത്രിയായ ഷഹ്റാസാദിനെ വിവാഹം കഴിക്കുന്നു. ഇതാണ് അറബിക്കഥയുടെ കഥ. കഥപറച്ചിലിലൂടെ തന്റെയും നാട്ടിലെ കന്യകമാരുടെയും ജീവൻ രക്ഷിക്കുന്ന മാന്ത്രികത ‘ആയിരത്തൊന്നു രാവുകളെ’ മാത്രമല്ല, സകല കഥാപാരമ്പര്യത്തിന്റെയും ധർമ്മം ചൂണ്ടിക്കാട്ടുന്നു. ദുഷ്ടനെ ശ്രേഷ്ഠനാ

ക്കാൻ എങ്ങനെ കഥയ്ക്ക് കഴിയുന്നു എന്ന വലിയ പാഠമാണ് അറബിക്കഥ നൽകുന്നത്.

കഥയുടെ ചരിത്രവും വർത്തമാനവും തേടിയ ഗവേഷകൻ അറബിക്കഥ യുടെ വേരുകൾ പേർഷ്യയിലും ഭാരതത്തിലുമാണെന്ന് അഭിപ്രായപ്പെടുന്നു. ''പേർഷ്യൻ കഥാസാഹിത്യത്തിൽനിന്നുമാകാം അറബിക്കഥകൾ രൂപപ്പെട്ടത് എന്നു കരുതുന്ന ഗവേഷകരുണ്ട്. പേർഷ്യൻ സാഹിത്യത്തെയാകട്ടെ, ഇന്ത്യൻ കഥാസാഹിത്യമാണ് പ്രചോദിപ്പിച്ചത് എന്നതും ഒരു വസ്തുതയാണ്. പഴയകാ ലത്തെ പേർഷ്യൻ സാഹിത്യഭാഷയായ 'പഹ്ലവി'യിൽ 'ഹസാർ അഫ്സാന' (ആയിരം കഥകൾ) എന്നൊരു കൃതിയുണ്ടായിരുന്നു. അതാണ് ആയിരത്തൊന്നു രാത്രികളുടെ ആദ്യമാതൃക എന്നും അഭിപ്രായമുണ്ട്.''[8]

വൈവിധ്യമാർന്ന കഥാലോകമാണ് അറബ്കഥകൾ; ജന്തുകഥകൾ, സാഹി ത്യകഥകൾ, അലൗകികകഥകൾ, രതികഥകൾ, പ്രശ്നകഥകൾ, കപ്പൽസഞ്ചാരകഥ കൾ, തസ്കരകഥകൾ എല്ലാം ചേർന്ന കഥാലോകം. ആ കഥകൾ എല്ലാംതന്നെ നാടോടിജീവിതത്തിന്റെ, നാട്ടുകഥകളുടെ രൂപവും ഭാവവും ഉൾക്കൊള്ളുന്നവയും സംവേദനക്ഷമവുമാണ്.

### 1.7 കഥ – ആഫ്രിക്കൻ പാരമ്പര്യം

'സൂര്യവെയിൽനാട്' എന്നർത്ഥമുള്ള 'ഇഫ്രിക്കിയ' എന്ന വാക്കിൽനിന്നാണ് ആഫ്രിക്ക എന്ന പേരിന്റെ പിറവി. നിബിഡമായ വനമേഖലയും വിശാലമായ മരു ഭൂമിയും ഉൾച്ചേർന്ന, സമുദ്രങ്ങളാൽ ചുറ്റപ്പെട്ട 54 രാജ്യങ്ങൾ ചേർന്ന ആഫ്രിക്ക ഭൂപ്രകൃതിയിലും കാലാവസ്ഥയിലും സവിശേഷവൈവിധ്യം പുലർത്തുന്നു. നമ്മെ വിസ്മയിപ്പിക്കുന്ന ഈ വൈവിധ്യം ആഫ്രിക്കൻ കഥാപാരമ്പര്യത്തെയും ഏറെ സ്വാധീനിച്ചിട്ടുണ്ട്. 'ലോക ഇതിഹാസകഥകളു'ടെ ആമുഖത്തിൽ ഈ സവിശേഷ തകൾ ഇങ്ങനെ വിലയിരുത്തുന്നു:

''ആഫ്രിക്കയുടെ മധ്യഭാഗം ഉഷ്ണമേഖലാവനങ്ങൾ, ഈ വനങ്ങളിൽ സിംഹം, ആന, ഹിപ്പോപൊട്ടാമസ്, കുറുക്കൻ തുടങ്ങിയ മൃഗങ്ങൾ, വിവിധതരം പക്ഷികൾ, ഇഴജന്തുക്കൾ എന്നിവ അധിവസിക്കുന്നു. മീനുകളുടെ വൈവിധ്യവും ആഫ്രിക്കയിൽ സുലഭം. മീൻപിടിത്തം ആഫ്രിക്കക്കാരന്റെ നാട്ടുകൈകാര്യങ്ങളിൽ ഒന്നാകുന്നു. ഒരുവേള ദേശാന്തരങ്ങളിലൂടെ സംജാതമായ കനിവും കാതലുമാവാം മൃഗങ്ങളോടും പക്ഷികളോടും ആ കറുത്ത മനുഷ്യർ പുലർത്തുന്ന സമീപനങ്ങളുടെ കേന്ദ്രീയത. അത് അവരുടെ കഥകളിലും മാറിമാറി തെളിയുന്നുണ്ട്.''[9]

ഗോത്രവർഗ്ഗജീവിതം രൂപപ്പെടുത്തിയ ഒരു സംസ്കാരം ആഫ്രിക്കയിൽ നിലനിൽക്കുന്നു. അതുകൊണ്ടുതന്നെ പരിസ്ഥിതിയും ഭൂപ്രകൃതിയും അവർക്ക് നൽകിയ അനുഭവവും അറിവും അതിൻമേൽ കെട്ടിപ്പടുത്ത അവരുടെ ലോകവീക്ഷണവും അവരുടെ നാടോടിക്കഥകളിൽ കാണാം. സ്വന്തം ജീവിതത്തെയും സംസ്കാരത്തെയും നിലനിർത്താൻ ഇത്തരം നാടോടിക്കഥകൾ ഗുണപാഠമായും ദീർഘദർശനമായും ആഫ്രിക്കൻ ജീവിതത്തെ ഇന്നും സ്വാധീനിക്കുന്നു.

### 1.8 കഥ - റഷ്യൻപൈതൃകം

ഭൂപ്രകൃതി, കാലാവസ്ഥ, ജീവിതരീതി എന്നിവകൊണ്ട് വൈജാത്യം പുലർത്തുന്ന അനേകം രാഷ്ട്രങ്ങൾ ഒരു രാഷ്ട്രീയപ്രത്യയശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ ഒത്തുചേർന്ന രാഷ്ട്രസമുച്ചയത്തെയാണ് നാം റഷ്യ എന്നു വിളിക്കുന്നത്. ഈ വൈജാത്യങ്ങളുടെ വൈപുല്യമാണ് റഷ്യൻ നാടോടിക്കഥാപാരമ്പര്യത്തിന്റെ ആന്തരികത നിർണയിക്കുന്നത്.

ഗോത്രവർഗ്ഗ പശ്ചാത്തലത്തിൽനിന്നു ഗ്രാമീണവും കാർഷികവ്യവസ്ഥയിലെ വയൽദേവതകളും ഗൃഹദേവതകളും ആരാധിക്കപ്പെടുന്ന, ഉർവ്വരതാപൂജകളാൽ സമ്പന്നമായ സാമൂഹികവ്യവസ്ഥിതി രൂപംകൊടുത്ത നാടോടിക്കഥകളുടെ ഒരു പ്രാചീനപാരമ്പര്യവും ക്രൈസ്തവ മതപ്രചാരണത്തിനുശേഷം രൂപംകൊണ്ട പുതുസമൂഹം നിർമ്മിച്ച കഥകളും ചേർന്നതാണ് റഷ്യൻ നാടോടിക്കഥാപാരമ്പ

ര്യം. ഈ ചരിത്രപശ്ചാത്തലത്തെ സുപ്രസിദ്ധ ഫോക്‌ലോറിസ്റ്റായ പോസ്റ്റ്‌വീലർ ഇങ്ങനെ വിലയിരുത്തുന്നു:

''സത്യത്തിൽ ഇന്ന് നമുക്ക് ലഭ്യമായിരിക്കുന്ന പല റഷ്യൻ നാടോടിക്കഥകളുടെയും ഉത്ഭവകാലം മധേഷ്യയിൽനിന്ന് സ്ലാവുകളുടെ പൂർവ്വികർ റഷ്യൻ ദേശത്ത് എത്തിയ കാലമാണ്. അവരിവിടെയെത്തി, റഷ്യൻ മണ്ണിൽ തങ്ങളുടെ പേഗൻ ദൈവങ്ങളുടെ ഐതിഹ്യകഥകൾ വിവരിക്കാൻ തുടങ്ങിയ കാലം. ആ ദൈവങ്ങളെല്ലാം നല്ലവരായാലും അസുരശക്തികളായാലും, പ്രകൃതിശക്തികളുടെ പ്രതിനിധികളായിരുന്നു. പൂർണമായും പഴയ സ്ലാവുമതം പ്രാകൃതമതമായിരുന്നു. അതിൽ പൂർവ്വാരാധനയും മറ്റും പിന്നീട് വളർന്നുവന്നതാണ്. ജീവാത്മാവ്, അതിന്റെ ജന്മാന്തരയാത്രകൾ, വ്യക്തികൾക്ക് ആ ദേവതകളുമായുള്ള ധാർമ്മിക ബന്ധം എന്നിവയെല്ലാം പഴയകഥകൾ വിശദമായി വരച്ചുകാട്ടുന്നു. ഇത് പഴയ മതത്തിന്റെ പ്രപഞ്ചവിജ്ഞാനത്തിൽനിന്ന് ഉടലെടുത്ത ദർശനങ്ങളുമാണ്. ക്രിസ്തുമതത്തിന്റെ ഉദയം പിന്നീട് ഈ ദൈവലോകത്തിന്റെ ചരമം കുറിച്ചു. റഷ്യൻ മണ്ണിലേക്ക് ഇരച്ചുകയറിയ ബൈസാന്റിയൻ ക്രിസ്തുമതം ആ ദൈവങ്ങളുടെ ഓർമ്മകളെ തവിടുപൊടിയാക്കി. ഈ മണ്ണിൽ ബാക്കിയായത് ക്രിസ്ത്യൻ വിശുദ്ധന്മാരുടെ പേരിലേക്ക് ചേർത്തുവച്ച് പുതിയ വിശ്വാസമാക്കി. പക്ഷേ, അപ്പോഴൊരാപത്തു സംഭവിച്ചു - കഥകൾ പല രൂപത്തിൽ സഞ്ചരിച്ചു. പക്ഷേ, അവയ്ക്ക് രൂപം കൊടുത്ത പഴയമനസ്സുകൾ ലക്ഷ്യംവച്ച പ്രതിരൂപാത്മകത (Symbolism) മുഴുവനും നഷ്ടമായി. സമഗ്രമായൊരു പ്രപഞ്ചദർശനം മുന്നോട്ടുവച്ച ആ ഐതിഹാസിക ലോകത്തിന്റെ ദാർശനികത ശോഷിച്ചില്ലാതായി.''[10]

റഷ്യൻ കഥാലോകത്തെ മൂന്നായി തിരിക്കാം.

1. പുരാവൃത്തങ്ങൾ
2. കഥാഗാനങ്ങൾ
3. കഥകൾ

ഇതിൽ മൂന്നാമത്തെ വിഭാഗം ചൊൽക്കഥകളാണ്. ഈ കഥകൾ സംഭവങ്ങളുടെ തുടർച്ചകൾ അടയാളപ്പെടുത്തുന്നതോടൊപ്പം യഥാതഥവിവരണങ്ങൾ ചേർന്നവയുമാണ്. യഥാർത്ഥ ജീവിതസംഭവങ്ങളെ ആകസ്മികതയിലൂടെ കടത്തിവിടുന്ന റിയലിസ്റ്റിക് രീതിയാണ് റഷ്യൻ നാടോടിക്കഥകൾ. ഈ കഥകളിൽ സാമൂഹികവിമർശനവും ഫലിതവും ആഴത്തിൽ തുന്നിച്ചേർത്തിട്ടുണ്ട്.

റഷ്യൻ നാടോടിക്കഥാലോകം മാന്ത്രികകഥകളും അദ്ഭുതകഥകളും വ്യാപകമായി ഉൾക്കൊള്ളുന്നുണ്ട്. ആർതർ റാൻസം ഇങ്ങനെ വിലയിരുത്തുന്നു:

''റഷ്യയിൽ മാന്ത്രികകഥകൾ കേൾക്കാൻ പറ്റാത്തവിധം പ്രായം കൂടിയവരാരുമില്ല. വൈകീട്ട് അത്താഴം കഴിഞ്ഞ് പാലുചേർക്കാത്ത ചായകുടിച്ച്, പുകയില പൈപ്പും വലിച്ചിരുന്നുകൊണ്ട് കഥപറയുന്ന വൃദ്ധന്മാരുടെ മുന്നിലിരിക്കുന്ന കൊച്ചുമക്കൾക്കു മാത്രമല്ല കഥ വേണ്ടത്. എല്ലാ പ്രായക്കാർക്കും അദ്ഭുതകഥകൾ വേണം. ഞാൻ വിചാരിക്കുന്നത് ലോകത്തേറ്റവും അദ്ഭുതകഥകൾ പറഞ്ഞത് ഈ നാട്ടുകാരായിരിക്കുമെന്നാണ്.''[11]

വൈജാത്യത്തിന്റെ വിസ്മയലോകമായ റഷ്യൻ നാടോടിക്കഥകളുടെ പൊതുരൂപം ഇങ്ങനെ അടയാളപ്പെടുത്താം.

1. യഥാർത്ഥജീവിതത്തെ അതേപോലെ ചിത്രീകരിക്കുന്നു.
2. സംഭവങ്ങളുടെ തുടർച്ചയാണ് കഥകൾ.
3. ജീവിതത്തിലെ ആകസ്മികമായ സംഭവങ്ങൾ ക്രമീകരിക്കലാണ് കഥകൾ.
4. സാമൂഹികവിമർശനം ഫലിതം ചാലിച്ചവതരിപ്പിക്കുന്നു.
5. അദ്ഭുതകഥകൾക്ക് പ്രാമുഖ്യം
6. മാന്ത്രികകഥകൾ വ്യാപകം

സമൂഹചരിത്രത്തിന്റെ ക്രമമായ വികാസം അടയാളപ്പെടുത്തുന്നതായിരുന്നു റഷ്യൻനാടോടിക്കഥകൾ. പ്രാചീനമതത്തിലെ വീരാരാധന, ഉർവ്വരത തുടങ്ങി

മാന്ത്രികകഥകൾവരെ റഷ്യൻ നാടോടിക്കഥാപാരമ്പര്യത്തിലുണ്ട്. ഈ അദ്ഭുതകരമായ കഥാലോകത്തെ, ലോകത്തിലെ സാമൂഹ്യശാസ്ത്രജ്ഞരും ഫോക്‌ലോറിസ്റ്റുകളും ചരിത്രപണ്ഡിതരും അതത് കാലഘട്ടത്തിൽ പഠിച്ചിരുന്നു എന്നത് റഷ്യൻകഥാ ലോകത്തിന്റെ വൈവിധ്യവും പ്രാധാന്യവും നമ്മെ ബോധിപ്പിക്കും.

## 1.9 കഥ - ജിപ്സിപാരമ്പര്യം

ലോക നാടോടിക്കഥാപാരമ്പര്യത്തെ സാമാന്യേന വിലയിരുത്തുമ്പോൾ പ്രാധാന്യമർഹിക്കുന്ന ഒരു കണ്ണിയാണ് ജിപ്സികൾ. ലോകചരിത്രത്തെ എന്നും പൊളിച്ചെഴുതിയത് മനുഷ്യന്റെ സഞ്ചാരമാണ്. സഞ്ചാരത്തെ, ദേശാന്തരഗമനത്തെ ജീവിതവൃത്തിയാക്കിയ ഒരു ജനവിഭാഗമാണ് ജിപ്സികൾ. '''അയ്ജിപ്തോയ്' (Aigyptoi - ആ ഈജിപതുകാർ) എന്ന പദത്തിൽ നിന്നത്രേ 'ജിപ്സി' എന്ന പദം ഉണ്ടായത്. ജിപ്സികളുടെ ചരിത്രമറിയാൻ അവരുടെ കൂടാരങ്ങളിൽനിന്നും കൂടാരത്തിലേക്ക് യാത്രചെയ്ത ഗവേഷകനായ 'മിഖായേൽ ഇവാനോവിച്ച് ക്യൂനാവിൽ' അവസാനം 'യൂറോപ്പിൽനിന്ന് തുർക്കിയും ഏഷ്യാമൈനറും കടന്ന് വാരാണസി വരെ എത്തി' അപ്പോഴാണ് ജിപ്സിഭാഷ ഹിന്ദുസ്ഥാനിയുടെ വകഭേദമോ അപഭ്രംശമോ മുന്നോടിയോ ആണെന്ന സത്യം പണ്ഡിതലോകം തിരിച്ചറിഞ്ഞത്''[12] എന്ന് വിലയിരുത്തിയിട്ടുണ്ട്.

ഏതോ കാരണത്താൽ ഇന്ത്യയിൽനിന്നു സഞ്ചാരികളായിപ്പോകേണ്ടിവന്ന ലോഹപ്പണിക്കാർ, കൈത്തൊഴിലാളികൾ, കരകൗശലപ്പണിക്കാരാണ് ജിപ്സികൾ. അവർ ചെന്നെത്തുന്ന ഗ്രാമങ്ങളിലെല്ലാം കൂടാരങ്ങൾ കെട്ടി വ്യത്യസ്ത കൈപ്പണികൾ ചെയ്ത് ജീവിക്കുന്നു. സ്ഥിരമായി ഒരിടത്തും തങ്ങാതെ കഥകളും പാട്ടും പാടി ലോക സംസ്കാരങ്ങളെ ബന്ധിപ്പിച്ച ജിപ്സികൾ നിരവധി സംസ്കാരങ്ങളിലെ നാടോടിക്കഥകൾ വിനിമയം ചെയ്തിരുന്നു. ഇവർ രാജാക്കന്മാരുടെ, പറക്കും വീരന്മാരുടെ, തുർക്കികളുടെ, യൂറോപ്യരുടെ, ഭാരതീയരുടെ എന്നുവേണ്ട, യാത്രചെയ്ത രാജ്യങ്ങളിലെയും എല്ലാ സംഭവങ്ങളെയും ജീവിതാനുഭവങ്ങളെയും

ജീവിതനിരീക്ഷണങ്ങളെയും കഥകളായി അവതരിപ്പിച്ചിരുന്നു. അത്തരം സവി ശേഷ നാടോടിക്കഥാപാരമ്പര്യം ജിപ്സികളുടേതായി ഉണ്ട്. എന്നാൽ അവർ ഒരിക്കലും ചരിത്രപുസ്തകത്തിലോ ശേഖരണത്തിലോ പൂർണ്ണമായും തുന്നിച്ചേർക്കപ്പെട്ടിരുന്നില്ല. കാരണം, സഞ്ചാരങ്ങൾക്ക് അടയാളപ്പെടുത്തലിലൂടെ പൂർണ്ണത നിർവ്വഹിക്കാൻ കഴിയില്ലല്ലോ.

## 1.10 ലോകനാടോടിക്കഥാപാരമ്പര്യം - പൊതുനിരീക്ഷണങ്ങൾ

ലോകനാടോടിക്കഥാപാരമ്പര്യത്തിലെ എണ്ണപ്പെട്ട അധ്യായങ്ങൾ ചേർത്തുവെയ്ക്കാൻ ശ്രമിക്കുമ്പോഴും മികവുറ്റവ ഇനിയുമുണ്ട് എന്ന തിരിച്ചറിവിൽ നിന്നുകൊണ്ട് തന്നെ പറയാം; നാട്ടാർ ഉള്ളിടത്തെല്ലാം നാട്ടുകഥകളും ഉണ്ടായിട്ടുണ്ട്. അത് കൂട്ടായ്മയിൽ ജീവിക്കുമ്പോൾ അവർ രൂപം നൽകുന്നതാണ്. അതിനാൽ വായ് ഉള്ളിടത്തെല്ലാം ചൊൽക്കഥകൾ, നാടോടിക്കഥകൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. സമൂഹമനസ്സിനെ നിർവ്വചിച്ചെടുക്കുന്നതിൽ ഈ കഥകൾ നിർണ്ണായകമായ പങ്കുവഹിക്കുകയും ചെയ്തിട്ടുണ്ട്.

ലോകത്തെ സൃഷ്ടിച്ച വ്യത്യസ്ത നദീതടസംസ്കാരങ്ങൾ ജീവിതാനുഭവത്തിന്റെയും പ്രപഞ്ചബോധത്തിന്റെയും പശ്ചാത്തലത്തിൽ നിർമ്മിച്ചെടുത്ത മഹത്തായ കഥാപാരമ്പര്യം ലോകപൈതൃകസമ്പത്താണ്. ഈ മഹത്തായ ചൊൽക്കഥാപാരമ്പര്യം മനുഷ്യന്റെ ഭാവനയെയും ചിന്തയെയും നവീകരിച്ചു. സ്വന്തം ജീവിതം അടയാളപ്പെടുത്തിയ ഈ കഥാപാരമ്പര്യം ജനസമൂഹം ഉള്ളിടത്തെല്ലാം രൂപപ്പെട്ടു. സവിശേഷശ്രദ്ധ അർഹിക്കുന്ന ലോകകഥാപാരമ്പര്യത്തെ വിലയിരുത്തുമ്പോൾ ഈ കഥകൾ എല്ലാം 'മനുഷ്യമനസ്സ്' വ്യത്യസ്ത സംസ്കാരങ്ങളിൽ ഒന്നാണ് എന്ന അവബോധം നമ്മിൽ സൃഷ്ടിക്കുന്നുണ്ട്. മനുഷ്യൻ കഥാപാത്രമാവുന്ന കഥകൾ, മൃഗങ്ങൾ, പക്ഷികൾ കഥാപാത്രമാവുന്നവ, മനുഷ്യനും പക്ഷിമൃഗാദികളും കഥാപാത്രമാവുന്നവ, അദ്ഭുതകഥകൾ, യക്ഷിക്കഥകൾ, വീരകഥകൾ, പ്രപഞ്ചോൽപ്പത്തിയെ സംബന്ധിച്ച കഥകൾ, ലോകവീക്ഷണത്തെ നിഴലി

പ്പിക്കുന്ന കഥകൾ എന്നിങ്ങനെ വൈവിധ്യമാർന്ന പേരുകളിലൂടെയും സന്ദർഭങ്ങളിലൂടെയും ലോകനാടോടിക്കഥകൾ പറയപ്പെട്ടിട്ടുണ്ട്. ഈ വൈവിധ്യങ്ങൾ എല്ലാംതന്നെ സൂക്ഷ്മവിശകലനം നടത്തുമ്പോൾ സാംസ്കാരികപരിണാമത്തിന്റെ വ്യത്യസ്ത ഘട്ടങ്ങളിൽ മനുഷ്യമനസ്സും അതിന്റെ പ്രവർത്തനങ്ങളും ഒരേ ഭാവനയും ചിന്തയും പ്രപഞ്ചകാഴ്ചപ്പാടും നിലനിർത്തുന്നതായിക്കാണാം. അതുകൊണ്ടാണ് സാമാന്യേന എല്ലാ സംസ്കാരത്തിലും സമാനമായ ഒരു കഥാപ്രപഞ്ചം നിലനിൽക്കുന്നത്.

## കുറിപ്പുകൾ


1. രവികുമാർ കെ. എസ്. ഡോ, കഥയും കഥകളും, കഥയുടെ കഥ, പുറം 7, ദേശാഭിമാനി ബുക്സ്, തിരുവനന്തപുരം, സപ്തംബർ 2008.

2. അമൃതരാജ് ജി., പ്രവീൺ ശങ്കരമംഗലം, മുഖമൊഴി, പുറം 11, വിശ്വസാഹിത്യചൊൽക്കഥകൾ, വാല്യം 1, ഡി.സി.ബുക്സ്, 2015.

3. നാരായണഭട്ടതിരി വി.കെ, വേദാർത്ഥവിചാരം, പുറം 94, മാതൃഭൂമി ബുക്സ്, 1984.

4. Radakumud Mukherjee, Ancient Indian Education, Page 147, MLBD, Delhi

5. കുഞ്ചുണ്ണിരാജ. കെ., ഡോ:, പഞ്ചതന്ത്രവും ഹിതോപദേശവും, പുറം 572, സംസ്കൃത സാഹിത്യചരിത്രം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, ഡിസംബർ 2002.

6. തോമസ് സി.പി, ജെർളി, ആമുഖം, ഗിൽഗമേഷ് ലോക ഇതിഹാസകഥകൾ (സുമേറിയ, ഈജിപ്ത്), പുറം 709, ഡി.സി.ബുക്സ്, കോട്ടയം, സപ്തംബർ 2013.

7. മൂസക്കുട്ടി എൻ. ബദൂവി പറഞ്ഞ അറബി നാടോടിക്കഥകൾ (സമാഹരണം), ഗ്രീൻ ബുക്സ്, നവംബർ 2002.

8. രവികുമാർ കെ.എസ്. ഡോ, കഥയുടെ കഥ, പുറം 28, ചിന്ത പബ്ലിക്കേഷൻസ്, തിരുവനന്തപുരം, 2008.

9. ഷാജി ഷൺമുഖം, വിൽസൺ. കെ.സി. ആമുഖം, ലോക ഇതിഹാസകഥകൾ (ആഫ്രിക്ക, പേർഷ്യ), വാല്യം 11, പുറം 14, ഡി.സി.ബുക്സ്, 2013.

10. Post Wheeler, Russian Wonder Tales, P.P.1415, The century and 10,New York 1912.

11. Arthur Ransome old Peter's Russian Tales, Page 7, Nelson & Sons Ltd, London 1916

12. അമൃതരാജ് ജി, പ്രവീൺ ശങ്കരമംഗലം. ആമുഖം, വിശ്വസാഹിത്യചൊൽക്കഥകൾ, വാള്യം 8, പുറം 16, ഡി.സി.ബുക്സ്. 2015.

# അധ്യായം 2

# നാടോടിക്കഥ : പാഠവും പഠനവും

## 2.1 കഥയും നിർവ്വചനങ്ങളും

കഥ ഒരു അനുഭവമാണ്. കഥ കേൾക്കാത്തവരോ കഥ എന്തെന്ന് അറിയാത്തവരോ ആയി ആരും കാണാനിടയില്ല. കാരണം കഥയുടെ 'കഥ' മനുഷ്യഭാവനയോടും മനുഷ്യഭാഷയോടും ഒപ്പം പിറവികൊണ്ടതാണ്. അതുകൊണ്ടുതന്നെ ചരിത്രത്തിലങ്ങോളമിങ്ങോളം മനുഷ്യവംശത്തെ ഭാവനയായും ചിന്തയായും പ്രചോദനമായും നാടോടിക്കഥകൾ സ്വാധീനിച്ചിട്ടുണ്ട്. കഥ മനുഷ്യജീവിതത്തോട് ഏറെ ചേർന്നുനിൽക്കുന്നു. അതുകൊണ്ടാണ് 'കഥ' എന്ന പദം സമൂഹത്തിൽ സുപരിചിതമായി നിൽക്കുന്നത്. അത് ഉൾക്കൊള്ളുന്ന ആശയം സ്പഷ്ടവുമാണ്. പക്ഷേ, എന്താണ് കഥ എന്ന ചോദ്യം വല്ലാതെ കുഴക്കും. കാരണം നിത്യജീവിതത്തിൽ സുപരിചിതമായ ഏതൊരു പദത്തിന്റെയും നിർവ്വചനം തേടുമ്പോൾ നാം ഈ പ്രതിസന്ധി നേരിടാറുണ്ട്. അത് ഒരിക്കലും അർത്ഥമറിയാഞ്ഞിട്ടല്ല. മറിച്ച്, അത് വിശദീകരിക്കാൻ നമ്മുടെ ഉള്ളിലുള്ള ഭാഷ അപര്യാപ്തമായതുകൊണ്ടാണ്. അതായത് കഥ മനുഷ്യജീവിതത്തിന്റെ അനുഭവമാകുമ്പോൾ അനുഭവവിവരണം വാക്കിനും എഴുത്തിനും അപ്പുറമുള്ള മേഖലയാണ്.

മനുഷ്യനോളം പഴക്കമുള്ള ജ്ഞാനശാഖയാണ് കഥ. അതുകൊണ്ടുതന്നെ മനുഷ്യവംശവുമായി, ജീവിതവുമായി 'കഥ'ക്ക് അഭേദ്യമായ ബന്ധമുണ്ട്. ഈ ബന്ധം കഥാനിർവചനത്തെ അസാധ്യമാക്കുമെങ്കിലും 'കഥ' എന്ന പദത്തെ ഭാഷാശാസ്ത്രഗ്രന്ഥമായ 'ശബ്ദതാരാവലി' ഇങ്ങനെ വിശകലനം ചെയ്യുന്നു:

കഥ (കഥാ) 1. വാക്യരചനാവിശേഷം (എന്തെങ്കിലും വിസ്തരിച്ച് എഴുതുകയോ പറയുകയോ ചെയ്ക). ഈ വാക്യരചനാവിശേഷം കുറേ സത്യമായും

രസാനുഗുണമായി മറ്റു ചില സംഭവങ്ങളും കൂട്ടിച്ചേർത്തു ഭംഗിവരുത്തിയതുമായിരിക്കണം. 'കാദംബരി' ഒരു 'കഥ'യാകുന്നു. 2. കല്പിതപാത്രങ്ങളെ കൊണ്ടു രചിക്കുന്ന പ്രബന്ധം (ചെറുകഥ, ആഖ്യായിക, കെട്ടുകഥ മുതലായവ) 3. പ്രസ്താവം, കഥനം 4. വർത്തമാനം, 'നാടോടിക്കഥ' 5. രഹസ്യം. കഥ ചമയ്ക്കുക - കള്ളംപറയുക - കഥകഴിക്കുക - കൊല്ലുക. കഥകഴിക്കുക - കഥതീരുക - അവസാനിക്കുക. മരിക്കുക. കഥയില്ലാതെ - അന്തസ്സാരമില്ലാത്ത, ശുദ്ധഹൃദയനായ; മൂഢനായ.[1]

'കഥ' എന്ന വാക്കിനപ്പുറത്ത് കഥയെ നാം മഞ്ഞും മഴയും പോലെ അറിയുകയും അനുഭവിക്കുകയും ചെയ്യുന്നുണ്ട്. വിസ്തരിച്ചുപറയുന്നത് കഥയാണ്, സത്യത്തെ രൂപീകരിക്കുന്ന അസത്യഭാഷണം അഥവാ വിവരണം കഥയാണ്. ഓരോ വിവരണത്തിലും സംഭവം, സംഭവങ്ങൾ ഉണ്ടായിരിക്കും. സംഭവം കഥയായി അവസാനിക്കുന്നില്ല. സംഭവങ്ങൾ ഭാവനയുമായി അടുക്കുമ്പോഴാണ് 'കഥ' എന്ന പദവും അതിന്റെ നിർവ്വചനവും യാഥാർത്ഥ്യമാവുന്നത്. സംഭവങ്ങൾ മുൻപിൻ ക്രമത്തിൽ അടുക്കി രസനീയമായി പറയുന്നതാണ് കഥ. കമനീയമായി അവതരിപ്പിക്കുക എന്നാൽ അനുവാചകന്റെ മുന്നിൽ വിശ്വസനീയമായി അവതരിപ്പിക്കുക എന്നർത്ഥം. ഈ അർത്ഥത്തിൽ സംഭവങ്ങൾ → വിശ്വാസയോഗ്യത → പറച്ചിൽ എന്നിവ കഥയുടെ മുഖ്യഘടകങ്ങളാണ്. ഓരോ സംഭവവും ഏതെങ്കിലും ജീവിതാവസ്ഥയുമായി ബന്ധപ്പെട്ട ഇല്ലായ്മയോ പ്രശ്നമോ ആവാം. ഇത്തരം ഇല്ലായ്മകളും പ്രശ്നങ്ങളും പരിഹൃതമാവുന്ന വിധം സംഭവങ്ങളെ കണ്ണിചേർക്കുമ്പോഴാണ് ഒരു വ്യക്തിക്കോ ഒരു കൂട്ടായ്മയ്ക്കോ കഥ അനുഭവമായിത്തീരുന്നത്. ജീവിതാനുഭവങ്ങളിലൂടെയും സാഹചര്യങ്ങളിലൂടെയും ഓരോ ജനതതിയും നിർവ്വചനങ്ങൾക്കപ്പുറത്ത് കഥയെ തിരിച്ചറിയുന്നു. എങ്കിലും ഈ തിരിച്ചറിവുകൾക്ക് ചില പൊതുമാനദണ്ഡങ്ങൾ ഉണ്ടെന്ന് സാംസ്കാരികപഠനങ്ങൾ നിരീക്ഷിച്ചിട്ടുണ്ട്.

''പ്രശ്നവും പ്രശ്നപരിഹാരവും : അല്ലെങ്കിൽ ഇല്ലായ്മയും ഇല്ലായ്മയുടെ പരിഹാരവും-അതാണ് കഥ. ഒരു പ്രശ്നം ഉണ്ടാവുക; ആ പ്രശ്നം കഥയുടെ അവസാനം പരിഹൃതമാവുക; ഒരു ഇല്ലായ്മ അനുഭവപ്പെടുക, ആ ഇല്ലായ്മ ഒടുവിൽ ഇല്ലായ്മ ചെയ്യപ്പെടുക. ഇതാണ് കഥകളുടെ രൂപം. പരിഹരിക്കപ്പെടുന്നതിന്റെ സ്വഭാവത്തിനനുസരിച്ചാണ് കഥ ലളിതമോ സങ്കീർണ്ണമോ ലഘുവോ ദീർഘമോ ആകുന്നത്. ചുരുക്കിപ്പറഞ്ഞാൽ ന്യൂന (-) ത്തിൽനിന്ന് അധിക (+) ത്തിലേക്കുള്ള സംഭവപരമ്പരകളുടെ അനുക്രമമായ ഗതിയാണ് കഥ.''[2]

## 2.2 നാടോടിക്കഥ : സാഹിത്യരൂപം

'കഥ' എന്ന പദത്തിന്റെ നിർവ്വചനത്തിനപ്പുറം കഥയെ ഒരു സാഹിത്യരൂപം എന്ന അർത്ഥത്തിൽ ലോകത്തിൽ ആദ്യമായി കണ്ടതും പഠനം നടത്തിയതും ഭാരതത്തിലാണ്. പതിനെട്ട് പുരാണങ്ങളിൽപ്പെട്ട 'അഗ്നിപുരാണ'ത്തിൽ 336 മുതൽ 346 വരെയുള്ള അധ്യായങ്ങളിൽ സാഹിത്യചർച്ച കാണുന്നു.[3]

ഇതിൽ 337-ാം അധ്യായം കാവ്യാദിലക്ഷണമാണ്. ഇവിടെ ഗദ്യവിഭാഗ ചർച്ചയിൽ കഥയെ സാഹിത്യരൂപം എന്ന നിലയിൽ പഠനം നടത്തുകയും മൗലികമായ നിരീക്ഷണങ്ങൾ മുന്നോട്ടുവയ്ക്കുകയും ചെയ്തിട്ടുണ്ട്. ഈ നിരീക്ഷണത്തെയും കഥയുടെ സൈദ്ധാന്തിക ചർച്ചയെയും 'വിശ്വസാഹിത്യ ചൊൽക്കഥകൾ' എന്ന ഗ്രന്ഥത്തിൽ ഇങ്ങനെ ക്രോഡീകരിക്കുന്നു:

''അഞ്ച് വിഭാഗങ്ങൾ കഥയ്ക്ക് കല്പിക്കുന്നു - ആഖ്യായിക, കഥ, ഖണ്ഡകഥ, പരികഥ, കഥാനിക. ആദ്യത്തെ രണ്ട് വിഭാഗത്തിന്റെ ഉദാഹരണമായി ടീകാരന്മാർ കൊടുക്കുന്നത് യഥാക്രമം, കാദംബരിയും കഥാസരിത്സാഗരവുമാണ്. ഖണ്ഡകഥ - പരികഥാചർച്ചകളാണ് നമുക്കിവിടെ പ്രധാനം. വ്യക്തികളുടെ കഥയാണത്രേ ഈ രൂപങ്ങളിൽ വരേണ്ടത്. വിപ്രലംഭശൃംഗാരവും കരുണവുമാവണം ഇവയുടെ മുഖ്യരസങ്ങൾ. ഇവയിലെ വാക്യവൃത്തി ചൂർണ്ണിക (മൃദുവായ ലഘുവാക്യങ്ങൾ) തന്നെയാവണം. ഖണ്ഡകഥയേക്കാൾ വലുതാകാം പരികഥ; ചെറുക

ഥയും നോവലെറ്റും പോലെയുള്ള വ്യത്യാസമാണ് ഇവിടെ സൂചിപ്പിക്കുന്നത്. അദ്ഭുതകഥ (Wonder Tale) യാണ് കഥാനിക.; അദ്ഭുതത്തിൽ തുടങ്ങി കരുണ ത്തിലൂടെ പുഷ്ക്കലമായി, അദ്ഭുതത്തിൽ അവസാനിക്കണം. ഇങ്ങനെ ഒരു സാഹിത്യരൂപത്തിന്റെ സമഗ്രമായ രൂപഭാവചർച്ചയാണ് പുരാണകാരൻ നടത്തു ന്നത്.''[4]

'കഥ' എന്ന സാഹിത്യവിഭാഗത്തിന്റെ ചർച്ച കേവലം 'അഗ്നിപുരാണ'ത്തിൽ മാത്രമല്ല, ഭാമഹന്റെ കാവ്യാലങ്കാരം, ആചാര്യദണ്ഡിയുടെ കാവ്യാദർശം, വിദ്യാനാ ഥന്റെ പ്രതാപരാഷ്ട്രീയം എന്നീ കൃതികളിലും കാണുന്നുണ്ട്. ആ അർത്ഥത്തിൽ കഥയുടെ രൂപഭാവചർച്ചകൾ ഭാരതീയമായി ആരംഭിച്ചതിന്റെ പൊരുൾകൂടി തേടേ ണ്ടതുണ്ട്. ഈ വസ്തുതകൾ കഥയെന്ന രൂപം മനുഷ്യന്റെ ഭൗതികവും സാഹിത്യ പരവുമായ ജീവിതത്തെ ആഴത്തിൽ സ്വാധീനിച്ചതിലേക്ക് വിരൽചൂണ്ടുന്നു.

നാടോടിക്കഥകൾ ഫോക്‌ലോർ എന്ന ജ്ഞാനശാഖയുടെ ഭാഗമായി ശേഖ രിക്കുകയും പഠിക്കുകയും വേർതിരിക്കുകയും കഥാലക്ഷ്യങ്ങൾ നരവംശശാസ്ത്ര ത്തിന്റെയും സാമൂഹ്യശാസ്ത്രത്തിന്റെയും മനശ്ശാസ്ത്രത്തിന്റെയും പശ്ചാത്തല ത്തിൽ വിലയിരുത്തി ഒരുജനതയുടെ ലോകവീക്ഷണം തിരിച്ചറിയാനും വരെ കഥാപഠനത്തിന് സാധ്യമാവുന്ന കാലത്താണ് നാം ജീവിക്കുന്നത്. ഒരു സമൂഹ ത്തിന്റെ കൂട്ടായ്മയുടെ ഭാഗമായി രൂപംകൊണ്ട നാടോടിക്കഥകൾ അവരുടെ സമൂ ഹത്തിനും വർത്തമാനസമൂഹത്തിലും ഭാവിലോകത്തിനും അനിവാര്യമാണെന്ന തിരിച്ചറിവ് നാടോടിപഠനങ്ങൾക്ക് കരുത്തുപകരുന്നു.

### 2.3 നാടോടിക്കഥ: പഠനചരിത്രം

യൂറോപ്പിലെ നവോത്ഥാനം പകർന്ന ജ്ഞാനവെളിച്ചം യാത്രകൾക്കും അന്വേഷണങ്ങൾക്കും പഠനങ്ങൾക്കും വഴിതെളിച്ചു. ഫോക്‌ലോർ എന്ന പഠന ശാഖതന്നെ ഇതിന്റെ ഉപോത്പന്നമാണ്. അതിനാൽ നാടോടിക്കഥാപഠനചരിത്രം

'ഫോക്‌ലോർ' എന്ന ജ്ഞാനശാഖയുടെ ചരിത്രംതന്നെയാണ്. വ്യത്യസ്ത കാല ഘട്ടങ്ങളിൽ നടന്ന പഠനരീതിയെ ചരിത്രപരമായി വിലയിരുത്തുമ്പോൾ സാമാന്യേന മൂന്നു ഘട്ടങ്ങൾ തെളിഞ്ഞുവരും.

**2.3.1 ഒന്നാം ഘട്ടം**

നാടോടിക്കഥകളുടെ ഉത്ഭവം, പ്രഥമരൂപം എന്നിവ അന്വേഷിക്കുന്നു.

പഠിതാക്കൾ നാടോടിക്കഥകൾ ശേഖരിക്കുകയും വ്യത്യസ്ത പാഠങ്ങളിൽനിന്നും യഥാർത്ഥ പാഠം ഏതാവാം? ഈ പാഠം സൃഷ്ടിച്ച ജനത ഏത്? അവരുടെ ദേശം? ആ ദേശത്തിന്റെ പ്രത്യേകത എന്ത്? ഏത് വിഭാഗം ജനതയാണ് ആ പാഠത്തിന്റെ സ്രഷ്ടാക്കൾ എന്നിവ അന്വേഷിക്കുന്നതാണ് നാടോടിക്കഥാപഠനത്തിന്റെ ഒന്നാംഘട്ടം.

**2.3.2 രണ്ടാം ഘട്ടം**

നാടോടിക്കഥയുടെ രൂപം, ഘടന എന്നിവ പഠിക്കുന്നു.

നാടോടിക്കഥയെ വ്യത്യസ്ത ഫോക് വിഭാഗങ്ങളിൽനിന്നു വേർതിരിക്കുന്നു. ഏതൊക്കെ തരത്തിലാണ് ഈ വേർതിരിവ് രൂപപ്പെട്ടത്? കഥയുടെ ഘടന എന്താണ്? എന്ന് കഥാതാരതമ്യത്തിലൂടെ കണ്ടെത്താനുള്ള ശ്രമം. ഓരോ കഥയുടെയും രൂപങ്ങൾ. ഘടന എന്താണ്? ഈ ഘടനയുടെ പൊതുസ്വഭാവം എന്ത്? ഘടന സംവേദനം ചെയ്യുന്ന അർത്ഥതലം, വ്യാപ്തി, സന്ദേശം എന്നിവ എന്തൊക്കെയാവാം? എന്ന തരത്തിൽ ക്രമപ്പെടുത്തിയ അന്വേഷണവഴിയാണിത്. രണ്ടാം ഘട്ടത്തിൽ ഒരു ഫോക് രൂപമായ നാടോടിക്കഥയെ കൂടുതൽ അടുത്തറിയാനുള്ള ശ്രമം തെളിഞ്ഞു കാണുന്നു.

### 2.3.3 മൂന്നാംഘട്ടം

നാടോടിക്കഥയുടെ രൂപം നൽകുന്ന അർത്ഥം എന്ത്? നാടോടിക്കഥ എന്ന ഫോക്‌ലോർരൂപം എന്തുകൊണ്ട് ഇങ്ങനെ പ്രത്യക്ഷപ്പെടുന്നു? ഈ ഫോക് രൂപത്തിന് അവ നിർമ്മിച്ച കൂട്ടായ്മ നൽകുന്ന അർത്ഥം എന്ത്? എന്നൊക്കെ അന്വേഷിക്കുന്നതാണ് മൂന്നാംഘട്ടം.

അന്വേഷണങ്ങളെ സാമാന്യമായി വിലയിരുത്തുമ്പോൾതന്നെ ഒരു പഠനശാഖ അല്ലെങ്കിൽ പഠനമേഖല എന്ന അർത്ഥത്തിൽ സമീപിക്കുമ്പോൾ ഗവേഷണാത്മക പഠനരീതിശാസ്ത്രങ്ങളുടെ മാനദണ്ഡം സ്വീകരിക്കേണ്ടതുണ്ട്. അത്തരം മാനദണ്ഡങ്ങളുടെ പശ്ചാത്തലത്തിൽ നാടോടിക്കഥാപഠനത്തെ വിലയിരുത്താവുന്നതാണ്.

### 2.3.4.1. ചരിത്രാത്മക ഭൂമിശാസ്ത്രപദ്ധതി (Historic Geographic Method)

നാടോടിവിജ്ഞാനീയപഠനം ശാസ്ത്രീയവും സമഗ്രവുമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ നിലവിൽവന്ന പഠനരീതിയാണ് ചരിത്രാത്മക ഭൂമിശാസ്ത്രപദ്ധതി. 19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധം മുതൽ 20-ാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധംവരെ ഈ പദ്ധതി ലോകത്തെങ്ങുമുള്ള പണ്ഡിതന്മാരുടെ സവിശേഷ ശ്രദ്ധ ആകർഷിച്ചിരുന്നു. ഈ പഠനരീതിയുടെ ഉപജ്ഞാതാക്കൾ രണ്ടുപേരാണ്.

1. ജൂലിയസ് ക്രോൺ (1835-1888)
2. കാർലെ ക്രോൺ (1863-1933)

ഫോക്‌ലോർ പഠനത്തിന് ശ്രദ്ധേയമായ സംഭാവന നൽകിയ ഫിൻലാന്റാണ് ഈ പദ്ധതിയുടെ പ്രഭവകേന്ദ്രം. ചരിത്രപരവും ഭൂമിശാസ്ത്രപരവുമായ ഈ പഠനപദ്ധതി ഏറെ ശ്രദ്ധചെലുത്തി ഏറ്റടുത്ത ഫോക്‌ലോർ മേഖല നാടോടിക്കഥയാണ്.

ഓരോ നാടോടിക്കഥയ്ക്കും പാഠങ്ങളും പാഠഭേദങ്ങളും ഉണ്ടായിരിക്കും. അതുകൊണ്ടുതന്നെ ഇത്തരം പാഠങ്ങളെയും പാഠഭേദങ്ങളെയും വ്യത്യസ്ത ദേശങ്ങളിൽനിന്നും ശേഖരിക്കുന്നു. വാങ്മയരൂപത്തിലും അല്ലാതെയും ശേഖരിച്ച കഥകൾ കാലക്രമാടിസ്ഥാനത്തിൽ ക്രമീകരിക്കുന്നു. അതോടൊപ്പം ദേശഭേദമനുസരിച്ച് ക്രമീകരിച്ച് കഥയുടെ വിഷയം, പാഠഭേദം, പ്രത്യേകതകൾ എന്നിവ വിശകലനം ചെയ്ത് പാഠാന്തരങ്ങളുടെ പട്ടിക തയാറാക്കുന്നു. ഈ അന്വേഷണം കഥ പ്രചരിച്ച സ്ഥലത്തിന്റെ ഭൂപടനിർമ്മാണം നടത്തുകയും അതുവഴി കഥയുടെ പ്രഭവകേന്ദ്രവും അവ പ്രചരിച്ച ഭൂപ്രദേശചിത്രവും കൂടി തയ്യാറാക്കുന്ന ഈ പഠനരീതി കഥയുടെ ചരിത്രത്തിലേക്കും ഫോക് ചരിത്രത്തിലേക്കും വെളിച്ചം വീശുന്നു. ഈ അർത്ഥത്തിൽ ഓരോ കഥയും സൃഷ്ടിച്ച കൂട്ടായ്മയും അവർ കൈമാറ്റം ചെയ്ത ആശയങ്ങളും അവർ പ്രചരിപ്പിച്ച വഴികളും അവയ്ക്ക് വ്യത്യസ്ത സമൂഹങ്ങളിൽ എത്രത്തോളം സ്വാധീനമുണ്ട് എന്നും തിരക്കുമ്പോൾ ഈ പഠനരീതി സാമൂഹ്യശാസ്ത്രപഠനവും മനശ്ശാസ്ത്രപഠനവുമായി കൈകോർക്കുന്നതു കാണാം.

**ചരിത്രാത്മക ഭൂമിശാസ്ത്രപഠനരീതി**

1. നാടോടിക്കഥകളുടെ വിവിധ പാഠങ്ങൾ ശേഖരണം
2. കാലക്രമത്തിൽ ക്രമീകരണം
3. ദേശഭേദമനുസരിച്ച് തരംതിരിക്കൽ
4. വ്യത്യസ്ത പാഠങ്ങൾ, വിഷയങ്ങൾ വിശകലനം
5. പാഠാന്തരങ്ങളുടെ പട്ടികനിർമ്മാണം
6. പാഠാന്തരങ്ങൾ വ്യാപിച്ച ദേശം ആസ്പദമാക്കി ഭൂപട നിർമ്മാണം
7. പ്രതിപാദ്യത്തിന്റെ അടിസ്ഥാനത്തിൽ കഥകളുടെ ആദ്യരൂപം പുനർനിർമ്മിക്കൽ
8. കഥകളുടെ ഉറവിടപഠനം
9. കഥ പ്രചരിച്ച ഭൂപ്രദേശം കണ്ടെത്തൽ

നാടോടിക്കഥകളെ വർഗ്ഗീകരിക്കാനും വ്യത്യസ്ത പാഠപഠനങ്ങളുടെ അടിസ്ഥാനത്തിൽ സമാനതകൾ കണ്ടെത്തി വേർതിരിക്കുകയും അവയിലെ പ്രമേയം, സംഭവങ്ങൾ എന്നിവ വിശകലനം ചെയ്ത് കഥയുടെ പൊതുവായ മൂലരൂപം കണ്ടെത്താനും കഴിയുന്ന ഈ രീതിയുടെ സങ്കല്പങ്ങളെ മൂന്നായി തിരിച്ചുകൊണ്ട് കലാവിമർശകർ പഠനം നടത്തിയിട്ടുണ്ട്.

1. ''എല്ലാ കഥകളും ഒരു കേന്ദ്രത്തിൽനിന്ന് പലതായിപ്പിരിഞ്ഞതാണ് (centrifugal principle). ഒരു കുളത്തിനു നടുവിലേക്ക് കല്ലിട്ടാൽ അവിടന്ന് തരംഗങ്ങൾ നാനാഭാഗത്തേക്കും പരക്കുന്നതുപോലെയാണ് നാടോടിക്കഥകൾ നാനാഭാഗത്തേക്കും പരക്കുന്നത്. ഭാഷാബന്ധം, കുടിയേറ്റം, വാണിജ്യം തുടങ്ങിയവയൊക്കെ ഇതിനു കാരണമായേക്കാം.

2. നാടോടിക്കഥകൾക്ക് പലതരത്തിലുള്ള ഭേദങ്ങൾ (variants) ഉണ്ടാവാം. എങ്കിലും ആഖ്യാതാക്കളെ പരസ്പരം ബന്ധിപ്പിക്കുന്ന പ്രമേയത്തിന്റെ ഒരു കണ്ണി ഉണ്ടായിരിക്കും.

3. പ്രമേയപരമായ ബന്ധമുണ്ടെങ്കിലും ഓർമ്മക്കേടുകൊണ്ടോ സർഗ്ഗാത്മകത കൊണ്ടോ സംസ്കാരഭേദംകൊണ്ടോ ഒരു കഥയ്ക്കുതന്നെ ഒരു പ്രത്യേക ദേശത്ത് വളർച്ചയും പരിണാമവും ഉണ്ടാകാം. അതിനെ ഒരു ഉപവിഭാഗം (sub-type) ആയി പരിഗണിക്കാം.[5]

ജൂലിയസ് ക്രോൺ, കാർലെ ക്രോൺ, ആൻറി ആർതെ, സ്റ്റിത്ത് തോംസൺ, സി.ഡബ്ല്യൂ വോൺ സിഡോ (1878-1952), ഓൾറിക്, ആർച്ചർ ടെയ്ലർ, വാറൽ ഇ. റോബർട്ട് എന്നിവർ ചരിത്രാത്മക ഭൂമിശാസ്ത്ര പഠനരീതിശാസ്ത്രത്തെ രൂപപ്പെടുത്തിയവരും പ്രത്യക്ഷമോ പരോക്ഷമോ ആയി ഈ രീതിയിൽ കഥാപഠനം നടത്തിയവരുമാണ്.

ചരിത്രാത്മക ഭൂമിശാസ്ത്രപഠനരീതി ഏറ്റവും ആഴത്തിലും പരപ്പിലും നടന്നത് നടോടിക്കഥാപഠനത്തിലാണ്. അതിനാൽ നാടോടിക്കഥാപഠനത്തിലെ ഒന്നാംഘട്ടത്തെ രൂപപ്പെടുത്തുന്നതിൽ ഈ രീതി വലിയ പങ്കുവഹിച്ചു. ലോകത്തെമ്പാടും തദ്ദേശീയരായ പഠിതാക്കൾ നാടോടിക്കഥാശേഖരണം നടത്താൻ ആരംഭിച്ചു. അവയെ താരതമ്യം ചെയ്തുകൊണ്ട് പ്രഭവസ്ഥാനം കണ്ടെത്താനും ശ്രമിച്ചു. ഈ അന്വേഷണം ഒരേസമയം ഫോക്‌ലോർ വൈജ്ഞാനികശാഖയുടെ ചരിത്രവും നാടോടിക്കഥാപഠനത്തിന്റെ ഒന്നാംഘട്ടവുമാണ്. നാടോടിക്കഥ രൂപപ്പെടുത്തിയ കൂട്ടായ്മ, കഥകളുടെ പരിണാമം, കഥ വ്യാപിച്ച ഭൂപ്രദേശം, വ്യത്യസ്തപാഠങ്ങൾ, അവയിലെ വൈവിധ്യങ്ങൾ എന്നിവ പഠിക്കാനും ഈ രീതി സഹായിച്ചു.

### 2.3.5 രൂപപരമായ സമ്പ്രദായം (Morphological Method)

സാമൂഹ്യശാസ്ത്ര പഠനങ്ങൾക്കെല്ലാം സൈദ്ധാന്തികമാനം തേടുന്ന പഠനങ്ങൾക്ക് അതിന്റേതായ ഒരു ചരിത്രമുണ്ട്. അതുകൊണ്ടുതന്നെ സാമൂഹ്യശാസ്ത്ര പഠനവിഭാഗമായ ഫോക്‌ലോറിനും ഇത് ബാധകമാണ്. ചരിത്രാത്മക-ഭൂമിശാസ്ത്ര പഠനരീതി ഊന്നൽ നൽകിയത് നാടോടിക്കഥകൾ എന്നുണ്ടായി? എവിടെ ഉണ്ടായി? എന്നീ ആകാംക്ഷ നിറഞ്ഞ ചോദ്യങ്ങൾക്ക് ഉത്തരം തേടലിലാണ്. ഈ അന്വേഷണം സ്വാഭാവികമായ ഏതൊരു വൈജ്ഞാനികശാഖയെയുംപോലെ അന്വേഷണത്തിന്റെ ആദ്യഘട്ടത്തെ സൂചിപ്പിക്കുന്നു. എന്നാൽ ഈ അന്വേഷണപാതയുടെ രണ്ടാം ഘട്ടം പഠനവിഭവം എന്ത്? എന്ന ഗൗരവമുള്ള ചോദ്യങ്ങളിലേക്കും മൂന്നാംഘട്ടം എന്തുകൊണ്ട് എന്ന വിശകലനാത്മകതലത്തിലേക്കും അന്വേഷണം നീളും. ഇവിടെ രണ്ടും മൂന്നും ഘട്ടത്തെ അഭിസംബോധനചെയ്യാൻ പര്യാപ്തമാവുന്ന നാടോടിക്കഥാപഠനമാണ് രൂപപരമായ സമ്പ്രദായം.

ചരിത്രാത്മക ഭൂമിശാസ്ത്രപഠനത്തെ വികസിപ്പിച്ച സ്റ്റിത്ത് തോംസൺ (മോട്ടിഫ് ഇൻഡക്സ് ഓഫ് ഫോക് ലിറ്ററേച്ചർ) ഉൾപ്പെടെയുള്ള പണ്ഡിതന്മാരുടെ പഠ

നങ്ങളിൽ രൂപപരമായ പഠനത്തിന്റെ ആദ്യമാതൃകകൾ കാണാം. എന്നാൽ വസ്തുനിഷ്ഠവും യുക്തിസഹവുമായ ഒരന്വേഷണം ഈ മേഖലയിൽ രൂപപ്പെടുത്തിയത് റഷ്യൻ ഫോക്ലോറിസ്റ്റായ വ്ളാഡിമിർ പ്രോപ്പാണ് (1895-1970). എ.എൻ. അഫനാസേവിന്റെ യക്ഷിക്കഥാസമാഹാരത്തിലെ 100 കഥകൾ അപഗ്രഥിച്ചു കൊണ്ട് അവയിൽ ആവർത്തിച്ചു പ്രത്യക്ഷപ്പെട്ട 31 'ധർമ്മ'ങ്ങളെ പ്രോപ്പ് വേർതിരിച്ചെടുത്തു. റഷ്യയിൽ ഈ പഠനം 1928-ൽ പ്രത്യക്ഷപ്പെട്ടുവെങ്കിലും 'Morphoplogy of Folk Tale' എന്ന പേരിൽ 1958-ലാണ് ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്തത്. ഈ വിവർത്തനം പഠിതാക്കളുടെയും അന്വേഷകരുടെയും ശ്രദ്ധ പിടിച്ചുപറ്റി. അതോടെ പ്രോപ്പിന്റെ കഥാപഠനം ലോകകഥാപഠനത്തെ വിസ്തൃതമാക്കി.

ശാസ്ത്രപഠനങ്ങൾ യുക്തിസഹവും എവിടെയും എപ്പോഴും പരീക്ഷിക്കാൻ സാധ്യമാവുന്നതും അടിസ്ഥാന ഘടകങ്ങളെ അടിപ്പടവായി സ്വീകരിക്കുന്നതുകൊണ്ടാണ്. സാമൂഹ്യശാസ്ത്രപഠനത്തിലും സാംസ്കാരികപഠനങ്ങളിലും ഇത്തരം പരീക്ഷണാധിഷ്ഠിത പഠനം അസാധ്യമാണ് എന്ന നിഗമനത്തെ തള്ളിക്കളയുന്നതാണ് പ്രോപ്പിന്റെ നാടോടിക്കഥാപഠനരീതി. പ്രോപ്പിന്റെ പഠനം ഭാഷാശാസ്ത്രപഠനങ്ങളുടെ സാധ്യതകളെക്കൂടി പ്രയോജനപ്പെടുത്തുന്നു.

വിവരണാത്മക ഭാഷാശാസ്ത്രം ഭാഷയിലെ അടിസ്ഥാന ഘടകങ്ങളായി സ്വീകരിക്കുന്നത് സ്വനം, സ്വനിമം, രൂപം, രൂപിമം എന്നിവയാണ്. ഭാഷയിലെ അടിസ്ഥാനഘടകങ്ങളെ വേർതിരിച്ച് വ്യാഖ്യാനിക്കുന്നതുപോലെ വൈവിധ്യമാർന്ന കഥകളിലും അടിസ്ഥാനഘടകങ്ങൾ ഉണ്ടെന്നും അവ വ്യാഖ്യാനിക്കുമ്പോൾ നാടോടിക്കഥകളുടെ അടിസ്ഥാനം അല്ലെങ്കിൽ ആധാരം തിരിച്ചറിയുമെന്നും പ്രോപ്പ് വിശദീകരിക്കുന്നു. അടിസ്ഥാന ഏകകമായി കഥയിൽ പ്രോപ്പ് കണ്ടെത്തുന്നത് പ്രവൃത്തികൾ അഥവാ ധർമ്മങ്ങൾ (Function) ആണ്. കഥയുടെ പുരോഗതിയിൽ പങ്കുവഹിക്കുന്നതും മാറിവരുന്നതുമായ കഥാപാത്രങ്ങളുടെ മാറ്റമില്ലാത്ത (സ്ഥിരമായ) പ്രവൃത്തികളെയാണ് 'ധർമ്മങ്ങൾ' എന്ന് വിളിക്കുന്നത്.

പ്രോപ്പ് തന്റെ രൂപവിജ്ഞാനപഠനത്തിനായി സ്വീകരിച്ചത് ജീവശാസ്ത്രപഠനരീതിയാണ്. സോമനാഥൻ. പി, ഡോ. ഇതിനെ ഇങ്ങനെ വിശദീകരിക്കുന്നു: "സസ്തനികൾ എന്ന ജീവിവിഭാഗത്തെ വേർതിരിച്ചെടുക്കുന്നത് വ്യത്യസ്ത ജീവികളിൽ കാണുന്ന ചില ലക്ഷണങ്ങൾ മുൻനിർത്തിയാണല്ലോ. അഥവാ വ്യത്യസ്ത സ്പീഷീസിലും ജീനസിലും പെട്ട ജീവികളെ മുലയൂട്ടൽ, ചെവിക്കുട, രോമാവൃത ശരീരം തുടങ്ങിയ പൊതുസ്വഭാവങ്ങളെ അടിസ്ഥാനമാക്കി വർഗ്ഗീകരിക്കുകയാണതിന്റെ രീതി. പട്ടിയുടെയോ പന്നിയുടെയോ പോലെ മുലകളുടെ എണ്ണം കൂടിയവയും ആടിനെപ്പോലെ എണ്ണം കുറഞ്ഞവയും അതിൽ ഉൾപ്പെടുത്താം. സൂക്ഷ്മവിശദാംശങ്ങൾ അവഗണിച്ച്, പാലൂട്ടുക എന്ന ധർമ്മമാണ് അവിടെ പ്രധാനമായി ഗണിക്കുന്നത്. പ്രോപ്പിന്റെ മോർഫോളജിയും ധർമ്മത്തിലാണ് ഊന്നുന്നത്."[6]

റഷ്യൻകഥകളിൽ ജീവശാസ്ത്രത്തിലെ ഈ നിരീക്ഷണങ്ങൾ സ്വീകരിച്ച് ഭാഷാശാസ്ത്രത്തിന്റെ പിൻബലവും ചേർത്ത് കഥാഘടകങ്ങളെ 'സ്ഥിരങ്ങൾ' എന്നും 'അചരങ്ങൾ' എന്നും വേർതിരിക്കുന്നു. കഥകളിൽ കഥാപാത്രങ്ങൾ വ്യത്യസ്തമാകുമ്പോൾതന്നെ 'ധർമ്മം' സ്ഥിരമായി നിൽക്കുന്നുവെങ്കിൽ അതിനെ ഒറ്റ 'ഏകക'മായി കാണാം. അമ്മ മകനോട് വീട്ടിൽനിന്ന് പോകരുത് എന്നു പറയുന്നതും രാമായണത്തിൽ ലക്ഷ്മണരേഖ വരച്ചു വച്ച് കടന്നുപോകരുത് എന്നു പറയുന്നതും സന്ന്യാസി വരംകൊടുത്ത് തിരിഞ്ഞ് നോക്കരുത് എന്ന് നായകനോട് പറയുന്നതും 'വിലക്ക്' എന്ന ഒറ്റ ഏകകത്തിന്റെ ഭാഗം മാത്രമാണ്. കഥാപാത്രം, സന്ദർഭം എന്നിവയിൽ മാറ്റമുണ്ടെങ്കിലും 'വിലക്ക്' സ്ഥിരമായി കഥകളിൽനിറയുന്നുവെങ്കിൽ അത്തരം കഥകളിലെ ഏക ധർമ്മം വിലക്കാണ്.

റഷ്യയിലെ 101 ബിലിനി (bilini) (മാന്ത്രികകഥകൾ) കഥകൾ പ്രോപ്പ് ഇത്തരത്തിൽ പഠനം നടത്തുകയും അവയിൽ നിന്ന് 31 ഏകകങ്ങൾ വേർതിരിച്ചെടുക്കുകയും ചെയ്തു.

1. അഭാവം (Absentation)

2. നിരോധനം (Interdiction)

3. ലംഘനം (Violation)

4. പ്രാരംഭനിരീക്ഷണം (Reconnaissance)

5. അർപ്പണം (Dilivery)

6. സൂത്രവേല (Trickery)

7. വഴിപ്പെടൽ (Complicity)

8. നീചവൃത്തി (Villainy)

9. ഇടപെടൽ ബന്ധപ്പെട്ട സംഭവം (Mediation (The Connective Incident)

10. പ്രതിരോധനത്തിന്റെ തുടക്കം (Begininning Counteraction)

11. നിർഗമനം (Deparyre)

12. ദാതാവിന്റെ ആദ്യത്തെ ക്രയവ്യാപാരം (The first function or the donor)

13. നായകന്റെ പ്രതികരണം (The hero's reaction)

14. മാന്ത്രികപ്രതിനിധിയെ നേരിടൽ (Provision or Receidpt of Magical Agent)

15. ഒരു ലോകത്തുനിന്ന് മറ്റൊരു ലോകത്തേക്കുള്ള സ്ഥലംമാറ്റം-വഴികാണിക്കൽ (Spatial Transference between two Kingdomes, Guisanie)

16. സംഘട്ടനം (Struggle)

17. മുദ്രകുത്തൽ (Marking)

18. വിജയം (victory)

19. അഭാവം പരിഹരിക്കൽ (lack iquidated)

20. മടക്കം (Return)

21. പിന്തുടരൽ (Pursuit)

22. രക്ഷപ്പെടൽ (Rescue)

23. തിരിച്ചറിയാനാവാത്ത വിധത്തിൽ തിരിച്ചുവരുന്നു (Unrecognised arrival)

24. അടിസ്ഥാനമില്ലാത്ത അവകാശങ്ങൾ (Unfounded claims)

25. സാഹസം (Difficult task)

26. പരിഹാരം (Solution)

27. അഭിജ്ഞാനം (Recognition)

28. വെളിപ്പെടുത്തുക (Exposure)

29. സുന്ദരമായ രൂപം പ്രാപിക്കൽ (Transfiguration)

30. ശിക്ഷ (Punishment)

31. വിവാഹം (Wedding)

റഷ്യൻകഥകളിൽ പ്രോപ്പ് നടത്തിയ ഈ അന്വേഷണം നാടോടിക്കഥാപഠനരംഗത്ത് ഏറെ സ്വാധീനം ചെലുത്തി. പ്രോപ്പ് കണ്ടെത്തിയ 31 ധർമ്മങ്ങൾ അഥവാ സ്ഥിരഘടകങ്ങൾ പോലെ ലോകത്തിലെ വൈവിധ്യമാർന്ന കഥകളിൽ സ്ഥിരഘടകങ്ങൾ കണ്ടെത്താമെന്നും അതുവഴി കഥയുടെ വ്യാകരണം തിരിച്ചറിയാമെന്നുമുള്ള നിഗമനം ലോകത്തെമ്പാടും രൂപപ്പെട്ടു. ഇങ്ങനെ വിശാലമായ പരിപ്രേക്ഷ്യത്തിൽ ലോക നാടോടിക്കഥയെ കാണാനും വ്യാഖ്യാനിക്കാനുമുള്ള ഒരവസരം പ്രോപ്പിന്റെ രൂപപരമായ പഠനം മുന്നോട്ടുവച്ചു.

പ്രോപ്പിന്റെ വിശകലനരീതി കഥാഘടനയെ സ്പർശിച്ച് മുന്നോട്ടുപോകുമ്പോൾ അർത്ഥവിജ്ഞാനസാധ്യതകളെ ആസ്പദമാക്കിയ ഗവേഷണമായിരുന്നു അലൻ ഡൻഡിസ് നടത്തിയത്. ഉള്ളടക്കത്തേക്കാൾ രൂപഘടനയ്ക്ക് പ്രോപ്പ് പ്രാധാന്യം നൽകുമ്പോൾ ഓരോ നാടോടിക്കഥയും നിർമ്മിക്കുന്നത് ഓരോ കൂട്ടായ്മയാണെന്നും കഥയുടെ ഘടനയ്ക്ക് ആ കൂട്ടായ്മയുടെ ലോകവീക്ഷണവുമായി ബന്ധമുണ്ട് എന്നും നാം തിരിച്ചറിയേണ്ടതുണ്ട്. അതിനാൽ വ്യാഖ്യാനങ്ങൾ ഏതു

മില്ലാതെ ഘടനയെ മാത്രം താരതമ്യം ചെയ്യുന്നത് കഥയുടെ ജൈവപരിസരത്തെ ഇല്ലായ്മ ചെയ്യുന്നതിലേക്ക് നയിക്കും. ഇത്തരം അപാകതകളെ പരിഹരിക്കുന്നതിലായിരുന്നു അമേരിക്കൻ ഫോക്‌ലോറിസ്റ്റായ അലൻ ഡൻഡിസിന്റെ ശ്രദ്ധ. ഫങ്ഷനെ (ധർമ്മത്തെ) തന്നെ ഭാഷാശാസ്ത്രവുമായി ചേർത്ത് ലോകകഥകളെ മുഴുവൻ വ്യാഖ്യാനിക്കാനുള്ള ഉപാധിയായി പരിഷ്കരിക്കുകയായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം.

ഏകകങ്ങളെ അടിസ്ഥാനമാക്കി നാടോടിക്കഥാരംഗത്തു നടന്ന പഠനങ്ങളെ 'ഫങ്ഷനും മോട്ടിഫീമും' എന്ന ലേഖനത്തിൽ ഡോ.രാഘവൻ പയ്യനാട് ഇങ്ങനെ ക്രോഡീകരിക്കുന്നു:

''സ്റ്റിത്ത് തോംസൺ, നാടൻകഥകളിലെ ലഭ്യമായ എല്ലാ ഏകകങ്ങളെയും അവയുടെ ജൈവവും സാന്ദർഭികവുമായ ചുറ്റുപാടിൽനിന്ന് വേർപെടുത്തി ഭാഷയ്ക്ക് ഒരു നിഘണ്ടു നിർമ്മിക്കുന്നതുപോലെ ആഖ്യാനഘടകത്തിന്റെ ഒരു സൂചിക തയ്യാറാക്കുകയാണ് ചെയ്തത്. ഇത് ഭാഷാശാസ്ത്രത്തിലെ സ്വനപഠനം പോലെ പ്രധാനമാണ്. പ്രോപ്പ് അനന്തസാധ്യതകളിൽ പ്രത്യക്ഷപ്പെടാവുന്ന കഥാ ഏകകങ്ങളെ (തോംസന്റെ ഭാഷയിൽ മോട്ടീഫുകളെ) എണ്ണത്തിൽ നിശ്ചിതവും ധർമ്മപരവുമായ ഏകകങ്ങളാക്കി ചുരുക്കിക്കൊണ്ടുവരുകയാണ് ചെയ്തത്. ഇങ്ങനെ സാധിച്ചത് ഘടനാപരമായ വിശകലനത്തിലൂടെയാണ്. പ്രോപ്പ് കണ്ടെത്തിയ ഫങ്ഷനുകളും അവയുടെ ഘടനയും ഫേറി കഥകൾക്കുമാത്രം ബാധകമായിട്ടുള്ളവയാണ്. ഫങ്ഷനെതന്നെ pike ന്റെ മോട്ടിഫീം എന്ന സങ്കല്പനവുമായും ഭാഷാശാസ്ത്രത്തിലെ സ്വനിമ-ഉപസ്വന-സ്വന സങ്കല്പനവുമായും ബന്ധിപ്പിച്ച് ലോകത്തിലെ ഏത് കഥാഖ്യാനത്തെയും വിശകലനം ചെയ്യാനുള്ള ഒരു ഉപാധിയാക്കി മാറ്റിത്തീർക്കാനാണ് അലൻ ഡൻഡിസ് ശ്രമിച്ചിട്ടുള്ളത്.''[7]

### 2.3.6 വംശീയ രീതിശാസ്ത്രം (Ethnographic Method)

വൈവിധ്യമാർന്ന സംസ്കാരങ്ങളിൽ വ്യത്യസ്ത സമൂഹങ്ങൾ, കൂട്ടായ്മകൾ രൂപംനൽകിയതാണ് ഇന്നു കാണുന്ന ഓരോ നാടോടിക്കഥയും. അതിനാൽ കഥാപഠനത്തിൽ ഓരോ സംസ്കാരവും സമൂഹവും ഒഴിവാക്കാൻ പറ്റാത്ത ഘടകങ്ങളായി വരുന്നു എന്ന തിരിച്ചറിവാണ് 'വംശീയ രീതിശാസ്ത്ര'ത്തിന്റെ അടിപ്പടവാകുന്നത്. കഥപറയുന്നത് ഏതു സമൂഹമാണ്, ഏതു സന്ദർഭമാണ്, എങ്ങനെ പറയുന്നു എന്നതെല്ലാം കഥാപഠനത്തെ സ്വാധീനിക്കുന്നു. 'വംശീയരീതിശാസ്ത്ര'ത്തിൽ അതിപ്രധാനമായി മൂന്ന് ഘടകങ്ങളുണ്ട്.

| | | | |
|---|---|---|---|
| 1. | കഥപറയുന്നവർ | : | Story Teller |
| 2. | പ്രകടനം | : | Performance |
| 3. | പ്രകരണം | : | Context |

കഥാപഠനത്തിൽ ചരിത്രാത്മകഭൂമിശാസ്ത്ര പഠനം കഥയുടെ പ്രഭവകേന്ദ്രം, വ്യാപനം എന്നിവ അന്വേഷിച്ചപ്പോൾ നാടോടിക്കഥയുടെ ഏതെങ്കിലും ഒരു പാഠത്തെയാണ് സ്വീകരിച്ചത്. എന്നാൽ നാടോടിക്കഥ എന്നത് ഒരു ഫോക്‌ലോർ രൂപമാണെന്ന് തിരിച്ചറിയുമ്പോൾ ഫോക്‌ലോർ രൂപത്തിന്റെ സാമാന്യസവിശേഷതയായ പാഠവും പാഠഭേദവും പ്രധാനമായി വരുന്നുണ്ട്. അതായത് ഏതൊരു ഫോക്‌ലോർ രൂപത്തിന്റെയും തനിമ അളന്നെടുക്കാൻ പറ്റുന്നത് അതിന്റെ ജൈവപരമായ സാഹചര്യത്തിൽ മാത്രമാണ്. നിത്യജീവിതത്തിന്റെ ഭാഗമായാണ് നാടോടിക്കഥകൾ രൂപപ്പെട്ടത്. വ്യക്തിപരവും സാമൂഹികവും സാംസ്കാരികവുമായ സാഹചര്യങ്ങളെ ഉപയോഗപ്പെടുത്തുമ്പോൾ മാത്രമേ പഠനം പൂർണ്ണമാവൂ എന്ന തിരിച്ചറിവാണ് വംശീയ രീതിശാസ്ത്രം മുന്നോട്ടുവയ്ക്കുന്നത്. അതായത് കഥാഖ്യാനത്തിൽ സംസ്കാരത്തിനും സമൂഹത്തിനുമുള്ള പ്രാധാന്യമാണ് ഈ പഠനത്തിന്റെ കാതൽ. സാഹചര്യം മനസ്സിലാക്കാതെയുള്ള ഫോക്‌ലോർ പഠനത്തിന്റെ

അർത്ഥശൂന്യതയെ സംബന്ധിച്ച് രാഘവൻ പയ്യനാടിന്റെ നിരീക്ഷണം ഇവിടെ പ്രസക്തമാണ്: ''കറിക്കുപയോഗിക്കുന്ന മഞ്ഞളും കാവിൽ വെളിച്ചപ്പാട് ഉപയോഗിക്കുന്ന മഞ്ഞളും വസ്തു എന്ന നിലയ്ക്ക് ഒന്നാണെങ്കിലും രണ്ടും നൽകുന്ന അർത്ഥം വ്യത്യസ്തമാണ്. ഈ അർത്ഥവ്യത്യാസം സാഹചര്യംകൊണ്ട് ലഭിക്കുന്നതാണ്. അതുകൊണ്ട് ഫോക്‌ലോറിന്റെ സാഹചര്യത്തിന് അമിതപ്രാധാന്യം ഉണ്ടെന്നു വരുന്നു.''[8]

ഓരോ ജനതയും വ്യത്യസ്ത സന്ദർഭങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന സർഗ്ഗാത്മകതയുടെ തെളിവാണ് നാടോടിക്കഥകൾ. ഇത്തരം സർഗ്ഗാത്മകതയുടെ തെളിവുകൾ സമൂഹം എന്തിന് ഉൽപ്പാദിപ്പിക്കുന്നു? അതു നിറവേറ്റുന്ന വ്യക്തിപരവും സാമൂഹികവുമായ ധർമ്മം എന്ത്? ഒരു സമൂഹത്തിന്റെ കൂട്ടായ്മയുടെ മനശ്ശാസ്ത്രം നാടോടിക്കഥകളിൽ തെളിയുന്നുണ്ടോ? മനുഷ്യവംശത്തിന്റെ നിലനിൽപ്പുമായി ഇവയ്ക്ക് ബന്ധം ഉണ്ടോ? നാടോടിക്കഥയിലെ സാഹിത്യകൗതുകം എന്താണ്? സമഷ്ടിമനസ്സിലും സമൂഹമനസ്സിലും നിലനിൽക്കുന്ന പ്രശ്നങ്ങളെ മറികടക്കാൻ അവൻ സൃഷ്ടിക്കുന്ന നാടോടിക്കഥാരൂപങ്ങൾക്ക് ശേഷിയുണ്ടോ? ഇത്തരം നാനാവിധമായ സംവാദമേഖലകളിൽ ഊന്നുന്ന നാടോടിക്കഥാപഠനങ്ങൾ കടന്നുവന്നിട്ടുണ്ട്. അവിടെ ഓരോ നാടോടിക്കഥയും വ്യത്യസ്ത വ്യാഖ്യാനങ്ങൾക്ക് വിധേയമാവാം. ഇത്തരം ഗൗരവതരമായ വ്യാഖ്യാനത്തിലൂടെ അർത്ഥതലം കണ്ടെത്താൻ ശ്രമിക്കുന്ന പഠനങ്ങളെ മൂന്നായി തരംതിരിക്കാം.

1. മനശ്ശാസ്ത്രരപരമായ വ്യാഖ്യാനം
2. നരവംശശാസ്ത്രപരമായ വ്യാഖ്യാനം
3. സാഹിതീയവ്യാഖ്യാനം

### 2.3.61. മനശ്ശാസ്ത്രപരമായ വ്യാഖ്യാനം

ഗ്രീക്ക് ഭാഷയിലെ 'സൈക്കി' എന്ന വാക്കിൽനിന്നാണ് സൈക്കോളജി എന്ന പദം ഉണ്ടായത്. 'സൈക്കി' എന്ന വാക്കിന് പ്രാണൻ, ജീവൻ, ജീവാത്മാവ്,

ആത്മത്വം, ആത്മാവ്, പുരുഷൻ എന്നെല്ലാം അർത്ഥം കൊടുക്കാമെന്നും ബോധത്തെ പൊതുവെ മനസ്സായി വ്യവഹരിക്കാമെങ്കിൽ അതിനെക്കുറിച്ചുള്ള ശാസ്ത്രമാണ് മനശ്ശാസ്ത്രം എന്നും ഗുരു നിത്യചൈതന്യയതി വിലയിരുത്തുന്നു.[9]

മനുഷ്യനിലും അവൻ സൃഷ്ടിക്കുന്ന സംസ്കാരത്തിലും ഗാഢമായി സ്വാധീനം ചെലുത്തിയ ശാസ്ത്രശാഖയാണ് മനശ്ശാസ്ത്രം. സിഗ്മണ്ട് ഫ്രോയ്ഡ്, കാൾ യുങ് എന്നീ മനശ്ശാസ്ത്രജ്ഞന്മാർ ചികിത്സാരംഗത്ത് ഉപയോഗിക്കാൻ സജ്ജമാക്കിയ ഈ വിജ്ഞാനശാഖ മനുഷ്യമനസ്സിന്റെ നിഗൂഢമായ തലങ്ങളെ വെളിപ്പെടുത്താൻ കരുത്തു നൽകുന്നു. മനുഷ്യമനസ്സിനെ ജാഗ്രത്ത്, സ്വപ്നം, സുഷുപ്തി, തുരീയം എന്നീ നാല് അവസ്ഥകളായി നിരത്തിവച്ച മാണ്ഡൂക്യോപനിഷത്ത് പോലെ ബോധം, ഉപബോധം, അബോധം എന്നീ തലങ്ങൾ ഫ്രോയ്ഡ് കണ്ടെത്തുന്നു. ഇതിൽ ബോധമനസ്സിനെ വെള്ളത്തിൽ പൊങ്ങിനിൽക്കുന്ന മഞ്ഞു കട്ടപോലെ നിരീക്ഷിച്ച അദ്ദേഹം ഉപബോധത്തിന്റെയും അബോധത്തിന്റെയും ശക്തി അറിഞ്ഞിരുന്നു.

ലോകത്ത് മനുഷ്യൻ എവിടെയും ലൈംഗികതയിലും മാനസികവ്യാപാരത്തിലും തുല്യരാണ് എന്നത് ഫ്രോയ്ഡിന്റെ സിദ്ധാന്തത്തിന്റെ കാതലാണ്. മനുഷ്യചരിത്രത്തിലുടനീളം വൈകാരികമായ അടിച്ചമർത്തലുകൾ സൃഷ്ടിക്കുന്ന ആഘാതത്തെ ഫ്രോയിഡ് സംസ്കാരവുമായി ബന്ധപ്പെടുത്തുന്നു.

''എല്ലാ സംസ്കാരങ്ങളും ജന്മവാസനകളുടെ നേരെ പോരാടുന്നു. അടിച്ചമർത്തലോ ഉദാത്തീകരണമോ ഭാവാന്തരപ്പെടുത്തലോ സംഭവിക്കുന്നു'' എന്ന് സംസ്കാരത്തെ ഫ്രോയ്ഡ് വിലയിരുത്തുന്നു.[10]

മനുഷ്യന്റെ ജന്മവാസനകളിൽ പ്രധാനമായ ലൈംഗികത വ്യക്തിമനസ്സിൽ അതിശക്തമായ പ്രതികരണങ്ങൾ സൃഷ്ടിക്കുന്നു. വൈകാരികമായ വിലക്കുകൾ ജന്മവാസനകളെ ഇല്ലായ്മചെയ്യുന്നില്ല എന്നും മനസ്സിന്റെ അടിത്തട്ടിലേക്ക് മാറ്റപ്പെടുന്ന ഇത്തരം വികാരങ്ങൾ അബോധമനസ്സിനെ രൂപപ്പെടുത്തുന്നു എന്നും

അവിടെ ബോധാബോധമനസ്സിന്റെ വൈകാരികസംഘർഷം ശക്തമാവുന്നു എന്നും ഈ വൈകാരികതീക്ഷ്ണതയുടെ സുഗമമായ പുറത്തുവിടലാണ് ചിഹ്ന ങ്ങളിലൂടെയും ബിംബങ്ങളിലൂടെയും മനുഷ്യമനസ്സ് നിർവ്വഹിക്കുന്നത് എന്നും ഫ്രോയ്ഡ് വിശകലനം ചെയ്യുന്നു.

ഫ്രോയ്ഡിന്റെ മനശ്ശാസ്ത്ര കാഴ്ചപ്പാടുകളെ വിപുലീകരിക്കുകയും പരി ഷ്കരിക്കുകയും പുത്തൻപാത ഒരുക്കുകയും ചെയ്ത മനശ്ശാസ്ത്രജ്ഞനാണ് കാൾ യുങ്. വ്യക്തിമനസ്സിനു പുറമെ സാമൂഹികമായ അബോധമനസ്സും (collective unconscious) ഉണ്ട് എന്ന സിദ്ധാന്തമാണ് ഇദ്ദേഹം മുന്നോട്ടു വച്ചത്. വ്യക്തിയുടെ അബോധമനസ്സിന്റെ അടിത്തട്ടിൽ വ്യക്ത്യനുഭവങ്ങളിൽ നിന്നു രൂപം കൊണ്ട ജന്മസിദ്ധമായ ഒരഗാധതലമുണ്ട്. അതിനെ സമൂഹമനസ്സ് എന്നു വിളിക്കാം എന്ന് യുങ് പറയുന്നു.

A more or less superficial layer of the unconscious is undoubtedly personal unconscious. But this personal unconscious rest upon a deeper layer, which does not derive from personal experience and is not a personal adquisition but is inborn. The deeper layer I call the collective unconscious.[11]

സാമൂഹിക മനസ്സിന് സാർവ്വലൗകികതയുണ്ട്. ആ സമൂഹമനസ്സിൽ നില നിൽക്കുന്ന ബിംബങ്ങളെ 'ആദിപ്രരൂപങ്ങൾ' (Archetypes) എന്നു പറയുന്നു. ഈ നിരീക്ഷണത്തിലൂടെ മനുഷ്യമനസ്സിന്റെ സാർവ്വലൗകിക മാതൃകകളിലേക്ക് യുങ് വെളിച്ചം വീശുന്നു.

ഫ്രോയ്ഡും യുങും മുന്നോട്ടുവച്ച മനശ്ശാസ്ത്ര സൈദ്ധാന്തിക അടിത്തറ യുടെ പശ്ചാത്തലത്തിൽ നാടോടിവാങ്മയങ്ങളെ പരിശോധനയ്ക്ക് വിധേയമാക്കി യിട്ടുണ്ട്. നാടോടികൾക്കും ഇത്തരം വ്യാഖ്യാനസാധ്യത മുന്നോട്ടുവച്ചു. ഇവിടെ ഓരോ നാടോടിക്കഥയിലെ കഥാപാത്രങ്ങൾ, സംഭവങ്ങൾ, വിജയപരാജയങ്ങൾ

എന്നിവയെല്ലാം പ്രത്യേക പ്രതീകങ്ങളായി കാണാൻ മനശ്ശാസ്ത്ര വിശകലനം ഉപകരിക്കുന്നു. സാമൂഹികജീവിതത്തിൽ വിലക്കപ്പെടുന്ന വൈകാരികാനുഭവങ്ങളിൽ നിന്നു പുറത്തുകടക്കാനും മനസ്സിന്റെ സന്തുലനത്തിനും വേണ്ടിയാണ് നാടോടിക്കഥകൾ നിർമ്മിക്കപ്പെട്ടത്. അതുവഴി നാടോടിക്കഥ സൃഷ്ടിച്ച സമൂഹത്തെയും സമൂഹമനസ്സിനെയും ആ സമൂഹം മറികടക്കാൻ പരിശ്രമിക്കുന്ന പ്രശ്നങ്ങളെയും അളന്നെടുക്കാൻ നാടോടിക്കഥാപഠനങ്ങൾക്ക് കഴിയുന്നു. ഇത്തരം നാടോടിക്കഥാവ്യാഖ്യാനങ്ങൾ ഒരു ജനതയുടെ ലോകവീക്ഷണം, ആചാരങ്ങൾ, വിശ്വാസങ്ങൾ, ജീവിതരീതി, ഭാഷ, വൈകാരികാവസ്ഥ, പൊതുബോധം എന്നിവയെല്ലാം തിരിച്ചറിഞ്ഞ് നാടോടിക്കഥകൾ നിർമ്മിച്ച കൂട്ടായ്മയെ ആഴത്തിൽ പഠിക്കാൻ സഹായിക്കും. ഇത് ഒരേസമയം നാടോടിക്കഥയുടെ വ്യാഖ്യാനമോ പഠനമോ ആകുമ്പോൾതന്നെ സമൂഹപഠനവും സാംസ്കാരികപഠനവുമായി വികസിക്കുന്നു. ഇത്തരം പഠനങ്ങൾ കലാതീതമായ നിരീക്ഷണങ്ങൾക്കും സമൂഹത്തിന്റെ പ്രശ്നപരിഹാരത്തിനും രൂപരേഖയും വഴിവിളക്കുമാകും എന്നത് നിസ്തർക്കമാണ്.

### 2.3.6.2 നരവംശശാസ്ത്രപരമായ വ്യാഖ്യാനം (Anthropological Interpretation)

നാടോടിക്കഥാപഠനത്തിൽ മനശ്ശാസ്ത്രപഠനത്തോട് കണ്ണിചേർക്കാവുന്ന പഠനശാഖയാണ് നരവംശശാസ്ത്രപഠനം. നരവംശശാസ്ത്ര വ്യാഖ്യാനങ്ങൾക്ക് പരിമിതികളെ മറികടക്കാൻ മനശ്ശാസ്ത്ര പഠനത്തിന്റെ സഹായം കൂടിയേ കഴിയൂ. ഫോക്‌ലോർ പഠനം ആദിദശയിൽ നരവംശശാസ്ത്രശാഖയുമായി ചേർന്നാണ് നിലനിന്നിരുന്നത്. ആദ്യകാലത്ത് മലിനോവ്സ്കി, എഡ്വേഡ് ബി. ടെയ്‌ലർ, ആൻഡ്രൂ ലാങ് എന്നീ പണ്ഡിതരുടെ പഠനങ്ങൾ ഇത്തരത്തിൽ വികസിച്ചതാണ്.

മനുഷ്യ ഗോത്രജീവിതം മുതൽ പരിഷ്കൃതസമൂഹം വരെയുള്ള സമൂഹഘടനയുടെ പഠനമാണ് നരവംശശാസ്ത്രം. അതിനാൽ നരവംശപഠനം സംസ്കാരപഠനമാണ്. ഫോക്‌ലോർ സംസ്കാരത്തിന്റെ ഭാഗമാണ്. സംസ്കാരം പൂർണ്ണവും ഫോക്‌ലോർ ഭാഗികവുമാണ്. സംസ്കാരപഠനത്തിൽ ഭൗതികവും സാംസ്കാരിക

വുമായ മേഖലകളെ ഉൾപ്പെടുത്തി മനുഷ്യസമൂഹത്തെക്കുറിച്ചുള്ള സമഗ്രപഠന മായി നരവംശശാസ്ത്രം നിലനിൽക്കുന്നു. നരവംശശാസ്ത്രപഠനവും ഫോക്‌ലോറും തമ്മിലുള്ള ബന്ധത്തെപറ്റി എം. വി. വിഷ്ണുനമ്പൂതിരി ഇങ്ങനെ പറയുന്നു:

''നാടോടിവിജ്ഞാനീയത്തെ നരവംശവിജ്ഞാനീയത്തിൽ നിന്ന് വേർതി രിച്ചു കാണുന്നുണ്ടെങ്കിലും ഇവയ്ക്കു തമ്മിൽ അഭേദ്യമായ ബന്ധമാണുള്ളത്. പ്രാക്തന മനുഷ്യന്റെ സാമൂഹികവും ഭൗതികവുമായ വശങ്ങളെക്കുറിച്ചുള്ള പഠന മാണ് നരവംശവിജ്ഞാനീയം. മനുഷ്യസമൂഹത്തെക്കുറിച്ചുള്ള സമഗ്രമായ അന്വേ ഷണമാണത്''.[12]

നരവംശശാസ്ത്ര പഠനത്തിന് മൂന്നു വിഭാഗങ്ങളുണ്ട്.

1. സാംസ്കാരികനരവംശശാസ്ത്രം
2. സാമൂഹികനരവംശശാസ്ത്രം
3. ഭൗതിക നരവംശശാസ്ത്രം

ഈ മൂന്ന് ശാഖകളിൽ ഒന്നും രണ്ടും വിഭാഗത്തോട് നാടോടിക്കഥകൾക്ക് ബന്ധമുണ്ട്. ഒരു ജനതയുടെ സ്വപ്നവും ഭാവനയും ഭൂതകാലവും പ്രകാശിതമാ ക്കുന്ന നാടോടിക്കഥകൾ ആ ജനത അവരോടുതന്നെ പറയുന്ന കഥകളായാണ് പ്രത്യക്ഷപ്പെടുന്നത്. അതിനാൽ സംസ്കാരത്തിന്റെയും ചരിത്രത്തിന്റെയും പ്രതി ഫലനങ്ങൾ നാടോടിക്കഥകളിൽ കാണാൻ കഴിയും. നാടോടിക്കഥകളിൽ ജനത യുടെ ഭാവനയും ചിന്തയും പ്രതിസന്ധികളും മറ്റനേകം മനോവ്യാപാരങ്ങളും നിഴ ലിക്കുന്നുണ്ട്. അതുകൊണ്ടു തന്നെ ഓരോ ജനസമൂഹവും ഈ ലോകത്തെ എങ്ങനെ കാണുന്നു എന്ന് തിരിച്ചറിയാൻ ഇത്തരം നാടോടിക്കഥാപഠനത്തിലൂടെ സാധിക്കും. ഒരു ജനതയുടെ ലോകവീക്ഷണം കണ്ടെത്താനും സാധിക്കും. ആ അർത്ഥത്തിൽ മാനവന്റെ സംസ്കാരശാസ്ത്രപഠനമായി ഇതു മാറും.

സംസ്കാരം എന്നത് ഒരു തലമുറ മറ്റൊരു തലമുറയ്ക്ക് കൈമാറുന്ന പാരമ്പര്യഘടകങ്ങളാണ്. ആചാരങ്ങൾ, വിശ്വാസങ്ങൾ, ആരാധനാരീതി, ജീവിതവ്യവസ്ഥ, ഭക്ഷണം, വസ്ത്രം, ആവാസവ്യവസ്ഥ എന്നിവയെല്ലാം ഓരോ കാലഘട്ടത്തിലെ നാടോടിക്കഥകളിൽ എങ്ങനെ കാണുന്നു എന്ന് കണ്ടെത്തുന്നതിലൂടെ ആ കാലഘട്ടത്തെ പുനഃസൃഷ്ടിച്ച് പഠിക്കാൻ നരവംശശാസ്ത്രത്തിന് നാടോടിക്കഥയിലൂടെ കഴിയുന്നു. ഇത് സാധൂകരിക്കുന്ന നിരീക്ഷണം ഡോ. അജുനാരായണൻ മുന്നോട്ടുവയ്ക്കുന്നു: സംസ്കാരത്തിന്റെയും ചരിത്രത്തിന്റെയും പ്രതിഫലനം എന്ന നിലയ്ക്കുവേണം നാടോടിക്കഥകളെ പരിഗണിക്കുവാൻ. യാഥാർത്ഥ്യബോധം, ചരിത്രം, സവിശേഷമായ വിശ്വാസവ്യവസ്ഥ എന്നിവയുടെ മേലെയാണ് ഭാവനയുടെ ലോകം പടുത്തുയർത്തുന്നത്. ചുരുക്കത്തിൽ, നാടോടിക്കഥയെ ജനതയുടെ സംസ്കാരത്തിന്റെയും ലോകബോധത്തിന്റെയും ചിന്തയുടെയും കണ്ണാടിയായി മനസ്സിലാക്കേണ്ടതുണ്ട്.''[13]

### 2.3.6.3. സാഹിതീയവ്യാഖ്യാനം (Literary Interpretation)

നാടോടിക്കഥകളുടെ ചരിത്രപരമായ അന്വേഷണത്തിലും രൂപം, ഘടന എന്നിവയിലൂന്നിയ പഠനത്തിലും കഥയിലെ സാഹിത്യപരമായ അന്വേഷണങ്ങൾക്കും കണ്ടെത്തലുകൾക്കും ഉപരിപ്ലവമായ സ്ഥാനം മാത്രമേ ലഭിച്ചിരുന്നുള്ളൂ. പ്രാക്തനസമൂഹമാണ് ഭൂരിഭാഗം നാടോടിക്കഥകളും സംഭാവനചെയ്തത്. ആ സമൂഹത്തിന്റെ സർഗ്ഗാത്മകതയും ഭാവനയും ഉൾച്ചേരുന്ന നാടോടിക്കഥകളിൽ നിലീനമായ സൗന്ദര്യാംശങ്ങൾ കണ്ടെത്തുമ്പോൾ അത് വംശീയസൗന്ദര്യശാസ്ത്രാവബോധമാകുന്നു. ഓരോ നാടോടിക്കഥയും വാങ്മയരൂപത്തിലാണ് പ്രകടിതമാവുന്നത്. അവിടെ പറയുന്ന വ്യക്തിയും കേൾക്കുന്ന വ്യക്തിയുമുണ്ട്. പറയുന്ന ആളിന്റെ അഥവാ ആഖ്യാതാവിന്റെ അവതരണത്തിലെ ധ്വനിസാധ്യതകൾ നാടോടിക്കഥയുടെ അവതരണത്തിൽ അർത്ഥവും മാനവും നൽകുന്നുണ്ട്. അയാളുടെ മൗനം, ഭാഷയിലെ ഊന്നലുകൾ, മുഖത്ത് പ്രകടിതമാകുന്ന ഭാവങ്ങൾ എന്നിവ

യെല്ലാംവച്ച് നാടോടിക്കഥയുടെ ഉൾപ്പൊരുളുകൾ തേടുന്ന അന്വേഷണരീതിയാണ് സാഹിതീയവ്യാഖ്യാനം. ഈ അന്വേഷണം നാടോടിക്കഥയുടെ കലാപരവും സൗന്ദര്യപരവുമായ മേന്മയെ ഇഴപിരിച്ചെടുക്കാനുള്ള ശ്രമമാണ്.

### 2.4 നാടോടിക്കഥ പാഠവും പഠനവും: പൊതുനിരീക്ഷണങ്ങൾ

നാടോടിക്കഥകളുടെ പാഠവും പഠനവും സാമാന്യമായി വിലയിരുത്തുമ്പോൾ ഏതൊരന്വേഷണത്തിലും കാണുന്ന ഉത്ഭവ-വികാസചരിത്രങ്ങളിലൂടെ കടന്നു പോകുന്നു. നാടോടിക്കഥകൾ എന്തുകൊണ്ട് ഇത്തരം ഒരന്വേഷണത്തിന് വിധേയമാവുന്നു എന്ന ചോദ്യം ഉയരുമ്പോൾ ഏതൊരു ഫോക്‌രൂപം നിലനിൽക്കുന്നുവോ അതിന് ആ സമൂഹത്തിൽ വ്യക്തവും ശക്തവുമായ ലക്ഷ്യവും ധർമ്മവും നിർവ്വഹിക്കാനുണ്ട് എന്ന പൊതുതത്ത്വത്തിൽ നാം എത്തിച്ചേരും. കാരണം പ്രപഞ്ചവും സമൂഹവും തീർത്തും ഉപയോഗശൂന്യമായ ഒന്നിനെയും ഉൾക്കൊള്ളുന്നില്ല.

വർത്തമാനസമൂഹത്തിന്റെ അന്വേഷണപഥം സ്വന്തം സമൂഹം എന്നപോലെ പിന്നിട്ട സമൂഹത്തിന്റെ ഭൗതികവും സാംസ്കാരികവുമായ ജീവിതവും അന്വേഷണത്തിന് വിധേയമാക്കും. ഈ അന്വേഷണം ഭൂത വർത്തമാന ഭാവികാലങ്ങളെ ചേർത്തുവയ്ക്കും. ഇന്നലെകളെക്കുറിച്ച് അന്വേഷിക്കുമ്പോൾ അത് ഇന്നിനും വരാനിരിക്കുന്ന സമൂഹത്തിനും വേണ്ടിയാവും. ഈ പൊതുതലത്തിൽ നിന്നാണ് നാടോടിക്കഥയുടെ പാഠവും പഠനവും രൂപപ്പെട്ടത്.

ഇത്തരം അന്വേഷണം എന്തുകൊണ്ട് നടക്കുന്നു? ഓരോ നാടോടിക്കഥയും ഓരോ കൂട്ടായ്മയുടെ സൃഷ്ടിയാണ്. ഓരോ കൂട്ടായ്മയും പുറത്തുവിടുന്ന സൃഷ്ടിക്കുപിന്നിൽ ബോധപൂർവ്വമായ ചില ലക്ഷ്യങ്ങൾ കാണാൻ കഴിയും. ഈ ലക്ഷ്യബോധം ആ സൃഷ്ടി നിർവഹിക്കുന്ന സാമൂഹികധർമ്മത്തിലേക്ക് വിരൽ ചൂണ്ടുന്നു.

ചരിത്രവും ഭൂമിശാസ്ത്രവുമായ പഠനം നാടോടിക്കഥകളുടെ പ്രഭവവും വ്യാപനവും ചേർത്തുവച്ച് പഠനമാപ്പ് നിർമ്മിക്കുന്നിടത്ത് നാടോടിക്കഥകളുടെ ശേഖരണം, ആശയം, കഥാപാത്രം എന്നിവ വച്ചുള്ള വർഗ്ഗീകരണവും നടക്കുന്നു. രൂപപരമായ അന്വേഷണം കഥയുടെ ഘടനയും ഘടന നൽകുന്ന സന്ദേശത്തിലും എത്തുന്നു. അർത്ഥപരമായ അന്വേഷണം, മനശ്ശാസ്ത്രം, നരവംശശാസ്ത്രം, സാഹിതീയം എന്നീതലങ്ങളിൽ നടക്കുന്നു. ഈ പഠനചരിത്രം നമ്മെ ബോധിപ്പിക്കുന്നത് നാടോടിക്കഥകൾ നിർവ്വഹിക്കുന്ന വ്യക്തിപരവും സമഷ്ടിപരവും ധർമ്മപരവുമായ ദൗത്യം എന്താണ് എന്നതിലേക്കാണ്. നാടോടിക്കഥകളെക്കുറിച്ച് പ്രതിപാദിക്കുന്ന എല്ലാ വിചാരമാതൃകകളും ആത്യന്തികമായി എത്തിച്ചേരുന്നത് ഇത്തരം പൊതു നിലപാടിലാണ്. ഓരോ പ്രാദേശികസമൂഹവും രൂപംകൊടുത്ത സൗന്ദര്യബോധം നാടോടിക്കഥകളായി പിറവികൊള്ളുമ്പോൾ ആ സമൂഹത്തിന്റെ ഭാവനയും ചിന്തയും സമൂഹമനസ്സും ലോകവീക്ഷണവും അക്കാലത്തെ സമൂഹജീവിതത്തിന്റെ വൈവിധ്യമാർന്ന തലങ്ങളും ഒരു പൊതുബോധത്തിന്റെ അടിസ്ഥാനത്തിൽ സമഗ്രമായി വിലയിരുത്താൻ പറ്റും. അത് നാനാർത്ഥമുള്ള ഒരു സാമൂഹിക അന്വേഷണമാണ്. അതിനാൽ സംസ്കാരത്തിന്റെ പുനസൃഷ്ടിക്കും ദിശാബോധത്തിനും ആവശ്യമായ ഊർജ്ജം പകരുന്ന അന്വേഷണമാണിത്. നാടോടിക്കഥകൾ അത് നിലനിന്ന സമൂഹത്തിൽ മാത്രമല്ല, വരാനിരിക്കുന്ന സമൂഹത്തിലും മാനവികതയുടെ അടിവേരുകൾ പടുത്തുയർത്താൻ കെൽപ്പുള്ളവയാണ്. അതിനാൽ മാനവികതയെ ശക്തിപ്പെടുത്തി ആരോഗ്യകരമായ സമൂഹത്തിന്റെ പുനസൃഷ്ടിക്കുള്ള നൈതികവും സചേതനവുമായ ഒരു ജ്ഞാനാന്വേഷണമായി ഇതിനെ പരിഗണിക്കാം.

## കുറിപ്പുകൾ


1. പത്മനാഭപിള്ള, ജി. ശ്രീകണ്ഠേശ്വരം, ശബ്ദതാരാവലി, പുറം 468, 32-ാം പതിപ്പ്, നാഷണൽ ബുക്ക്സ്റ്റാൾ, കോട്ടയം, 2008.
2, രാഘവൻ പയ്യനാട് ഡോ, പുറം 32, ഫോക്‌ലോർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, സപ്തംബർ 2012.
3. അഗ്നിപുരാണം, പുറം 878, മഹാപുരാണപരമ്പര, ഡി.സി.ബുക്സ്, കോട്ടയം, സപ്തംബർ 2014.
4. ആമുഖം, വിശ്വസാഹിത്യചൊൽക്കഥകൾ, വാള്യം 1, പുറം 34, ഡി.സി.ബുക്സ്, കോട്ടയം, ഒക്ടോബർ 2015.
5. അജുനാരായണൻ, ഡോ, നാടോടിക്കഥ, ചരിത്രം, വ്യാകരണം, വിജ്ഞാന കൈരളി, പുറം 66, വാള്യം 38, ലക്കം 9, സെപ്തംബർ 2007.
6. സോമനാഥൻ, പി. ഡോ, കഥ, ആഖ്യാനം, ആഖ്യാനശാസ്ത്രം, പുറം 90, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, ജനുവരി 2016.
7. രാഘവൻ പയ്യനാട്. ഡോ, ഫങ്ഷനും മോട്ടീഫീമും, പുറം 99, ഫോക്‌ലോർ സങ്കേതങ്ങളും സങ്കല്പനങ്ങളും, എഫ്.എഫ്.എം. പബ്ലിക്കേഷൻസ്, പയ്യന്നൂർ, 1999.
8. രാഘവൻ പയ്യനാട്, ഡോ, ഫോക്‌ലോർ പഠനം ഇന്നലെ ഇന്ന്, പുറം 29, ഫോക്‌ലോർ സങ്കേതങ്ങളും സങ്കല്പനങ്ങളും, എഫ്.എഫ്.എം. പബ്ലിക്കേഷൻസ്, പയ്യന്നൂർ, 1999.
9. നിത്യചൈതന്യയതി, സൈക്കോളജി എന്നാൽ മനഃശാസ്ത്രം, ലേഖനം: ഭാരതീയമനഃശാസ്ത്രം, പുറം 9, കറന്റ് ബുക്സ്, കോട്ടയം, സെപ്തംബർ 1996.
10. Freud Sigmund, Civilization And its contents, page-68, The Hoggrth press, London 1949.

11. CG Jung, The collected works of CG Jung, Vol.I PARTL: Page.3 Root Ledge, London 1959

12. വിഷ്ണുനമ്പൂതിരി എം.വി. ഡോ, പൂരകവിജ്ഞാനീയങ്ങൾ, നാടോടി വിജ്ഞാനീയം, പുറം 31-32., ഡി.സി.ബുക്സ് & കറന്റ് ബുക്സ്, ഏപ്രിൽ 2011

13. അജുനാരായണൻ, ഡോ. ഫോക്‌ലോർ പഠനങ്ങൾ, പുറം 20, സാഹിത്യപ്രവർത്തക കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്, കോട്ടയം, ജൂൺ 2011.

# അധ്യായം 3

# കേരളീയ നാടോടിക്കഥ

### 3.1 കഥ: മൊഴിയും വഴിയും

കഥ ചമയ്ക്കുക (കള്ളം പറയുക), കഥ കഴിക്കുക (കൊല്ലുക), കഥകഴിയുക, കഥ തീരുക (അവസാനിക്കുക), കഥയില്ലാത്ത (അന്തസ്സാരമില്ലാത്ത), എന്താ കഥ? വല്ലാത്തൊരു കഥ! കഥ കഷ്ടാട്ടോ.... എന്നീ പ്രയോഗങ്ങളാൽ സമൃദ്ധമാണ് മലയാളിയുടെ വാമൊഴിയും വരമൊഴിയും. ഈ പ്രയോഗവൈചിത്ര്യം മലയാളിയുടെ കഥാപൈതൃകത്തിന്റെ നേർചിത്രമാണ്. ജീവിതത്തിന്റെ സമസ്തതലങ്ങളെയും സന്ദർഭാനുസരണം 'കഥ' എന്ന വാക്കിലേക്ക് ആവാഹിക്കുകയും ജീവിതത്തെ വ്യാഖ്യാനിക്കാൻ അതിനെ ഉപയോഗിക്കുകയും ചെയ്യുന്ന മലയാളിയുടെ യുക്തിയും ഭാവനയും കഥയോടുള്ള മലയാളിമനസ്സിന്റെ ആഴത്തെ അടയാളപ്പെടുത്തുന്നു. യാത്രയിൽ, വിശ്രമവേളകളിൽ, സൗഹൃദസംഭാഷണങ്ങളിൽ കടന്നുവരുന്ന 'കഥ'യെന്ന വാക്ക് ഒരേസമയം മാനസികഭാവം, ശീലം, ജീവിതനിരീക്ഷണം, ആത്മവിമർശനം എന്നീ തലങ്ങളെ ധ്വനിപ്പിക്കാൻ പര്യാപ്തമാണ്. മലയാളിയുടെ ഈ ശീലം പാരമ്പര്യത്തിൽ ജീവിക്കുന്നതിന്റെ തെളിവാണ്. ഓരോ ശീലവും പാരമ്പര്യത്തോട്, തനിമയോട് കണ്ണിചേർക്കപ്പെട്ടതാണ്. ഈ കണ്ണിചേർക്കലാണ് മലയാളിയുടെ സംസ്കാരത്തെ നിർണ്ണയിക്കുന്നത്.

### 3.2 സ്വത്വം – തനിമ – നാടോടിക്കഥ

വൈവിധ്യവും വൈചിത്ര്യവുമാണ് ഓരോ സംസ്കാരത്തെയും നിർണ്ണയിക്കുന്നത്. ഈ വൈവിധ്യം തിരിച്ചറിയുന്ന ഒരു അബോധതലം നമ്മളിൽ നിലീനമാണ്. തിരിച്ചറിവിലെത്താൻ നമ്മെ സജ്ജമാക്കുന്ന അവസ്ഥയെക്കുറിക്കുന്ന പദമാണ് തനിമ. തനിമയെയും സ്വത്വത്തെയും കുറിച്ച് സംസ്കാരപഠിതാക്കൾ പല നിരീക്ഷണങ്ങളും മുന്നോട്ടുവച്ചിട്ടുണ്ട്.

''ഓരോ സംസ്കൃതിക്കും തനിമയുണ്ടെന്ന് നമുക്കറിയാം. അതുകൊണ്ടാണല്ലോ സംസ്കൃതികൾ വ്യത്യസ്തങ്ങളായനുഭവപ്പെടുന്നത്. ഒരു സംസ്കൃതിയെ ഇതര സംസ്കൃതികളിൽനിന്ന് വേർതിരിച്ചു നിർത്തുന്നത് അതിന്റെ സ്വത്വമാണ്. ആ തനിയേയുള്ള അവസ്ഥയെ കുറിക്കുന്നത് തനിമ. സംസ്കൃതികളുടെ വേറാക്കൂറാണത്. ഇങ്ങനെയുള്ള കേവലഗുണങ്ങൾക്കു മൂർത്തരൂപം വയ്യ. അമൂർത്തതയിൽത്തന്നെ അവയെ മനസ്സിലാക്കുകയേ നിവൃത്തിയുള്ളൂ. കേവല ഗുണസംജ്ഞകൾ അതീതജ്ഞാനപരങ്ങളാണ്. അവ സാധാരണയുക്തിക്കും വസ്തുതകൾക്കും അതീതമായിരിക്കും.''[1]

കേരളീയസമൂഹം കാടും കടലും ചേർന്നു രൂപപ്പെട്ടതാണ്. കാട്ടിൽനിന്ന് ഇറങ്ങിവന്നവരും കടലിൽനിന്ന് കയറിവന്നവരും ചതുപ്പുനിലങ്ങളും നീർക്കെട്ടുകളും വയലുകളാക്കി മെരുക്കിയവരും ചേർന്നാണ് കേരളീയനാട്ടുമ്പുറങ്ങൾ രൂപം കൊണ്ടത്. കാടും കടലും സമതലങ്ങളും ചേർന്ന ഈ ഹരിതഭൂമിയെ സ്പർശിക്കുന്ന കാലാവസ്ഥ, ഭൂപ്രകൃതിയിലെ വൈവിധ്യം എന്നിവ രൂപംകൊടുത്ത ഒരു തനിമ കേരളീയനുണ്ട്. ആചാരാനുഷ്ഠാനങ്ങൾ, വസ്ത്രരീതി, ഭക്ഷണരീതി, വൈദ്യപാരമ്പര്യം, വള്ളംകളി, കഥകളി, തെയ്യം, വാദ്യസവിശേഷതകൾ, ഓണം, വിഷു എന്നിവയൊക്കെ സ്വത്വബോധത്തിന്റെ ചിഹ്നമായി നാം എടുത്തുകാട്ടി ഇതാണ് കേരളീയത്തനിമ എന്ന് സ്ഥാപിക്കാറുണ്ട്.

ഒരു ജനസഞ്ചയം എന്ന അർത്ഥത്തിൽ നായാടി മുതൽ നമ്പൂതിരിവരെയുള്ള ഗോത്രസാമുദായിക കൂട്ടായ്മകൾ, മത-ജാതി വർഗ്ഗകൂട്ടായ്മകൾ നടന്നുനീങ്ങിയ ജീവിതവഴികൾ മലയാളത്തനിമയിൽ കണ്ണിചേർക്കപ്പെടുന്നു. ഗോത്രജീവിതം, കാർഷികസംസ്കാരം എന്നിവയിലൂന്നി വികസിച്ചുവന്ന കേരളീയന്റെ വ്യഷ്ടി, സമഷ്ടി ജീവിതാനുഭവങ്ങൾ തുന്നിച്ചേർത്ത സർഗ്ഗാത്മകതയാണ് കേരളീയ നാടോടിസംസ്കാരത്തിന്റെ ആണിക്കല്ല്.

വൈയക്തികമായ അനുഭവങ്ങൾ, കൂട്ടായ്മ കൈവരിച്ച അനുഭവങ്ങൾ, തിരിച്ചറിവുകൾ, അവർ പ്രപഞ്ചത്തെയും പ്രപഞ്ചപ്രതിഭാസങ്ങളെയും എങ്ങനെ നോക്കിക്കണ്ടു എന്നതിലൂന്നിയ ലോകവീക്ഷണം, ജീവിതത്തെക്കുറിച്ചുള്ള സങ്ക ല്പങ്ങൾ, വൈയക്തികജീവിതത്തിലെ സംഘർഷങ്ങൾ, സംഘർഷങ്ങൾ മുറിച്ചുക ടക്കാൻ സ്വീകരിക്കുന്ന അതിജീവനതന്ത്രങ്ങൾ, ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, വിശ്വാസങ്ങൾ, ആത്മവിമർശനം, സാമൂഹികസംവാദങ്ങൾ എല്ലാം പ്രത്യക്ഷമോ പരോക്ഷമോ ആയി കേരളീയ നാടോടിസാഹിത്യത്തിൽ പ്രതിഫലിക്കുന്നുണ്ട്. വായ്മൊഴിസാഹിത്യമായ പഴഞ്ചൊല്ലുകൾ, നാടൻപാട്ടുകൾ, കടങ്കഥകൾ, ഐതി ഹ്യങ്ങൾ, പുരാവൃത്തങ്ങൾ, നാടോടിക്കഥകൾ എന്നിവ സൂക്ഷ്മവും സമഗ്രവു മായി ഈ സാംസ്കാരിക അവസ്ഥയെ അടയാളപ്പെടുത്തിയിട്ടുണ്ട്.

### 3.3 കഥ വളർന്ന വഴികൾ

നാടോടിക്കഥകളുടെ മഹാപാരമ്പര്യം സ്വന്തമായുള്ള ജനതയാണ് മലയാളി കൾ. കഥയും കാര്യവും പറഞ്ഞു സഞ്ചരിച്ച നാട്ടുവഴികൾ ഇവിടെ സജീവമായിരു ന്നു. വിശ്രമവേളകളിൽ ഇടത്താവളമായിരുന്ന ആൽത്തറകൾ ഫലിതബോധത്തി ന്റെയും കഥകളുടെയും ആരൂഢമായി. നാട്ടുചന്തകൾ, ചായപ്പീടികകൾ, ബാർബർഷാപ്പുകൾ, അമ്പലപ്പറമ്പുകൾ, കൊയ്ത്തുകാലത്തെത്തുന്ന പുള്ളുവൻ, പാട്ടുപാടി കഥപറഞ്ഞു കടന്നുപോയ പാണനാർ, വിശാലമായ കോലായിലും അകത്തളങ്ങളിലും വീട്ടുമുറ്റത്തും കഥപറഞ്ഞ് കുട്ടികളെ ഉണർത്തിയും ഉറക്കിയും ജീവിതസായാഹ്നം സഫലമാക്കിയ മുത്തശ്ശിമാർ എല്ലാം മലയാള നാടോടിക്കഥ കൾ വളർന്ന വഴികളാണ്. ഈ ചരിത്രവഴികൾ കേരളീയജീവിതത്തിന്റെ ഇന്നല കളെ അടയാളപ്പെടുത്തുന്നുണ്ട്. നമ്മുടെ സംസ്കാരത്തിൽ നാടോടിക്കഥകൾ ചെലുത്തുന്ന സ്വാധീനത്തെ ആലങ്കോട് ലീലാകൃഷ്ണൻ ഇങ്ങനെ നിരീക്ഷി ക്കുന്നു:

''സഹസ്രാബ്ദങ്ങളായി കാതോടുകാതു പകർന്നു കാത്തുപോന്ന ഒരു മഹാകഥാസഞ്ചയം സ്വന്തമായുള്ള ജനതയാണ് മലയാളികൾ. കഥയും കാര്യവും പറഞ്ഞ് സഞ്ചരിച്ച നാടോടിയാത്രാസംഘങ്ങളിൽനിന്നാണ് 'കേരളീയത'യുടെ സാംസ്കാരിക സ്വത്വഘടന രൂപപ്പെട്ടുവന്നിട്ടുള്ളത്. വഴിയാത്രയ്ക്കിടയിൽ പറഞ്ഞും കേട്ടും കൈമാറുന്ന ജീവിതാനുഭവങ്ങൾ ഒടുവിൽ 'എന്താ കഥ!' 'വല്ലാത്തൊരു കഥ!' എന്നമട്ടിൽ കഥയിലായിപ്പോകുന്നു. നമ്മുടെ കലയും ജീവിതവും പാരമ്പര്യവും ചരിത്രവും സംസ്കാരവുമെല്ലാം ഈ കഥകൾക്കുള്ളിൽ ജീവനോടെ പുലർന്നുപോരുന്നുണ്ട്.''[2]

വിശാലമായ അർത്ഥത്തിൽ പുരാവൃത്തം, ഐതിഹ്യം, കഥാഗാനങ്ങൾ, കടങ്കഥകൾ, പഴഞ്ചൊൽക്കഥകൾ എല്ലാംതന്നെ നാടോടിക്കഥയുടെ പരിധിയിൽപ്പെടുന്നു. ഈ സർഗ്ഗാത്മകരൂപങ്ങളിലെല്ലാം നാടോടിജീവിതത്തിന്റെ സ്പന്ദനവും സന്ദേശവുമുണ്ട്. കഥയെന്ന പൊതുവിതാനത്തിൽ ചേർത്തുവയ്ക്കാവുന്ന ഇവയെ സൂക്ഷ്മവിശകലനത്തിന് വിധേയമാക്കേണ്ടതും ഇവയ്ക്കുള്ളിലെ വൈജാത്യത്തെ തിരിച്ചറിയേണ്ടതും അനിവാര്യമാണ്.

### 3.4 പുരാവൃത്തവും നാടോടിക്കഥയും

നരവംശശാസ്ത്രജ്ഞരും സംസ്കാരപഠിതാക്കളും വിശദമായ ചർച്ചയ്ക്ക് വിധേയമാക്കിയ നാടോടിസാഹിത്യമാണ് പുരാവൃത്തം. 'മിത്തോസ്' എന്ന ഗ്രീക്ക് പദത്തിൽനിന്നു രൂപപ്പെട്ട പദമാണ് മിത്ത്. 'പ്രാക്തനമായ യാഥാർഥ്യത്തിന്റെ ആഖ്യാനത്തിലൂടെയുള്ള പുനർജ്ജനി' എന്ന് മലിനേവ്സ്കിയും ഭാഷയുടെ രോഗമായും ദുരൂഹമായ ഭാവനയായും മിത്തിനെ മാക്സ് മുള്ളറും നിരീക്ഷിക്കുന്നു.

''ഒരു വർഗ്ഗത്തിന്റെയോ വിഭാഗത്തിന്റെയോ ദേശത്തിന്റെയോ പ്രകൃതിപ്രതിഭാസങ്ങളെ വിവരിക്കുന്നതും അലൗകികഘടകങ്ങൾ അടങ്ങുന്നതുമായ പാരമ്പര്യകഥ'' എന്ന് പുരാവൃത്തത്തെ എം.വി.വിഷ്ണുനമ്പൂതിരി വിശേഷിപ്പിക്കുന്നു.[3]

പുരാവൃത്തം എന്നത് ഒരു പാരമ്പര്യകഥയാണ്. പ്രകൃതിയിലെ വിചിത്ര മായ സംഭവപരമ്പരകൾക്ക് ഓരോ കൂട്ടായ്മയും ഭാവനയിലൂടെ നൽകുന്ന വ്യാഖ്യാനമാണ് പുരാവൃത്തം. ആ വ്യാഖ്യാനം കാര്യകാരണബന്ധത്തിലൂന്നിയായി രിക്കും. രേഖപ്പെടുത്തപ്പെട്ട ചരിത്രത്തിനപ്പുറത്ത് സംഭവിച്ചതാണെന്ന് കരുതപ്പെടു ന്നതും തലമുറകളായി വിശ്വസിക്കപ്പെടുന്നതുമാണ് പുരാവൃത്തം. അതു കൊണ്ടുതന്നെ പ്രാചീനമനുഷ്യന്റെ യുക്തിയുടെയും അന്വേഷണത്തിന്റെയും അട യാളപ്പെടുത്തലാകുന്നു പുരാവൃത്തം.

നാടോടിക്കഥയും പുരാവൃത്തവും തമ്മിലുള്ള വേർതിരിവിനെ ഡോ.രാഘ വൻ പയ്യനാട് ഇങ്ങനെ വിലയിരുത്തുന്നു: ''ഏതെങ്കിലും കാര്യത്തിന്റെ ഉൽപ്പ ത്തിയെ കുറിക്കുന്ന ഒരു കഥയ്ക്ക് അതത് സംസ്കാരത്തിന്റെ അംഗീകാരം ലഭി ക്കുന്നത് അതിനുള്ള പാവനത്വം മൂലമാണ്. അതുകൊണ്ടാണ് പാവനത്വത്തെ പുരാവൃത്തത്തിന്റെ സവിശേഷതയായി പരിഗണിക്കുന്നത്. ഉൽപ്പത്തിയെ കുറി ക്കാത്ത ഒരു കഥ പാവനമാണെങ്കിൽക്കൂടി പുരാവൃത്തമാകുന്നില്ല. മറിച്ച്, അതിനെ പാവനകഥയിൽ ഉൾപ്പെടുത്തുകയാണ് വേണ്ടത്. സമൂഹത്തെ സംബന്ധിച്ചിട ത്തോളം പുരാവൃത്തം ഒരു കെട്ടുകഥയല്ല, ചരിത്രാതീത ചരിത്രം മാത്രമാണ്.''[4]

പുരാവൃത്തവും നാടോടിക്കഥയും അതിരുകളിൽ വേർപിരിയുമ്പോൾതന്നെ അവ ജനസമൂഹത്തിനുമുന്നിൽ നാടോടിക്കഥയായും കടന്നുവരുന്നുണ്ട്. ഉത്തരമല ബാറിലെ തെയ്യംകഥകൾ, ഈഴവർ, കരിമ്പാലർ തുടങ്ങി വ്യത്യസ്ത ജാതിക്കാ രുടെ ഉൽപ്പത്തിക്കഥകൾ എല്ലാം മലയാളിക്ക് നാടോടിക്കഥയാണ്. എന്നാൽ സൂക്ഷ്മവിശകലനത്തിൽ പുരാവൃത്തവുമാണ്. ഒരു കഥയുടെ അടിസ്ഥാനഘടക ങ്ങളായ സംഭവങ്ങൾ, സംഭവങ്ങളുടെ അനുക്രമീകരണം, പരിണാമഗുപ്തി, പ്രശ്ന ങ്ങൾ, പ്രശ്നപരിഹാരം, വൈകാരികാംശം, അനുഗുണമായ ഭാഷ, ശൈലി എന്നി വയൊക്കെ നാടോടിക്കഥയും പുരാവൃത്തവും തമ്മിലുള്ള ബന്ധത്തെ ഉറപ്പിക്കു

ന്നു. അങ്ങനെ വിശാലമായ അർത്ഥത്തിൽ പുരാവൃത്തം മലയാളിയുടെ നാടോടി പാരമ്പര്യത്തെ സമ്പന്നമാക്കുന്നുണ്ട്.

### 3.5 ഐതിഹ്യവും നാടോടിക്കഥയും

ഇതിഹാസത്തിൽ 'സംഭവിച്ചത്' ഐതിഹ്യം. 'ഇതി'- ഇങ്ങനെ. 'ഹ'- പ്രസിദ്ധം എന്നർത്ഥം. ഇതിഹത്തിൽ സംഭവിച്ചതും പാരമ്പര്യമായി പഴമക്കാർ പറഞ്ഞുപോരുന്നതുമായ കഥയാണ് ഐതിഹ്യം. ഒരുതരത്തിൽ പാരമ്പര്യോപദേശമായ ഐതിഹ്യം സമൂഹത്തിന് സന്ദേശമോ സന്ദേശങ്ങളോ നൽകുന്നുണ്ട്. സംഭവങ്ങൾ സന്ദേശസമേതം കാലവുമായി ചേർത്തുപറയുന്ന രീതി ഐതിഹ്യങ്ങളിൽ കാണാം. ആ അർത്ഥത്തിൽ സന്ദേശമോ സന്ദേശങ്ങളോ ഭാവനയും ചരിത്രാംശവും ചേർത്ത് മനോഹരമായി അവതരിപ്പിക്കുന്നതാണ് ഐതിഹ്യം. എന്നാൽ ചരിത്രത്തിന്റെ സത്യസ്ഥിതിയോ വസ്തുനിഷ്ഠതയോ ശാസ്ത്രീയതയോ പൂർണ്ണമായും അവകാശപ്പെടാൻ ഐതിഹ്യങ്ങൾക്ക് കെൽപ്പില്ല. കാരണം അലൗകികസംഭവങ്ങളോ സംഭവപരമ്പരകളോ ആണ് ഐതിഹ്യത്തിന്റെ ദിശാബോധം നിർണയിക്കുന്നത്. ഈ അലൗകികതയാണ് ചരിത്രത്തിൽനിന്ന് ഐതിഹ്യത്തെ വേർതിരിക്കുന്നത്.

ഐതിഹ്യത്തിന്റെ അസ്തിത്വം കാലം, ദേശം എന്നിവയുമായി ബന്ധപ്പെട്ടു കിടക്കുന്നു. ഒരുദേശത്ത് ഒരു പ്രത്യേകകാലത്ത് നടന്ന സംഭവമാണ് ഐതിഹ്യം. സംഭവങ്ങൾക്ക് ദേശവുമായി ആഴത്തിൽ ബന്ധമുണ്ട്. പുരാവൃത്തങ്ങൾ കാലദേശപരിധികളെ മുറിച്ചുകടന്ന് വ്യത്യസ്ത സമൂഹങ്ങളിൽ നിലനിൽക്കും. പുരാവൃത്തത്തിൽ ദേശത്തിന് വലിയ പ്രാധാന്യം വരുന്നില്ല. ദേശപരിധിക്കുള്ളിൽ പ്രചാരത്തിലുള്ളതും അവ സൃഷ്ടിച്ച ജനതയുടെ കാലബോധവുമായി ഐതിഹ്യം ബന്ധപ്പെട്ടുകിടക്കുന്നു. ഐതിഹ്യം ആസന്ന ഭൂതകാലത്തിന്റെ ഭാവനാചരിത്രമാകുമ്പോൾ പുരാവൃത്തം വിദൂരഭൂതകാലത്തിന്റെ ഭാവനാചരിത്രമാണ്. രണ്ടിലും

ഭാവന, സംഭവങ്ങൾ, സന്ദേശം എന്നിവ ഉൾച്ചേർന്നിട്ടുണ്ട്. ഈ അർത്ഥത്തിൽ പുരാവൃത്തംപോലെ ഐതിഹ്യവും കേരളീയ നാടോടിക്കഥയുടെ ഭാഗമാണ്.

മലയാളിമനസ്സ് രൂപംനൽകിയ ഐതിഹ്യസഞ്ചയം കൊട്ടാരത്തിൽ ശങ്കുണ്ണി യുടെ 'ഐതിഹ്യമാല', വാണിദാസ് എളയാവൂരിന്റെ 'വടക്കൻ ഐതിഹ്യമാല' എന്നീ പ്രബല ഐതിഹ്യസമാഹാരങ്ങളുൾപ്പെടെ ഇനിയും സമാഹരിക്കപ്പെടാതെ വാമൊഴിയായി പ്രചരിക്കുന്ന കഥകളും ഒത്തുചേർന്നതാണ്. ഈ കഥകൾ (ഐതി ഹ്യങ്ങൾ) മലയാളക്കരയിൽ ഒരുകാലത്ത് സംഭവിച്ചതാണെന്ന ബോധം മലയാളി യിൽ രൂഢമാണ്. പരശുരാമൻ മഴുവെറിഞ്ഞ് കടലിൽനിന്ന് വീണ്ടെടുത്തതാണ് കേരളം എന്ന കഥ/ഐതിഹ്യം കേരളോൽപ്പത്തിയിൽ പരാമർശിക്കപ്പെട്ടിട്ടുണ്ട്. ഈയടുത്തകാലംവരെ കേരളദേശത്തിന്റെ പിറവിയെ ചരിത്രപരമായി രേഖപ്പെടു ത്താൻ ആധികാരിക ഗ്രന്ഥമായി കേരളോൽപ്പത്തിയെ സ്വീകരിച്ചത് ഐതിഹ്യവും ചരിത്രവും തമ്മിലുള്ള ചേർച്ചയെ വെളിപ്പെടുത്തുന്നു. ഇവിടെ ഗോകർണ്ണം, കന്യാ കുമാരി എന്നീ ദേശങ്ങൾ ഇന്നും നിലനിൽക്കുന്നുണ്ട്. എന്നാൽ പരശുരാമൻ എന്ന കഥാപാത്രത്തിന്റെ അലൗകികചരിത്രം ഐതിഹ്യത്തിലേക്ക് ഇതിനെ മാറ്റു ന്നു. എങ്കിലും മലയാള മനസ്സും ഭാവനയും ഈ ഐതിഹ്യത്തെ നാടോടിക്കഥ യായി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. കഥ, ഐതിഹ്യം, പുരാവൃത്തം എന്നീ സർഗ്ഗാത്മകസൃഷ്ടികളെ ഡോ. രാഘവൻ പയ്യനാട് ഇങ്ങനെ വിശകലനം ചെയ്യുന്നു.

''ഒരു സന്ദേശത്തെ ഭാവനയുടെ സഹായംകൊണ്ടുമാത്രം അവതരിപ്പിക്കു മ്പോൾ കഥകളുണ്ടാകുന്നു. അഭൗമവും ദൈവികവും ഉൽപ്പത്തിസംബന്ധിയുമായ ഭാവനകളിലൂടെ സന്ദേശം പ്രത്യക്ഷപ്പെടുമ്പോൾ അത് പുരാവൃത്തമാകുന്നു. ചരി ത്രസത്യങ്ങളും ഭാവനയും ഒന്നുചേർന്ന് സന്ദേശത്തെ അവതരിപ്പിക്കുമ്പോൾ ഐതിഹ്യങ്ങളുണ്ടാകുന്നു.''

സന്ദേശം + ഭാവന = നാടോടിക്കഥ

സന്ദേശം + ഭാവന (ദൈവികം, ഉൽപ്പത്തി മുതലായവ) = പുരാവൃത്തം

സന്ദേശം + ഭാവന + സത്യം (ചരിത്രം) = ഐതിഹ്യം[5]

സാംസ്കാരികവും ചരിത്രപരവും ആചാരപരവുമായ മുദ്രകൾ ഉൾക്കൊള്ളുന്നവയാണ് നാടോടിക്കഥയും പുരാവൃത്തവും ഐതിഹ്യവുമെല്ലാം. ഒന്നോ അതിലധികമോ സന്ദേശം ബോധപൂർവ്വം ഉൾച്ചേർക്കുന്ന ഇവയെല്ലാം നാടോടിക്കഥ എന്ന വിശാലാർത്ഥത്തിൽ കേരളീയത്തനിമയെയും സാംസ്കാരികസ്വത്വത്തെയും നിർമ്മിക്കുന്നുണ്ട്. അതുകൊണ്ടാണ് വർത്തമാനപരിസരത്തിൽപ്പോലും ഇവയെല്ലാം പഠിക്കുന്നതും വിലയിരുത്തുന്നതും. ആ അർത്ഥത്തിൽ സംസ്കാരത്തിന്റെ ഊർജ്ജസ്രോതസ്സാണ് ഈ സർഗ്ഗാത്മകരൂപങ്ങൾ.

### 3.6 കഥാഗാനങ്ങളും നാടോടിക്കഥകളും

ജീവിതത്തെത്തന്നെ കഥയുമായി ചേർത്തുപിടിക്കുന്ന ഒരു സമൂഹമനസ്സാണ് കേരളീയന്റേത്. കഥ ചമയ്ക്കുന്ന കേരളീയൻ ഗദ്യത്തിലും പദ്യത്തിലും ജീവിതാഖ്യാനമായി കഥയെ ഇണക്കിച്ചേർത്തിരിക്കുന്നു.

1. ഗദ്യകഥാഖ്യാനം - ഗദ്യകഥ
2. പദ്യകഥാഖ്യാനം - പാട്ടുകഥ (കഥാഗാനം)

ഗദ്യാഖ്യാനത്തിലും പദ്യാഖ്യാനത്തിലും പ്രാധാന്യം 'കഥ'യ്ക്കാണ്. എന്നാൽ ആഖ്യാനം ഒന്ന് ഗദ്യത്തിലാകുമ്പോൾ മറ്റേത് താളാത്മകമായ പദ്യത്തിലായിരിക്കും. ഒന്നോ ഒന്നിലധികമോ ആളുകൾ ചേർന്നാണ് കഥാഗാനങ്ങൾ അവതരിപ്പിക്കുന്നത്. വ്യക്തിയിൽ രൂപപ്പെടുന്ന കഥാഗാനങ്ങൾ സമൂഹം സ്വയം ഏറ്റെടുക്കേണ്ടുന്ന സാമൂഹികസാഹചര്യം നിലവിൽവരുന്നു. ഇതിനുകാരണം ഓരോ കഥാഗാനവും സമൂഹമനസ്സിലെ അഭിലാഷങ്ങളോ ആഗ്രഹങ്ങളോ ആയിരിക്കും എന്നതാണ്. അവയുടെ പൂർത്തീകരണം കഥാഗാനങ്ങളിലൂടെ വ്യക്തിമനസ്സും

സമൂഹമനസ്സും അബോധതലത്തിൽ നിർവ്വഹിക്കുന്നു. ഈ മനശ്ശാസ്ത്ര പശ്ചാത്ത ലമാണ് കഥാഗാനങ്ങളെ സമൂഹം ഏറ്റെടുക്കുന്നതിന്റെ ചാലകശക്തി.


സ്വയം പൂർണ്ണമായ സംഭവങ്ങളുടെയും സന്ദർഭങ്ങളുടെയും ക്രമീകൃതമായ അവതരണമാണ് കഥാഗാനത്തിന്റെ കാതൽ. ഒരു കൂട്ടായ്മ തങ്ങളുടേതാണെന്ന് സ്വയം അഭിമാനിക്കുന്ന വീരനായകരുടെ സാഹസികമായ ജീവിതാനുഭവങ്ങളാണ് കഥാഗാനമായി വ്യക്തികളിൽനിന്ന് പിറവിയെടുക്കുന്നത്. ഈ വീരാരാധന അനു കരിക്കപ്പെടേണ്ടതാണ് എന്ന് ആ സമൂഹം അംഗീകരിക്കുമ്പോൾ ഓരോ കഥാഗാ നവും സമൂഹത്തിന്റെ ഭാഗമാകുന്നു.

ഒരാൾ മറ്റൊരു വ്യക്തിക്കോ കൂട്ടായ്മയ്ക്കോ പറഞ്ഞുകൊടുക്കുന്ന ശൈലി യാണ് കഥാഗാനത്തിലുള്ളത്. ഈ സംഭാഷണം ഹ്രസ്വമോ ദീർഘമോ ആവാം. സംഭവങ്ങൾ, സംഭാഷണങ്ങൾ എന്നിവ താളാത്മകമായി, വൈകാരികാംശം നില നിർത്തി, സംഭവങ്ങൾ ക്രമീകരിച്ച്, കഥാപാത്രങ്ങളെ സവിശേഷമായി വിന്യസിച്ച് പരിണാമഗുപ്തിയോടെ കഥാഗാനങ്ങൾ അവതരിപ്പിക്കുന്നു. ഇത്തരം രീതി കഥാ ഗാനത്തെ നാടോടിക്കഥയുമായി ചേർത്തുവയ്ക്കുന്നു.

ഓരോ കഥാഗാനത്തിന്റെയും കാതൽ കഥയാണ്. കഥ വാദ്യവിശേഷ ത്തോടെ താളാത്മകമായി അവതരിപ്പിക്കുന്നു. ഈ അവതരണം തലമുറക ളിൽനിന്നു തലമുറകളിലേക്ക് കടന്നുപോകുന്നു. ഉത്തരമലബാറിൽ വടകരദേ ശത്തെ പുത്തൂരം വീട്ടിലെയും, തച്ചോളിമാണിക്യത്തെയും വീരനായകരുടെ ജീവി തസന്ദർഭങ്ങൾ, സംഭവങ്ങൾ പദ്യകഥാഖ്യാനമായി പിറവിയെടുത്തതാണ് വട ക്കൻപാട്ടുകൾ എന്ന കഥാഗാനവിഭാഗം. കേരളത്തിന്റെ തെക്കുവിരിഞ്ഞ കഥാഗാന ങ്ങൾ തെക്കൻപാട്ടായും മധ്യദേശത്തേത് ഇടനാടൻപാട്ടായും പ്രത്യക്ഷപ്പെടുന്നു.

നാടോടിവാങ്മയത്തിലെ കഥാസാന്നിധ്യം എടുത്തുപറയാവുന്ന നാടോടി ക്കഥകൾ, പുരാവൃത്തം, ഐതിഹ്യങ്ങൾ, കഥാഗാനങ്ങൾ എന്നിവയാണ്. എന്നാൽ നിർവ്വചനങ്ങൾക്കനുസരിച്ച് ഘടകങ്ങളെ വേർതിരിച്ച് വ്യാഖ്യാനിക്കുമ്പോൾ വ്യത്യ

സ്തമാണെന്ന തോന്നൽ നമ്മിൽ ഉണർത്തുമ്പോഴും ഇവയെല്ലാം അവതരിപ്പിക്കുന്ന സന്ദർഭത്തിനനുസരിച്ച് നിർവ്വചനത്തിന്റെ അതിർവരമ്പുകൾ മുറിച്ചുകടന്ന് നാടോടിക്കഥ എന്ന വിശാലമായ നാടോടിസാഹിത്യത്തറവാട്ടിൽ തിരിച്ചെത്തുന്നുമുണ്ട്.




### 3.7 പഴഞ്ചൊല്ലും നാടോടിക്കഥയും

നാടോടിമൊഴിവഴക്കത്തിലെ പ്രബലമായ ഒരു വിഭാഗമാണ് പഴഞ്ചൊല്ലുകൾ. പഴയ ചൊല്ലുകളാണ് പഴഞ്ചൊല്ലുകൾ. ''ഒരു ജനസമുദായത്തിൽ പണ്ടേക്കു പണ്ടേ പലരും പറഞ്ഞു പരന്നു പഴക്കം വന്നിട്ടുള്ള ചൊല്ല്'' ആണ് പഴഞ്ചൊല്ലുകൾ എന്ന് ഉള്ളൂർ എസ്. പരമേശ്വരയ്യരും[6].

''അർത്ഥപൂർണ്ണവും നർമ്മസമ്പുഷ്ടവും വിജ്ഞാനപ്രദവുമായ ലഘുവാക്യങ്ങളാണ് പഴഞ്ചൊല്ലുകൾ'' എന്ന് ഡോ.എം.വി.വിഷ്ണുനമ്പൂതിരിയും പഴഞ്ചൊല്ലുകൾക്ക് നിർവ്വചനം നൽകുന്നു.[7]

പഴഞ്ചൊല്ലുകൾ ഓരോന്നും രൂപപ്പെട്ടതിന്റെ സന്ദർഭമോ സാഹചര്യമോ തിരക്കുമ്പോഴാണ് അവയുടെ നാടോടിക്കഥാബന്ധം നാം തിരിച്ചറിയുന്നത്. ഓരോ പഴഞ്ചൊല്ലും കൃത്യവും വ്യക്തവുമായ ജീവിതനിരീക്ഷണത്തിന്റെ വൈജ്ഞാനിക കുറിപ്പുകളാണ്. അവ നിർമ്മിച്ചതാകട്ടെ ഓരോ കൂട്ടായ്മയും. തിരുവിതാംകൂർ രാജാവ് നിർമ്മിച്ച ദീപസ്തംഭത്തിന്റെ മാഹാത്മ്യം കവികൾ വർണ്ണിച്ച് മത്സരിക്കു

ന്നതു കണ്ടപ്പോൾ താൽപ്പര്യമില്ലാതെ മാറിനിന്ന കുഞ്ചൻനമ്പ്യാരിൽനിന്നു രാജാവിന്റെ നിർബന്ധപ്രകാരം പുറത്തുവന്ന വരികളാണ്

'ദീപസ്തംഭം മഹാശ്ചര്യം

നമുക്കും കിട്ടണം പണം'

എന്നത്. ഈ നിശിതമായ സാമൂഹികവിമർശനമടങ്ങിയ വിജ്ഞാനക്കുറിപ്പ് തലമുറകൾ കൈമാറി വികസിച്ച പഴഞ്ചൊല്ലാകുന്നു. ഈ പഴഞ്ചൊൽക്കഥ മലയാളിയുടെ ഭാവനയുടെയും ചിന്തയുടെയും ഫലമാണ്. അതാകട്ടെ, നാടോടിക്കഥയായി നാം പരിഗണിക്കുകയും ചെയ്യുന്നു. ആജന്മശത്രുവായ പൂച്ചയിൽനിന്നു രക്ഷനേടാൻ യോഗംചേർന്ന എലികളുടെ സംഭാഷണത്തിൽനിന്നാണ് 'പൂച്ചയ്ക്ക് ആര് മണികെട്ടും' എന്ന ചൊല്ലുണ്ടായത്. രാമസേതുനിർമ്മാണത്തിൽ പങ്കെടുത്ത അണ്ണാന്റെ ശ്രമത്തെ തലോടിക്കൊണ്ട് പ്രോത്സാഹിപ്പിച്ച സന്ദർഭത്തിൽനിന്ന് അണ്ണാറക്കണ്ണനും തന്നാലായത് എന്ന ചൊല്ലും കഥയിൽനിന്ന് വിരിഞ്ഞതുതന്നെ. 'ഞാനൊന്നുമറിഞ്ഞില്ലേ രാമനാരായണ', നാഴിക്കു നാനാഴി അകത്തായി, കൂത്തും പിണ്ണാക്കും നേർക്കുനേരെ, കോഴി കൂകാനില്ലാത്തതിനാൽ നേരം പുലരാതിരിക്കുമോ? കാക്ക കുളിച്ചാൽ കൊക്കാകുമോ?, അച്ഛന് പാളേലെങ്കിൽ എന്റച്ഛനും പാളേല് തുടങ്ങിയ നിരവധി ചൊല്ലുകൾക്കു പിന്നിൽ നാടോടിക്കഥകളുടെ അകമ്പടിയുണ്ട്. ഇത്തരം പഴഞ്ചാല്ലുകൾക്കു പിന്നിലെ നാടോടിക്കഥകൾ നമ്മുടെ 'നാട്ടറിവുകളും പഴഞ്ചൊല്ലുകളും കടങ്കഥകളും' എന്ന ബൃഹദ്സമാഹാരത്തിൽ എടുത്തു ചേർത്തിട്ടുണ്ട്.[8]

## 3.8 ആദിവാസികളും നാടോടിക്കഥകളും

കേരളത്തിലെ പതിനാലു ജില്ലകളിലും എണ്ണത്തിൽ ഏറിയും കുറഞ്ഞും ആദിവാസികൾ ജീവിച്ചുവരുന്നു. കേരളചരിത്രനിർമ്മിതിയിലും സാംസ്കാരിക ചരിത്രത്തിലും ആഴവും പരപ്പുമുള്ള സംഭാവനകൾ നൽകിയ വലിയ പൈതൃകമുള്ള വിഭാഗമാണ് ആദിവാസികൾ. വയനാട്, ഇടുക്കി, അട്ടപ്പാടി എന്നീ ഇടങ്ങ

ളിൽ വ്യാപകമായി ഈ ഗോത്രവിഭാഗങ്ങൾ ജീവിച്ചുവരുന്നു. കേരളത്തിലെ ആദിവാസികളെ 36 ഗോത്രങ്ങളായി തരംതിരിക്കാവുന്നതാണ്. ഇവയിൽ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള വിഭാഗം 'പണിയ'രാണ്.

കാടുകളിലും മലഞ്ചരിവുകളിലും നദീതീരങ്ങളിലും വാസസ്ഥലം ഉറപ്പിച്ചവരാണ് ഈ ഗോത്രവർഗ്ഗങ്ങൾ. തികച്ചും ജൈവികമായ പശ്ചാത്തലത്തിൽ ജീവിക്കുന്ന ഇവർക്കു മുഖ്യധാരാസമൂഹവുമായി പരിമിതമായ ബന്ധമേയുള്ളൂ. അതിനാൽ ഈ വിഭാഗത്തിന്റെ ജീവിതം, സംസ്കാരം, ജീവിതവീക്ഷണം, കലാപ്രകടനങ്ങൾ എന്നിവയൊക്കെ സംസ്കാരപഠിതാക്കൾക്ക് പൂർണ്ണമായും നിർണ്ണയിക്കാനോ അടുത്തറിയാനോ സാധിച്ചിട്ടില്ല.

ജനനം, മരണം ഉത്സവാദിചടങ്ങുകളിലാണ് ഇവരുടെ വാചികവും നൃത്താത്മകവുമായ കലാപ്രകടനങ്ങൾ നടന്നുവരുന്നത്. ഇവരുടെ വാമൊഴി കലാരൂപങ്ങൾ പ്രകൃതിയുമായി ഏറെ ചേർന്നുനിൽക്കുന്നു. ഗോത്രജീവിതത്തിന്റെ വാമൊഴി കലാബോധത്തെ ഡോ.സോമൻ കടലൂർ ഇങ്ങനെ വിലയിരുത്തുന്നു:

''കഥയായും പാട്ടായും പഴഞ്ചൊല്ലായും കടങ്കഥയായും മന്ത്രമൊഴിയായുമൊക്കെ ആദിവാസിജീവിതത്തെ സക്രിയമാക്കി തീർക്കുന്നവയാണ് വാമൊഴിവഴക്കങ്ങൾ. പ്രാചീനഭാവനയും വർത്തമാനദുഃഖങ്ങളും തനതായ തിരിച്ചറിവുകളുമൊക്കെ ഇതിൽ ദർശിക്കാം. ലിഖിതത്തിൽ വരാത്ത ഇത്തരം മൊഴിരൂപങ്ങളിലാണ് ആദിവാസിയുടെ സമ്പന്നമായ സാഹിത്യം നിലനിൽക്കുന്നത്. തലമുറയിൽനിന്ന് തലമുറയിലേക്ക് പകർന്നു വന്ന മൊഴിവഴക്കങ്ങൾ അർത്ഥസമ്പുഷ്ടമാണ്. പലർ കൈമാറി തേച്ചുമിനുക്കിയെടുത്തതിനാൽ ആശയവിനിമയശേഷിയും തെളിമയും അവയ്ക്കുണ്ട്. ''കുന്ന് കത്തുമ്പോൾ എല്ലാവരും കാണുന്നു, എന്റെ മനസ്സുകത്തുമ്പോൾ അച്ഛനുമമ്മയും പോലും കാണുന്നില്ല എന്ന ഗോത്രവർഗ്ഗപ്പാട്ട് ആധുനികകവിതയെപ്പോലും അമ്പരപ്പിക്കും.''[9]

ആദിവാസികളുടെ നാടോടിക്കഥാപാരമ്പര്യം അവരുടെ ജീവിതം അടയാള പ്പെടുത്തുന്നു. മൃഗങ്ങൾ, പക്ഷികൾ, ഞെണ്ട്, മത്സ്യങ്ങൾ എല്ലാം കഥാപാത്രങ്ങ ളായി വരുന്ന ലഘുനാടോടിക്കഥകളാണ് അവരുടേത്. എന്നാൽ ഈ കഥകൾ അർത്ഥസമ്പുഷ്ടവും ദീർഘദർശനമുള്ളവയുമാണ്. ആദിവാസിക്കഥകൾ അവ രുടെ ജീവിതത്തിന്റെ നേർചിത്രമാകുന്നതോടൊപ്പം അവർ ഇന്നനുഭവിക്കുന്ന അതിജീവനത്തിന്റെ അനിവാര്യതയും തങ്ങൾക്ക് നഷ്ടപ്പെട്ടുപോയ നല്ല കാല ത്തിന്റെ സ്മൃതികളും ചർച്ചചെയ്യുന്നുണ്ട്.

ഓരോ ആദിവാസിക്കഥയും അവരുടെ ഊരുകളിലെ മുത്തശ്ശിമാർ പറഞ്ഞ് പറഞ്ഞ് പഴക്കം വന്നവയാണ്. വാമൊഴിവഴക്കത്തിന്റെ ശുദ്ധപാഠം ഇവിടെ കാണാൻ കഴിയും. അവരുടെ തനതായ ഭാഷയിൽ തികഞ്ഞ ജൈവസ്വഭാവം നില നിർത്തുന്ന ഈ കഥകൾ മാനകഭാഷയിലേക്ക് മൊഴിമാറ്റം നടത്തുമ്പോൾ കഥ യുടെ തനിമ നഷ്ടപ്പെടുന്നുണ്ട്. ഈ കഥകൾ അവരുടെ സമൂഹത്തിലെ ആചാരം, വിശ്വാസം, ലോകവീക്ഷണം, പരിസ്ഥിതിദർശനം എന്നിവ കാഴ്ചവെയ്ക്കുന്നവയാ ണ്. അതിനാൽ ആ സമൂഹത്തിന്റെ നിലനിൽപ്പിനും നീതിബോധത്തിനും ഊർജ്ജം പകരുന്നത് അവരുടെ കഥകളാണ്.

### 3.9. നാടോടിക്കഥയും കേരളീയത്തനിമയും : ചില നിരീക്ഷണങ്ങൾ

വ്യത്യസ്ത മത സാമുദായിക കൂട്ടായ്മയാണ് കേരളീയസംസ്കാരത്തെ നിർമ്മിച്ചത്. നായാടി മുതൽ നമ്പൂതിരിവരെയുള്ള വ്യത്യസ്ത ജാതിവിഭാഗങ്ങൾ, ക്രൈസ്തവ, മുസ്ലിം, ജൈന-ബുദ്ധ, പാഴ്സി വിഭാഗക്കാർ, കർണ്ണാടകാതിർത്തി പ്രദേശത്തെ സങ്കലിതസമൂഹങ്ങൾ, തമിഴ്നാടിനോട് ചേർന്നുകിടക്കുന്ന ദേശവാ സികൾ എല്ലാം കേരളത്തനിമയുടെ നിർമ്മാതാക്കളാണ്. അതത് ദേശത്തും സമൂ ഹത്തിലും പാരമ്പര്യത്തിന്റെ ധാര നിലനിർത്തുന്നതിൽ വാമൊഴിയുടെ സർഗ്ഗാത്മ കത വലിയ പങ്കുവഹിക്കുന്നു. ജനതതിയെ ആഴത്തിൽ സ്വാധീനിക്കുന്ന വാമൊഴി വഴക്കമാണ് നാടോടിക്കഥകൾക്കുള്ളത്. ഇത്തരം നാടോടിക്കഥകളുടെ മലയാളപാ

രമ്പര്യം അഥവാ കേരളീയനാടോടിക്കഥകൾ ആഴത്തിൽ പഠനവിധേയമാക്കുമ്പോൾ മലയാളിമനസ്സിനെയും ഭാവനയെയും നിയന്ത്രിക്കുന്നതിൽ കേരളീയനാടോടിക്കഥകൾക്കുള്ള പങ്ക് തിരിച്ചറിയാനാവും.

### 3.10. കേരളീയ നാടോടിക്കഥ : പാഠവും പഠനവും

#### 3.10.1 കഥ : മണ്ണാങ്കട്ടയും കരിയിലയും

ഒരിടത്ത് ഉറ്റചങ്ങാതിമാരായ രണ്ടുപേരുണ്ടായിരുന്നു - ഒരു മണ്ണാങ്കട്ടയും ഒരു കരിയിലയും. രാവും പകലും ഊണിലും ഉറക്കത്തിലും സുഖത്തിലും ദുഃഖത്തിലും വിട്ടുപിരിയാത്ത ചങ്ങാതിമാർ. ഒരു നിമിഷംപോലും പരസ്പരം കാണാതിരിക്കാൻ അവർക്കു കഴിഞ്ഞിരുന്നില്ല.

അങ്ങനെയിരിക്കേ, മണ്ണാങ്കട്ടയുടെ മനസ്സിൽ ഒരു മോഹമുണർന്നു. അത് ചങ്ങാതിയോട് പറഞ്ഞു:

''ചങ്ങാതീ, നമ്മൾ എന്നും ഒരുപോലെ ജീവിച്ചാൽ മതിയോ? ജീവിതമാകുമ്പോൾ എന്തെങ്കിലുമൊരു രസം വേണ്ടേ? നമുക്ക് എവിടേക്കെങ്കിലും ഒരു യാത്ര പോയാലോ?''

''അതു നല്ലതുതന്നെ, പക്ഷേ, നമ്മളിപ്പോൾ എങ്ങോട്ടു പോകാനാണ്?'' കരിയിലയും അതിനോടു യോജിച്ചു.

''ഏതായാലും നമ്മൾ പോകാൻ തീരുമാനിച്ചില്ലേ? അതുകൊണ്ട് നല്ലൊരു സ്ഥലത്തേക്കുതന്നെയാവാം യാത്ര. പുണ്യസ്ഥലമായ കാശിയിൽ പോയാൽ നമുക്ക് കാഴ്ചയും കാണാം പുണ്യവും കിട്ടും.'' ഒന്നാലോചിച്ച ശേഷം മണ്ണാങ്കട്ട നിർദ്ദേശിച്ചു.

അടുത്തനാൾ പുലർച്ചേതന്നെ മണ്ണാങ്കട്ടയും കരിയിലയും കാശിക്കു പോകാൻ തയ്യാറായി. വലിയ സന്തോഷത്തോടെ അവർ യാത്ര തുടങ്ങി. എങ്ങനെ യാണ് ആ യാത്രയെന്നോ?

മണ്ണാങ്കട്ട നിലത്തുകൂടി ഉരുണ്ടുരുണ്ടും കരിയില കാറ്റത്തങ്ങനെ പറന്നു പറ ന്നും...!

കഥ പറഞ്ഞും പാട്ടുപാടിയും നാമം ചൊല്ലിയും അവർ കുറേ ദൂരം മുന്നോട്ടു നീങ്ങി. ഇനിയും എത്ര ദൂരം പിന്നിട്ടാലാണ് കാശിയിലെത്താനാവുക? എങ്കിലും അവർക്ക് അൽപ്പവും തളർച്ച തോന്നിയില്ല.

പിന്നെയും കുറേക്കൂടി നടന്നപ്പോഴാണ് ചെറിയതോതിൽ കാറ്റുവീശാൻ തുടങ്ങിയത്. ഇളംകാറ്റ് അവരെ തഴുകി കടന്നുപോയപ്പോൾ കരിയിലയുടെ മുഖം വാടി. അത് പരിഭ്രമത്തോടെ ചങ്ങാതിയോടു പറഞ്ഞു:

''അയ്യോ ചങ്ങാതീ, കാര്യമാകെ കുഴങ്ങുന്ന മട്ടാണ്. കാറ്റ് ഇനിയും ശക്തി പ്പെട്ടാൽ എനിക്കു പിടിച്ചുനിൽക്കാനാവില്ല. ഞാനെങ്ങോട്ടെങ്കിലും പറന്നുപോകും. പിന്നെ എന്നെ കാണാനേ പറ്റില്ല.''

''അതോർത്ത് വിഷമിക്കരുത് ചങ്ങാതീ. എത്ര വലിയ കാറ്റുവന്നാലും ശരി, ഞാൻ കൂടെയുള്ളപ്പോൾ നിനക്കൊന്നും സംഭവിക്കില്ല.''

കരിയിലയെ സമാധാനിപ്പിച്ചുകൊണ്ട് മണ്ണാങ്കട്ട പറഞ്ഞു. അതു കേട്ടപ്പോൾ കരിയില തെല്ല് ആശ്വസിച്ചു.

അധികം കഴിയും മുമ്പേ, ശക്തമായ കാറ്റടിച്ചു. മണ്ണാങ്കട്ട പെട്ടെന്നുതന്നെ ഒരൊറ്റ ചാട്ടം ചാടി കരിയിലയുടെ മുകളിൽ കയറിയിരുന്നു! കുറേനേരം കാറ്റ് വീശിയടിച്ചിട്ടും കരിയിലയ്ക്ക് ഒന്നും പറ്റിയില്ല. കാറ്റ് ശമിച്ചപ്പോൾ മണ്ണാങ്കട്ട ചങ്ങാ തിയുടെ ദേഹത്തുനിന്നു ചാടിയിറങ്ങി.  രണ്ടുപേരും വീണ്ടും യാത്ര തുടങ്ങി.

കുറേദൂരം പിന്നിട്ടതും മാനം ഇരുണ്ടുവന്നു. എങ്ങും മഴമേഘങ്ങൾ നിരന്നു. അതുകണ്ട് മങ്ങാങ്കട്ട പരിഭ്രമിച്ചു. അതുവരെ വായ് നിറയെ സംസാരിച്ചിരുന്ന ചങ്ങാതിയുടെ ഭാവമാറ്റം കണ്ട് കരിയില ചോദിച്ചു:

''എന്തു പറ്റി ചങ്ങാതീ?'' നിന്റെ മുഖത്തെന്താ പെട്ടെന്നൊരു വിളർച്ച? നട ന്നുനടന്ന് തളർന്നോ?''

''അതൊന്നുമല്ല. നീയാ മാനം കണ്ടില്ലേ? നല്ല മഴ ഉടനെയുണ്ടാവും. മഴ നനഞ്ഞാൽപ്പിന്നെ എന്റെ കാര്യം പറയണോ? നിന്റെ മുന്നിൽവച്ചുതന്നെ ഞാൻ കുതിർന്ന് ഇല്ലാതെയാവും.'' മണ്ണാങ്കട്ട വിതുമ്പിക്കൊണ്ട് പറഞ്ഞൊപ്പിച്ചു.

അതു കേട്ട് പുഞ്ചിരിയോടെ കരിയില ചങ്ങാതിയെ സമാധാനിപ്പിച്ച് ഇങ്ങനെ പറഞ്ഞു:

''കാറ്റടിച്ചപ്പോൾ നീയെന്നെ രക്ഷിച്ചില്ലേ?'' അതുപോലെ, മഴയിൽ നിന്നു ഞാൻ നിന്നെ രക്ഷിക്കും; സംശയം വേണ്ട.''

പറഞ്ഞു തീരുംമുമ്പേ മഴ തുടങ്ങി. ചാറിത്തുടങ്ങിയ മഴയുടെ ശക്തി പെട്ടെന്നു കൂടി. തുള്ളിക്കൊരു കുടമെന്നപോലെയായി മഴ. മണ്ണാങ്കട്ടയുടെ ദേഹത്ത് മഴവെള്ളം വീഴാതെ കരിയില അതിനു മീതെ കയറിയിരുന്നു! മഴവെള്ളം കരിയിലയുടെ പുറത്തുപതിച്ച് തെറിച്ചുപോയി. കുറേനേരം കൂടി പെയ്തശേഷം മഴ നിലച്ചു. കരിയില മണ്ണാങ്കട്ടയുടെ പുറത്തു നിന്നു പറന്നിറങ്ങി. അവർ വീണ്ടും മുന്നോട്ടു നീങ്ങി.

മണ്ണാങ്കട്ട ഉരുണ്ടുരുണ്ടും കരിയില പറന്നു പറന്നും...

രണ്ടു ചങ്ങാതിമാരും മിണ്ടിയും പറഞ്ഞും കുറേദൂരം കൂടി പിന്നിട്ടതും കാറ്റ് വീണ്ടും വീശി. ഒപ്പം തന്നെ മഴയും വന്നു. അതുകണ്ട് മണ്ണാങ്കട്ടയും കരിയിലയും വല്ലാതെ ഭയന്നു.

''മഴയും കാറ്റും ഒരുമിച്ചാണല്ലോ ചങ്ങാതീ വരുന്നത്! ഇനി നമ്മളെന്തു ചെയ്യും?'' മണ്ണാങ്കട്ട കരഞ്ഞുകൊണ്ടു ചോദിച്ചു.

''എന്തു ചെയ്യാൻ? വരുന്നതു വരട്ടെയെന്നു കരുതുകതന്നെ!''

മണ്ണാങ്കട്ടയും കരിയിലയും കെട്ടിപ്പിടിച്ചു കിടന്നു. കാറ്റിനും മഴയ്ക്കും ശക്തി കൂടി. കനത്ത മഴയിൽ മണ്ണാങ്കട്ട അലിഞ്ഞലിഞ്ഞുപോയി! കരിയിലയെ കാറ്റടിച്ച് ദൂരെയെവിടേക്കോ കൊണ്ടുപോയി!

ആ ചങ്ങാതിമാരുടെ കണ്ണീരും കരച്ചിലും ആരും കണ്ടതുമില്ല, കേട്ടതുമില്ല. അവ കാറ്റിലും മഴയിലും അലിഞ്ഞലിഞ്ഞ്...[10]

**മണ്ണാങ്കട്ടയും കരിയിലയും : പഠനം**

**കഥാപാത്രങ്ങൾ**

1. മണ്ണാങ്കട്ട
2. കരിയില

കേരളത്തിന്റെ തനത് എന്നു വിശേഷിപ്പിക്കുന്ന നാടോടിക്കഥയാണ് 'മണ്ണാങ്കട്ടയും കരിയിലയും'. കേരളീയപാരമ്പര്യത്തിൽ രൂപംകൊണ്ട നാടോടിക്ക+

ഥകൾ സവിശേഷമായ പ്രമേയമാതൃകകളും ശൈലീമാതൃകകളും ഉൾക്കൊള്ളുന്നുണ്ട്. ഇരട്ടകളുടെ സാന്നിധ്യം ഉറപ്പുവരുത്തുന്ന രണ്ടാൾചേർന്നുള്ള യാത്ര കേരളീയനാടോടിക്കഥകളുടെ സവിശേഷമായ പ്രമേയമാതൃകയാണ്. ഈ അർത്ഥത്തിൽ തികച്ചും കേരളീയമാണ് 'മണ്ണാങ്കട്ടയും കരിയിലയും' എന്ന നാടോടിക്കഥ. ഇതിലെ മുഖ്യകഥാപാത്രങ്ങൾ രണ്ടാണ്. 1. മണ്ണാങ്കട്ട 2. കരിയില. എന്നാൽ ഉപകഥാപാത്രമോ സാന്നിധ്യമോ ആയി മഴയും കാറ്റും കൂടെനിൽക്കുന്നു.

മണ്ണാങ്കട്ടയും കരിയിലയും അചേതനമെങ്കിലും കഥയിൽ സചേതനകഥാപാത്രങ്ങളാകുന്നു. രണ്ടിലും മനുഷ്യഭാവത്തെ സന്നിവേശിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. മണ്ണാങ്കട്ടയും കരിയിലയും കൂട്ടുകാരാകുന്നതും അവർ കാശിക്ക് പോകാൻ തീരുമാനിക്കുന്നതും മറ്റും ഭാവനകൊണ്ട് നെയ്തെടുത്ത കഥാസന്ദർഭങ്ങളാണ്. അസംബന്ധമാണ് എന്ന് തോന്നുമ്പോഴും അർത്ഥപൂർണ്ണമാണ് എന്ന യാഥാർത്ഥ്യം നമ്മെ ഈ കഥ ബോധ്യപ്പെടുത്തുന്നു. അസാമാന്യമായ ഈ ഭാവനാചാതുര്യം ഉയർന്ന ചിന്തയ്ക്കും ജീവിതാവബോധത്തിനും ഇടംനൽകുന്നു.

രണ്ടുപേർ - മണ്ണാങ്കട്ടയും കരിയിലയും - സുഹൃത്തുക്കളാണ്. ഇരട്ടകളുടെ ഒന്നിച്ചുള്ള യാത്ര, യാത്രയിൽ അവർ അനുഭവിക്കുന്ന ആത്മസുഖം, പ്രതികൂലസാഹചര്യങ്ങളിൽ അന്യോന്യം ചേർത്തുവയ്ക്കുന്ന ഒരുമ, ഒരുമിച്ചുനിന്നാൽ ഏതു പ്രശ്നങ്ങളെയും മറികടക്കാമെന്ന ബോധ്യം എന്നിവ ഈ കഥനൽകുന്ന സഗുണമായ പ്രായോഗികജീവിതപാഠങ്ങളാണ്.

കഥ മുന്നോട്ടുവയ്ക്കുന്ന ജീവിതദർശനം ആഴത്തിലും പരപ്പിലും വായിച്ചെടുക്കാവുന്നതാണ്. ഇഹലോകജീവിതം എത്ര കരുതി കണക്കുകൂട്ടി ജീവിച്ചാലും അന്തിമവിധിയെ മറികടക്കാൻ പറ്റില്ല എന്ന വിധിയുടെ സാന്നിധ്യം ആ കഥ നിർമ്മിച്ച വ്യക്തിയുടെ/കൂട്ടായ്മയുടെ ലോകബോധത്തെ/ലോകവീക്ഷണത്തെ അടയാളപ്പെടുത്തുന്നു. പ്രപഞ്ചത്തെക്കുറിച്ചും മനുഷ്യരാശിയെക്കുറിച്ചും അവയിൽ വ്യക്തിക്കുള്ള സ്ഥാനത്തെക്കുറിച്ചും ഒരു കൂട്ടായ്മയ്ക്കുള്ള തനതായ കാഴ്ചപ്പാടാണല്ലോ ലോകവീക്ഷണം. കേരളീയപശ്ചാത്തലത്തിൽ രൂപപ്പെട്ട ഈ നാടോടിക്കഥയിൽ കേരളീയമായ ഒരു ലോകവീക്ഷണമുണ്ട്. നാം എത്രതന്നെ സുരക്ഷിതമാക്കിയാലും ഭൗതികമായ ജീവന്റെ നിലനിൽപ്പ് വിധികല്പിതമാണ് എന്ന ദുരന്തദർശനമെന്ന് തോന്നാവുന്ന, എന്നാൽ വിവേകപരമായ ഒരു സഗുണദർശനം ഈ കഥയുടെ ദാർശനികമാനമാണ്. ഇഹലോകജീവിതം സ്ഥിരമെന്നുകരുതി ഭോഗസമൃദ്ധിയിൽ അഭിരമിച്ച് ജീവിതത്തെ തിരിച്ചറിയാതെപോകുന്ന, തിന്നും

കുടിച്ചും മദിച്ചും രമിച്ചും ജീവിക്കുന്ന എക്കാലത്തെ മനുഷ്യനുമുള്ള ചൂണ്ടുപലക യായി മണ്ണാങ്കട്ടയുടെയും കരിയിലയുടെയും വിനാശം നമ്മുടെ മുന്നിൽ നിലകൊ ള്ളുന്നു.

ജീവിതാവസ്ഥകളിലെ സ്നേഹം, സൗഹാർദ്ദം, കൂട്ടായ്മ, പാപപുണ്യങ്ങൾ, യാത്ര, പ്രതിസന്ധികൾ എന്നിവയെല്ലാം ഈ കഥ ചർച്ചചെയ്യുന്നുണ്ട്. നിർമ്മല മായ സൗഹൃദം പ്രതികൂലസാഹചര്യങ്ങളിൽ ഒരു പരിധിവരെ തുണയാവുമെന്ന പൊതുബോധം കഥ ചർച്ചയ്ക്കുവയ്ക്കുന്നു. പ്രതിസന്ധികൾ മറികടക്കാൻ രൂപ പ്പെടുത്തേണ്ട ജീവിതവഴി എങ്ങനെയാവണം എന്നതിലേക്കും ഈ നാടോടിക്കഥ ആഴമുള്ള തിരിച്ചറിവ് തരുന്നുണ്ട്.

പാരമ്പര്യത്തെ ഓർമ്മിപ്പിക്കുന്ന കാശിയാത്ര, പാപപുണ്യബോധം - ഇവയി ലധിഷ്ഠിതമായ ജീവിതവീക്ഷണത്തെ ഈ നാടോടിക്കഥ കീഴ്മേൽ മറിക്കുന്നു. ദീർഘസഹവാസത്തിലൂടെ അനുഭവിച്ച ആവർത്തനവിരസതയെ മറികടക്കാൻ ഒരു മിച്ച് പുണ്യസ്ഥലത്തേക്ക് യാത്രനടത്തി പുണ്യം നിർമ്മിക്കാമെന്ന കഥാപാത്രങ്ങ ളുടെ ചിന്ത, കാശിയാത്രയിലെ അനുഭവത്തിലൂടെ കൈവന്ന അനാഥാവസ്ഥ സംഭവിക്കാൻ പാടില്ലാത്തതു സംഭവിക്കുമ്പോഴുള്ള വേദന എന്നിവയൊക്കെ നമ്മെ ഏറെ ചിന്തിപ്പിക്കുന്നു. വരാനുള്ളതു വഴിയിൽ തങ്ങില്ല, അത് കാശിയാത്ര യിലും സംഭവിക്കുമെന്ന നിയതിയുടെ വഴിക്ക് വഴിപ്പെടാനേ നമുക്ക് പറ്റൂ എന്ന അവബോധം കഥ നൽകുന്നു.

ജീവിതമെന്ന മഹാസമസ്യയെ വ്യത്യസ്തരീതിയിൽ നോക്കിക്കാണുകയും വിധിവിശ്വാസത്തിൽ അഭയംതേടുകയും ചെയ്യുന്ന ഈ കഥ ഭാവനയും ചിന്തയുംകൊണ്ട് സമ്പന്നമാണ്. അസംബന്ധത്തിലും അദ്വൈതബോധം പകരാൻ പര്യാപ്തമായ ഈ കഥ മലയാളിയുടെ ദാർശനികപരിസരത്തെയും അവന്റെ ലോകബോധത്തെയും അടയാളപ്പെടുത്തുന്നു. ഈ അർത്ഥത്തിൽ കാലാതീതമായ വായനയിലേക്കും ചർച്ചയിലേക്കും നയിക്കാൻ ഈ നാടോടിക്കഥയ്ക്ക് കെൽപ്പു

ണ്ട്. നിസ്സാരതയിൽനിന്നു സാരമായ അവബോധം പകരുന്ന ഈ കഥ ബഹുമുഖ മാനമുള്ളതാണ്.

### 3.10.2 കഥ: കുറുക്കത്തിപ്പെണ്ണിന്റെ ബുദ്ധി

ഒരു കാട്ടിൽ ഒരു വലിയ സിംഹം താമസിച്ചിരുന്നു. കാട്ടിലെ രാജാവായിരുന്നു സിംഹം. മുൻശുണ്ഠിക്കാരനായിരുന്നു ഈ സിംഹം. അതുകൊണ്ട് കാട്ടിലെ മൃഗങ്ങൾക്കെല്ലാം സിംഹത്തെ വലിയ ഭയമായിരുന്നു.

അങ്ങനെയിരിക്കുന്ന അവസരത്തിൽ സിംഹത്തിന് ഒരസുഖം വന്നു. ജട കൊഴിഞ്ഞു കൊഴിഞ്ഞു പോകുന്ന അസുഖം. സിംഹത്തിനാകെ പരിഭ്രമമായി. സിംഹത്തിന്റെ ഏറ്റവും വലിയ ചിഹ്നമാണ് ജട. അതു കൊഴിഞ്ഞുതീർന്നാലുള്ള കോലം. അഭിമാനക്ഷതം. സിംഹത്തിന് ഉറക്കമില്ലാതായി. മൃഗവൈദ്യന്മാർ ഓരോരുത്തരെയായി സിംഹം വിളിപ്പിച്ചു. മാനുകളുടെ വൈദ്യർ, കാട്ടാടുകളുടെ വൈദ്യർ, കുരങ്ങന്മാരുടെ വൈദ്യർ എല്ലാവരും കൊല്ലപ്പെട്ടവരുടെ കൂട്ടത്തിൽപ്പെടുന്നു. മരുന്നു ഫലിക്കാതെ വന്നാൽ വൈദ്യനെ അപ്പോൾത്തന്നെ കൊല്ലുകയാണ് പതിവ്. മൃഗരാജാവ് വിളിക്കുന്നു എന്നറിയുമ്പോഴേക്കും മൃഗവൈദ്യന്മാർ ഭയം കൊണ്ട് പകുതി മരിച്ച അവസ്ഥയിലാകും. പിന്നെ കൊടുക്കുന്ന മരുന്ന് ഫലിക്കുകയുമില്ല.

എപ്പോഴാണ് തന്നെ വിളിക്കുക എന്ന ഭയത്തോടെ കഴിയുകയായിരുന്നു കുറുക്കൻവൈദ്യർ. ഭയപ്പെട്ടപോലെ അടുത്ത അവസരം വന്നത് കുറുക്കൻ വൈദ്യർക്കായിരുന്നു.

''അച്ഛാ അച്ഛൻ ഒന്നുകൊണ്ടും ഭയപ്പെടേണ്ട. മരുന്നുണ്ടാക്കിക്കോളൂ. ഞാനൊരുപായം കണ്ടുവെച്ചിട്ടുണ്ട്.'' വൈദ്യന്റെ മകൾ പറഞ്ഞു.

''എന്തു പറയാം പൊട്ടിപ്പെണ്ണേ.
നിനക്കാ സിംഹത്തെ അറിയാഞ്ഞിട്ടാണ്.

അവനാരാണെന്നറിയുമോ... എന്റെ ആയുസ്സറ്റു. അതുപറഞ്ഞാൽ മതിയല്ലോ?''

മകൾ പറഞ്ഞു: ''അതൊന്നുമല്ലല്ലോ. അച്ഛൻ രക്ഷപ്പെടും. അതിനുള്ള മാർഗ്ഗം ഈ മകൾക്കറിയാം. മരുന്നൊക്കെയുണ്ടാക്കി കുറുക്കൻ യാത്രപുറപ്പെട്ടു. മകൾ അച്ഛനടുക്കലെത്തിയപ്പോൾ കുറുക്കൻ പൊട്ടിക്കരഞ്ഞുപോയി. അവസാനയാത്ര പറയുമ്പോലെ. മകൾ പറഞ്ഞു.

''അച്ഛൻ മരുന്നേൽപ്പിക്കുമ്പോൾ സിംഹത്തോടു പറയണം –

ഈ മരുന്ന് ഒരിക്കലും അങ്ങയുടെ ഭാര്യ കാണരുത്. കണ്ടാൽ പിന്നെ തേച്ചിട്ട് കാര്യമില്ല. ഫലിക്കില്ല.

മറ്റൊന്നും എന്നോട് ചോദിക്കരുത് എന്നും പറയണം.'' മരുന്നു കൊടുത്തു. വൈദ്യർ മകൾ പറഞ്ഞപ്രകാരം സിംഹത്തോടു പറഞ്ഞു. 'ഇത്രേയുള്ളോ കാര്യം' എന്ന് സിംഹം പറഞ്ഞു.

പക്ഷേ, അടുത്ത നിമിഷം സിംഹം ചിന്തിക്കാൻ തുടങ്ങി.

എന്താണ് കുറുക്കൻ അങ്ങനെ പറയാൻ കാരണം?

ചിന്തിച്ചു ചിന്തിച്ച് ഉറക്കമില്ലാതായി. നൂറുനൂറു സംശയങ്ങൾ മുളച്ചുപൊന്തി. മരുന്നിനെക്കുറിച്ചു സിംഹം മറന്നു.

'ജടപോയതോടെ തകർന്നതാണ് തന്റെ മനസ്സ്. തന്റെ വീര്യം നഷ്ടപ്പെട്ടതുപോലുള്ള തോന്നലും ശക്തമായിരുന്നു.' സിംഹം ചിന്തിച്ചു. 'അവൾക്ക് തന്നെ വേണ്ടാതായോ, ജട കൊഴിഞ്ഞുപോയ തന്നെ അവൾ പറ്റിക്കുന്നുണ്ടോ?' അവൾ വേറെ ഏതെങ്കിലും സിംഹത്തെ സ്നേഹിക്കുന്നുണ്ടോ? കുറുക്കനോട് ചോദിക്കാനും മടി. ഏതുനേരവും ഭാര്യയെ സംശയത്തോടെ നോക്കലും പരീക്ഷിക്കലുമായി. തന്റെ രോഗത്തെക്കുറിച്ച് ചിന്തിക്കാൻ സമയമില്ലാതെയായി. അധികം

വൈകാതെ ശരീരം ക്ഷീണിച്ച് മരിക്കുകയും ചെയ്തു. അങ്ങനെ കാട്ടിലെ മൃഗ വൈദ്യന്മാർ രക്ഷപ്പെട്ടു.[11]

**കുറുക്കത്തിപ്പെണ്ണിന്റെ ബുദ്ധി : പഠനം**

**കഥാപാത്രങ്ങൾ: മൃഗങ്ങൾ**

1. സിംഹം
2. കുറുക്കൻ
3. കുറുക്കത്തിപ്പെണ്ണ്

കുറുക്കത്തിപ്പെണ്ണിന്റെ ബുദ്ധി എന്ന ആദിവാസി നാടോടിക്കഥ ഒരു മൃഗകഥയാണ്. സിംഹം, കുറുക്കൻ, കുറുക്കത്തിപ്പെണ്ണ് എന്നീ മൂന്ന് കഥാപാത്രങ്ങളാണ് ഉള്ളത്. രൂപത്തിൽ മൃഗങ്ങളാണെങ്കിലും പ്രവൃത്തിയിൽ മനുഷ്യസ്വഭാവം കാണിക്കുന്നു. അതിനാൽ മനുഷ്യമനസ്സിന്റെ അതിരുകളില്ലാത്ത വ്യാപാരവൈചിത്ര്യങ്ങൾ പങ്കുവെയ്ക്കുന്നു. സിംഹം അധികാരത്തിന്റെ പ്രതീകമാകുമ്പോൾ കുറുക്കൻ വിധേയന്റെ തട്ടിലാണ്. സിംഹം ശക്തിയുടെ തട്ടിലെങ്കിൽ കുറുക്കൻ സൂത്രത്തിന്റെ (ബുദ്ധി) മികവിനെ പ്രതിനിധീകരിക്കുന്നു. ശക്തിയില്ലാത്തവൻ ബുദ്ധിപരമായ നീക്കത്തിലൂടെ ശക്തിമാനെ കീഴ്പ്പെടുത്തി, സ്വയം മനസ്സിലെ സംഘർഷങ്ങളെ മറികടക്കാൻ അബോധതലത്തിൽ രൂപംകൊടുത്ത കഥാവിശേഷമായി ഈ നാടോടിക്കഥ മാറുന്നു.

സൂത്രത്തിലൂടെ കുറുക്കൻ നേടിയെടുക്കുന്ന വിജയം വ്യക്തിപരവും കുടുംബപരവും സാമൂഹികവുമാണ്. അത് വ്യക്തിയുടെ വിജയം മാത്രമല്ല, സമൂഹത്തിന്റെ പ്രതിസന്ധികളെ മുറിച്ചുകടക്കാനുള്ള ഉപാധിയായി സൂത്രം അഥവാ ബുദ്ധിപരമായ നീക്കം ഉപകരിക്കുന്നു. അധികാരത്തിന്റെ അഹങ്കാരം സാധാരണക്കാരനെ എങ്ങനെ ബുദ്ധിമുട്ടിക്കുന്നു എന്ന സർവ്വസാധാരണമായ സത്യം ഈ കഥ വെളിപ്പെടുത്തുന്നു. അധികാരത്തിന്റെ/അഹങ്കാരത്തിന്റെ ലക്ഷണമായി

കോപം, സ്വാർത്ഥത, വിശ്വാസക്കുറവ്, സംശയം, ഒറ്റയായ അതിജീവനം എന്നിവ യെല്ലാം സിംഹത്തിന്റെ സ്വഭാവത്തിൽ നിഴലിക്കുന്നുണ്ട്.

മനശ്ശാസ്ത്രപശ്ചാത്തലം ഈ നാടോടിക്കഥയിൽ തെളിഞ്ഞുകാണാം. ശക്തിയാണ്, ആകാരമാണ് കാമത്തിന്റെ സമ്പൂർണ്ണത എന്ന ധാരണയിൽനിന്നാണ് ജടകൊഴിഞ്ഞു പോയതിലും ശക്തി കുറഞ്ഞുപോയതിലും സിംഹം പരിതപിക്കു ന്നത്. ഈ പരാജയബോധം വിശ്വാസമില്ലായ്മയിലേക്കും സംശയബോധത്തി ലേക്കും നയിക്കും. തന്റെ ഇണയെ അവിശ്വസിക്കുകയും അവളെ സംശയത്തിന്റെ നിഴലിൽ പരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്യുന്നു. ഈ പരീക്ഷണവും ഔഷധചികിത്സയിലൂടെ നഷ്ടകാലം തിരിച്ചുപിടിക്കാനുള്ള ശ്രമവും ബോധാ ബോധമനസ്സിന്റെ സമ്മിശ്രപ്രതികരണമാണ്. മനസ്സ് പ്രച്ഛന്നമായ വേഷം സ്വീകരി ക്കുന്നതിന്റെ തലം നമുക്ക് ഇവിടെ കാണാൻ കഴിയും. ശക്തിയോ ആകാരമോ അല്ല ദാമ്പത്യജീവിതത്തിന്റെ ശക്തി. പരസ്പരവിശ്വാസവും സ്നേഹവും ചേർത്തു വയ്ക്കുന്ന ജനാധിപത്യപരമായ ഒരു മനസ്സിനെ രൂപപ്പെടുത്തേണ്ടതിന്റെ ആവശ്യ കത ഈ നാടോടിക്കഥ ധ്വനിപ്പിക്കുന്നു. മാനസികാരോഗ്യം പുതിയ സാഹചര്യ ത്തിൽ നഷ്ടപ്പെടുന്ന പശ്ചാത്തലത്തിൽ ഈ കഥയുടെ അർത്ഥവ്യാപ്തി ശ്രദ്ധേയ മാണ്.

'കുറുക്കത്തിപ്പെണ്ണിന്റെ ബുദ്ധി' എന്ന ലളിതവും സന്ദേശാത്മകവുമായ ഈ നാടോടിക്കഥ വ്യക്തിപരവും സാമൂഹികവുമായ മാനസിക/ശാരീരിക പ്രശ്നങ്ങളെ മുറിച്ചുകടക്കാനും സമീകൃതമായ വ്യക്തിമനസ്സും സാമൂഹികാന്തരീക്ഷവും രൂപ പ്പെടുത്താനും നമുക്ക് പ്രേരണ നൽകുന്നു. ഈ പ്രാചീനമനസ്സിന്റെ കഥ വർത്തമാ നജീവിതത്തിലും പ്രസക്തമാണ് എന്ന യാഥാർത്ഥ്യം നാം തിരിച്ചറിയേണ്ടിയിരിക്കു ന്നു.

## കുറുക്കത്തിപ്പെണ്ണിന്റെ ബുദ്ധി

**ഘടനാപരം**

കഥാഘടന

മൃഗകഥ | ലളിതകഥ | ലൗകികകഥ | സദാചാരം

**ആശയതലം**

വ്യക്തിപരം

സിഹം → അധികാരി → അഹങ്കാരം → വിവേകമില്ലായ്മ → സംശയം → ബുദ്ധിഭ്രമം → മരണം

കുറുക്കൻ → വിധേയൻ → നീതിനിഷേധം → അനാഥാവസ്ഥ → അതിജീവനം → കൂട്ടായ്മ → വ്യക്തിപരമായ വിജയം

സമൂഹത്തിന്റെ കൂട്ടായ രക്ഷപ്പെടൽ
വിജയം പ്രശ്നപരിഹാരം

**സന്ദേശം**

- ❖ ശക്തിയുള്ളവനെ സൂത്രത്തിലൂടെ കീഴ്പ്പെടുത്താം.
- ❖ അബോധതലത്തിലെ സംഘർഷങ്ങളെ മറികടക്കാൻ ഇത്തരം പ്രച്ഛന്ന കഥകളിലൂടെ സാധിക്കും.
- ❖ അജ്ഞശ്ച അശ്രദ്ധ ദാനശ്ച സംശയാത്മാ വിനശ്യതി (അജ്ഞനും അശ്രദ്ധ യുള്ളവനും സംശയാത്മാവും വിനാശത്തിലകപ്പെടും)

**3.10.3 കഥ : മുത്തച്ഛന്റെ ചട്ടി**

കുഞ്ചുനമ്പൂതിരിക്ക് പ്രായം കുറേയായി. കണ്ണിനു കാഴ്ചയും ചെവിക്ക് കേൾവിയും കുറവാണ്. മകൻ കുട്ടൻനമ്പൂതിരിയുടെ കൂടെയാണ് താമസം.

കുട്ടൻ നമ്പൂതിരിക്കും ഭാര്യ സാവിത്രിക്കും വയസ്സായ അച്ഛൻ കൂടെ വന്നു താമസിക്കുന്നതു തീരെ ഇഷ്ടമല്ല. നിവൃത്തിയില്ലാത്തതുകൊണ്ട് സമ്മതിച്ചുവെന്നു മാത്രം. അല്ലെങ്കിൽ നാട്ടുകാരെന്തു പറയും?

എന്നാലും അവൾ അച്ഛനെ കഴിയുന്നത്ര ശകാരിക്കും. വേണ്ടതൊന്നും ചെയ്തുകൊടുക്കുകയില്ല.

കുഞ്ചുനമ്പൂതിരിക്ക് ചെവികേൾക്കാത്തതുകൊണ്ട് അവർ പറയുന്ന തൊന്നും കേട്ടില്ല. പക്ഷേ, തന്റെ കാര്യങ്ങളിലുള്ള ശ്രദ്ധക്കുറവ് അദ്ദേഹത്തിന് മന സ്സിലായിരുന്നു.

ഇങ്ങനെയൊക്കെയാണെങ്കിലും കുട്ടൻനമ്പൂതിരിയുടെ മകൻ ഏഴു വയ സ്സായ ഉണ്ണിക്കുഞ്ചുവിന് മുത്തച്ഛനെ വലിയ കാര്യമാണ്. അവൻ ഒഴിവുള്ളപ്പോ ഴൊക്കെ മുത്തച്ഛൻ കിടക്കുന്ന കരിമ്പടത്തിന്മേൽ ചെന്നിരുന്ന് കഥ കേൾക്കും. ചിലപ്പോൾ അവിടെത്തന്നെ കിടന്നുറങ്ങും.

കുഞ്ചുനമ്പൂതിരി നല്ല പാത്രങ്ങൾ വൃത്തികേടാക്കുന്നുവെന്ന് പറഞ്ഞ് കുട്ടൻനമ്പൂതിരിയും സാവിത്രിയും കൂടി ഒരു മൺചട്ടി വാങ്ങി. ചട്ടിയിൽ ചോറും കറിയും മോരും എല്ലാംകൂടി കൂട്ടിക്കുഴച്ച് നിലത്ത് വിരിച്ച കരിമ്പടത്തിനകത്ത് കൊണ്ടുപോയി വെച്ചുകൊടുക്കും. കുഞ്ചുനമ്പൂതിരി പതുക്കെ എഴുന്നേറ്റിരുന്ന് ഉണ്ണും. കുറേ വറ്റ് നിലത്തുപോവുകയും അതിന് സാവിത്രി ചീത്തപറയുകയും ശപിക്കുകയും ചെയ്യും.

അങ്ങനെ ദിവസങ്ങൾ കഴിഞ്ഞു. ഒരു ദിവസം കുഞ്ചുനമ്പൂതിരി പെട്ടെന്ന് മരിച്ചു. കുട്ടൻ നമ്പൂതിരിയും സാവിത്രിയും ദുഃഖം നടിച്ചുകൊണ്ട് ക്രിയകളൊക്കെ ചെയ്തു. അതിനുശേഷം കുട്ടൻ നമ്പൂതിരി അച്ഛന് ചോറും കാപ്പിയും വിളമ്പി ക്കൊടുത്തിരുന്ന മൺചട്ടിയെടുത്ത് വലിച്ചെറിയാൻ ഭാവിച്ചു.

അപ്പോൾ ഉണ്ണിക്കുഞ്ചു തടഞ്ഞു: ''അതുകളയണ്ടച്ഛാ. ആവശ്യം വരും. അച്ഛന് മുത്തച്ഛനെപ്പോലെ വയസ്സായാൽ കാപ്പിയും ചോറും വിളമ്പിത്തരാൻ ഒരു ചട്ടിവേണ്ടേ? അത് ഇവിടത്തന്നെ ഇരുന്നോട്ടെ?''

മകൻ പറഞ്ഞതുകേട്ട് കുട്ടൻനമ്പൂതിരി ഞെട്ടിപ്പോയി. തനിക്കും ഒരു കാലത്ത് ഇതേ സ്ഥിതി വരുമെന്ന് അയാൾ അപ്പോഴാണ് ഓർത്തത്.[12]

**മുത്തച്ചന്റെ ചട്ടി : പഠനം**

**കഥാപാത്രങ്ങൾ**

1. മുത്തച്ഛൻ : കുഞ്ചു നമ്പൂതിരി
2. അച്ഛൻ : കുട്ടൻ നമ്പൂതിരി
3. അമ്മ : സാവിത്രി
4. മകൻ : ഉണ്ണിക്കുഞ്ചു

അച്ഛനും മുത്തച്ഛനും അമ്മയും മകനും അടങ്ങുന്ന ഒരു കുടുംബവ്യവസ്ഥയുടെ നേർച്ചിത്രം ഈ കഥയിൽ കാണാം. ഈ കഥയിലെ പ്രശ്നം വാർദ്ധക്യമാണ്. വാർദ്ധക്യത്തെ രണ്ടുതരത്തിൽ സമീപിക്കുന്ന വ്യത്യസ്തമായ രണ്ടു തലമുറകളെ കാണാം.

1. യൗവനം
2. ബാല്യം

ബാല്യം നിഷ്കളങ്കതയോടെ വാർദ്ധക്യത്തെ സ്നേഹത്തിന്റെ തുരുത്തായി കാണുന്നു. മുത്തച്ഛനിൽനിന്നു സ്നേഹം ഏറ്റുവാങ്ങുന്ന കുട്ടി. മുത്തച്ഛൻ സ്നേഹം നൽകുന്ന കുട്ടി. സ്നേഹപരിലാളനകളും അഭയവും വിജ്ഞാനവും (കഥകളിലൂടെ) സ്വാഭാവികമായി ഏറ്റുവാങ്ങുന്ന കുട്ടി തന്നെ പരിഗണിക്കുന്ന, തന്റെ ആവശ്യങ്ങൾ നിറവേറ്റുന്ന മുത്തച്ഛന് സ്നേഹവും പരിഗണനയും തിരിച്ചു നൽകാൻ തിടുക്കം കൂട്ടുന്നു.

തന്റെ അച്ഛന്റെ പരിഗണനയും പരിരക്ഷയും സ്നേഹവും ഏറ്റുവാങ്ങിയ മകനിൽ യൗവനം വരുത്തിയ മനോമാറ്റമാണ് വാർദ്ധക്യത്തെ തന്റെ ജീവിതത്തിന്റെ പ്രശ്നമായി എണ്ണുന്നത്. ഇവിടെ യൗവനം അച്ഛനുമാത്രമല്ല, അമ്മയ്ക്കും പ്രശ്നമാകുന്നു എന്നത് സാവിത്രിയുടെ മുത്തച്ഛനോടുള്ള പെരുമാറ്റത്തിലൂടെ തെളിയുന്നുണ്ട്. യൗവനം വിവേകത്തെ കൈവിട്ടതിന്റെ ചിത്രമാണീ കഥ.

സ്വാർത്ഥത യൗവനകാലത്ത് പിടിമുറക്കുമ്പോൾ സ്വന്തം പിതാവു പോലും പടിക്ക് പുറത്താവണം എന്ന കടുംസ്വാർത്ഥത വർത്തമാന സാമൂഹികജീവിതത്തിലേക്കുള്ള ചൂണ്ടുപലകയാണ്. വൃദ്ധസദനങ്ങൾ പെരുകുന്നു. മാതാപിതാക്കളെ നടതള്ളുന്ന, നായക്കൂട്ടിൽ ചങ്ങലയ്ക്കിടുന്ന സാമൂഹികസാഹചര്യം നിലവിലുണ്ട്. ഈ കൊടിയ വിവേകമില്ലായ്മയെ ചട്ടി വലിച്ചെറിയേണ്ട, അത് അച്ഛനും വാർദ്ധക്യത്തിൽ വേണ്ടിവരും എന്ന വാക്ക് ദീർഘദർശനം ചെയ്യുന്ന നിഷ്കളങ്കനായ കുട്ടിയുടേതാണ്. നിഷ്കളങ്കതയിൽ നിന്നാണ് വെളിപാടുപോലെ സ്നേഹത്തിന്റെ

മണിമുത്തുകൾ അടർന്നുവീഴുന്നതെന്നും അതാണ് യഥാർത്ഥ കുടുംബജീവിതത്തിലേക്കുള്ള വഴികാട്ടിയെന്നും ഈ നാടോടിക്കഥ നമ്മെ ബോധ്യപ്പെടുത്തുന്നു.

അച്ഛനും അമ്മയും (സ്വാർത്ഥത)

മുത്തച്ഛൻ (വിരക്തി)

കുട്ടി (നിഷ്കളങ്കത)

ഈ വികാരതലങ്ങളുടെ സംഘർഷത്തിൽ നിഷ്കളങ്കത കാലാതീതമായ സന്ദേശം പകരുന്നു. എഴുത്തച്ഛൻ പാടിയപോലെ:

''താന്താൻ നിരന്തരം ചെയ്യുന്ന കർമ്മങ്ങൾ

താന്താനനുഭവിച്ചീടുകെന്നേ വരൂ''

ഈ പ്രവചനാത്മകമായ വാക്യം സാർത്ഥകമാക്കുന്നു മുത്തച്ഛന്റെ ചട്ടി എന്ന കഥ.

സന്ദേശം: ''താന്താൻ നിരന്തരം ചെയ്യുന്ന കർമ്മങ്ങൾ താന്താനനുഭവിച്ചീടുകെന്നേവരൂ.''

**3.10.4 കഥ : ഏകാദശി നോറ്റ കാക്ക**

**ഏകാദശി നോറ്റ കാക്ക**

വളരെ മുമ്പ് കേരളത്തിലെ ഒരു ഗ്രാമത്തിൽ രണ്ടു കാക്കകൾ ജീവിച്ചിരുന്നു. ഒരു നല്ല കാക്കയും ഒരു ചീത്ത കാക്കയും. അവരുടെ കൈയിലിരിപ്പുകൊണ്ടാണ് ഒന്നു നല്ലതും മറ്റേത് ചീത്തയുമായത്. ആ പേരുകൾതന്നെയല്ലേ അവർക്കു ചേരുകയെന്ന് ഈ കഥ കേട്ടിട്ട് തീരുമാനിക്കുക.

വലിയ ദൈവവിശ്വാസിയായിരുന്നു നല്ല കാക്ക. പുഴുക്കളെയും പ്രാണികളെയുമൊന്നും തിന്നാതെ, പഴങ്ങളും പച്ചക്കറികളുമൊക്കെ കൊത്തിത്തിന്നാണ് അത് ജീവിച്ചത്. അവിടെ അടുത്തുതന്നെ ഒരു ക്ഷേത്രമുണ്ടായിരുന്നു. എന്നും വെളു

പ്പിനെ അതുണർന്ന്, കുളിച്ച്, അമ്പലത്തിൽ പോയി പ്രാർത്ഥിച്ച് തിരിച്ചെത്തും. അടുത്ത വീട്ടുകാരൊക്കെ നല്ല കാക്കയെ ഇഷ്ടപ്പെട്ടു. കാക്ക അവരുടെ അടുക്കള പ്പുറത്തു വന്ന് 'കാ, കാ' ന്ന് കരഞ്ഞാലുടൻ ചോറും വെള്ളവുമൊക്കെ കൊടു ക്കും. കാക്കയും അവരെ ആവുംവിധമൊക്കെ സഹായിച്ചിരുന്നു. വീടിനു ചുറ്റും കിടക്കുന്ന ചീത്തസാധനങ്ങൾ കൊത്തിമാറ്റി അവിടം വൃത്തിയാക്കുന്നതിലൂടെ യാണ് ഈ പ്രത്യുപകാരം.

മനുഷ്യരെപ്പോലെ തനിക്കും ഏകാദശിനോമ്പു നോൽക്കണമെന്ന് ഒരു നാൾ നല്ല കാക്കയ്ക്ക് ആഗ്രഹം തോന്നി. പിറ്റേന്നു രാവിലെ എഴുന്നേറ്റ്, അമ്പല ത്തിൽപ്പോയി കുളിച്ചുതൊഴുത് അത് കൂട്ടിൽ വന്നിരുന്നു. ഏകാദശിനോമ്പു നോൽക്കുന്നവർ ഒരു വറ്റു ചോറോ ഒരു തുള്ളി വെള്ളമോ കഴിക്കരുതെന്ന് കാക്കയ്ക്ക് അറിയാമായിരുന്നു. പകലു മുഴുവനും അത് ഒന്നും കഴിച്ചില്ല. നോമ്പു നോറ്റ് ശീലമില്ലാത്തതുകൊണ്ട് വേഗം അതിന്റെ തൊണ്ട വരണ്ടു, ദേഹം തളർന്നു. അപ്പോഴെല്ലാം നാമം ചൊല്ലിയിരിക്കുകയാണ് കാക്ക ചെയ്തത്.

സൂര്യനസ്തമിച്ചാൽ നോമ്പുകാലം തീരും. അപ്പോൾ, എന്തെങ്കിലും കഴിച്ചു വേണം നോമ്പു നിർത്താൻ. എന്തെങ്കിലും കിട്ടുമെന്നു കരുതി അത് പറന്നു നട ന്നു. അപ്പോഴാണ് വേലിയിൽ പടർന്നുകിടക്കുന്ന ചെടിയിൽ പഴുത്തു പാകം വന്ന ഒരു മുള്ളുംപഴം നിൽക്കുന്നത് അതിന്റെ കണ്ണിൽപ്പെട്ടത്. അത് സന്തോഷത്തോടെ ആ പഴവും കൊത്തിയെടുത്തു പറന്നു. കുറേ പറന്നപ്പോൾ നേരം ഇരുട്ടിത്തുടങ്ങി. മുള്ളുംപഴം എവിടെയെങ്കിലും ഒരിടത്തു വച്ച് കൊത്തിത്തിന്നാമെന്നു കരുതി ചുറ്റും നോക്കി. അടുത്തുതന്നെ പൊട്ടക്കിണറ്റിലേക്ക് ചാഞ്ഞുനിൽക്കുന്ന ഒരു പൂവൻവാഴ കണ്ട് അത് അങ്ങോട്ടു പറന്നു. വാഴക്കൈയിൽ പഴം വച്ച് അതു കൊത്താൻ ഭാവിച്ചതും കാക്കയുടെയും പഴത്തിന്റെയും ഭാരം താങ്ങാനാവാതെ ആ കൈയൊടിഞ്ഞു! നല്ല കാക്ക ആറ്റുനോറ്റു കൊണ്ടുവന്ന മുള്ളുംപഴം താഴെ പൊട്ടക്കിണറ്റിലെ വെള്ളത്തിൽ 'പ്ലും' എന്ന ശബ്ദത്തോടെ വീഴുകയും ചെയ്തു!

നല്ല കാക്കയ്ക്ക് സങ്കടമായി. സമയത്ത് നോമ്പു വീടിയില്ലെങ്കിൽ അതിനു ഫലമില്ലാതാവും. തൽക്കാലം മറ്റൊരു പഴം കിട്ടാനുമിടയില്ല. കല്ലും മുള്ളുമുള്ള പൊട്ടക്കിണറ്റിലിറങ്ങി മുള്ളുംപഴം തപ്പാൻ തന്നെ അതു തീരുമാനിച്ചു.

നല്ല കാക്ക കിണറ്റിലേക്ക് താണു പറന്നു. അവിടം നിറയെ ഇരുട്ടാണ്. ഒന്നും വ്യക്തമായി കാണാനും വയ്യ. അടിയിലുള്ള ഇത്തിരി വെള്ളത്തിൽ ഒന്നു തപ്പിനോക്കാമെന്നു കരുതി ആ കാക്ക.

കാക്ക ആദ്യം കാലുകൊണ്ടു തപ്പി. അപ്പോൾ കാലിൽ സ്വർണ്ണത്തള കുരുങ്ങി! പിന്നെ, കൊക്കുകൊണ്ടു തപ്പിയപ്പോൾ കൊക്കിലൊരു പൊന്നും മൂക്കുത്തി! കഴുത്തുകൊണ്ടു തപ്പിയപ്പോൾ കനപ്പെട്ട ഒരു സ്വർണ്ണമാല! അര കൊണ്ടു തപ്പിയപ്പോൾ ഒത്തൊരു പൊന്നരഞ്ഞാണവും കിട്ടി! അവസാനം അത് തേടിയെത്തിയ മുള്ളുംപഴവും കണ്ടെത്തി. കിണറ്റിൽ നിന്നു പറന്നു പൊങ്ങി, കിണറ്റുവക്കത്തിരുന്ന് പഴം കൊത്തിത്തിന്ന് നോമ്പു വീടി നല്ല കാക്ക പറന്നുപോയി.

സ്വർണ്ണമാലയും പൊൻമൂക്കുത്തിയും പൊന്നരഞ്ഞാണവും തളയുമിട്ട് പറന്നുനടക്കുന്ന നല്ല കാക്കയെ കണ്ടപ്പോൾ ചീത്ത കാക്കയ്ക്ക് അസൂയ സഹിക്കാനായില്ല. നല്ല കാക്കയ്ക്ക് പെട്ടെന്നെങ്ങനെ ഇത്രയും പൊന്നു കിട്ടിയെന്നാലോചിച്ച് അത് തലപുകച്ചു. ചീത്ത കാക്ക ചങ്ങാത്തം ഭാവിച്ച് നല്ല കാക്കയുടെ അടുത്തെത്തി സ്വകാര്യമായി ചോദിച്ചു:

‘‘ചങ്ങാതീ, ഇത്രയും പൊന്നണിഞ്ഞ നിന്നെക്കാണാൻ എന്തു ഭംഗിയാണ്! ഈ നാട്ടിലൊന്നുമുണ്ടാവില്ല നിന്നെപ്പോലൊരു സുന്ദരിക്കോത. ങ്ഹാ, ഞാനൊന്നു ചോദിക്കട്ടെ, നിനക്കിതൊക്കെ എവിടന്നാണ് കിട്ടിയത്?’’

നല്ല കാക്കയുടെ മനസ്സ് ശുദ്ധമായതുകൊണ്ട് അതൊന്നും മറച്ചുവച്ചില്ല. നടന്നതെല്ലാം തുറന്നു പറഞ്ഞു, ആ കാക്ക.

''ചങ്ങാതീ, ഏകാദശിനോമ്പു നോറ്റു കഴിഞ്ഞപ്പോൾ എനിക്കൊരു മുള്ളും പഴം കിട്ടി. ഞാനതും കൊണ്ട് പൊട്ടക്കിണറ്റിലേക്ക് ചാഞ്ഞുകിടന്ന ഒരു വാഴക്കൈയിൽ ചെന്നിരുന്നു. പെട്ടെന്ന്, വാഴക്കൈയൊടിഞ്ഞ് പഴം താഴെ വീണു. ഞാൻ രണ്ടും കൽപിച്ച് കാലുകൊണ്ടും കൊക്കുകൊണ്ടും കഴുത്തുകൊണ്ടും അരകൊണ്ടും തപ്പി. അപ്പോഴെനിക്ക് തളയും മൂക്കുത്തിയും മാലയും അരഞ്ഞാണവും കിട്ടി!''

ചീത്ത കാക്കയ്ക്ക് അതു കേട്ട് അസൂയ മുഴുത്തു. എങ്കിലും അതു പുറത്തു കാട്ടാതെ ആ കാക്ക ചിരിച്ചുകൊണ്ട് പറന്നുപോയി.

അടുത്ത അമാവാസിനാൾ ചീത്ത കാക്കയും ഏകാദശിനോമ്പു നോറ്റു. അത് രാവിലെ ഉണരുകയോ കുളിച്ച് അമ്പലത്തിൽ പോവുകയോ ചെയ്തില്ല. വിശന്നപ്പോൾ മൂക്കുമുട്ടെ ഇറച്ചി കൊത്തിത്തിന്നു. ദാഹിച്ചപ്പോൾ കുടവയറു ചാടുവോളം വെള്ളവും കുടിച്ചു.

വൈകിട്ട്, മുള്ളുംപഴവും നോക്കി ചീത്തക്കാക്ക കുറേ അലഞ്ഞു. ഒടുവിൽ ഒരെണ്ണം കിട്ടി. ആ കാക്ക അതു കൊത്തി പൊട്ടക്കിണറു നോക്കി പറന്നു. കിണറ്റിന്റെ കരയിൽ നിന്ന പൂവൻവാഴക്കൈയിൽ ചെന്നിരുന്ന് പഴം അവിടെ വച്ചു. എന്നാൽ, ആ വാഴക്കൈ ഒടിയുകയോ മുള്ളുംപഴം താഴെ വീഴുകയോ ഉണ്ടായില്ല. ചീത്ത കാക്കയ്ക്ക് ദേഷ്യം വന്നു. അത് വാഴക്കൈ കൊത്തിയൊടിച്ച് പഴം വെള്ളത്തിൽ വീഴ്ത്തി.

ദേഹം നിറച്ചും പൊന്നാഭരണം കിട്ടാനുള്ള അത്യാഗ്രഹത്തോടെ ചീത്ത കാക്ക കിണറ്റിൽ പറന്നിറങ്ങി. നല്ല കാക്ക ചെയ്തതുപോലെ ആദ്യം കാലുകൊണ്ട് വെള്ളത്തിൽ തപ്പി. അപ്പോൾ സംഭവിച്ചതോ? ഒരു വിഷപ്പാമ്പ് അതിന്റെ കാലിൽ ചുറ്റി! പിന്നെ, കൊക്കുകൊണ്ടു തപ്പി. ആ കൊക്കൊടിഞ്ഞ് ചോരയൊഴുകി! കഴുത്തുകൊണ്ടു തപ്പിയപ്പോൾ കഴുത്തിൽ കാരമുള്ളു തറഞ്ഞു! അരകൊണ്ട് തപ്പിയതും അരയിൽ കുപ്പിച്ചില്ലു തറച്ചുകയറി!

അസഹ്യമായ വേദനകൊണ്ട് ചീത്ത കാക്ക അലറിക്കരഞ്ഞു. അങ്ങനെ, ആരും തിരിഞ്ഞു നോക്കാനില്ലാതെ വേദന തിന്നു ചീത്ത കാക്ക അവിടെത്തന്നെ ചത്തുവീണു!

വേണ്ടാത്ത കാര്യത്തിനു പോയതുകൊണ്ടല്ലേ ചീത്ത കാക്കയ്ക്ക് ഇങ്ങനെ യൊരു ഗതി വന്നത്?[13]

**ഏകാദശി നോറ്റ കാക്ക : പഠനം.**

**കഥാപാത്രങ്ങൾ**

1. ഏകാദശി നോറ്റ നല്ല കാക്ക
2. ഏകാദശി നോറ്റ ചീത്ത കാക്ക

കേരളീയപശ്ചാത്തലത്തിൽ രൂപപ്പെട്ട കഥയാണ് ഏകാദശി നോറ്റ കാക്ക. ഏകാദശി നോൽക്കുക എന്നത് കേരളത്തിൽ വിശിഷ്ടമായ ഒരു ചടങ്ങാണ്. ഒരു നേരം മാത്രം ഭക്ഷണം. അതു തന്നെ അരിഭക്ഷണം അരുത്. നിലത്ത് കിടന്നുറങ്ങ ണം. നാമജപവും ഈശ്വരാരാധനയും മുഖ്യം. കേരളീയത്തനിമയിൽ ചേർത്തു വെച്ച ഈ ചടങ്ങ് കേരളീയന്റെ നിത്യജീവിതവുമായി ബന്ധപ്പെട്ടതാണ്. ഏകാദശി നോറ്റ രണ്ട് കാക്കകളുടെ അനുഭവമാണീ കഥ.

'ഇരട്ട' കളുടെ സാന്നിധ്യം തങ്ങിനിൽക്കുന്ന ഒരു കഥയാണിത്. ഒന്ന് നന്മയെ പ്രതിനിധീകരിക്കുമ്പോൾ മറ്റൊന്ന് തിന്മയുടേതും. നല്ല മനുഷ്യരിൽനിന്നു വ്രതത്തിന്റെ നന്മസ്വീകരിച്ച് സ്വയംവ്രതമെടുക്കുന്നു ഏകാദശി നോറ്റ ഒന്നാമത്തെ നല്ല കാക്ക. മനുഷ്യരുടെ പ്രവൃത്തിയെ സൂക്ഷ്മം നിരീക്ഷിക്കുകയും അതിലെ നന്മ സ്വീകരിക്കുകയും ചെയ്യുന്ന കാക്കയുടെ നിരീക്ഷണപാടവം, സൂക്ഷ്മബുദ്ധി, നന്മയെ സ്വീകരിക്കൽ എല്ലാം അനുകരണീയമാണ്. തന്റെ ലക്ഷ്യത്തെ കുറിച്ചുള്ള അവബോധം, ലക്ഷ്യം നിറവേറ്റുന്നതിൽ അൽപ്പം പോലും വിട്ടുവീഴ്ചയില്ലാത്ത മനോഭാവം - ഇവ രണ്ടും മനസ്സിന്റെ സ്ഥിരതയെ സൂചിപ്പിക്കുന്നു. ലക്ഷ്യനിർവ്വഹ

ണത്തിന്റെ പാതയിൽ വന്നുചേരുന്ന തടസ്സങ്ങളെ പ്രസാദാത്മകമായും ഗുണാത്മക മായും കാക്ക നേരിടുന്നു. ഈ സഗുണമായ മനോവ്യാപാരത്തിലധഷ്ഠിതമായ പ്രവർത്തനം ലക്ഷ്യം കാണുന്നു. അതാകട്ടെ, നേട്ടങ്ങളുടെ നെറുകയിൽ എത്തി നിൽക്കുകയും ചെയ്യുന്നു. എന്നാൽ ഈ നേട്ടങ്ങളൊന്നും കാക്കയിൽ അസൂ സയോ അഹങ്കാരമോ ഉണ്ടാക്കുന്നില്ല.

ലഭിച്ച നേട്ടങ്ങളിൽ അസൂയ തോന്നിയ രണ്ടാമത്തെ കാക്ക വന്ന് കൈവ രിച്ച നേട്ടത്തിന്റെ വഴിചോദിച്ചപ്പോൾ കലവറയില്ലാതെ എല്ലാം പറഞ്ഞു കൊടു ക്കാനും തയ്യാറാവുന്നു. ലക്ഷ്യബോധം, ലക്ഷ്യം കൈവരിക്കാൻ ഉറപ്പോടെ എടുക്കുന്ന തീരുമാനം, കൈവരിച്ചനേട്ടത്തിൽ ആസക്തിയില്ലായ്മ, മറ്റൊരാൾക്ക് നന്മവരട്ടെ എന്നു കരുതി താൻ നേടിയെടുത്ത നന്മയുടെ വഴി പറഞ്ഞുകൊടുക്കു ന്നതിൽ കാട്ടിയ വിശാലമനസ്സ് എല്ലാം ഉത്തമമായ ഒരു മനസ്സിന്റെ ഔന്നത്യത്തെ കാണിക്കുന്നു. പക്വമായ ഈ മാനസികാവസ്ഥ വർത്തമാനസമൂഹത്തിനും വ്യക്തിക്കും മാതൃകയായി സ്വീകരിക്കാവുന്നതാണ്.

ഈ കഥയിലെ രണ്ടാമത്തെ കഥാപാത്രം ഏകാദശിനോറ്റ ചീത്തകാക്കയാ ണ്. തന്റെ വ്രതം നോൽക്കൽതന്നെ അസൂയയിൽ നിന്നാരംഭിച്ചതാണ്. അതു കൊണ്ടുതന്നെ ലക്ഷ്യം നേടണം എന്നല്ലാതെ അതിനു വേണ്ടി നടക്കുന്ന പ്രവർത്തനങ്ങളിൽ ശ്രദ്ധയോ സുതാര്യതയോ കാണിക്കുന്നില്ല. ആത്മാർത്ഥയി ല്ലാത്ത പ്രവർത്തനങ്ങൾ ലക്ഷ്യത്തെ ശിഥിലീകരിക്കുന്നു. മാത്രമല്ല, ആത്മനാശ ത്തിനുവരെ കാരണമാവുന്നു. മറ്റുള്ളവർ കൈവരിച്ച നേട്ടങ്ങൾ സ്വന്തമാക്കാൻ തിടുക്കം കാട്ടുമ്പോൾ മറന്നുപോകുന്നത് കർമ്മശേഷിയിലെ താൽപ്പര്യവും സത്യ സന്ധതയും സുതാര്യതയുമാണ് എന്നാണ്. എല്ലാനേട്ടങ്ങളും തന്നിലേക്ക് എത്തി ക്കാനും സ്വാർത്ഥത പൂർത്തീകരിക്കാനും കപടമാർഗം സ്വീകരിക്കുമ്പോൾ അന്യ മാവുന്നത് നന്മയുടെ വെളിച്ചമാണ്.

നന്മ തിന്മകൾ തമ്മിലുള്ള സംഘർഷം ഈ കഥയിൽ അന്തർലീനമാണ്. തിന്മ ആത്മനാശത്തിലേക്കുള്ള വഴിയാണ് എന്ന് ഈ കഥ ബോധ്യപ്പെടുത്തുന്നു. ലക്ഷ്യബോധം, ചിട്ടയായ പ്രവർത്തനങ്ങൾ, മുന്നൊരുക്കങ്ങൾ, വിശ്വാസങ്ങൾ, ഗുണാത്മകമായ ചിന്ത, പക്വത, ആത്മാർത്ഥത, അഹങ്കാരമില്ലായ്മ എന്നിവ ജീവിതത്തിലെ നന്മയുടെ പടവുകളാണെന്ന് ഈ കഥ പറയാതെ പറയുന്നു.

ഈ കഥയിലെ രണ്ട് കഥാപാത്രങ്ങളിലും മനുഷ്യഭാവങ്ങൾ തെളിഞ്ഞു കാണാം. കഥാപാത്രങ്ങൾ പക്ഷികളാണെങ്കിലും അവരുടെ പ്രവർത്തനങ്ങൾ മനുഷ്യരുടേതാണ്. നിത്യജീവിതം നൽകുന്ന പാഠങ്ങൾ പക്ഷികളെ കഥാപാത്രമാക്കി പറഞ്ഞുവയ്ക്കുകയാണിവിടെ. അബോധതലത്തിൽ വ്യക്തിജീവിതത്തിൽ നേരിടുന്ന നന്മതിന്മകൾ തമ്മിലുള്ള സംഘർഷത്തെ നന്മയുടെ വിജയത്തിലവസാനിപ്പിച്ചുകൊണ്ട് അബോധതലത്തിലെ തിരയിളക്കങ്ങൾക്ക് പരിഹാരം തേടുകയാണീ കഥ. ആ അർത്ഥത്തിൽ മനശ്ശാസ്ത്രവിശകലന സാധ്യതയും ഈ കഥ തരുന്നു. വ്യക്തിയും സമൂഹവും സ്വീകരിക്കേണ്ട ജീവിതയാഥാർത്ഥ്യങ്ങളെ ലളിതസുന്ദരമായി ആവിഷ്കരിച്ചുകൊണ്ട് മികച്ച ഒരു സംസ്കാരത്തിലേക്ക് വ്യക്തിയെയും സമൂഹത്തെയും ഒരുക്കുക എന്ന സാമൂഹികധർമ്മം ഈ കഥ ഏറ്റെടുക്കുന്നുണ്ട്.

- ലക്ഷ്യം കൃത്യമാവണം.
- ലക്ഷ്യത്തിലേക്കുള്ള മാർഗ്ഗം പവിത്രമാവണം.
- അഹങ്കാരം, അക്ഷമ, സ്വാർത്ഥത എന്നിവ വഴി ആത്മനാശത്തിലേക്കുള്ള വഴിതെളിയും.
- കഠിനമായ പ്രവൃത്തിയാണ് ജീവിതവിജയത്തിന്റെ അടിപ്പടവ്.[16]

**3.10.5 കഥ : നിധികിട്ടുമ്പോൾ**

പണ്ടു പണ്ട് രണ്ട് ചെറുപ്പക്കാർ വഴിയാത്രയ്ക്കിറങ്ങി. ഏറെ ദൂരം നടന്നപ്പോൾ വഴിവക്കിൽ ഒരു കുഴിയിൽ നിധിയിരിക്കുന്നതായി ഒരുവൻ കണ്ടു. കണ്ടമാ

ത്രയിൽത്തന്നെ അയാൾ അത് ഓടിച്ചെന്നെടുത്തു. കൂടെ വന്നവൻ ഓടി അടുത്തെത്തി. അതെന്താണെന്നന്വേഷിച്ചപ്പോൾ അവൻ പറഞ്ഞു: ''എനിക്കൊരു നിധി കിട്ടി. ഇത് എന്റേതുമാത്രമാണ്.'' അപരൻ പറഞ്ഞു: ''സഹോദരാ, നമ്മൾ ഒരു വഴിക്ക് ഒരുമിച്ചിറങ്ങുമ്പോൾ ആർക്കെന്തു കിട്ടിയാലും അതു നമ്മുടേതാണെന്നല്ലേ പറഞ്ഞത്.'' ഇതു കേട്ട് നിധികിട്ടിയവൻ പറഞ്ഞു: ''അതുവേണ്ട, ഇത് എനിക്ക് കിട്ടിയതാണ്. ഇതിന്റെ ഉള്ളിലുള്ളത് ഗുണമായാലും ദോഷമായാലും ഞാൻ മാത്രം സഹിച്ചുകൊള്ളാം.''

അവർ നിധിയെച്ചൊല്ലി വഴക്കിട്ട് വീണ്ടും നടന്നു. കുറേദൂരം ചെന്നപ്പോൾ കുതിരപ്പുറത്ത് ഒരു കൊള്ളക്കാരൻ വരുന്നു. അയാൾ കുതിരപ്പുറത്തുനിന്ന് താഴെയിറങ്ങി. ചെറുപ്പക്കാർ രണ്ടുപേരും ഭയന്നുവിറച്ചു. നിധി കൈയിലിരുന്നവൻ അത് താഴെയിട്ട് തൊഴുതു നിന്നു. കൊള്ളക്കാരൻ ചോദിച്ചു: ''ഇതെന്താടാ''?

''വഴിയിൽ നിന്ന് കിട്ടിയ നിധിയാണ്.''

''ഇതാർക്കുള്ളതാ'' - കൊള്ളക്കാരൻ വീണ്ടും ചോദിച്ചു.

''ഇതു നമുക്കുള്ളതു തന്നെ.''

അപ്പോൾ നിധികിട്ടാത്ത ചെറുപ്പക്കാരൻ പറഞ്ഞു:

''ഇത്രയും നേരം ഈ നിധി നിന്റേതുമാത്രമായിരുന്നു. എന്നല്ലേ നീ പറഞ്ഞത്. ഗുണമായാലും ദോഷമായാലും  നീ അനുഭവിച്ചുകൊള്ളാമെന്നല്ലേ നീ പറഞ്ഞത്.  നിന്റേതെന്ന് പറഞ്ഞാൽ മതി''.

''ഞാൻ മരച്ചുവട്ടിൽ വെച്ചുപോയ നിധി നീയെടുത്തു. കൊള്ളക്കാരനായ എന്നെ നീ കൊള്ളയടിക്കാൻ ശ്രമിച്ചു.''

അവൻ തനിക്കു പറ്റിയ അക്കിടിയോർത്ത് ഭയന്നു നിന്നു.

നിധിയെടുത്തവനെ കൊല്ലാൻവേണ്ടി കുതിരപ്പുറത്തു കയറ്റി അയാൾ കടന്നുപോയി. അപരൻ രക്ഷപ്പെട്ടു.[14]

**നിധി കിട്ടുമ്പോൾ : പഠനം**

**കഥാപാത്രങ്ങൾ**

1. രണ്ടു ചെറുപ്പക്കാർ
2. കൊള്ളക്കാരൻ

ഇരട്ടകളുടെ സാന്നിധ്യം ഉറപ്പിക്കുന്ന കഥയാണ് 'നിധികിട്ടുമ്പോൾ'. രണ്ടു പേർ ചേർന്നുള്ള യാത്രയും അവരുടെ പ്രവർത്തനങ്ങളും നിധികിട്ടുന്ന സന്ദർഭവും ചേർന്ന് കേരളീയ നാടോടിക്കഥകളുടെ ആഖ്യാനപരമായ സവിശേഷത പൂർണ്ണ മായും ഈ കഥ വെളിപ്പെടുത്തുന്നു. രണ്ട് ചെറുപ്പക്കാർ ഒരുമിച്ച് യാത്ര പുറപ്പെടു ന്നതിനു മുമ്പുതന്നെ തങ്ങൾ എടുത്ത തീരുമാനം യാത്രയിൽ എന്തുകിട്ടിയാലും അത് നമുക്കുള്ളതാണ് എന്ന വാഗ്ദാനമാണ്. ഈ വാഗ്ദാനം ലംഘിക്കപ്പെടു മ്പോൾ വന്നുചേരുന്ന ആത്മനാശവും തുടർന്ന് സത്യസന്ധതയുടെ വിജയവും ഈ കഥ മുന്നോട്ടുവയ്ക്കുന്നു.

ഒന്നുമില്ലാത്ത അവസ്ഥയിൽ ഇരുവരും മാനസികമായ ഒരേ തലം കാത്തു സൂക്ഷിക്കുന്നു. ഈ പശ്ചാത്തലത്തിലാണ് സ്നേഹത്തോടെ, പരസ്പരവിശ്വാസ ത്തോടെ എന്തുകിട്ടിയാലും നമുക്കുള്ളത് എന്ന തീരുമാനമെടുത്തത്. ഈ ബഹുവ ചനപ്രയോഗം (വാഗ്ദാനം) ഒരുമയുള്ള മനസ്സിന്റെ ചേർച്ചയാണ്. എല്ലാ ഇല്ലായ്മ യിലും മനുഷ്യമനസ്സ് ഒരുമയുടെ വഴിതേടും എന്ന മനസ്സിന്റെ പൊതുനിലപാടാ ണിവിടെ തെളിയുന്നത്. എന്നാൽ നിധികിട്ടുമ്പോൾ ഒരാൾ ഇല്ലായ്മയിൽ നിന്ന് എന്തൊക്കെയോ ഉള്ള അവസ്ഥയിലെത്തുന്നു. അവിടെ ഒരുമയുള്ള മനസ്സ് ശിഥില മാവുന്നു. സ്വാർത്ഥത കത്തിനിൽക്കുകയും നിസ്വാർത്ഥത പടികടക്കുകയും ചെയ്യു ന്നു. സമൂഹത്തിന്റെ പൊതുവായ മാനസിക തലം ഇവിടെ തെളിയുന്നു. അകം തെളിയാതെ അകത്ത് ഇരുട്ട്കയറുന്ന അവസ്ഥ അറിയാതെ കൈവന്ന നിധിയി ലൂടെ സംജാതമാകുന്നു.

കൊള്ളക്കാരന്റെ മുതൽ കവർന്നെടുത്ത് കൊള്ളക്കാരനെ കവർന്ന നിപുണനായ കള്ളൻ എന്ന ഖ്യാതി നിധി തന്റേതെന്ന് ധിക്കാരം പറഞ്ഞ കഥാപാത്രത്തിന് കൈവരുന്നു. ഈ ഘട്ടത്തിൽ നിധി ആരുടേത് - അത് നമ്മുടേത് എന്ന വാക്ക് അദ്ദേഹത്തിൽ നിന്നും പുറപ്പെടുന്നു. ആപത്തിൽ ആശ്രയത്തിന് കേഴുന്ന മനസ്സിന്റെ തേടലാണത്. ചോദ്യത്തിന് മറുചോദ്യം നൽകിക്കൊണ്ട് ''നിധി നിന്റേതെന്ന് പറഞ്ഞാൽ മതി'' എന്നു പ്രതികരിക്കുന്ന രണ്ടാമൻ വാഗ്ദാനലംഘനത്തിനും വിശ്വാസവഞ്ചനയ്ക്കും കനത്ത മറുപടി നൽകുന്നു. ഈ സമയത്ത് തനിക്ക് പറ്റിയ അക്കിടിയോർത്ത് അകം തെളിയുന്ന ഒന്നാമനെ കുതിരപ്പുറത്ത് കയറ്റി കൊണ്ടുപോകുന്ന കൊള്ളക്കാരൻ തന്നെ അനീതിക്കെതിരെ ശിക്ഷ നടപ്പാക്കുന്നു. രണ്ടാമന്റെ രക്ഷപ്പെടൽ കഥയുടെ അന്ത്യമാവുന്നു. അതായത് ആത്മാർത്ഥതയും വിശ്വാസ്യതയും സത്യസന്ധതയും വിജയിക്കുകയാണിവിടെ. കുഞ്ചൻനമ്പ്യാർ പറയുംപോലെ,

> ''കനകംമൂലം കാമിനി മൂലം
> കലഹം പലവിധമുലകിൽ സുലഭം''

എന്ന വരികൾ നിർമ്മിച്ചതിന്റെ പിന്നിലെ മനോവൃത്തി കേരളീയസാമൂഹികമനസ്സിലെ ഈ പൊതുനിലപാടാവണം. ഇന്നും തെക്കൻ തിരുവിതാംകൂറിൽ ഭാഗ്യമുണ്ടാകുമ്പോൾ ഒറ്റയ്ക്കനുഭവിക്കല്ലേ എന്നർത്ഥം വരുന്ന 'എന്നും നമ്മുടേതെന്നു തന്നെ പറയേണ്ട' എന്ന ചൊല്ലിന്റെ ഉറവിടവും ഇത്തരം നാടോടിക്കഥകളാണ്. പ്രാചീന കവിത്രയത്തിലെ കുഞ്ചൻനമ്പ്യാരുടെ കവിതയിലും തെക്കൻ തിരുവിതാംകൂറിലെ ചൊല്ലിലും നാടോടിക്കഥയുടെ സാരാംശം നിറയുന്നുണ്ട്. കഥകൾ തലമുറയിൽനിന്നു തലമുറകൾ കടന്ന് ഭാവരൂപമാറ്റത്തോടെ നമ്മുടെ പൊതുബോധത്തെ നൈതികതയുടെ പക്ഷത്തേക്ക് ചേർത്തുനിർത്തുന്നതിൽ എന്നും വിജയിക്കുന്നതായി കാണാം.

**സന്ദേശം**

ഏത് തിന്മയിലും നന്മയുടെ ആത്യന്തികവിജയം ഉറപ്പാണ്.

**3.10.6 നാടോടിക്കഥ : ആനയും തുന്നൽക്കാരനും**

'ചക്കിക്കൊത്തൊരു ചങ്കരൻ' എന്നു പറയാറില്ലേ. അതുപോലൊരു പാപ്പാനാണ് ആനയ്ക്കുണ്ടായിരുന്നത്. ഊണിലും ഉറക്കത്തിലും ആനയും പാപ്പാനും ഒരുമിച്ചുതന്നെയുണ്ടാവും. ആനയുടെ വയറു കായുന്നതോ കണ്ണ് നിറയുന്നതോ പാപ്പാന് സഹിക്കില്ല. ആനയ്ക്ക് കൊടുത്തിട്ടല്ലാതെ അയാൾ യാതൊന്നും കഴിക്കുകയുമില്ല. അതുപോലെ, ആനയെക്കൊണ്ട് കണക്കിലധികം ജോലി ചെയ്യിക്കാൻ അയാൾ അനുവദിക്കാറില്ല. എഴുന്നള്ളത്തു കഴിഞ്ഞാൽ നല്ല ഭക്ഷണവും ആവശ്യത്തിനു വിശ്രമവും ആനയ്ക്കു കിട്ടിയെന്ന് ഉറപ്പുവരുത്തിയിട്ടേ വീണ്ടും തിടമ്പേറ്റാൻ അനുവദിക്കൂ.

ആ കൊമ്പനാനയെ ഗ്രാമീണർക്കും വലിയ കാര്യമായിരുന്നു. അവന്റെ കളിയും കുളിയും കാണാൻ അവർ തടിച്ചുകൂടും. എഴുന്നള്ളത്തിന്റെ നേരത്ത് അവർ അവനെ കണ്ണിമയ്ക്കാതെ നോക്കിനിൽക്കും. തടിപിടിക്കുമ്പോഴുമുണ്ടാകും ആബാലവൃദ്ധം ജനങ്ങളുടെയൊരു പട!

ആനയെ കുളിപ്പിക്കാനായി കൊണ്ടുപോകുക അടുത്തുതന്നെയുള്ള പുഴയിലേക്കാണ്. നടുക്ക് നാലാൾക്കൊപ്പം വെള്ളമുള്ള പുഴയെന്നാണ് പഴമക്കാർ പറയുക. അത്രയ്ക്കൊന്നും ഉണ്ടാവില്ലെങ്കിലും നിലയില്ലെന്നതിൽ തർക്കമില്ല. ചുവന്ന ഈരിഴത്തോർത്തു ചുറ്റി, തോളിലൊരു മുണ്ടിട്ട് പാപ്പാൻ ആനയെയും കൊണ്ട് പുഴക്കരയിലെത്തും. വടിയോ തോട്ടിയോ മറ്റേതെങ്കിലും ആയുധങ്ങളോ പാപ്പാന്റെ കൈയിലുണ്ടാവില്ല. അതുപോലെ, ആനയുടെ കാലുകളിൽ ചങ്ങല ബന്ധിച്ചിട്ടുണ്ടാവില്ല. ചൊൽപ്പടിക്കു നിൽക്കുന്ന, അനുസരണയും സ്നേഹവുമുള്ള ആനയെ നിയന്ത്രിക്കാൻ ഇതൊന്നും ആവശ്യമില്ലല്ലോ?

പാപ്പാൻ തോളിലെ മുണ്ടഴിച്ച് പുഴക്കരയിൽ വയ്ക്കുമ്പോഴേ ആനയ്ക്ക് കാര്യം മനസ്സിലാവും. അവൻ പുഴയിലേക്കിറങ്ങി അധികം ആഴമില്ലാത്ത ഭാഗത്ത് ചരിഞ്ഞുകിടക്കും. അപ്പോഴേക്ക് പുഴയോരം ആളുകളെക്കൊണ്ടു നിറഞ്ഞിട്ടുണ്ടാവും. തന്റെ കളികൾ കാണാനെത്തിയതാണ് അവരെന്ന് ആനയ്ക്ക് നന്നായറിയാം. അതുകൊണ്ടുതന്നെ, അവരെ പരമാവധി രസിപ്പിക്കാൻ അവൻ ശ്രമിക്കും. തുമ്പിക്കൈകൊണ്ട് ജലപ്പരപ്പിൽ ശക്തിയായി അടിച്ചും തുമ്പിക്കൈ നിറയെ വെള്ളമെടുത്ത് ദേഹത്ത് ചീറ്റിച്ചുമൊക്കെയാണ് അവന്റെ കളികൾ. പാപ്പാൻ അവന്റെ കാലിൽ ചവിട്ടിനിന്നും പുറത്തുകയറിയിരുന്നുമൊക്കെ ചകിരികൊണ്ട് ദേഹം ഉരച്ചുവൃത്തിയാക്കും. അതിനോടവൻ സഹകരിക്കുകയും ചെയ്യും. അനുസരണയുള്ള കുട്ടിയെപ്പോലെ അവൻ ചരിഞ്ഞും തിരിഞ്ഞുമൊക്കെ കിടന്നുകൊടുക്കുന്നതു കാണാൻ ഒരു പ്രത്യേക രസമാണ്. കുളി കഴിഞ്ഞ് അവൻ കരയ്ക്കു കയറിയാലും മതിയാവാതെ നാട്ടുകാർ ആർപ്പുവിളികളോടെ പിറകേ കൂടും. അതിലൊന്നും ആനയ്ക്കോ പാപ്പാനോ പരാതിയില്ല. ഒരേയൊരു നിബന്ധന മാത്രമേ പാപ്പാനുള്ളൂ - ആനയുടെ ദേഹത്ത് തൊട്ടുള്ള കളി മാത്രം വേണ്ട! ഈ നിബന്ധന ആരെങ്കിലും തെറ്റിച്ചാൽ സ്വതവേ ശാന്തശീലനായ പാപ്പാന്റെ ഭാവം പെട്ടെന്നു മാറും.

ഒരു കവലയിലൂടെയാണ് പാപ്പാൻ ആനയെയും കൊണ്ട് പുഴക്കരയിലേക്കു പോവുക. ആനയുടെ കഴുത്തിൽ കെട്ടിയിരിക്കുന്ന ഓട്ടുമണിയുടെ 'ണിം ണിം' ശബ്ദം ദൂരെ നിന്നേ കേൾക്കാം. നാട്ടുകാർക്കും കവലയിലെ കച്ചവടക്കാർക്കുമെല്ലാം അവനെ നല്ല പരിചയമാണ്. വഴിവക്കിൽത്തന്നെ ഒരു തയ്യൽക്കടയുണ്ട്. തയ്യൽയന്ത്രം വരാന്തയിലേക്ക് ഇറക്കിവച്ച്, ചക്രം തിരിച്ച് വസ്ത്രങ്ങൾ തുന്നിക്കൊണ്ടിരിക്കുന്ന തുന്നൽക്കാരന് ആനയെ വലിയ ഇഷ്ടമായിരുന്നു. ആനയ്ക്കും പ്രത്യേകിച്ചൊരു ഇഷ്ടക്കൂടുതൽ അയാളോട് തോന്നി. അതിനുമുണ്ട് കാരണം. ഓരോ ദിവസവും ആന ആ വഴി കടന്നുപോകുമ്പോൾ തുന്നൽക്കാരൻ അവനു

വേണ്ടി എന്തെങ്കിലുമൊക്കെ കരുതിവയ്ക്കും. ഒരു മുറി തേങ്ങയോ ഒരു പടല പൂവൻപഴമോ ഒരു ശർക്കരയുണ്ടയോ... അങ്ങനെ പലതും.

ആന നടന്നുവന്ന് തുന്നൽക്കാരനു മുന്നിൽ തിരിഞ്ഞു നിൽക്കും. മറ്റാരുടെ മുന്നിലും കൈനീട്ടാത്ത ആന പക്ഷേ, അയാൾക്കു മുന്നിൽ മാത്രം തുമ്പിക്കൈ നീട്ടിക്കാണിക്കും. പിന്നെ, തന്റെ സാന്നിധ്യമറിയിക്കാനെന്ന വണ്ണം ചെറുതായി ഒന്നമറും. തുന്നൽക്കാരൻ യന്ത്രത്തിന്റെ പിറകിൽ നിന്നു പൊതിയെടുത്ത് അവന്റെ തുമ്പിക്കൈയിൽ വച്ചുകൊടുക്കും. അതു തിന്ന് മടങ്ങും മുമ്പേ ഒരു നന്ദിപ്രകടന വുമുണ്ട്. തുമ്പിക്കൈ പൊന്തിച്ച് തുന്നൽക്കാരനെ വണങ്ങി അവൻ മുന്നോട്ടു നട ക്കും. അതു നോക്കിനിൽക്കേ, തുന്നൽക്കാരന്റെ മുഖത്തും സംതൃപ്തിയുടെ പുഞ്ചിരി തെളിയും. കുളി കഴിഞ്ഞു മടങ്ങിപ്പോകുമ്പോഴും ആ കടയിലേക്ക് നോക്കി ഒന്നു വണങ്ങാൻ ആന മറക്കാറില്ല. തുന്നൽക്കാരനും ആനയുമായുള്ള ഈ ബന്ധം പാപ്പാനെയും സന്തോഷിപ്പിച്ചു.

ക്രമേണ ഇതൊരു പതിവായി. ദിവസവും തുന്നൽക്കാരന്റെ വക സമ്മാനം ആനയ്ക്ക് കിട്ടിക്കൊണ്ടിരുന്നു. കടയുടെ മുന്നിലെത്തി തുമ്പിക്കൈ നീട്ടിയാൽ അയാളൊരിക്കലും അവനെ വെറുംകൈയോടെ തിരിച്ചയയ്ക്കാൻ തയ്യാറായില്ല. എന്നാൽ, ഇങ്ങനെ കുറേനാൾ കഴിഞ്ഞപ്പോൾ തുന്നൽക്കാരന് ആനയോടുള്ള പ്രിയത്തിൽ നേരിയ കുറവുവന്നു. തന്റെ ദാനശീലത്തെ ആന ചൂഷണം ചെയ്യുക യല്ലേ എന്ന് അയാൾ സംശയിച്ചു. തുന്നിക്കിട്ടുന്ന തുച്ഛമായ വരുമാനംകൊണ്ട് കുടുംബം പുലർത്തുന്ന താനെന്തിന് ദിവസേന ആനയ്ക്ക് ഓരോന്നു തിന്നാൻ കൊടുക്കണം? ആനയ്ക്ക് തീറ്റ കൊടുക്കുന്നതിന് പകരമായി പാപ്പാൻ തനിക്കെ ന്തെങ്കിലും പ്രതിഫലം തരുന്നുണ്ടോ? ഇതിങ്ങനെ തുടർന്നാൽ ശരിയാവില്ല. തന്റെ അനിഷ്ടം ആനയെയും പാപ്പാനെയും അറിയിച്ചിട്ടുതന്നെ കാര്യം, തുന്നൽക്കാരൻ മനസ്സിലുറപ്പിച്ചു.

പിറ്റേന്നും പതിവുപോലെ പാപ്പാൻ ആനയെയും കൊണ്ട് പുഴക്കരയിലേക്കു പുറപ്പെട്ടു. അന്ന് പതിവിലധികം വിശപ്പുണ്ടായിരുന്നു ആനയ്ക്ക്. അവർ നടന്ന് കവലയിലെത്തി. തുന്നൽക്കാരൻ പതിവുസ്ഥാനത്തു തന്നെയിരുന്ന് യന്ത്രം ചവിട്ടി തുണി തുന്നുന്നുണ്ടായിരുന്നു. ആനയുടെ മണികിലുക്കം കേൾക്കുമ്പോൾത്തന്നെ തലയുയർത്തി നോക്കി പുഞ്ചിരിക്കാറുള്ളതാണയാൾ. എന്നാലന്ന് അയാൾ ആനയെ കണ്ട ഭാവംപോലും നടിച്ചില്ല! അയാൾ കുനിഞ്ഞിരുന്ന് തുന്നിക്കൊണ്ടിരുന്നു. ഇത് ആനയെയും പാപ്പാനെയും തെല്ലമ്പരപ്പിച്ചു. ജോലിത്തിരക്കിനിടയിൽ തന്റെ സാന്നിധ്യം അറിയാതെപോയതാവുമെന്നു കരുതി ആന അയാൾക്കുനേരെ തുമ്പിക്കൈ നീട്ടി അമറി. എന്നിട്ടുമില്ല, അയാൾക്ക് യാതൊരു ഭാവഭേദവും. ആനയ്ക്ക് സങ്കടം വന്നു. അപ്പോൾ, തുന്നൽക്കാരൻ തലയൊന്നുയർത്തി. അയാളുടെ മുഖത്ത് പ്രകടമായ അനിഷ്ടഭാവം അവൻ കണ്ടു. എന്തോ ചില്ലറ സൗന്ദര്യപ്പിണക്കമാവാം അയാൾക്ക് തന്നോടെന്നു കരുതി അവൻ വീണ്ടും തുമ്പിക്കൈകൊണ്ട് അയാളുടെ ദേഹത്ത് തലോടി. അത് തീരെ ഇഷ്ടപ്പെടാത്ത ഭാവത്തിൽ അയാൾ തുമ്പിക്കൈ തട്ടിമാറ്റി. ആനയാകട്ടെ, വിഷമത്തോടെ വീണ്ടും തുമ്പിക്കൈ നീട്ടി. അയാൾക്ക് കലശലായ ദേഷ്യം വന്നു. തയ്ക്കുന്ന സൂചിയെടുത്ത് അയാൾ ആനയുടെ തുമ്പിക്കൈയിൽ ആഞ്ഞൊരു കുത്ത്! ആനയ്ക്ക് നന്നായി വേദനിച്ചു. സൂചി തറച്ചുകയറിയ ഭാഗത്തു നിന്നു ചോര പൊടിഞ്ഞു. കഠിനമായ വേദനമൂലം ആനയുടെ കണ്ണുകൾ നിറഞ്ഞൊഴുകി. എന്നിട്ടും, ആനയ്ക്ക് അയാളോട് ദേഷ്യമല്ല, സങ്കടമാണ് തോന്നിയത്. ആ രംഗം കണ്ട് പാപ്പാന്റെ മനസ്സും വേദനിച്ചു. പാപ്പാൻ അവനെ സമാധാനിപ്പിച്ച് അവിടെനിന്നു കൂട്ടിക്കൊണ്ടുപോയി. അപ്പോഴും അവന്റെ കണ്ണുകൾ നനഞ്ഞുതന്നെയിരുന്നു.

പുഴക്കരയിലെത്തുവോളം ആന കരഞ്ഞുനടന്നു. വെള്ളത്തിലിറങ്ങിയിട്ടും അവന് പതിവുള്ള ഉത്സാഹം തോന്നിയില്ല. ഒരുവിധത്തിൽ കുളിച്ചെന്നു വരുത്തി അവൻ കരയ്ക്കു കയറി. മടങ്ങിപ്പോകുംമുമ്പ് പുഴയിൽ നിന്ന് തുമ്പിക്കൈ നിറയെ വെള്ളം വലിച്ചെടുക്കാൻ അവൻ മറന്നില്ല. അത് പാപ്പാൻ കണ്ടതുമില്ല.

അവർ നടന്ന് കവലയിലെത്തി. തുന്നൽക്കാരൻ അപ്പോഴും വരാന്തയിലിരുന്ന് തുന്നുകയായിരുന്നു. കടയ്ക്കുമുന്നിലെത്തിയതും ആന പെട്ടെന്നു തിരിഞ്ഞു നിന്നു. ഇവനിതെന്തിനുള്ള ഭാവമാണെന്ന് പാപ്പാൻ ചിന്തിച്ചു നിൽക്കേ ആന തുമ്പിക്കൈയിലെ വെള്ളം മുഴുവനും കടയിലേക്കു 'ഭ്ഫൂ' എന്ന് ഒരൊറ്റച്ചീറ്റൽ! കൈവണ്ണത്തിൽ പതിച്ച വെള്ളത്തിൽ തുന്നൽക്കാരൻ ഒന്നാകെ നനഞ്ഞു കുളിച്ചു. മാത്രമല്ല, അയാളുടെ കടയിലെ പുത്തൻ തുണി മുഴുവൻ നനഞ്ഞും പോയി. അയാളങ്ങനെ വാ പൊളിച്ചു നിന്നപ്പോൾ ആന ഒന്നും നടന്നിട്ടില്ലാത്ത ഭാവത്തിൽ ചെവിയാട്ടി, മണികിലുക്കി മുന്നോട്ടു നടന്നു.[15]

**ആനയും തുന്നൽക്കാരനും : പഠനം**

**കഥാപാത്രങ്ങൾ**

1. ആന
2. ആനപാപ്പാൻ
3. തുന്നൽക്കാരൻ

മനുഷ്യനും മൃഗവും കഥാപാത്രമാവുന്ന നാടോടിക്കഥയാണ് 'ആനയും തുന്നൽക്കാരനും'. മനുഷ്യരും മൃഗങ്ങളും തമ്മിലുള്ള സ്നേഹത്തിന്റെ ആഴങ്ങൾ വ്യക്തമാകുമ്പോൾ തന്നെ വിശുദ്ധമായ സ്നേഹബന്ധങ്ങളിൽ വന്നുപോകുന്ന പിഴവുകൾ കടുത്ത വിദ്വേഷത്തിലേക്ക് വഴിതുറക്കുന്നതിനും ഈ കഥ സാക്ഷ്യം വഹിക്കുന്നു.

ആന, പാപ്പാൻ, തുന്നൽക്കാരൻ എന്നീ കഥാപാത്രങ്ങൾ ഈ കഥയിൽ കാണാം. മൂന്ന് കഥാപാത്രങ്ങളിലും ഒന്നാംഘട്ടത്തിൽ തെളിമയുള്ള സ്നേഹമാണ് കാണാൻ കഴിയുന്നത്. ആനയെ തന്നോളം സ്നേഹിക്കുന്ന പാപ്പാൻ. പാപ്പാനെ അതേ അളവിൽ സ്നേഹിക്കുന്ന ആന. സഹായം, സഹകരണം, വിട്ടുവീഴ്ചയും വിവേകവും ഒത്തുചേർന്ന സ്നേഹബന്ധം. കറകളഞ്ഞ ഈ സ്നേഹബന്ധത്തിൽ

സ്വാർത്ഥതയുടെ നിഴൽ വീഴുന്നില്ല. ആന മൃഗമാണെങ്കിലും മനുഷ്യരുടെ മനോവി കാരം, വിചാരങ്ങൾ കാത്തുസൂക്ഷിക്കുന്നുണ്ട്. അളവറ്റ സ്നേഹം പങ്കുവെയ്ക്കുന്ന രണ്ട് മനുഷ്യരെപ്പോലെയാണ് പാപ്പാനും, ആനയും. നാടിനും, നാട്ടുകാർക്കും ആനയോടും പാപ്പാനോടും സ്നേഹമാണ്. വ്യക്തിപരമായ സ്നേഹത്തിന്റെ പരി ശുദ്ധി സമൂഹത്തിലേക്ക് പടർന്നു കാണുന്നതിന് ഉദാഹരണമാണ് ഈ സ്നേഹം. സദാചാരിയായ പാപ്പാൻ, നാട്ടുകാരെ സന്തോഷിപ്പിക്കാനും സ്വയം ആനന്ദി ക്കാനും ഇടവും സമയവും കണ്ടെത്തുന്ന ആന. അങ്ങനെ സ്നേഹവസന്തം തീർക്കുന്ന മനുഷ്യ-മൃഗ ബന്ധം.

ആനയോട് കൗതുകവും ബഹുമാനവും വളർന്ന് ആനയിൽ നിന്നും സ്നേഹം പിടിച്ചുപറ്റിയ മറ്റൊരു കഥാപാത്രമാണ് തുന്നൽക്കാരൻ. തന്റെ സ്നേഹം അഥവാ തന്റെ ദാനശീലം ആനയും ആനക്കാരനും ചൂഷണം ചെയ്യുക യാണെന്ന ചിന്ത അയാളെ അസ്വസ്ഥനാക്കുന്നു. സ്നേഹത്തിനു പ്രതിഫലം ഇച്ഛി ക്കാതെ ചെയ്യുന്ന കർമ്മങ്ങളിൽ നിന്ന് അയാളുടെ കൈകളെ പിൻവലിക്കുന്നു. അതുവരെ ഉണ്ടായിരുന്ന മനസ്സമാധാനം തകർന്ന് തന്നിലേക്ക് ഒതുങ്ങുന്ന അദ്ദേഹ ത്തിന്റെ മനസ്സറിയാതെ തുന്നൽക്കാരനെ കാത്തുനിന്ന ആനയുടെ തുമ്പിക്കൈ കൾക്ക് സൂചികൊണ്ടുള്ള കുത്തേൽക്കുമ്പോൾ അത് ശരീരത്തിനല്ല, ആനയുടെ മനസ്സിനാണ് മുറിവേൽപ്പിച്ചത്. ഇവിടെ തിരിച്ചുകിട്ടാൻ വേണ്ടി മാത്രം സ്നേഹം നൽകുന്നതിന്റെ അപകടം സ്നേഹിതർക്കിടയിൽ മാനസികാസ്വസ്ഥത ഉണ്ടാകു ന്നു. ആ അസ്വസ്ഥത തുന്നൽക്കാരനിൽ സൂചി ഉപയോഗിച്ചുകൊണ്ടുള്ള കോപ ത്തിലേക്കു നയിക്കുമ്പോൾ തന്നെ വേദനിപ്പിച്ച തുന്നൽക്കാരനെ അടിമുടി നനച്ച് ആന തന്റെ കോപത്തെ ആനപ്പകയുടെ വലിയ തലത്തിൽ എത്തിക്കുന്നു. സ്നേഹനാശം വിതയ്ക്കുന്ന അപകടങ്ങളെ ഈ കഥ ചർച്ചയ്ക്കിടുന്നു.

ശക്തിയുടെയും വലുപ്പത്തിന്റെയും പ്രതീകമാണ് ആന. ശക്തിയുടെയും വലുപ്പത്തിന്റെയും മാന്ത്രികത സൃഷ്ടിക്കുന്ന ആശ്ചര്യം ആരാധനയിലേക്ക്

നയിക്കും എന്നതിന്റെ സൂചന ഈ കഥ തരുന്നുണ്ട്. ആനയെ പരിരക്ഷിക്കുന്ന പാപ്പാനിലും ആനയെ അത്ഭുതത്തോടെ കാണുന്ന ജനങ്ങളിലും ആനയ്ക്ക് വിഭവങ്ങൾ നൽകി സ്വീകരിക്കുന്ന തുന്നൽക്കാരനിലും ഒരേ പോലെ തെളിയുന്നത് ആശ്ചര്യത്തിൽ തുടങ്ങുന്ന ആരാധനയാണ്. അതോടൊപ്പം ഏത് ശക്തിമാനെയും കീഴ്പ്പെടുത്താനോ തന്റെ വരുതിയിൽ നിർത്താനോ സ്നേഹത്തിലൂടെ മാത്രമേ കഴിയൂ എന്നും സ്നേഹം അതിനുള്ള മരുന്നാണെന്നും ഈ കഥ തെളിയിക്കുന്നുണ്ട്. ആനയെ വിഭവങ്ങൾ നൽകി തന്റെ വരുതിയിലാക്കുന്ന തുന്നൽക്കാരന്റെ മാനസികാവസ്ഥ തെളിയിക്കുന്നത് ഇതുതന്നെയാണ്.

ആനയെ ഐശ്വര്യത്തിന്റെയും ആരാധനയുടെയും പീഠത്തിൽ കുടിയിരുത്തുന്ന രീതി ഈ കഥയിൽ തെളിയുന്നു. ആനയെ അത്ഭുതത്തോടെ കാണുകയും ആരാധിക്കുകയും ചെയ്യുക എന്നതിൽ വലുപ്പത്തെ, ശക്തിയെ തന്റെ കീഴിലാക്കണം എന്ന മനസ്സിന്റെ ആദിമചിന്ത ഈ കഥയിൽ നിറയുന്നുണ്ട്. ശക്തിയില്ലാത്തവന് ശക്തനുമായി ബന്ധം സ്ഥാപിക്കാൻ സ്നേഹമാണ് വഴി. എന്നാൽ ആ സ്നേഹം പൊങ്ങച്ചമോ സ്വാർത്ഥതയോ ആകുമ്പോൾ സ്നേഹം വിദ്വേഷമായി, തീരാപ്പകയായി മാറും. ഇത്തരം കാര്യങ്ങളോടൊപ്പം കേരളീയത്തനിമ നിറഞ്ഞ കഥയാണിത്. ആനയെ ആദരിക്കുന്നതിൽ ആനന്ദം കണ്ടെത്തുന്നവർ, തുന്നൽക്കാരൻ, തുന്നക്കാരന്റെ പീടിക, ചെറിയ അങ്ങാടി, വസ്ത്രങ്ങളെല്ലാം തുന്നൽക്കാരനിൽ നിന്നു തയ്പ്പിച്ച് ധരിച്ചിരുന്ന പഴയകാലം, പുഴ, പുഴയോരം, പുഴയിലെ ആനയുടെ കുളി, അതിനെ അത്ഭുതത്തോടെ നോക്കിനിൽക്കുന്ന നാട്ടുകാർ എല്ലാം തന്നെ കേരളീയഗ്രാമത്തിന്റെ നേർച്ചിത്രമാണ്. കാരണം, ഇത്തരം ശേഷിപ്പുകൾ നമ്മുടെ നാട്ടിടങ്ങളിൽ കാണാൻ കഴിയും.

അതിരുകളോ സ്വാർത്ഥതയോ ഇല്ലാത്ത സ്നേഹമാണ് സമാധാനത്തിന്റെ വഴി. മറിച്ച് സ്നേഹത്തെ പ്രതിഫലത്തോട് കൂട്ടിക്കെട്ടുമ്പോൾ അവിടെ സ്നേഹത്തിനുപിന്നിൽ കാമം അഥവാ മമത്വം ഉണ്ടാകുന്നു. ഈ മമത്വം സാധിക്കാതെവ

രുമ്പോൾ അത് ക്രോധത്തിലേക്കും നാശത്തിലേക്കും നയിക്കും. അതിനാൽ കാമവും ക്രോധവും സമീകൃതമാവണമെന്നും അതാണ് സത്യവഴി എന്നും അത് ശാശ്വതസമാധാനത്തിന്റെ വഴിവിളക്കാണെന്നും ഈ കഥ നമ്മോട് പറയാതെ പറയുന്നു.

**സന്ദേശം:** ആത്മാർത്ഥതയിലാണ് സ്നേഹത്തിന്റെ നിലനിൽപ്പ്

**3.10.7 കഥ : കോടൻഭരണിയിലെ ഉപ്പുമാങ്ങ**

പാണ്ടമ്പറമ്പത്തു ഭട്ടതിരിയുടെ ഇല്ലത്ത് മഹാദാരിദ്ര്യമായിരുന്നു. നിത്യവൃത്തിക്ക് അദ്ദേഹം യാതൊരു നിവൃത്തിയും കണ്ടില്ല.

അങ്ങനെയിരിക്കെ ഒരിക്കൽ ഒരു ചൈനക്കാരൻ വ്യാപാരി, അവന്റെ കപ്പലിൽ വിലപിടിച്ച അനേകം വസ്തുക്കൾ കയറ്റി കച്ചവടത്തിനായി പുറപ്പെട്ടു. മാർഗമധ്യേ ഉണ്ടായ കടൽക്ഷോഭത്തിൽ കപ്പൽ തകർന്നു. വസ്തുക്കളിൽ മിക്കതും നഷ്ടപ്പെട്ടു. നല്ല ആൾനാശവും ഉണ്ടായി. ചിലരൊക്കെ പത്തേമാരികളിൽ കയറിയും നീന്തിയും കരപറ്റി.

കപ്പലിന്റെ ഉടമസ്ഥനും അങ്ങനെ രക്ഷപ്പെട്ടു. പത്തു ചീനഭരണികൾ മാത്രം നഷ്ടപ്പെടാതെ കിട്ടിയിരുന്നു. അതുമായി അയാൾ ആദ്യം കണ്ട വീട്ടിലേക്കു ചെന്നു. പാണ്ടമ്പറമ്പത്തു ഭട്ടതിരിയുടെ ഇല്ലമായിരുന്നു അത്.

കച്ചവടക്കാരൻ മുറ്റത്തു ചെന്നുനിന്നുകൊണ്ട് ഉറക്കെ വിളിച്ചു ചോദിച്ചു:

''ഇവിടാരുമില്ലേ? ഒന്നു വെളിയിലേക്കു വരുക.'' അപ്പോൾ ഭട്ടതിരി കഞ്ഞി കുടിക്കാനിരിക്കുകയായിരുന്നു.

എവിടന്നോ കിട്ടിയ ഇരുന്നാഴി അരികൊണ്ട് അന്തർജനം അവർക്കും കുട്ടികൾക്കുമായി തയാറാക്കിയതായിരുന്നു അത്.

കച്ചവടക്കാരൻ വിളിക്കുന്നതു കേട്ട് ഭട്ടതിരി പുറത്തുവന്നു. ''ഞാൻ ചൈനക്കാരനായ ഒരു കച്ചവടക്കാരനാണ്. എന്റെ കപ്പൽ തകർന്നുപോയി. എന്റെ വേലക്കാരും മരിച്ചു. ഞാൻ ഭക്ഷണം കഴിച്ചിട്ട് നേരത്തോടുനേരം കഴിഞ്ഞു. അതിനാൽ എനിക്കു കഴിക്കാൻ എന്തെങ്കിലും തരണം,'' അയാൾ പറഞ്ഞു.

ഭട്ടതിരിയുടെ മനസ്സലിഞ്ഞു. അദ്ദേഹം അകത്തേക്കു പോയി, ഉണ്ടായിരുന്ന കഞ്ഞിയെടുത്ത് ചൈനക്കാരനു കൊടുത്തു. അയാളതു രുചിയോടെ കുടിച്ചു.

''അവിടുന്നെനിക്കു തന്ന ഈ കഞ്ഞി എന്റെ ജീവൻ രക്ഷിക്കുകയാണു ചെയ്തത്. ഈ കഞ്ഞിയുടെ രുചി ഞാൻ മരിച്ചാലും മറക്കില്ല. ഈ ഉപകാരത്തിനു തക്കപ്രതിഫലം തരുന്നതിനെനിക്കിപ്പോൾ കഴിവില്ല. നാട്ടിൽപോയി തിരികെവരാൻ കഴിഞ്ഞാൽ കഴിവിനൊത്തു ഞാൻ പ്രതിഫലം തന്നുകൊള്ളാം. പോരാത്തതു ദൈവം നൽകട്ടെ.'' അയാൾ പറഞ്ഞു.

''എനിക്കൊരു സഹായം കൂടി ചെയ്തുതരണം. എന്റെ സമ്പത്തു മുക്കാലും നഷ്ടപ്പെട്ടുപോയി. എങ്കിലും ഈ പത്തു ചീനഭരണി കേടുകൂടാതെ കിട്ടിയിട്ടുണ്ട്. സൂക്ഷിക്കാൻ പാടാണ്.'' ''ഇല്ലം ഒട്ടും ഉറപ്പില്ലാത്തതാണെന്നു കണ്ടാലറിയാമല്ലോ,'' ഭട്ടതിരി പറഞ്ഞു.

''വിലപിടിപ്പുള്ളതൊന്നുമില്ല. കുറേ തുവരപ്പരിപ്പാണ്.'' ചൈനക്കാരൻ പറഞ്ഞു.

അങ്ങനെ ചൈനക്കാരൻ തന്റെ ഭരണികൾ ആ ഇല്ലത്തിനകത്തു വച്ചിട്ട് യാത്രയായി.

ദിവസങ്ങൾ കഴിഞ്ഞു.

ഇല്ലത്തു പട്ടിണിതന്നെയായി. കുട്ടികളുടെ കരച്ചിൽ കണ്ട് അന്തർജനത്തിനു സഹിക്കാൻ പാടില്ലാതായി. ചൈനക്കാരന്റെ ഭരണിയിൽനിന്ന് കുറച്ച് തുവരപ്പരിപ്പെടുക്കാമെന്ന് അവർ ഭർത്താവിനെ നിർബന്ധിച്ചു.

ഭട്ടതിരിയാകട്ടെ, മരിച്ചാലും വിശ്വാസവഞ്ചന കാണിക്കില്ല എന്നു തീർച്ചപറഞ്ഞു.

ഒടുവിൽ ഭാര്യയുടെ നിർബന്ധം സഹിക്കവയ്യാതെ ഭട്ടതിരി ഭരണി തുറന്ന് കുറെ പരിപ്പെടുത്തു. തുവരപ്പരിപ്പിനൊപ്പം കുറെ സ്വർണനാണയങ്ങളും ഭട്ടതിരിയുടെ കൈയിൽ തടഞ്ഞു. കൂടുതൽ പരിശോധിച്ചപ്പോൾ ഭരണികളൊക്കെ സ്വർണനാണയങ്ങൾ ഇട്ടിട്ട് അതിന്റെ പുറത്ത് കുറേ തുവരപ്പരിപ്പിട്ടു മൂടിയിട്ടതാണെന്ന് അദ്ദേഹത്തിനു മനസ്സിലായി.

ബാക്കി ഭരണികളൊക്കെ കെട്ടിവച്ചിട്ട് അദ്ദേഹം ഒരു ഭരണിയിൽ നിന്നൊരു പവൻ മാത്രമെടുത്തു കൊണ്ടുപോയി വിറ്റു. എന്നിട്ട് അരിയും കറിയുമൊക്കെ വാങ്ങി. അന്തർജനം ആഹാരമുണ്ടാക്കി. അവരെല്ലാം നന്നായി ഊണുകഴിച്ചു.

ദിവസങ്ങൾ കടന്നുപോകവേ ഭട്ടതിരി ഇങ്ങനെ ചിന്തിച്ചു. 'ആദ്യമായി വിശ്വാസവഞ്ചന ചെയ്യുന്നതിനേ പ്രയാസമുള്ളൂ. അതു ചെയ്തുകഴിഞ്ഞു. ഇനി പട്ടിണികിടക്കുക വയ്യ. ഭരണിയിലെ പണം എടുക്കുകതന്നെ. കച്ചവടക്കാരൻ വരാൻ കുറച്ചു താമസിച്ചു എങ്കിൽ എല്ലാം ശരിയാക്കി മടക്കിക്കൊടുക്കുകയും ചെയ്യാം'.

അങ്ങനെ നിശ്ചയിച്ച് ഭട്ടതിരി ആ ഭരണിയിൽ നിന്ന് കുറേ നാണയങ്ങൾ കൂടിയെടുത്ത് വലിയൊരു മാളിക പണിയിച്ചു. ബാക്കിയുണ്ടായിരുന്ന പണത്തിന് വസ്തുക്കളും സ്ഥാവരജംഗമങ്ങളും സമ്പാദിച്ചു. കുറച്ചു ദിവസങ്ങൾ കൊണ്ടദ്ദേഹം വലിയ പണക്കാരനായി മാറി.

നാളുകൾ ഏറെ കഴിഞ്ഞു. അങ്ങനെ അദ്ദേഹത്തിന് സകല ചെലവും കഴിച്ച് ഓരോ വർഷവും പന്തീരായിരം രൂപ മിച്ചമുണ്ടായി വന്നു. മിച്ചം വന്ന ആ രൂപയ്ക്ക് അദ്ദേഹം സ്വർണനാണയങ്ങൾ വാങ്ങി താൻ പണമെടുത്ത ചീനഭരണി

നിറച്ചു തുടങ്ങി. കുറേ വർഷങ്ങൾ കൊണ്ട് ആ ഭരണി നിറഞ്ഞു. പിന്നീടത് പണ്ടി രുന്നതുപോലെ അടച്ചുകെട്ടി മുദ്രയിട്ടു.

തുടർന്നുള്ള വർഷങ്ങളിൽ ആ ചീനഭരണികളുടെ വലുപ്പത്തിൽ ഒന്നു പാതി വീതമുള്ള പത്തു ഭരണികൾ അദ്ദേഹം വാങ്ങി. അവയിലും സ്വർണനാണയം നിറച്ച് അടച്ചുകെട്ടി.

പന്ത്രണ്ടുകൊല്ലം കഴിഞ്ഞു. ചൈനക്കാരൻ മറ്റൊരു കപ്പലിൽ കച്ചവടസാമാ നങ്ങളുമായി ആ കരയിൽ വന്നു. അയാൾ കരയ്ക്കിറങ്ങി, താൻ ഭരണികൾ സൂക്ഷിക്കാനേൽപ്പിച്ച ഇല്ലം അന്വേഷിച്ചു പുറപ്പെട്ടു. പഴയ ഇല്ലത്തിന്റെ സ്ഥാനത്ത് ഒരു പുതിയ മാളിക കണ്ടപ്പോൾ ഇത് അതുതന്നെയോ എന്നയാൾക്കു സംശയമാ യി. അയാൾ സംശയം തീർക്കാൻ പലരോടും ചോദിച്ചു.

ആ ഇല്ലം പാണ്ടമ്പറമ്പത്തു ഭട്ടതിരിയുടേതാണെന്നും അദ്ദേഹത്തിനു നിധി കിട്ടിയതുകൊണ്ട് ദാരിദ്ര്യമൊക്കെ മാറിയെന്നും അവർ പറഞ്ഞു.

നിധികിട്ടിയതൊന്നുമല്ലായെന്നും ഒക്കെ തന്റെ ഭരണിയിലെ പണംകൊണ്ടു സമ്പാദിച്ചതാണെന്നും കച്ചവടക്കാരനു മനസ്സിലായി. ഇനി തന്റെ ഭരണികൾ കിട്ടുന്ന കാര്യം സംശയമാണ് എന്ന് അയാൾ ഉറച്ചു. എങ്കിലും ഒന്നു പരീക്ഷിച്ചു നോക്കാം. അയാൾ ഇല്ലത്തിന്റെ മുറ്റത്തേക്കു കടന്നു ചെന്നു.

''ഇവിടത്തെ തിരുമേനി ഇവിടെയുണ്ടോ?'' അയാൾ വിളിച്ചു ചോദിച്ചു.

കച്ചവടക്കാരന്റെ ഒച്ച കേട്ടപ്പോൾത്തന്നെ ഭട്ടതിരി അയാളെ തിരിച്ചറിഞ്ഞു. അദ്ദേഹം വളരെ ആദരവോടെ കച്ചവടക്കാരനെ സ്വീകരിച്ചു. സൽക്കാരവും കഴിഞ്ഞ ശേഷം ഭട്ടതിരി ഇപ്രകാരം പറഞ്ഞു:

''താങ്കളുടെ അനുവാദം കൂടാതെ, ഇവിടെ സൂക്ഷിച്ചിരുന്ന മുതലിൽ കുറ ച്ചെടുത്ത് ഉപയോഗിച്ചു. എന്റെ ഗതികേടു കൊണ്ടാണതു ചെയ്തത്. എന്നാലും

ഞാൻ ചെയ്ത തെറ്റ് ന്യായീകരിക്കത്തക്കതല്ല എന്നെനിക്കറിയാം. ആ തെറ്റു ക്ഷമിച്ചു നിങ്ങൾ എനിക്കു മാപ്പു തരണം. നിങ്ങളുടെ മുതൽ പലിശയോടു കൂടി ത്തന്നെ തിരികെ സ്വീകരിക്കണം.''

തുടർന്ന് കച്ചവടക്കാരന്റെ പത്തു ഭരണികൾക്കൊപ്പം താൻ ശേഖരിച്ചുവച്ച പത്തു ചെറിയ ഭരണികളും ഭട്ടതിരി അയാളെ കാണിച്ചുകൊടുത്തു.

ഭട്ടതിരി എന്തു ചെയ്തിട്ടും കച്ചവടക്കാരൻ പലിശയായി ലഭിച്ച ചെറുഭരണി കൾ സ്വീകരിക്കാൻ തയ്യാറായില്ല. അയാൾ പറഞ്ഞു:

''ദാ ഞാനിവിടെ കൊണ്ടുവച്ച പത്തു ഭരണികളും അതുപോലെത്തന്നെ എനിക്കു തിരികെ കിട്ടിയിട്ടുണ്ട്. എനിക്കൊരു നാശവും വന്നിട്ടില്ല. അവിടുത്തേക്കു സമ്പാദിക്കാൻ കഴിഞ്ഞത് അവിടുത്തെ ഭാഗ്യവും ദൈവാനുഗ്രഹവും കൊണ്ടാണ്. അവിടുന്നുണ്ടാക്കിയതൊക്കെ അവിടുത്തേക്കു തന്നെ. ഞാനിതു സ്വീകരിച്ചാൽ എനിക്കുള്ളതുകൂടി നശിക്കും.''

ഒടുവിൽ ഭട്ടതിരിക്ക് ചെറിയ ഭരണികളെല്ലാം തിരികെയെടുത്തു വയ്ക്കേ ണ്ടിവന്നു.

അതിനുശേഷം കച്ചവടക്കാരൻ പൂവും നീരും വെറ്റിലയും വച്ച് തന്റെ സ്വന്തം ഭരണിയിലൊന്ന് ഭട്ടതിരിക്കു സമ്മാനിച്ചു. അതൊരു കോടൻഭരണിയായിരു ന്നു. ഏറെ നിർബന്ധിച്ചതുകൊണ്ടു മാത്രമാണ് ഭട്ടതിരി അതു വാങ്ങിയത്.

അതിനു ശേഷം കച്ചവടക്കാരൻ പറഞ്ഞു:

''തിനുമേനീ, ഈ ഭരണിക്കു കുറച്ചു കോട്ടമുണ്ടെങ്കിലും വളരെ ഐശ്വ ര്യവും സവിശേഷതയുള്ളതുമാണ്. ഈ ഭരണി ഇരിക്കുന്ന ദിക്കിൽ ഒരിക്കലും ദാരിദ്ര്യം ഉണ്ടാവുകയില്ല. എന്നു മാത്രമല്ല, ഇതിൽ മാങ്ങ ഉപ്പിലിട്ടാൽ അതിവിശേ ഷമായ രുചി ഉണ്ടായിരിക്കുകുയം ചെയ്യും''.

കച്ചവടക്കാരൻ സന്തോഷത്തോടെ യാത്രപറഞ്ഞിറങ്ങി.

ഭട്ടതിരി കോടൻഭരണിയിലെ നാണയങ്ങൾ മറ്റൊരു ഭരണിയിലാക്കിയിട്ട് അതും തന്റെ നിലവറയിൽ സൂക്ഷിച്ചുവച്ചു. ആ പതിനൊന്നു ഭരണികളും ഇന്നും അവിടെയുണ്ടെന്നാണു കേൾവി. പിന്നീട് ആണ്ടുതോറും കോടൻഭരണിയിൽ മാങ്ങ ഉപ്പിലിടാൻ തുടങ്ങി. അതിന്റെ സ്വാദ് പറഞ്ഞറിയിക്കാൻ പ്രയാസമാണത്രേ!

ഇനി ഈ മാങ്ങയെക്കുറിച്ചൊരു കഥ പറയാം. കൊല്ലവർഷം 973 ൽ നാടു നീങ്ങിയ മഹാരാജാവുതിരുമനസ്സ് രാജ്യം ഭരിക്കുമ്പോൾ ഒരു മുറജപം നടന്നു.

ഒരു ദിവസം നമ്പൂതിരിമാർ അത്താഴം കഴിച്ചുകൊണ്ടിരിക്കുകയായിരുന്നു. അത്താഴം അത്ര കേമം!

അതാസ്വദിച്ചുകൊണ്ട് ഒരു നമ്പൂതിരി മറ്റൊരു നമ്പൂതിരിയോടു പറഞ്ഞു:

''എടോ അത്താഴം ബഹുകേമം തന്നെ. ഇങ്ങനെ മറ്റൊരു സ്ഥലത്തു നടക്കില്ല, അല്ലേ?''

അപ്പോൾ മറ്റേ നമ്പൂതിരി ഇപ്രകാരം മറുപടി നൽകി: ''അത്താഴം കേമം തന്നെ. സംശയമില്ല. എങ്കിലും പാണ്ടമ്പറമ്പത്തെ ഉപ്പുമാങ്ങയുടെ ഒരു കഷണം കൂടി ഉണ്ടായിരുന്നെങ്കിൽ സംഗതി ബഹുകേമമായിരുന്നേനെ! ആ ഒരു കുറവേ ഞാൻ കാണുന്നുള്ളൂ.''

ആ സമയത്ത് മഹാരാജാവ് തിരുമനസ്സ് കോവിലിലെഴുന്നെള്ളി പ്രദക്ഷിണം വയ്ക്കുകയായിരുന്നു. അദ്ദേഹം അവരറിയാതെ ഈ സംസാരം കേൾക്കുകയും അതു പറഞ്ഞ നമ്പൂതിരി ഇന്നയാളാണെന്നു മനസ്സിലാക്കുകയും ചെയ്തു.

അന്നു രാത്രിയിൽത്തന്നെ രാജാവ് ഒരാളെ രഹസ്യമായി അയച്ച് കോടൻഭരണിയിലെ ഉപ്പുമാങ്ങ വരുത്തി.

അടുത്ത മുറജപകാലത്ത് കോടൻഭരണിയിലെ ഉപ്പുമാങ്ങ ഒരു ദിവസത്തെ അത്താഴത്തിനു പൂളി വിളമ്പിച്ചു. അവിടെ മുറജപം വകയ്ക്കായി പലവിധത്തിൽ ഉപ്പിലിട്ട മാങ്ങകൾ പൂളി വിളമ്പിയ കൂട്ടത്തിലാണ് ഇതും വിളമ്പിയത്. കോടൻഭരണിയിലെ മാങ്ങ വരുത്തിയത് ആരും അറിഞ്ഞിരുന്നില്ല.

എങ്കിലും മുൻപ് കോടൻഭരണിയിലെ മാങ്ങയെ പുകഴ്ത്തിപ്പറഞ്ഞ നമ്പൂതിരി ഈ മാങ്ങക്കഷണം എടുത്തു കഴിച്ചയുടനെ, ''ഓഹോ! ആ കുറവും തീർന്നു. എടാ യോഗ്യാ! നീയും ഇവിടെ വന്നു ചേർന്നോ?'' എന്നു പറഞ്ഞു.

അപ്പോൾ അടുത്തിരുന്ന നമ്പൂതിരി ഇതു സാക്ഷാൽ കോടൻഭരണിയിലേതാണ് എന്നു തന്നെ പറഞ്ഞു.

മഹാരാജാവ് ഇതും കേട്ടു.

കൊട്ടാരത്തിൽ എത്തിയ ഉടനെ, ആ നമ്പൂതിരിയെ ആളയച്ചു വരുത്തി.

''അങ്ങയെപ്പോലെ സ്വാദറിഞ്ഞു ഭക്ഷിക്കുന്നവർ ചുരുക്കമാണ്'', എന്നു സന്തോഷത്തോടെ കല്പിക്കുകയും നമ്പൂതിരിക്കു സമ്മാനം കൊടുക്കുകയും ചെയ്തു.

ഇതാണ് കോടൻഭരണിയിലെ മാങ്ങയുടെ വിശേഷം. ഒരിക്കൽ ആ മാങ്ങ കൂട്ടിയിട്ടുള്ളവർ അതിന്റെ സ്വാദ് ഒരിക്കലും മറക്കില്ല.

പാണ്ടമ്പറമ്പത്ത് ആ കോടൻഭരണി ഇന്നും ഇരിക്കുന്നുണ്ട്. അതിലെ മാങ്ങയുടെ അനന്യസാധാരണമായ വിശേഷം ആളുകൾ ഇന്നും അറിയുന്നുണ്ടത്രേ![16]

**കോടൻ ഭരണിയിലെ ഉപ്പുമാങ്ങ : പഠനം**

**കഥാപാത്രങ്ങൾ**

1. ചൈനീസ് വ്യാപാരി
2. നമ്പൂതിരി, അന്തർജ്ജനം

ചരിത്രപശ്ചാത്തലം തങ്ങിനിൽക്കുന്ന ഒരു നാടോടിക്കഥയാണ് 'കോടൻ ഭരണിയിലെ ഉപ്പുമാങ്ങ'. കേരളത്തിന്റെ വിശാലമായ കടൽത്തീരവും അതുവഴി വളർന്നുവന്ന പ്രാചീനമായ വ്യാപാരബന്ധവും ഈ കഥയുടെ അകക്കാമ്പാണ്. അനന്തമായ കടൽ, അത്രയ്ക്കൊന്നും സുരക്ഷിതമല്ലാത്ത കപ്പൽയാത്ര, യാത്രയിലെ ദുരനുഭവങ്ങൾ, ദുരിതത്തിൽ അഭയം തേടുന്ന വ്യാപാരികളെ 'അതിഥി ദേവോ ഭവ' എന്ന ഭാവേന സ്വീകരിക്കുന്ന മലയാള സമൂഹം എന്നിവ ഈ കഥയുടെ ഗതിയെ നിയന്ത്രിക്കുന്നുണ്ട്. വർഷങ്ങളും മാസങ്ങളും നീളുന്ന യാത്രകൾ സ്വന്തക്കാരുടെയും ഇഷ്ടക്കാരുടെയും ഒപ്പമായിരുന്നുവെന്നും വ്യാപാരം സൗഹൃദത്തിന്റെ തണലിൽ രൂപപ്പെടുന്നുവെന്നും ദുരിതങ്ങൾ ഇഷ്ടക്കാരുടെ വേർപാടിനും സാഹസികമായ രക്ഷപ്പെടലിനും ഒറ്റപ്പെടലിനും ഇടവരുത്തിയിരുന്നു എന്നുമുള്ള തിരിച്ചറിവ് പകരുന്ന ഈ കഥ കേരളചരിത്രത്തിലേക്കും അതിന്റെ വ്യാപാരവഴിയിലേക്കും വെളിച്ചം വീശുന്നു.

കേരളചരിത്രത്തിൽ സവിശേഷമായ പാരമ്പര്യം നിലനിർത്തിയ ഒരു സമൂഹമാണ് നമ്പൂതിരിമാർ. ആചാരം, ഭാഷ, വസ്ത്രം, ഭക്ഷണം, സ്വഭാവരീതികൾ എന്നിവയിൽ പ്രകടമായ വ്യത്യാസം നമ്പൂതിരിമാർ പുലർത്തുന്നു. കേരളത്തിൽ നിലനിന്ന ജന്മി-കുടിയാൻ വ്യവസ്ഥയെ അരക്കിട്ടുറപ്പിക്കുന്ന നമ്പൂതിരിസമുദായത്തിലും കൊടിയ ദാരിദ്ര്യം അനുഭവിച്ചിരുന്നവർ ഉണ്ടായിരുന്നു. ദാരിദ്ര്യത്തിലും ജീവിതവീക്ഷണം മുറുകെപ്പിടിക്കാൻ വെമ്പിയ നമ്പൂതിരി ഭാര്യയുടെ നിർബന്ധത്തിനു വഴങ്ങി പ്രായോഗികജീവിതത്തിന്റെ പാഠങ്ങൾ ഏറ്റെടുത്തെങ്കിലും

ആദർശജീവിതത്തിന്റെ അടിപ്പടവ് ഇളകാതെ സംരക്ഷിക്കാൻ അവർ ബദ്ധശ്രദ്ധരായിരുന്നു എന്നതിലേക്ക് ഈ കഥ വിരൽചൂണ്ടുന്നുണ്ട്.

ഇല്ലത്തെ മഹാദാരിദ്ര്യത്തിൽ ഉഴലവേ എവിടന്നോ കിട്ടിയ ഇരുനാഴി അരി കൊണ്ട് കുടുംബത്തിനുവേണ്ടി ഉണ്ടാക്കിയ ഭക്ഷണം നേരത്തോടു നേരം ഭക്ഷണം കഴിക്കാതെ, ഉറ്റവരെ നഷ്ടപ്പെട്ട് ഒറ്റപ്പെട്ട മനുഷ്യൻ 'എനിക്ക് കഴിക്കാൻ എന്തെങ്കിലും വേണ'മെന്ന് പറഞ്ഞപ്പോൾ ഈ ഭക്ഷണം തന്നേക്കാൾ വേണ്ടത് ഈ വ്യാപാരിക്കാണെന്ന് തിരിച്ചറിയുന്ന നമ്പൂതിരി ത്യാഗത്തിന്റെ സൂര്യതേജസ്സാണ്. പരോപകാരം, ത്യാഗം എന്നൊക്കെ പറയുന്നത് തനിക്ക് വേണ്ടാത്തത് നൽകി പരോപകാരത്തിന്റെ പരകോടിയിലെത്തലല്ല. മറിച്ച്, തനിക്ക് വേണ്ടതായിരുന്നിട്ടും തന്നേക്കാൾ വേണ്ടപ്പെട്ടവന് നൽകുന്നതാണ് യഥാർത്ഥ ത്യാഗം. ആ അർത്ഥത്തിൽ ത്യാഗത്തിന്റെയും സ്നേഹത്തിന്റെയും യഥാർത്ഥപാഠം കേൾവിക്കാരനിലും വായനക്കാരനിലും പകരാൻ ഈ നാടോടിക്കഥ പര്യാപ്തമാവുന്നു.

''അന്യജീവനുതകി സ്വജീവിതം
ധന്യമാക്കുമമലേവിവേകികൾ''

കുമാരനാശാന്റെ 'നളിനി' എന്ന കൃതിയിലെ വരികൾ നൽകുന്ന ദീർഘദർശനം ഇവിടെ സഫലമാവുന്നു.

ഭട്ടതിരി നൽകിയ കഞ്ഞി ചൈനീസ് വ്യാപാരിയുടെ ജീവൻ രക്ഷിക്കുകയാണ് ചെയ്തത്. അതിനു തക്കപ്രതിഫലം നാട്ടിൽപോയി തിരിച്ചുവരുമ്പോൾ തരാമെന്നും പോരാത്തത് ദൈവം നൽകട്ടെ എന്നും കച്ചവടക്കാരൻ പറയുമ്പോൾ കച്ചവടക്കാരന്റെ മനസ്സിലൂടെ ഊർന്നിറങ്ങുന്ന പ്രത്യുപകാരചിന്ത അദ്ദേഹത്തിന്റെ നന്മ വിളയുന്ന മനസ്സിനെ പ്രതിഫലിപ്പിക്കുന്നു. ഈ നന്മ തന്റെ ജീവിതത്തിലും വ്യാപാരത്തിലും അദ്ദേഹം പുലർത്തിയിരുന്നു എന്ന് കഥാവസാനം തെളിയുന്നുണ്ട്. ''ദൈവം നന്മയുടെ പക്ഷത്താണ് എന്നും നന്മയെന്തെന്നും തിരിച്ചറിയുന്ന ഈ ചിന്ത വ്യക്തിയുടെ മനസ്സിലും പ്രവൃത്തിയിലും അടിമുടി സ്വാധീനിച്ചിട്ടുണ്ട്.

അത്തരം ഋണാത്മകമായ ദൈവബോധം സമൂഹത്തെയും വ്യക്തിജീവിതത്തെയും പരിശുദ്ധിയുടെ നിറവിലെത്തിക്കും.

''സത്തർക്കഴലിലഥവാതുണയ്ക്കുവാനെത്തും
നിയതിയോരോരോവടിവിൽ''

കുമാരനാശാന്റെ 'ചണ്ഡാലഭിക്ഷുകി'യിലെ വരികളുടെ ദീർഘദർശനം സഫലീക രിക്കുന്നതാണ് ഭട്ടതിരിയെ ചീനഭരണി ഏൽപ്പിക്കാൻ എത്തുന്ന ചൈനീസ് വ്യാപാ രിയുടെ പ്രവർത്തനത്തിലൂടെ തെളിയുന്നത്. ദാരിദ്ര്യംകൊണ്ട് നട്ടംതിരിയുമ്പോഴും വിശ്വാസവഞ്ചന ചെയ്യില്ലെന്ന് പ്രതിജ്ഞയെടുത്ത ഭട്ടതിരിയെ, ജീവിതത്തിന്റെ പ്രായോഗികതയിൽ ഊന്നുന്ന അന്തർജ്ജനം തുവരപ്പരിപ്പ് എടുക്കാൻ നിർബന്ധി ക്കുന്നു. ആദർശവും പ്രായോഗികതയും തമ്മിലുള്ള സ്നേഹ സംവാദമാണ് ഇവിടെ നടക്കുന്നത്. അതോടൊപ്പം കുടുംബബന്ധത്തിന്റെ നിർമ്മലതയും കെട്ടു റപ്പും ഇവിടെ ചർച്ചയാവുന്നുണ്ട്. തുവരപ്പരിപ്പിന്റെ അന്വേഷണം സ്വർണ്ണനാണയ ത്തിലേക്ക് നയിക്കുന്നു. എന്നാൽ ഇത് വഞ്ചനയുടെ ക്രൂരമായ വഴിയിലേക്ക് അധ പ്പതിക്കുന്നില്ല. കാരണം തന്റെ ജീവിതപുരോഗതിയുടെ ഒരു ഘട്ടത്തിൽ ആദർശ ത്തിന്റെ അടിപ്പടവിലേക്ക് ഭട്ടതിരി തിരിച്ചുപോകുന്നു. താനെടുത്ത സ്വർണ്ണ നാണയം മാത്രമല്ല, അതിനു പലിശയായിപ്പോലും സ്വർണ്ണനാണയം കച്ചവടക്കാര നായി സൂക്ഷിക്കാൻ ഭട്ടതിരി കരുതലോടെ ജീവിതം ആസൂത്രണം ചെയ്യുന്നു.

ആദർശവും യാഥാർത്ഥ്യവും തമ്മിലുള്ള സ്നേഹസംവാദമാണിത്. പ്രായോഗികതയാണ് ജീവിതവിജയത്തിന്റെ ഊർജ്ജമെന്നും എന്നാൽ ആദർശത്തി ലൂന്നി തെറ്റുകൾ പരിമിതപ്പെടുത്താനും തെറ്റ് ഏറ്റുപറയാനും പരിഹാരം ചെയ്യാനും പ്രേരിപ്പിക്കുന്ന ഒരു മാനസികഘടന പൊതുജീവിതത്തിൽ അനിവാര്യ മാണ് എന്ന തിരിച്ചറിവ് പകരാനും ഈ കഥ പര്യാപ്തമാണ്. മികച്ച ജീവിതാസൂ ത്രണം ഏത് ഇല്ലായ്മയെയും മുറിച്ചുകടക്കാൻ സഹായിക്കും. കരുതലാണ് യഥാർത്ഥ ജീവിതപാഠമെന്നും കുടുംബജീവിതത്തിന്റെ ഭദ്രത അതിന്റെ മികച്ച,

ആദർശപൂർണമായ ആസൂത്രണത്തിലാണെന്നും പറയാം. 'വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും' എന്ന പഴമൊഴിയുടെ പ്രായോഗികപാഠമാണ് ഈ കഥയിലെ ഭട്ടതിരിയുടെ കുടുംബമെന്ന് തെളിയിക്കുന്നു.

12 വർഷം കഴിഞ്ഞ് തിരിച്ചെത്തിയ വ്യാപാരിയെ സധൈര്യം സ്വീകരിക്കാനും ചെയ്ത തെറ്റിൽ മാപ്പു പറയാനും പ്രായശ്ചിത്തം ചെയ്യാനും മുതിരുന്ന ഭട്ടതിരി സുതാര്യമായ ജീവിതത്തിന്റെ കാവലാളാണ്. തന്റെ ചീനഭരണികൾ ഇത്രയും കാലം സൂക്ഷിച്ചതിലുള്ള വ്യാപാരിയുടെ കൃതജ്ഞത അതിലേറെ ആഴവും പരപ്പും ഉള്ളതാണ്. തന്റെ നാണയത്തിനു പലിശയായി ഭട്ടതിരി നൽകിയ നാണയഭരണി തിരികെക്കൊടുക്കുന്നതിലൂടെ അനർഹമായ മുതൽ സ്വീകരിച്ചാൽ തനിക്കുള്ളതുകൂടി നശിക്കും എന്ന തെളിമയുള്ള ചിന്ത സമൂഹത്തിനു പകരുന്നു. വ്യാപാരത്തിൽ കൊടുംചതി നിലനിൽക്കുന്ന വർത്തമാനകാലത്ത് ഈ ചൈനീസ് വ്യാപാരിയുടെ പ്രവർത്തനം അനുകരണീയമാണ്. മാത്രമല്ല, തന്റെ ചൈനീസ് ഭരണി സംരക്ഷിച്ചതിന് സവിശേഷ കഴിവുള്ള ഭരണി സമ്മാനമായി നൽകി പടിയിറങ്ങുന്ന വ്യാപാരി നന്മയുടെയും സ്നേഹത്തിന്റെയും ഉത്തമോദാഹരണമാണ്.

ഭട്ടതിരിക്ക് ലഭിച്ച ഭരണി ധനത്തിന്റെ മാത്രമല്ല, ഐശ്വര്യത്തിന്റെയും കലവറയാവുന്നു. മാങ്ങ ഉപ്പിലിട്ടത് ചൈനീസ് ഭരണിയാവുമ്പോൾ അത് സവിശേഷതയുള്ളതാവുന്നു. അത് തന്റെ ഇല്ലത്തിന്റെ പേരിൽ അറിയപ്പെടുന്ന ഉപ്പിലിട്ട മാങ്ങകൂടിയാവുന്നു. മലയാളിയുടെ രുചിബോധം, ഭക്ഷണത്തിന്റെ വിഭവധാരാളിത്തത്തിലും ഓരോന്നിന്റെയും രുചിഭേദം തിരിച്ചറിയുന്നതിലെ നമ്പൂതിരിനൈപുണി, പോരായ്മ പരിഹരിക്കാൻ നന്മയുടെ വഴി സ്വീകരിക്കുന്ന രാജാവ്, മുറജപം, മുറജപത്തിലെ സദ്യവട്ടങ്ങൾ എന്നിവയെല്ലാം ഈ കഥ നമ്മെ ബോധ്യപ്പെടുത്തുന്നു. കഥയിൽ തെളിയുന്ന നന്മകൾ ഇങ്ങനെ അടയാളപ്പെടുത്താം.

- സത്യസന്ധത
- വിശ്വാസം

- ത്യാഗം
- പരോപകാരം
- നന്മയെ അഭിനന്ദിക്കൽ
- ഈശ്വരൻ നന്മയാണ് എന്ന തിരിച്ചറിവ്
- കർമ്മശുദ്ധിയും ജീവിതവിജയവും
- ജീവിതം മികച്ച ആസൂത്രണം
- ആസൂത്രണം ജീവിതവിജയത്തിനും ജീവിതാദർശം കാത്തുസൂക്ഷിക്കാനും സഹായിക്കും.
- തെറ്റുകൾ ചെയ്യുമ്പോഴും കൂടുതൽ തെറ്റിലേക്ക് വഴിമാറരുത്.
- പ്രയോഗികതയും ആദർശവാദവും തമ്മിലുള്ള സംവാദം
- ഇല്ലായ്മയിലും ആദർശം നിലനിർത്തൽ
- പ്രതിസന്ധികളിൽ ആദർശം അയവുവരുത്തുമ്പോഴും പ്രതിസന്ധി മുറിച്ചു കടന്നാൽ ആദർശത്തിലേക്ക് തിരിച്ചെത്തൽ.
- മലയാളിയുടെ വ്യാപാരപാരമ്പര്യം
- കടൽയാത്രക്കാരുടെ കഷ്ടപ്പാടുകൾ
- വ്യാപാരത്തിലെ സത്യസന്ധത

**ആദർശയുക്തമായ ജീവിതം നമ്മുടെ ജീവിതത്തിൽ തെറ്റുകളെ പരിമിത പ്പെടുത്തും**

**3.10.8 കഥ: പരമസുഖം**

ഓരോരുത്തർക്കും സുഖം ഓരോ വിധത്തിലാണ്. ദേഹത്ത് അവിട വിടെയായി വട്ടച്ചൊറീള്ളപ്പോ ഏറ്റവും സുഖം ചൊറീടെ ചുറ്റും അമർത്ത്യങ്ങനെ മാന്തുമ്പഴാവും. പൊരിവെയിലത്തു നടന്ന് തൊണ്ട വരണ്ടു പൊട്ടാറായിരിക്കുമ്പോ

നല്ല തണുത്ത വെള്ളം 'ഗുളുഗുളാ'ന്ന് തൊണ്ടയിലേക്കൊഴിക്കണതാ വല്യ സുഖം. കണ്ണിനു ദീനായിട്ടിരിക്ക്യാണെങ്കിലോ, മുന്നിലുള്ള നെലവെളക്കങ്ങോട്ട് ഊതിക്കെടുത്ത്യാൽ അതിലപ്പുറം വേറൊരു സുഖോല്യ. ചൂടത്തു തണുപ്പും തണുപ്പത്തു ചൂടും സുഖമാവുന്നതുപോലെ മറ്റു പലതുണ്ട് പറയാൻ.

എല്ലാറ്റിലും വല്യേ സുഖമെന്താന്നു ചോദിച്ചാൽ ഇല്ലത്തെ മൂത്തമ്പൂരിക്കു പറയാൻ വ്യക്തമായ ഉത്തരോണ്ട്. അതു പറഞ്ഞുതരാൻ നമ്പൂരീടൊരു പ്രത്യേക രീതീംണ്ട്. അതെങ്ങനെയാണെന്നുച്ചാൽ നമ്പൂരീടെ ഭാഷേത്തന്നെ കേട്ടോളൂ:

''അല്ല മൂത്തമ്പൂര്യേ, അങ്ങേയ്ക്ക് പരമസുഖായ്ട്ട്ള്ള കാര്യന്താ?''

ആരെങ്കിലും ചെന്ന് നമ്പൂര്യോടിങ്ങനെ ചോദിച്ചൂന്നുക്ക്യാ.

''അതിലെന്താത്ര ശങ്ക? കൂടൽമാണിക്യത്തമ്പലത്തിലൊന്ന് പോവ്വന്നെ.''

മൂത്തമ്പൂരി പറയും. അപ്പോ, ചോദിക്കണാൾക്കാവും അസാരം സംശയം.

''അമ്പലത്തിൽപോവലാ നമ്പൂരിക്ക് ഏറ്റവും സുഖോള്ള കാര്യം?''

''അതിലിപ്പോ എന്താത്ര സുഖള്ളത്?''

''പിന്നെന്താ നമ്പൂരിക്ക് സുഖംതരണേ?''

''നടക്കൽച്ചെന്ന് തൊഴലൊക്കെക്കഴിഞ്ഞ് ചുറ്റമ്പലങ്ങനെ ചുറ്റി നടക്ക്വാ.''

''അതാണോ നമ്പൂരീടെ ഏറ്റവും വല്യേ സുഖം?''

''അല്ല ശപ്പാ, അഞ്ചാനപ്പുറത്ത് ഭഗവാനിങ്ങനെ എഴുന്നള്ളിവരണത് കണ്ണു നെറച്ചൊന്നു കാണ്വാ.''

''അതാപ്പോ ഇത്ര സുഖോള്ള കാര്യം?''

''അതിലും സുഖം അപ്പഴത്തെ ആ മേളോം കേട്ട് തലയാട്ടി നടക്കണതാ.''

''അപ്പോ മേളം കേൾക്കലാ നമ്പൂരിക്കു സുഖംന്നാ?''

''അതും ഇഷ്ടാന്നേള്ളൂ. നെറസന്ധ്യാവുമ്പോ അവിട്യൊരു കാഴ്ചപ്പുരേണ്ട്. കൊറത്തിയാട്ടം, കൂത്ത്, പാഠകം, ഞാണുമ്മക്കളി ഒക്കെണ്ടാവും. അതൊക്കെ കണ്ടും കേട്ടും നടക്കാൻ എന്താ ഒരു സുഖം!''

''അതു ശരി. കൊറത്തിയാട്ടോം ഞാണുമ്മക്കളീം ഒക്കെ കാണുന്നതാ നമ്പൂരിക്ക് വല്യേ സുഖം ന്നാ?''

''അതൊരു സുഖാണ്. അതിലും വല്യേ സുഖം വേറേണ്ട്. ആനപ്പന്തലിൽ ചെന്നുനിന്ന് അത്താഴശീവേലി കാണാൻ എന്തൊരു സുഖാ?''

''ഓഹോ, അത്താഴശീവേലി കാണണതാ മൂത്തമ്പൂരിക്ക് ഏറ്റവും സുഖം തരണേല്യേ?''

''അല്ലല്ല. അത്താഴശീവേലീം അത്താഴോം തീരുമ്പഴേക്കും കളിവിളക്ക് തെളിഞ്ഞിട്ടുണ്ടാവും. മണ്ണിൽ ചമ്രംപടിഞ്ഞിരുന്ന് ദക്ഷയാഗം കിരാതോമൊക്കെ കാണണത് നല്ല സുഖം തന്ന്യാ.''

''അപ്പോ കഥകളി കാണണതാല്ലേ നമ്പൂരിക്ക് ഏറ്റവും സുഖം?''

''നേരം വെളുക്കണവരെ ഒറക്കോഴിച്ച് കളി കണ്ടിരിക്ക്യാ. വെളിച്ചാവുമ്പോ ഇല്ലത്തേക്കങ്ങട് മടങ്ങ്വാ. ആ നടത്തത്തിന് ഒരു സുഖം തന്നേണ്ട്.''

''ഓഹോ, കഥകളി കണ്ട് മടങ്ങണതാ വല്യേ സുഖം?''

''അല്ലെടോ. ഇല്ലത്തു ചെന്നിട്ട് നന്നായൊരു കുളീണ്ട്. ഒരു കുളീന്ന് പറയണേള്ളൂ. വാസ്തവത്തിൽ അതൊരു രണ്ടുരണ്ടര കുള്യെന്നെ വരും. തല നെറച്ചും കുംഭേലും തൊടേലുമൊക്കെ ചെത്തിപ്പൂവും തൊളസിയെലേട്ടു മുറുക്ക്യ എണ്ണ തേച്ച് കൊളത്തിൽപ്പോയി നന്നായൊന്നു കുളിക്കണേന്റെ സുഖം അതറിഞ്ഞോർക്കേ മനസ്സിലാവൂ.''

''കുളിയാണ് പരമസുഖംന്നർത്ഥം, അല്ലേ നമ്പൂരീ?''

''അതിലും രസം വേറേണ്ട്. കുളി കഴിഞ്ഞ് തേവാരോം നാമംചൊല്ല ലൊക്കെ സുഖോള്ള ഏർപ്പാടന്യാ. നൂറ്റൊന്നു നാമം, അതും കണ്ണടച്ച് ഈണത്തി ലങ്ങനെ...''

''അതാവും നമ്പൂരിക്ക് വല്യ സുഖംന്നാവും ല്യേ?''

''ഏയ് അതൊന്ന്വല്ല. അതിലും സുഖം ഉച്ചയൂണു കഴക്കണതു തന്ന്യാന്ന്. മൂന്നു തരം! ഉച്ചയൂണെന്ന്വച്ചാ നെയ്യും പപ്പടോം പുളിച്ച മോരും കൂട്ടി കുശാലായി ട്ടാണ്.''

''അങ്ങനെയാണല്ലേ? ഉച്ചയൂണു കഴിക്കണേലും വല്യ സുഖം വേറെല്യാ ന്നാണോ?''

''എന്നങ്ങട് തീർച്ചപറയാൻ വയ്യ. ഊണു കഴിഞ്ഞ് നീട്ടിയൊരേമ്പക്കം വിട്ട് കയറ്റുകട്ടിലിൽ വീണ് കൂർക്കംവലിച്ചൊരു ഒറക്കോണ്ട്. എന്താ അതിന്റ്യൊരു സുഖം.''

''ബോധം കെട്ട് കെടന്നൊറങ്ങലാല്ലേ നമ്പൂരീ പരമസുഖം?''

''എന്നു നിരീക്കാൻ വരട്ടെ. നേരം നട്ടുച്ച്യാവണവരെ മൂടിപ്പുതച്ചങ്ങനെ കിട ക്കണം. ആത്തേമ്മാരു വന്ന് കുലുക്കിവിളിച്ചാലും അനങ്ങാപ്പാറപോലെങ്ങനെ കമന്നു കിടക്കണം. എന്താ അതിന്റ്യൊരു സുഖം!''

''നമ്പൂരി പറഞ്ഞുവരണത് ഉറങ്ങാണ്ടെ; ന്നാൽ ഉറങ്ങ്യേപോലെ കെടക്കലാ സുഖം ന്നാ?''

''അല്ലേയ്. അങ്ങനെ കൊറേ നേരോങ്ങനെ കെടന്ന കെടപ്പ് കെടക്കുമ്പോ ഇത്ത്രീശ്ശെ മൂത്രം മുത്താൻ മുട്ടിത്തുടങ്ങും. അതുമൊരു സുഖാ.''

''ഓഹോ, മൂത്രം മുത്താൻ മുട്ടിക്കിടക്കണതാല്ലേ ബഹുസുഖം?''

''ഞാനൊന്നു പറഞ്ഞോട്ടെ. മൂത്രം മുത്താൻ മുട്ടണേലല്ല സുഖം. ആ മുട്ട് മുറുകി വരുമ്പോ കൈ രണ്ടും കാക്കൂട്ടിൽ തിരുക്യൊരു കെടപ്പുണ്ട്. അതല്ലേ സുഖം?''

''ആ കെടപ്പിലും വല്യ സുഖം നമ്പൂതിരിക്കില്യാല്ലേ?''

''ഉണ്ടല്ലോ മൂത്രം മുത്താൻ മുട്ടീള്ള ആ കെടപ്പല്ല. ഇനീം വൈക്യാ മൂത്രം കെടക്കേപ്പോവുന്ന്ള്ള തോന്നലുണ്ടല്ലോ, അതാണ് വേറൊരു സുഖം.''

''ഓ അതാല്യേ നമ്പൂരീടെ മുന്ത്യേ സുഖം?''

''അല്ലല്ല. മൂത്രോഴിക്കണേടോം പൊത്തിപ്പിടിച്ച് ഇരിക്കാനും നിക്കാനും വയ്ക്കാതെ എഴുന്നേറ്റൊരോട്ടോണ്ട്, ഓവകത്തേക്ക്, അതൊരു സുഖാണ്.''

''ആ ഓട്ടത്തിലാണോ നമ്പൂരിക്ക് ഏറ്റവും സുഖം തോന്നണേ?''

''ഇതൊന്നുല്ല ഏഭ്യാ. മൂത്രം മുത്താൻ മുട്ടീട്ട് നെട്ടോട്ടമോടുമ്പോ എന്തു സുഖാണെടോ?''

''ഒന്നു തെളിച്ചു പറയ് നമ്പൂരീ, പിന്നെന്താ സുഖം?''

''അതല്ല പറയാമ്പോണേ. മുട്ടിമുട്ടി നിന്ന മൂത്രം നിന്നനിൽപ്പിൽ ഓവറേ ലേക്ക് 'ശൊറശൊറാ' ന്നൊഴിക്കുമ്പഴത്തെ സുഖല്യേ, അത്രേം സുഖം വേറൊന്നൂല്യ. അതിനങ്ങനെ വായുംകൊണ്ട് പറഞ്ഞാപ്പറ്റില്യ. അതൊന്ന് അനുഭവിച്ചന്നെ അറിയണം!''

മൂത്തമ്പൂരി പറഞ്ഞ പരമസുഖം ശര്യാന്ന് നിങ്ങൾക്കും തോന്നണില്യേ?[17]

**പരമസുഖം : പഠനം**

കഥാപാത്രം : മൂത്തമ്പൂരി

: ചോദ്യക്കാരൻ

ലൗകികകഥകളിൽ ഏറെ പ്രധാനപ്പെട്ട ഒരിനമാണ് ഫലിതകഥകൾ. ഫലിതം ഉത്തമമായ ഒരു സാമൂഹികവിമർശനരീതിയാണ്. വിമർശനാവബോധ മാണ് ഫലിതത്തിനാധാരം. വ്യക്തിയും സമൂഹവും ബോധാബോധതലങ്ങളിൽ അനുഭവിക്കുന്ന സംഘർഷം ഹാസ്യത്തിന്റെ രൂപത്തിൽ സമൂഹത്തിൽ രൂപംകൊ ള്ളുന്നു. സാമൂഹികജീവിതം നിർമ്മിക്കുന്ന അസന്തുലിതാവസ്ഥയിൽനിന്നും മോചനം നേടുന്ന ഒരു ഉപാധിയാണിത്. പൂർണതയെക്കുറിച്ച് ഒരു സങ്കല്പം ഉണ്ടാവുകയും എന്നാൽ അപൂർണത അനുഭവിക്കുകയും ചെയ്യുമ്പോഴാണ് വിമർശ നാവബോധം ഉണരുന്നത്.

ഹാസ്യത്തിന് രണ്ടു തലങ്ങളുണ്ട്. ഒന്ന് അപരനെ പരിഹസിക്കുന്നതിലൂടെ സാമൂഹികവിമർശനം സാധ്യമാക്കുന്നു. രണ്ട് സ്വയം ഒരു പരിഹാസ്യത്തുരുത്തായി മാറുകയും ആക്ഷേപഹാസ്യത്തിലൂടെ അസന്തുലിതാവസ്ഥയ്ക്ക് സ്വസ്ഥത നേടു കയും ചെയ്യുന്നു. കേരളത്തിൽ സവിശേഷമായ ജീവിതരീതികൊണ്ട് ശ്രദ്ധേ യമായ ഒരു വിഭാഗമാണ് നമ്പൂതിരിമാർ. അവർക്കിടയിലെ പരിഹാസം, ഫലിതം അവർ തന്നെ നിർമ്മിക്കുകയും അവർ തന്നെ ശ്രോതാക്കളാവുകയും ചെയ്യുന്ന ഒരവസ്ഥയുണ്ട്. സാമൂഹികജീവിതത്തിൽ മറ്റു ജനവിഭാഗങ്ങളുമായി ഒരകലം ഇവർ പാലിക്കുന്നു എന്നതുകൊണ്ടാവാം. ജന്മിത്തകാലത്ത് അധ്വാനപരമായ ജീവിതസാഹചര്യത്തെ അഭിമുഖീകരിക്കാതെ ഇല്ലം, അമ്പലം എന്നിവിടങ്ങളിൽ ജീവിതം കഴിച്ചുകൂട്ടിയ ഇവർ, ഉണ്ടും ഉറങ്ങിയും മേളം ആസ്വദിച്ചും ഉത്സവത്തിലും ആനക്കമ്പത്തിലും അഭിരമിച്ച് കഴിഞ്ഞുകൂടിയവരുമായിരുന്നു.

'പരമസുഖം' എന്ന നാടോടിക്കഥയിൽ കേരളീയമായ ഒരു പശ്ചാത്തലം നിറഞ്ഞുകാണാം. നമ്പൂതിരിമാരുടെ ജീവിതരീതി, സംഭാഷണശൈലി, ജീവിതനി

രീക്ഷണങ്ങൾ എന്നിവ ഇതിനുദാഹരണങ്ങളാണ്. ചോദ്യോത്തരരീതിയിൽ വികസിക്കുന്ന ഈ കഥയിൽ ഉത്തരം പറയുന്നത് ഇല്ലത്തെ മൂത്തനമ്പൂതിരിയാണ്. ഇല്ലവും നമ്പൂതിരിമാരും അവരുമായി ബന്ധപ്പെട്ട ക്ഷേത്രം, തൊഴൽ, അമ്പലം ചുറ്റൽ, ഭഗവാന്റെ ആനപ്പുറത്തെഴുന്നള്ളൽ, മേളം, കൂത്ത്, അത്താഴശീവേലി, കഥകളി, കുളത്തിലെ കുളി, നൂറ്റൊന്ന് നാമം ചൊല്ലൽ, ഊണ്, ഉറക്കം തുടങ്ങി നിരവധി ഘടകങ്ങൾ തെളിഞ്ഞുകാണാം. ചുരുക്കത്തിൽ, കേരളീയരീതിയിലെ ഒരു നമ്പൂതിരിജീവിതം ഈ കഥയുടെ പശ്ചാത്തലമാണ്.

സുഖം, പരമസുഖം എന്നീ പദങ്ങളിലൂടെ അനുഭവിക്കുന്ന മാനസികതലം എന്തെന്നും ഓരോ സുഖവും പരമസുഖമല്ലെന്നും ഒന്നിൽ നിന്ന്, ഓരോ പശ്ചാത്തലത്തിലേക്ക് മാറുമ്പോൾ പരമസുഖാവസ്ഥ മാറിമറിയുന്നു എന്നും സുഖം കേവലം ആപേക്ഷികമാണെന്നും മൂത്രം നിന്നനിൽപ്പിൽ ഒഴിക്കുമ്പോഴാണ് പരമസുഖം എന്നും ഫലിതരൂപേണ പറയുമ്പോൾ സുഖാന്വേഷണത്തിന്റെ വിവിധഘട്ടങ്ങൾ പിന്നിടുന്നു. ഓരോ വ്യക്തിയും സുഖംതേടി അലയുന്നതും ഒന്നിലും സുഖം കണ്ടെത്താതെ, തൃപ്തിപ്പെടാതെ ഈ ജീവിതകാലം വ്യർത്ഥമാക്കുന്നതിനെ സ്വയം പരിഹാസരൂപത്തിൽ മൂത്തനമ്പൂതിരി അവതരിപ്പിക്കുന്നു.

ജീവിതത്തിന്റെ സമ്പൂർണത പരമസുഖാവസ്ഥയാണ്. ഈ പരമസുഖം അപരനിൽനിന്നോ അപരവസ്തുവിൽ നിന്നോ അവസ്ഥയിൽ നിന്നോ ലഭിക്കണമെങ്കിൽ ഓരോ ഇടങ്ങളിലും സുഖത്തിന്റെ സാധ്യതകളുണ്ടെന്നും അത്തരം ഇടങ്ങൾ തിരിച്ചറിയാനുള്ള മാനസികമായ പക്വത നേടുമ്പോൾ മാത്രമേ മനുഷ്യർക്ക് പരമസുഖാവസ്ഥ അനുഭവിക്കാൻ പറ്റൂ എന്നുമുള്ള തത്ത്വചിന്താപരമായ ഒരു ജ്ഞാനദർശനം ഈ കഥ മുന്നോട്ടുവയ്ക്കുന്നു. എന്നാൽ ഇത്തരം ജ്ഞാനദർശനം പാണ്ഡിത്യഭാരമില്ലാതെ ഫലിതത്തിലൂടെ കേൾവിക്കാരനിലും വായനക്കാരനിലും ആകാംക്ഷ വളർത്തി ക്ഷമാപൂർണമായ ചോദ്യങ്ങളിലൂടെ ക്ഷമാപൂർണമായ ഉത്തരങ്ങൾ നൽകി, അവസാനം പരമസുഖം മൂത്രം ഒഴിക്കുന്നതിലും ലഭ്യമാണ് എന്ന

ആത്മാംശം നിറഞ്ഞ നിരീക്ഷണം അനുഭവത്തിലൂടെ അവതരിപ്പിക്കുന്ന മൂത്തന മ്പൂതിരി വർത്തമാനജീവിതാവസ്ഥയിലും പ്രസക്തമാണ്.

നമ്പൂതിരി എന്ന ഒറ്റക്കഥാപാത്രത്തിലൂന്നി വികസിക്കുന്ന ഈ കഥ 'കഥാ പാത്രം' പരമപ്രധാനമായ ഫലിതകഥയാണ്. ഇതു നമ്മെ ചിരിപ്പിച്ച് ചിന്തിപ്പി ക്കുന്നു. ആഴവും പരപ്പും വ്യാഖ്യാനസാധ്യതയുള്ള ഈ നാടോടിക്കഥ മനുഷ്യൻ നടത്തുന്ന സുഖാന്വേഷണത്തിന്റെ പൊരുൾ കണ്ടെത്തുന്നു. പുറത്ത് ലഘുവെ ങ്കിലും അലഘുവായ ജീവിതപാഠമാണ് ഈ കഥയുടെ കേന്ദ്രാശയം.

**സന്ദേശം :** സുഖം ആപേക്ഷികം

**3.10.9 കഥ : മർമ്മവിദഗ്ധൻ**

പണ്ഡിതനും മർമ്മജ്ഞാനിയുമായ നമ്പൂതിരി തറവാടിന്റെ പൂമുഖത്ത് ഇരി ക്കുകയായിരുന്നു. അപ്പോഴാണ് അയൽവക്കത്തെ പുള്ളിപ്പശു തൊടിയിലിറങ്ങി വാഴയില തിന്നുന്നത് കണ്ടത്. നമ്പൂതിരി വടിയുമെടുത്ത് തൊടിയിലേക്കോടി പശു വിനെ തല്ലിയോടിക്കാൻ ഒരുങ്ങി. അപ്പോൾ അദ്ദേഹം ആകെ ധർമ്മസങ്കടത്തിലാ യി.

''ഹോ, പശുവിന്റെ ദേഹം മുഴുവൻ മർമ്മമാണല്ലോ. ഞാൻ തല്ലുമ്പോൾ വടി മർമ്മത്തിലെങ്ങാനും കൊണ്ടാൽ അത് ചത്തുപോവും. ഗോഹത്യാപാപം എത്ര ജന്മം അനുഭവിച്ചാലും തീരാത്ത ഒന്നാണല്ലോ ഈശ്വരാ!''

നമ്പൂതിരി ഇങ്ങനെ ആലോചിച്ചുനിൽക്കേ, അദ്ദേഹത്തിന്റെ ഭൃത്യൻ അവി ടെയെത്തി, ആ വടി പിടിച്ചുവാങ്ങി പുള്ളിപ്പശുവിനെ തല്ലിയോടിച്ചു. അതു കണ്ട് നമ്പൂതിരി സ്വയം പറഞ്ഞു:

''മർമ്മമറിയുന്നവന് സർവ്വത്ര മർമ്മം. അറിയാത്തവന് എന്തു മർമ്മം?''[18]

**മർമ്മ വിദഗ്ധൻ : പഠനം**

**കഥാപാത്രങ്ങൾ:** നമ്പൂതിരി

ഭൃത്യൻ

പശു

'നമ്പൂതിരി പയ്യിനെ തയ്ക്കാൻ പോയപോലെ' എന്ന ശൈലി രൂപപ്പെടു ത്തിയ നാടോടിക്കഥയാണ് 'മർമ്മവിദഗ്ധൻ'. പണ്ഡിതനും മർമ്മവിദഗ്ധനുമായ നമ്പൂതിരി, ഭൃത്യൻ, പശു എന്നീ കഥാപാത്രങ്ങൾ ഉൾക്കൊള്ളുന്ന കൊച്ചുകഥയാ ണിത്. മഹാപണ്ഡിതന്മാർ മഹാവിഡ്ഢികളാവുന്ന ചില നിമിഷങ്ങൾ ഹാസ്യാത്മ കമായി അവതരിപ്പിക്കുന്ന ഈ കഥ കേവലം അറിവിനപ്പുറം തിരിച്ചറിവാണ് യഥാർത്ഥജ്ഞാനമെന്ന സന്ദേശം ഇതു പകരുന്നു. അറിവിനപ്പുറം അനുഭവമാണ് യഥാർത്ഥ അറിവ് എന്ന നിരീക്ഷണം ഈ കഥയെ വേറിട്ടുനിർത്തുന്നു.

സ്വന്തം തൊടിയിലെ വാഴ അങ്ങേ വീട്ടിലെ പശുതിന്നുമ്പോൾ പശുവിനെ തല്ലി ഓടിക്കാൻ വടിയെടുക്കുന്ന നമ്പൂതിരി പശുവിൽ എവിടെയും മർമ്മം കണ്ടെത്തി അടിക്കാൻ തയ്യാറാവാതെ, ഓടിക്കാൻ തയാറാവാതെ പശുവിന്റെ വാഴ തിന്നൽ നോക്കി നിൽക്കുമ്പോൾ, അദ്ദേഹത്തിന്റെ ഭൃത്യൻ നമ്പൂതിരിയുടെ കൈയിൽനിന്നു വടി വാങ്ങി പശുവിനെ തല്ലി ഓടിക്കുന്നു. ഭൃത്യന്റെ ഈ പ്രായോ ഗികമായ ഇടപെടൽ നമ്പൂതിരിയിൽ മർമ്മമറിയുന്നവന് സർവ്വത്ര മർമ്മം, അല്ലാ ത്തവന് എന്ത് മർമ്മം എന്ന തിരിച്ചറിവിൽ എത്തിനിൽക്കുന്നു.

തിര മുഴുവൻ അടങ്ങിയിട്ട് കടൽ കടക്കാൻ കഴിയില്ല എന്ന യാഥാർത്ഥ്യം തിരിച്ചറിയുമ്പോഴാണ് പ്രായോഗികമായ വഴി തേടുന്നത്. ജീവിതവീഥിയിൽ നിര വധി പ്രശ്നങ്ങൾ (മർമ്മങ്ങൾ) ഉണ്ടെങ്കിലും ഉടനടി പരിഹരിക്കേണ്ടവയെ കണ്ടെ ത്തി മുൻഗണനാക്രമത്തിൽ പ്രശ്നപരിഹാരത്തിന് തയാറാവേണ്ടതിന്റെ ഔചിത്യം ഈ കഥ നമ്മെ ബോധിപ്പിക്കുന്നു. ഐ.എ.എസ് ഓഫീസർപോലും അംഗീകരി

ക്കുന്ന ഈ ജ്ഞാനവഴി നമ്മെ പ്രായോഗികജീവിതത്തിന്റെ പ്രസക്തി ബോധ്യപ്പെടുത്തുന്നു.

ആദർശവും യാഥാർത്ഥ്യവും തമ്മിലുള്ള പൊരുത്തക്കേട് സൃഷ്ടിക്കുന്ന അസ്വസ്ഥത ഇവിടെ കാണാം. എന്നാൽ പൂർണ്ണതയെ കുറിച്ച് ബോധ്യമുണ്ടാവുകയും അപൂർണ്ണതയിൽ നിലനിൽക്കുകയും ചെയ്യുമ്പോൾ മനസ്സ് സംഘർഷപൂർണമാവുന്നു. ഈ സംഘർഷമനസ്സിന്റെ വിമോചനമാർഗ്ഗമാണീ ഫലിതം. ഈ കഥയും ഫലിതരൂപേണ നമ്മിൽ നിറയുമ്പോൾ അറിയാതെ നാം അറിയുന്നത് പ്രായോഗികജീവിതത്തിന്റെ നിലനിൽപ്പിന് അനുഗുണമായി അറിവിനെ എങ്ങനെ വിവേചനത്തോടെ ഉപയോഗിക്കാം എന്നതാണ്. പുണ്യപാപങ്ങൾപോലും ആപേക്ഷികമാണെന്നും ശരീരം മർമ്മത്താൽ നിറഞ്ഞതാണെങ്കിലും ശരീരം എന്ന സങ്കല്പത്തെ സമഗ്രമായി കാണേണ്ടതിന്റെ ആവശ്യകത ശരീരശാസ്ത്രജ്ഞരായ വൈദ്യർക്ക് അനിവാര്യമാണെന്നും ഈ കഥ നമ്മെ പഠിപ്പിക്കുന്നു.

വൈദ്യശാസ്ത്രരംഗത്ത് മാത്രമല്ല, മുഴുവൻ ജീവിതത്തിലും അറിഞ്ഞിരിക്കേണ്ട പൊതുതത്ത്വമാണ് ഈ നാടോടിക്കഥയുടെ അടിസ്ഥാനതലം. വ്യക്തിജീവിതത്തെയും സമൂഹജീവിതത്തെയും കൂട്ടായും ബാധിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം പ്രായോഗികതയിലൂന്നിയ സമീപനമാണ്. ഇവിടെ അറിവും പ്രായോഗികതയും കൈകോർക്കേണ്ടതിന്റെ, സമീകൃതമാകേണ്ടതിന്റെ അനിവാര്യത ബോധ്യപ്പെടുത്തുന്നതിലൂടെ ഈ കഥ വ്യഷ്ടിയിലും സമഷ്ടിയിലും സന്തുലിതമായ ഒരു മനോഘടന രൂപപ്പെടുത്താൻ ഉപകരിക്കുന്ന അപൂർവ്വമായ ചികിൽസ നടത്തുന്നു. അതുവഴി ഈ നാടോടിക്കഥ അനൗപചാരിക വിദ്യാഭ്യാസം നമ്മുടെ സമൂഹത്തിൽ നടത്തുന്നു. അതിനാൽ ഈ കഥ കാലാതിവർത്തിയായി ഫലിതത്തിലൂടെ ചിരിപ്പിച്ച് ചിന്തിപ്പിച്ചുകൊണ്ടിരിക്കും.

**സന്ദേശം:** അറിവ് തിരിച്ചറിവാകണം - പ്രായോഗികതയിലൂന്നിയ അറിവാണ് തിരിച്ചറിവ്.

**3.10.10 കഥ : അത്തിമരത്തിലെ കരള്**

പുഴയുടെ തീരത്തുള്ള അത്തിമരത്തിൽ ഒരു കുരങ്ങൻ പാർത്തിരുന്നു. ചാട്ടം പിഴച്ചതിന് കൂട്ടത്തിൽ നിന്നു പുറത്താക്കപ്പെട്ട് അവൻ ഒറ്റയ്ക്കായിരുന്നു അവിടെ താമസം. അവന് കൂട്ടുകാരായി ആരുമുണ്ടായിരുന്നില്ല. അത്തിമരത്തിൽ ധാരാളം മൂത്തുപഴുത്ത അത്തിപ്പഴങ്ങൾ ഉണ്ടായിരുന്നു. അതായിരുന്നു അവന്റെ ഭക്ഷണം. അതിനാൽത്തന്നെ ആ മരംവിട്ട് അവർ മറ്റെങ്ങും പോവാറില്ല.

ഒരു ദിവസം ഉച്ചനേരത്ത് ഒരു മുതല പുഴനീന്തി അത്തിമരച്ചോട്ടിലെത്തി. വെയിലുംകൊണ്ട് കരയിൽ കുറച്ചുനേരം വിശ്രമിക്കാനായിരുന്നു മുതല അവിടെ എത്തിയത്. കുരങ്ങൻ അത്തിപ്പഴം തിന്നുന്നതും ചില്ലകളിൽ നിന്ന് ചില്ലകളിലേക്കു ചാടി കുസൃതികൾ കാണിക്കുന്നതും നോക്കി മുതല അങ്ങനെ കിടന്നു. മുതല തന്നെ ശ്രദ്ധിക്കുന്നത് കുരങ്ങനും കാണുന്നുണ്ടായിരുന്നു. ആദ്യമൊന്നു പേടിച്ചെ ങ്കിലും ഒന്നും ചെയ്യാതെ, അനങ്ങാതെ കിടക്കുന്ന മുതലയെക്കണ്ട് അവനു കൗതുകം തോന്നി. അവൻ ചോദിച്ചു:

''നീയെന്താ ചത്തതുപോലെ കിടക്കുന്നത്?''

''ഓ...., ഞാൻ വെയിലും കാഞ്ഞ് വിശ്രമിക്കുകയല്ലേ?''

''നീയെന്താ ഇങ്ങനെ ഒറ്റയ്ക്ക്? തുണയാരുമില്ലേ?'' മുതല ചോദിച്ചു.

കുരങ്ങന് അതു കേട്ടു വിഷമമായി. കൂട്ടം കൂടി കുസൃതി കാണിച്ചുനടന്ന കാലം അവനോർത്തു. അവൻ സങ്കടത്തോടെ തന്റെ കഴിഞ്ഞകാലം മുതലയോടു വിവരിച്ചു. കഥ കേട്ട് മുതല പറഞ്ഞു:

''പോട്ടെ.... സാരമില്ല. നമുക്കു ചങ്ങാതിമാരാകാം.'' അതു കേട്ട് കുരങ്ങന് സന്തോഷമായി. അവനും അതു സമ്മതിച്ചു.

''ആട്ടെ, ഈ ചങ്ങാതിക്കു നീ എന്താണ് തിന്നാൻ തരുക?'' മുതല കളി യായി ചോദിച്ചു.

കുരങ്ങൻ ഒരു അത്തിപ്പഴം പറിച്ച് താഴെക്കിറങ്ങി അത് മുതലയ്ക്കു കൊണ്ടു ചെന്നു കൊടുത്തു. മുതല ആ അത്തിപ്പഴം തിന്നുനോക്കി. നല്ല രുചി!

''ഇത്ര സ്വാദുള്ള അത്തിപ്പഴം ഞാനിതുവരെ തിന്നിട്ടില്ല. അക്കരെ ക്കാട്ടിലൊന്നും അത്തിമരമേയില്ല.'' മുതല പറഞ്ഞു.

കുരങ്ങൻ കുറേക്കൂടി അത്തിപ്പഴം പറിച്ച് മുതലയ്ക്ക് കൊടുത്തു. മുതല അതെല്ലാം തിന്നുകൊണ്ട് അക്കരെക്കാട്ടിലെ വിശേഷങ്ങളും കഥകളും കുരങ്ങ നോടു പറഞ്ഞുകൊണ്ടിരുന്നു. കുരങ്ങൻ അതെല്ലാം കൗതുകത്തോടെ കേട്ടു. അതു കണ്ട് മുതല ചോദിച്ചു:

''അക്കരെക്കാട്ടിലേക്കു പോണമെന്നുണ്ടോ?''

''ഓ... ഇല്ല. എനിക്കു നീന്താനറിയില്ല. നീന്താനറിയുമായിരുന്നെങ്കിൽ ഇതിലും മൂത്തുപഴുത്ത അത്തിപ്പഴം തിന്നാമായിരുന്നു.'' കുരങ്ങൻ പറഞ്ഞു.

''അതെങ്ങനെ?'' മുതല ചോദിച്ചു.

കുരങ്ങൻ പുഴയിലേക്കു ചാഞ്ഞുനിൽക്കുന്ന അത്തിമരക്കൊമ്പുകൾ ചൂണ്ടി ക്കാണിച്ചു.

''കണ്ടോ, അതിലെല്ലാം എത്ര മൂത്തുപഴുത്ത അത്തിപ്പഴങ്ങളാണെന്ന്. അതെല്ലാം പഴുത്തു ചീഞ്ഞ് പുഴയിലേക്കു വീണുപോവുകയാണ്. നീന്താനറിയുമാ യിരുന്നെങ്കിൽ ചാഞ്ഞുനിൽക്കുന്ന ചില്ല കുലുക്കി അത്തിപ്പഴങ്ങൾ വീഴ്ത്തി ഞാൻ നീന്തിച്ചെന്നെടുത്തേനേ...'' കുരങ്ങൻ പറഞ്ഞു.

''അതിനൊരു വഴിയുണ്ട്. നീ അത്തിമരത്തിൽ കയറി ചില്ല കുലുക്കിക്കോ. വെള്ളത്തിൽ വീഴുന്ന അത്തിപ്പഴമൊക്കെ ഞാൻ നീന്തിച്ചെന്ന് വാരിയെടുത്തു തരാം.'' മുതല പറഞ്ഞു.

കുരങ്ങൻ അത്തിമരത്തിൽക്കയറി പുഴയിലേക്കു ചാഞ്ഞ ചില്ലയിലൊന്ന് കുലുക്കി. 'ബ്ലും ബ്ലും' എന്ന് അത്തിപ്പഴങ്ങൾ പുഴയിലേക്കു വീണു. മുതല നീന്തി ച്ചെന്ന് അവയെല്ലാം പെറുക്കി അത്തിമരച്ചോട്ടിൽ കൊണ്ടുവന്നു വച്ചു. പിന്നെ ഇരു വരും മതിയാവോളം അത്തിപ്പഴവും തിന്ന് ഓരോരോ കഥകളും പറഞ്ഞ് സമയം ചെലവഴിച്ചു. പിന്നെയും ബാക്കിയായ അത്തിപ്പഴങ്ങൾ ഒരു ഇലയിൽ പൊതിഞ്ഞ് കുരങ്ങൻ അത്തിമരക്കൊമ്പിൽ കെട്ടിത്തൂക്കി. നാളെയും പ്രാതലിന് തിന്നാമല്ലോ!

പിറ്റേന്നു കാണാമെന്നു പറഞ്ഞ് മുതല യാത്രയായി. പറഞ്ഞപോലെ പിറ്റേന്നും ഉച്ചയായപ്പോൾ മുതല അത്തിമരച്ചോട്ടിലെത്തി. അന്ന് കുരങ്ങൻ പുഴയി ലേക്കു ചാഞ്ഞ അത്തിമരത്തിന്റെ മറ്റൊരു ചില്ല കുലുക്കി. മുതല അതെല്ലാം നീന്തിയെടുത്തുകൊണ്ടുവന്നു. ഇരുവരും അത്തിമരച്ചോട്ടിലിരുന്ന് അത്തിപ്പഴവും തിന്ന് ഓരോരോ കഥകളും പറഞ്ഞ് സമയം കഴിച്ചു. ബാക്കി വന്ന അത്തിപ്പഴങ്ങൾ ഇലയിൽ പൊതിഞ്ഞ് കുരങ്ങൻ അത്തിമരക്കൊമ്പിൽ പ്രാതലിനായി കെട്ടിത്തൂക്കി യിട്ടു. സന്ധ്യയായപ്പോൾ മുതല യാത്രയും പറഞ്ഞ് മടങ്ങി.

ഇതൊരു പതിവായി. എന്നും ഉച്ചയാകുമ്പോൾ മുതല അത്തിമരച്ചോട്ടിലെ ത്തും, കുരങ്ങൻ ചില്ലകുലുക്കും, മുതല അത്തിപ്പഴം വാരും, ഇരുവരും ഓരോരോ കഥകളും പറഞ്ഞ് അത്തിപ്പഴം തിന്നും, ശേഷിച്ചവ കുരങ്ങൻ പൊതികെട്ടി അത്തി മരക്കൊമ്പിൽ തൂക്കും. സന്ധ്യയായാൽ യാത്രപറഞ്ഞ് മടങ്ങും. അങ്ങനെ അവർ ഉറ്റ ചങ്ങാതിമാരായി.....

ഒരു ദിവസം ഒരു സന്തോഷവാർത്തയുമായാണ് മുതല വന്നത് തന്റെ പെണ്ണു പെറ്റു. നാലു കുഞ്ഞുങ്ങൾ! കുരങ്ങനും ആ വാർത്ത കേട്ടു സന്തോഷിച്ചു. സന്ധ്യക്കു മടങ്ങിപ്പോകാനൊരുങ്ങവേ മുതലയ്ക്ക് കുരങ്ങൻ ഒരു പൊതി അത്തി പ്പഴം കൊടുത്തു:

''ഇത് ചങ്ങാതിയുടെ പെണ്ണിനുള്ള എന്റെ സമ്മാനം'' - കുരങ്ങൻ പറഞ്ഞു.

അത്തിപ്പഴപ്പൊതിയും കൊണ്ട് മുതല യാത്രയായി. അവൻ വീട്ടിലെത്തി അത്തിപ്പഴം മുതലച്ചിക്കു കൊടുത്തു. അവൾക്കത് നന്നായി ഇഷ്ടപ്പെട്ടു. ഇത് എവിടെ നിന്നു കിട്ടിയെന്ന് അവൾ തിരക്കി. അക്കരെ അത്തിമരത്തിലുള്ള കുരങ്ങൻ ചങ്ങാതിയെപ്പറ്റി മുതല മുതലച്ചിയോടു വിവരിച്ചു. പിന്നീടുള്ള ദിവസങ്ങളിലെല്ലാം കുരങ്ങൻ അത്തിപ്പഴപ്പൊതി മുതലയ്ക്കു കൊടുത്തുവിടും. അതെല്ലാം മുതല പെണ്ണിനു കൊണ്ടുക്കൊടുക്കുകയും ചെയ്യും.

അങ്ങനെയിരിക്കെ മുതലച്ചിക്കൊരു പൂതി - ഇത്രയും സ്വാദുള്ള അത്തിപ്പഴം മാത്രം തിന്നുവളർന്ന കുരങ്ങന് എന്തു സ്വാദായിരിക്കും! അവൾക്ക് കൊതിയടക്കാനായില്ല. അന്നു വൈകീട്ട് മുതല കൊണ്ടുവന്ന അത്തിപ്പഴവും കഴിച്ചിരിക്കവേ മുതലച്ചി കാര്യം അവതരിപ്പിച്ചു.

''ഇത്രേം സ്വാദുള്ള അത്തിപ്പഴം മാത്രം തിന്നുവളർന്ന കുരങ്ങന്റെ ഇറച്ചിക്ക് എന്തു രുചിയായിരിക്കും! ആ കുരങ്ങനെ പിടിച്ചുകൊണ്ടുവന്ന് എനിക്കു തരുമോ?'' മുതലച്ചി ചോദിച്ചു.

മുതലയ്ക്കു ദേഷ്യം വന്നു:

''എന്റെ ചങ്ങാതിയെത്തന്നെ തിന്നണമല്ലേ നിനക്ക്? നീയൊരു ദുഷ്ടയാണ്. ഇനിയും ഇതിനെപ്പറ്റി മിണ്ടിപ്പോകരുത്'' - മുതല കയർത്തു.

മുതലച്ചി പറഞ്ഞു: ''അതൊരു പെൺകുരങ്ങാകും. അതാ കുരങ്ങിനോട് ഇത്ര സ്നേഹം! ഏതെങ്കിലും മുതലകൾ കുരങ്ങിനോട് കൂട്ടുകൂടാറുണ്ടോ?''

മുതലയ്ക്കു ദേഷ്യം ഇരട്ടിച്ചു. ''ഇനി മേലിൽ ഞാൻ നിനക്ക് അത്തിപ്പഴം കൊണ്ടുവന്ന് തരുകയേയില്ല.''

പിറ്റേന്നു മുതൽ മുതല മുതലച്ചിക്കു അത്തിപ്പഴം കൊണ്ടുക്കൊടുക്കാതായി. എന്താണ് അത്തിപ്പഴപ്പൊതി കൊണ്ടുപോകാത്തതെന്ന് കുരങ്ങൻ അന്വേഷിച്ചു. സത്യം പറയാൻ പറ്റുമോ? കെട്ടിയവളെക്കുറിച്ച് കുറ്റം പറയുന്നത് കുറച്ചിലല്ലേ?

''അവൾക്ക് വയറിനു നല്ല സുഖമില്ല. അത്തിപ്പഴം തിന്നരുതെന്ന് വൈദ്യൻ വിലക്കിയിക്കുകയാ'' - മുതല ഒരു പൊളി പറഞ്ഞു.

കുരങ്ങൻ അത് വിശ്വസിക്കുകയും ചെയ്തു.

അത്തിപ്പഴം കിട്ടാതായപ്പോൾ മുതലച്ചിക്ക് ആധിയായി. ആധിയിരട്ടിച്ചപ്പോൾ അത്തിപ്പഴം തിന്നു വളർന്ന കുരങ്ങന്റെ ഇറച്ചി തിന്നാനുള്ള പൂതിയും ഇരട്ടിച്ചു. പൂതി ഇരട്ടിച്ചിരട്ടിച്ച് അതൊരു വ്യാധിയായി. അവൾ ഒന്നും കഴിക്കാതെയായി. എങ്ങനെയും കുരങ്ങനെ തിന്നേ പറ്റൂ. അവൾ ഉള്ളിലുറപ്പിച്ചു.

അന്നു വൈകിട്ട് മുതല തിരിച്ചെത്തിയപ്പോൾ മുതലച്ചി മൂടിപ്പുതച്ച് അവശയായി ഒരിടത്ത് കിടക്കുന്നതാണ് കണ്ടത്. മുതല കാര്യം തിരക്കി. മുതലച്ചി തീരെ വയ്യാത്ത മട്ടിൽ പറഞ്ഞു:

''എന്റെ കാര്യങ്ങൾ നോക്കാൻ നിങ്ങൾക്കൊട്ടും നേരമില്ലല്ലോ. എനിക്ക് ഈയിടെയായി ഒന്നും കഴിക്കാൻ പറ്റുന്നില്ലെന്ന് നിങ്ങളറിഞ്ഞോ?''

''അയ്യോ..., ഇല്ലല്ലോ. എന്തു പറ്റി നിനക്ക്?'' മുതല ചോദിച്ചു.

''മുമ്പുതിന്ന അത്തിപ്പഴത്തിന്റെ വിഷമാണെന്നാ വൈദ്യരു പറഞ്ഞത്, വയറാകെ ചുരുങ്ങിപ്പോയി. ഞാനിങ്ങനെ കെടന്ന് മരിച്ചോളാം...'' മുതലച്ചി കള്ളക്കണ്ണീരു പൊഴിച്ചു.

താൻ കുരങ്ങനോടു പറഞ്ഞ പൊളി നേരായിവന്നല്ലോ എന്ന് മുതല വിചാരിച്ചു. അങ്കലാപ്പോടെ അവൻ ചോദിച്ചു:

''വൈദ്യര് മരുന്നൊന്നും തന്നില്ലേ...?''

''ഇതിനങ്ങനെ സാധാരണ മരുന്നൊന്നുമില്ലത്രേ... പിന്നെയുള്ളത് ഒരു ഒറ്റ മൂലിയാ... അതാണെങ്കിൽ കിട്ടുകയുമില്ല. ഞാനിവിടെ കെടന്ന് മരിച്ചോളാം...'' മുത ലച്ചി പറഞ്ഞു.

''കിട്ടാത്ത ഒറ്റമൂലിയോ? വൈദ്യരു പറഞ്ഞ ഒറ്റമൂലി എന്താണെന്നു പറയ്. എവിടെനിന്നാണെങ്കിലും ഞാനതു കൊണ്ടുവന്നു തരാം...'' മുതല ആവശ്യപ്പെട്ടു.

ആദ്യമൊന്നും മുതലച്ചി പറയാൻ കൂട്ടാക്കാത്തപോലെ നടിച്ചു. മുതല പല കുറി നിർബന്ധിച്ചു. അപ്പോൾ മുതലച്ചി പറഞ്ഞു:

''നിങ്ങൾക്കതു കൊണ്ടത്തരാൻ പറ്റില്ല. കരളിന്റെ കരളായ ചങ്ങാതിയുടെ കരളാണ് ഒറ്റമൂലിയെങ്കിൽ ആരെങ്കിലും കൊണ്ടുത്തരുമോ? വൈദ്യൻ വിധിച്ച ഒറ്റ മൂലി അത്തിപ്പഴം തിന്നുവളർന്ന കുരങ്ങന്റെ കരളാണ്...''

മുതല ഞെട്ടിപ്പോയി. തന്റെ ഉറ്റചങ്ങാതിയുടെ കരൾ കൊടുക്കുകയോ? കൊടുക്കാതെങ്ങനെ? കെട്ടിയവളുടെ ദീനം മാറണ്ടേ? മനസ്സില്ലാമനസ്സോടെ കരളു കൊണ്ടുവന്ന് കൊടുക്കാമെന്ന് മുതല സമ്മതിച്ചു.

പിറ്റേന്ന് രാവിലെ തന്നെ മുതല കുരങ്ങന്റെ അടുത്തെത്തി. പതിവിലും നേരത്തേ എത്തിയ മുതലയെക്കണ്ട് കുരങ്ങൻ അത്ഭുതപ്പെട്ടു. ചങ്ങാതിയോടു നേരിട്ടു കാര്യം പറയണോ എന്ന് ഒരു ഞൊടി മുതല ശങ്കിച്ചു. അവൻ സമ്മതിച്ചി ല്ലെങ്കിലോ? തന്റെ പെണ്ണ് ദീനം മൂത്ത് ചത്തുപോവും. എന്തെങ്കിലും കളവു പറയു കതന്നെ. ഉള്ളിലുള്ള വിചാരങ്ങളെല്ലാം അടക്കിവച്ചു കൊണ്ട് മുതല പറഞ്ഞു:

''ഇന്ന് മറ്റൊരു സന്തോഷവാർത്തയുമായാണ് ഞാൻ വന്നിരിക്കുന്നത്. എന്റെ പെണ്ണിന്റെ വയറ്റിൽ ദീനമെല്ലാം മാറി. ഇനി ഇഷ്ടം പോലെ അത്തിപ്പഴം കഴിച്ചുകൊള്ളാൻ വൈദ്യർ ഇന്നലെ അവളോടു പറഞ്ഞു. അതുകേട്ടപ്പോൾ അവൾക്കു സന്തോഷമായി. എനിക്കും അതിലേറെ സന്തോഷമായി. അവൾ

അവിടെ വലിയൊരു സദ്യ ഒരുക്കിയിരിക്കുകയാണ്. പഴങ്ങളായ പഴങ്ങളൊക്കെക്കൊണ്ടുള്ള ഒരു ഗംഭീരസദ്യ.

''അയ്യോ, ഞാനില്ല. ഞാനീ മരംവിട്ട് എങ്ങും പോകാറില്ല''- കുരങ്ങൻ പറഞ്ഞു.

''നീ എന്നന്നേക്കുമായി ഇവിടംവിട്ടു പോവുകയൊന്നുമല്ലല്ലോ. ഉച്ചസ്സദ്യയും കഴിഞ്ഞ് പെട്ടെന്നുതന്നെ ഇങ്ങോട്ടു മടങ്ങാം...'' മുതല നിർബന്ധിച്ചു.

''ഞാനില്ല.... എനിക്കു വെള്ളം പേടിയാണ്. എനിക്കു നീന്തലും അറിയില്ല. നീയും പെണ്ണും മക്കളുംകൂടി ഇങ്ങോട്ടു വാ... എല്ലാവർക്കും ഇഷ്ടംപോലെ അത്തിപ്പഴം തിന്നാം.'' കുരങ്ങൻ വീണ്ടും പിന്മാറി.

''ഞാനുള്ളപ്പോൾ നീയെന്തിനാ വെള്ളത്തെ പേടിക്കുന്നത്? നീയെന്റെ പൊന്നുചങ്ങാതിയല്ലേ? ഞാൻ നിന്നെ എന്റെ പുറത്തേറ്റി നീന്താം. സദ്യയുണ്ട് തിരിച്ചുകൊണ്ടെത്തിക്കുകയും ചെയ്യാം...'' മുതല പറഞ്ഞു.

ഏറെ നിർബന്ധിച്ചപ്പോൾ കുരങ്ങൻ പോകാൻ സമ്മതിച്ചു. മുതല വെള്ളത്തിലേക്കിറങ്ങി. കുരങ്ങൻ മുതലയുടെ പുറത്തു കയറും മുമ്പേ പറഞ്ഞു:

''അല്ല! ഒരു കാര്യം മറന്നില്ലേ? നിന്റെ പെണ്ണിനുള്ള അത്തിപ്പഴം പറിച്ചില്ലല്ലോ.''

ഇനിയും വൈകിച്ചാൽ ആപത്താണ്. ഇവന്റെ മനസ്സു മാറിയാലോ? കെട്ട്യോളാണെങ്കിൽ ദീനംമൂത്ത് ചാവാറായി കിടക്കുകയുമാണ്. മുതല ആലോചിച്ചു.

''ഇനിയിപ്പോ അത്തിപ്പഴം പറിക്കാനും വാരാനുമൊന്നുമുള്ള നേരമില്ല. നീ കേറ്. തിരിച്ചുവന്ന് മടങ്ങും വഴി ഞാൻ കൊണ്ടുപൊയ്ക്കോളാം.'' മുതല പറഞ്ഞു.

''അല്ലെങ്കിലെന്തിനാ പറിക്കുന്നത്? ഇന്നലെ കെട്ടിത്തൂക്കിയ അത്തിപ്പഴപ്പൊതിയുണ്ടല്ലോ. ഒറ്റച്ചാട്ടത്തിന് ഞാനതെടുത്തു കൊണ്ടുവരാം.'' അതും പറഞ്ഞ് കുരങ്ങൻ അത്തിമരത്തിലേക്കു ചാടിക്കയറി അത്തിപ്പഴപ്പൊതിയുമായി തിരികെയെത്തി.

കുരങ്ങനെയും മുതുകിലേറ്റി മുതല പുഴയിലൂടെ നീന്തിത്തുടങ്ങി. മുതല വിചാരിച്ചു:

''എന്തു പാവമാണ് എന്റെ പൊന്നുചങ്ങാതി! എന്നോടും കുടുംബത്തോടും അവനെന്തൊരു ഇഷ്ടമാണ്! അങ്ങനെയുള്ള ചങ്ങാതിയെയല്ലേ ഞാൻ ചതിച്ചു കൊല്ലാൻ പോകുന്നത്? പക്ഷേ, ചങ്ങാതിയുടെ കരൾ കിട്ടാതെങ്ങനെ പെണ്ണിന്റെ ദീനം മാറും? നേരിട്ടു പറയുകയാണെങ്കിൽ ഇവൻ കരളുതരാൻ തയ്യാറാണെങ്കിലോ? ചങ്ങാതിയെ ചതിക്കുന്നതിലും വലിയ പാപം മറ്റൊന്നുണ്ടോ? ഇപ്പോഴെങ്കിലും തുറന്നു പറയുകതന്നെ. അഥവാ സമ്മതമല്ലെങ്കിലും അവന് വെള്ളത്തിൽച്ചാടി നീന്തി രക്ഷപ്പെടാനൊന്നും പറ്റില്ലല്ലോ.'' മുതല മുതുകിലിരിക്കുന്ന കുരങ്ങനോടു പറയാനാരംഭിച്ചു:

''എങ്ങനെയുണ്ട് യാത്ര, ചങ്ങാതീ...''

''എന്തൊരു വേഗതയാണ് നിന്റെ നീന്തലിന്!'' കുരങ്ങൻ പറഞ്ഞു.

''നിനക്കു പേടി തോന്നുന്നുണ്ടോ?'' മുതല ചോദിച്ചു.

''ഏയ്... ഒട്ടുമില്ല.'' കുരങ്ങൻ പറഞ്ഞു.

''എന്നാലെനിക്കു നിന്നോട് ഒരു പ്രധാനപ്പെട്ട കാര്യം പറയാനുണ്ട്. നീ പേടിക്കുകയേ അരുത്. സ്വന്തം ചങ്ങാതിക്കുവേണ്ടിയുള്ള ഒരു ത്യാഗമായി കരുതണം. എന്റെ കെട്ട്യോളുടെ ദീനം മാറിയിട്ടില്ല; ഏറുകയാണ് ചെയ്തത്. അതിന്

വൈദ്യൻ ഒരു ഒറ്റമൂലിയാണ് വിധിച്ചിട്ടുള്ളത്. അത്തിപ്പഴം തിന്നതിന്റെ വിഷം പോകാൻ അത്തിപ്പഴം തിന്നുന്ന കുരങ്ങന്റെ കരളു തിന്നണം.''

കുരങ്ങൻ ഞെട്ടിപ്പോയി. തന്നെ കൊല്ലാനായി കൊണ്ടുപോകുകയാണ്! ഇവനിൽ നിന്നു രക്ഷപ്പെടാൻ എന്താണൊരു വഴി? ഏറെ ആലോചിക്കാനൊന്നും നേരമില്ല. പേടിയടക്കി സന്തോഷം നടിച്ചുകൊണ്ട് കുരങ്ങൻ പറഞ്ഞു:

''അതിനെന്താ ചങ്ങാതീ, എന്റെ കരളു തരാമല്ലോ.''

മുതലയ്ക്കു സന്തോഷമായി. അവനോടു കാര്യം പറഞ്ഞല്ലോ. അവൻ സമ്മതിക്കുകയും ചെയ്തു. ഇനി ഒരു പാപവുമില്ല.

''ചങ്ങാതിമാരായാൽ ഇങ്ങനെ വേണം!'' മുതല പറഞ്ഞു.

''പക്ഷേ, ചങ്ങാതീ..., ഒരു പ്രശ്നം കരളുണ്ടെങ്കിലല്ലേ പേടിയും വികാരവുമൊക്കെയുണ്ടാവൂ. വെള്ളത്തിനോടുള്ള പേടിയില്ലാതിരിക്കാനായി നിന്നോടൊപ്പം പോരുംമുമ്പേ അത്തിപ്പഴപ്പൊതി എടുത്ത കൂട്ടത്തിൽ എന്റെ കരള് ഞാൻ അത്തിമരക്കൊമ്പിൽ കെട്ടിത്തൂക്കിയിട്ടു. നീയിക്കാര്യം വന്നപ്പോൾത്തന്നെ പറഞ്ഞിരുന്നെങ്കിൽ അങ്ങനെ ചെയ്യാതിരിക്കാമായിരുന്നു. ഇനിയിപ്പോൾ എന്തു ചെയ്യും? തിരികെ ച്ചെന്ന് എടുക്കുക തന്നെ.'' കുരങ്ങൻ പറഞ്ഞു.

മുതല അതു വിശ്വസിച്ചു. അവൻ കൂടുതൽ വേഗത്തിൽ തിരിച്ചു നീന്തി. കരയോടടുത്തപ്പോൾ കുരങ്ങൻ മുതലപ്പുറത്തുനിന്ന് ഒരൊറ്റച്ചാട്ടത്തിന് കരയിലെത്തി, അടുത്ത ചാട്ടത്തിന് അത്തിമരത്തിനു മുകളിലെത്തിയതും ഞൊടിയിലായിരുന്നു.

കുറച്ചുകഴിഞ്ഞിട്ടും ചങ്ങാതിയെ കാണാഞ്ഞപ്പോൾ മുതല വിളിച്ചു ചോദിച്ചു:

''ചങ്ങാതീ..., എന്തുപറ്റി? കരളു കിട്ടിയില്ലേ?''

''കരളില്ലാത്ത ദുഷ്ടാ..., നുണച്ചിയായ പെണ്ണിന്റെ വാക്കും കേട്ട് ചങ്ങാതിയെ ചതിച്ചു കൊല്ലാനൊരുമ്പെട്ട നിനക്കൊക്കെ എങ്ങനെയാണ് ബുദ്ധിയും ബോധവുമുണ്ടാകുക? കരളാരെങ്കിലും മരക്കൊമ്പിൽ കെട്ടിത്തൂക്കിയിടുമോടാ പോഴാ...? മേലിൽ നിന്നെ ഇവിടെയെങ്ങും കണ്ടുപോകരുത്. എനിക്കിങ്ങനെയൊരു ചങ്ങാതിയുമില്ല.'' കുരങ്ങൻ പറഞ്ഞു. മുതല ഇളിഭ്യനായി അവിടം വിട്ടു.[19]

**അത്തിമരത്തിലെ കരള് : പഠനം**

**കഥാപാത്രങ്ങൾ:** 1. കുരങ്ങൻ
2. മുതല
3. മുതലച്ചി

മൃഗങ്ങൾ കഥാപാത്രമാവുന്ന കഥയാണിത്. മനുഷ്യേതരകഥാപാത്രങ്ങളിലൂടെ മനുഷ്യരുടെ വ്യക്തിജീവിതത്തിലെ അനുഭവങ്ങളുമായി ബന്ധപ്പെട്ടാണ് കഥ പുരോഗമിക്കുന്നത്. അതുകൊണ്ടുതന്നെ വേഷപ്രച്ഛന്നരായ മനുഷ്യർ തന്നെയാണ് ഇതിൽ കടന്നുവരുന്ന കുരങ്ങനും മുതലയും മുതലച്ചിയും. സ്നേഹതിനെ ചതിക്കാനൊരുങ്ങിയ മുതലയ്ക്ക് സംഭവിക്കുന്ന അമളിയാണ് ഇതിലെ മുഖ്യപ്രമേയം.

ചാട്ടം പിഴച്ചതിന് കൂട്ടത്തിൽനിന്ന് ഒറ്റപ്പെട്ട കുരങ്ങൻ പുഴയോരത്തെ അത്തിമരത്തിൽ ജീവിതം ആരംഭിക്കുന്നു. ഒറ്റപ്പെട്ടവന്റെ ദൈന്യം ഓർമ്മകളിൽ നിറയുമ്പോഴും സ്വാശ്രയജീവിതത്തിന് ഈ ഭൂമിയിൽ ഇടമുണ്ടെന്ന് കുരങ്ങൻ തെളിയിക്കുന്നു. ഒറ്റപ്പെട്ടവന് ലഭിക്കുന്ന സുഹൃത്തുക്കളെ സഹായിക്കാനും സ്നേഹിക്കാനും സ്വയം പാകപ്പെട്ട കുരങ്ങൻ ഉപാധിരഹിതമായ സ്നേഹം കാത്തുസൂക്ഷിക്കുന്നു. അത്തിപ്പഴം ദിനംതോറും മുതലച്ചിക്ക് നൽകുന്നതിൽ കാണിക്കുന്ന താല്പര്യം ഇതിനുദാഹരണമാണ്. ഒറ്റപ്പെട്ടവനെങ്കിലും പ്രതികൂലസാഹചര്യത്തോട് എത്ര സമർത്ഥമായി പോരാടണമെന്ന വ്യക്തമായ ബോധമുള്ള കുരങ്ങൻ ഒറ്റപ്പെട്ടുപോകുന്ന മനുഷ്യർക്ക് കൃത്യമായ ദിശാബോധം

നൽകുന്ന കഥാപാത്രമാണ്. അതുകൊണ്ടുതന്നെ ഈ നാടോടിക്കഥയിലെ കുരങ്ങൻ വർത്തമാനജീവിതത്തിലും പ്രസക്തമാണ്.

മുതലച്ചി അത്യാഗ്രഹത്തിന്റെയും കപടതന്ത്രത്തിന്റെയും പ്രതീകമാണ്. അത്തിപ്പഴത്തിന്റെ രുചിയറിഞ്ഞ മുതലച്ചി അത്തിപ്പഴം കഴിച്ച് ജീവിക്കുന്ന കുരങ്ങന്റെ കരൾ വേണമെന്ന് വാശിപിടിക്കുമ്പോൾ സൗഹൃദത്തിന്റെയും ഭാര്യാസ്നേഹത്തിന്റെയും മുന്നിൽ പകച്ചുനിൽക്കുന്ന ഭർത്താവായ മുതല സ്നേഹനിധിയാണ്, സൗഹൃദത്തിൽ വഞ്ചന അരുതെന്ന് കരുതുന്നവനും. ഏത് നന്മനിറഞ്ഞവനും പരപ്രേരണമൂലം ചതിയിലും വഞ്ചനയിലും അകപ്പെടും. പ്രത്യേകിച്ച് സ്വന്തം ഭാര്യയുടെ നിർബന്ധത്തിൽ. ഭാര്യയുടെ ആഗ്രഹം അത്യാഗ്രഹമാവുകയും അത് ലഭിക്കാൻവേണ്ടി ആവശ്യമായ തന്ത്രങ്ങൾ ഒരുക്കി സ്വന്തം ഭർത്താവിലൂടെ കാര്യം സാധിക്കാൻ വേണ്ട നടപടികൾ പൂർത്തിയാക്കുന്ന മുതലച്ചി അത്യാഗ്രഹം നിറവേറ്റാൻ ഏത് കുടിലതന്ത്രവും ആരും പ്രയോഗിക്കും എന്നതിന് പ്രത്യക്ഷ ഉദാഹരണമാണ്.

സ്നേഹത്തിന്റെ നടുവിൽ വഞ്ചനചെയ്യാൻ വിധിക്കപ്പെട്ട മുതല സമർത്ഥമായി കുരങ്ങനെ കൊണ്ടുപോകുന്നതിൽ ആദ്യഘട്ടത്തിൽ വിജയിക്കുന്നു. വഴിമധ്യേ തന്റെ ധർമ്മബോധം കാരണം കാര്യങ്ങൾ നേരെ ചൊവ്വേ പറയാൻ നിർബന്ധിതനാകുന്നു. ശരിയും തെറ്റും തമ്മിൽ മനസ്സിൽ നടക്കുന്ന സംഘർഷത്തിൽ ശരിയുടെ പാതി വിജയിക്കുന്നുവെങ്കിലും കാര്യങ്ങളുടെ കിടപ്പ് മനസ്സിലാക്കിയ കുരങ്ങൻ തന്ത്രപരമായി തന്റെ കരൾ അത്തിമരത്തിലാണെന്നും അതെടുത്ത് വരാമെന്നും സ്നേഹത്തിന്റെ ഭാഷയിൽ പറയുന്നു. ശക്തിമാനെ പരാജയപ്പെടുത്തുന്നത് സ്വയം നിർമ്മിച്ചെടുത്ത തന്ത്രത്തിലൂടെയാണ്. ഏതൊരു ബലവാനെയും സൂത്രത്തിലൂടെ കീഴടക്കാമെന്ന് ഈ സന്ദർഭം നമ്മെ ബോധ്യപ്പെടുത്തുന്നു.

ഈ ലോകത്ത് ബന്ധങ്ങൾ നിലനിർത്തേണ്ടത് പവിത്രമായ സ്നേഹത്തിലൂടെയാണ്. എപ്പോഴാണോ പവിത്രമായ സ്നേഹത്തിൽ കരട് പ്രത്യക്ഷപ്പെടുന്നത്. അപ്പോൾ ബന്ധങ്ങൾ തകരുമെന്നും നാം അറിയേണ്ടതുണ്ട്. ആത്മബന്ധങ്ങൾ ആദർശപരമെങ്കിലും ഏതുനിമിഷവും സ്വാർത്ഥത കടന്നുവരാമെന്നും സ്വാർത്ഥതയുടെ പലവേഷങ്ങളെ നാം കരുതിയിരിക്കണമെന്നുള്ള സന്ദേശം കഥയിലുണ്ട്. ഭാര്യാഭർത്തൃബന്ധത്തിൽപ്പോലും ഇത്തരം സ്വാർത്ഥതകൾ കടന്നുവരാമെന്നും അപരന്റെ അബലതയെ സസൂക്ഷ്മം നിരീക്ഷിക്കേണ്ടതുണ്ടെന്നും ഇത്തരം നിരീക്ഷണങ്ങൾക്കും യുക്തിസഹമായ പ്രവർത്തനങ്ങൾക്കും മികച്ച കുടുംബബന്ധത്തിനും കാരണമാവുമെന്നും പറയാം. ഈ നിരീക്ഷണം വ്യക്തിപരമായ ഇടപെടലിൽ മാത്രമല്ല, സാമൂഹികമായ ഇടപെടലിലും അനിവാര്യമാണ്. ആ അർത്ഥത്തിൽ വ്യക്തിപരവും സാമൂഹികവുമായ തിരിച്ചറിവിന് ഈ കഥ ഉപകരിക്കുന്നു.

പ്രലോഭനങ്ങൾക്ക് വിധേയരായി പോകുന്ന മനുഷ്യർ ആദർശരഹിതരാവുമെന്നും പ്രലോഭനങ്ങളെ അതിന്റെ അടിപ്പടവിൽ വച്ചുതന്നെ തിരിച്ചറിയേണ്ടതുണ്ടെന്നും അല്ലെങ്കിൽ മികച്ച ജീവിതസന്ദർഭങ്ങൾ നഷ്ടപ്പെടുമെന്നും നമ്മെ ഈ കഥ ഓർമ്മപ്പെടുത്തുന്നു. മനുഷ്യമനസ്സിന്റെ വ്യത്യസ്ത തലങ്ങൾ തിരിച്ചറിയാൻ ഉപകരിക്കുന്ന ഈ കഥ ലഘുവെങ്കിലും അലഘുവായ സന്ദേശം പകരുന്നുണ്ട്.

**സന്ദേശം:** പ്രലോഭനങ്ങളെ കരുതിയിരിക്കുക.

**3.10.11 കഥ : ഉണ്ടനും ഉണ്ടിയും പുള്ളിപ്പുലിയും**

പഴയ കേരളത്തിൽ, കൊടുങ്കാടിനടുത്തുള്ള ഒരു ഗ്രാമത്തിൽ ഒരു ഭാര്യയും ഭർത്താവും താമസിച്ചിരുന്നു. തടിച്ചുരുണ്ട്, പൊക്കം കുറഞ്ഞ അവരെ ഗ്രാമവാസികൾ ഉണ്ടനെന്നും ഉണ്ടിയെന്നും വിളിച്ചു. ആ പേര് ക്രമേണ അവർക്ക് ഇഷ്ടവുമായി. വലിയ ഭക്ഷണപ്രിയരും അതേസമയം ദേഹമനക്കാൻ മടിയുള്ളവരുമായിരുന്നു അവർ. തടിയനങ്ങാതെ ഭക്ഷണം കിട്ടിയാൽ അവർക്ക് പരമസന്തോഷമാവും.

അങ്ങനെയിരിക്കേ, ഒരുനാൾ ഉണ്ടനും ഉണ്ടിയും തങ്ങളുടെ വീട്ടിൽ കൂനിക്കൂടിയിരിക്കുകയായിരുന്നു. അയൽക്കാരാരും ഭക്ഷണം കൊണ്ടുവന്നു കൊടുക്കാത്തതിനാൽ അന്നവർ പട്ടിണിയായിപ്പോയി. അവരങ്ങനെ വയറമർത്തിപ്പിടിച്ച് വിഷമിച്ചിരിക്കുമ്പോഴുണ്ട്, അടുത്ത വീട്ടിൽ നിന്നും നെയ്യപ്പത്തിന്റെ നറുമണം ജനലിലൂടെ ഒഴുകിയെത്തുന്നു! അവിടെ നെയ്യപ്പം ചുടുകയാണെന്ന് അവർക്ക് മനസ്സിലായി. ഉണ്ടനും ഉണ്ടിയും മൂക്കു വിടർത്തി ആവോളം മണം അകത്താക്കി. ഒന്നോ രണ്ടോ നെയ്യപ്പം കിട്ടിയിരുന്നെങ്കിൽ എന്ന് അവരോർത്തു. അവിടെച്ചെന്ന് യാചിച്ചാലും അറുപിശുക്കന്മാരായ അയൽക്കാർ ഒരു കഷണം നെയ്യപ്പംപോലും തരില്ലെന്ന് ഉറപ്പാണ്. പിന്നെന്തുചെയ്യും?

''അതേയ്, നെയ്യപ്പത്തിന്റെ മണം കേട്ട് എനിക്കെന്റെ വായിൽ വെള്ളമൂറുന്നു. എങ്ങനെയും എനിക്ക് നെയ്യപ്പം തിന്നേ പറ്റൂ. അയൽക്കാരെപ്പോലെ നമുക്കും കുറേ നെയ്യപ്പം ഉണ്ടാക്കിയാലോ?''

ഉണ്ടി ചാടിയെഴുന്നേറ്റു ചോദിച്ചു. അതുകേട്ടപ്പോൾ ഉണ്ടന്റെ മുഖവും വിടർന്നു. പെട്ടെന്ന്, ആ മുഖം തെല്ലു മങ്ങി. അയാൾ കൈമലർത്തി ഭാര്യയോടു ചോദിച്ചു:

''നെയ്യപ്പം ഉണ്ടാക്കുന്നതൊക്കെ നല്ലതുതന്നെ. പക്ഷേ, നമ്മൾ ഇങ്ങനെ ഇവിടെയിരുന്നാൽ നെയ്യപ്പമുണ്ടാകില്ലല്ലോ. അപ്പം ചുടുന്നതിന് ഉണക്കലരിയും തേങ്ങയും ശർക്കരയും നെയ്യുമൊക്കെ വേണ്ടേ? അതൊക്കെ എവിടെ നിന്നു കിട്ടും? മാത്രമല്ല, അടുപ്പിൽ തീ പൂട്ടാൻ ഒരു കൊള്ളി വിറകുപോലും ഇരിപ്പുമില്ല.''

''ഓ, അതോർത്ത് വിഷമിക്കേണ്ട, വേണമെന്നു തോന്നിയാൽ ഇപ്പറഞ്ഞതൊക്കെ താനെയുണ്ടാവും. അരിയും തേങ്ങയും ശർക്കരയും നെയ്യുമെല്ലാം ഞാനെന്റെ വീട്ടിൽപ്പോയി കൊണ്ടുവരാം.''

അതും പറഞ്ഞ് ഉണ്ടി വീട്ടിൽനിന്നിറങ്ങിപ്പോയി. കുറച്ചുനേരം കഴിഞ്ഞതും അവൾ അപ്പം ചുടാൻ വേണ്ടി സാധനങ്ങളുമായി മടങ്ങിയെത്തി. അതെല്ലാം കണ്ട

പ്പോൾ ഉണ്ടനും സന്തോഷമായി. ഉണക്കലരിയും മറ്റും അളന്നെടുത്തുകൊണ്ട് അയാൾ പറഞ്ഞു:

''ങ്ഹാ, ഇപ്പോൾ എല്ലാമായി! ഇനി കുറച്ച് ഉണക്കവിറകു കൂടി വേണം. നമുക്കു രണ്ടാൾക്കും ഇപ്പോൾത്തന്നെ കാട്ടിൽച്ചെന്ന് കുറച്ചു വിറകു കൊണ്ടു വരാം.''

ഉണ്ടിയും ഉണ്ടനും കൂടി കയറുമെടുത്ത് കാട്ടിലെത്തി. രണ്ടാളും മത്സരിച്ച് ഉണക്കവിറകുകൾ പെറുക്കിക്കൂട്ടി. അതെല്ലാം ഒടിച്ച് കഷണങ്ങളാക്കി കയറു കൊണ്ട് വരിഞ്ഞുകെട്ടി. അപ്പോൾ അതൊരു വലിയ വിറകുകെട്ടായി. അപ്പം ചുടാൻ ഇത്രയും വിറകു മതിയാകുമോ എന്നു സംശയം തോന്നിയതിനാൽ അവർ അതുപോലുള്ള മറ്റൊരു വിറകുകെട്ടുകൂടി തയ്യാറാക്കിവച്ചു. അപ്പോഴേക്കും ക്ഷീണിച്ചുപോയ അവർ വീട്ടിലേക്ക് പോകാനുറച്ചു. ഉണ്ടൻ ഒരു വിറകുകെട്ട് ഭാര്യ യുടെ തലയിൽ പിടിച്ചുവച്ചുകൊടുത്തു. അപ്പോഴാണ് മറ്റൊരു പ്രശ്നം. അടുത്ത കെട്ട് ആരാണ് ഉണ്ടന്റെ തലയിലേറ്റിക്കൊടുക്കുക? അയാൾക്ക് ഒറ്റയ്ക്ക് അതെ ടുത്തു പൊക്കാൻ പറ്റുകയുമില്ല.

എന്തുവേണമെന്നറിയാതെ അവർ തല പുകച്ചിരുന്നപ്പോഴുണ്ട്, അതിലെ യൊരു പുള്ളിപ്പുലി വരുന്നു! തുറിച്ച കണ്ണും മീശരോമങ്ങളും കൂർമ്പൻ പല്ലുകളു മുള്ള പുലിയെ കണ്ടമാത്രയിൽ ഉണ്ടനും ഉണ്ടിയും ഞെട്ടിവിറച്ച് ഉറക്കെ നിലവിളി ച്ചു. അപ്പോൾ പുലി അവരുടെ അടുത്തുവന്ന് ശാന്തനായി പറഞ്ഞു:

''നിങ്ങളെന്തിനാണ് എന്നെ കണ്ടു കരയുന്നത്? ഞാൻ മാംസം തിന്നാത്ത പുലിയാണ്. പലഹാരങ്ങളും പുല്ലും പഴങ്ങളുമേ ഞാൻ കഴിക്കൂ. ആട്ടെ, നിങ്ങളെ ന്താണ് ഈ കാട്ടിലിങ്ങനെ വിഷമിച്ചിരിക്കുന്നത്? എനിക്കു കഴിയുന്ന കാര്യമാണെ ങ്കിൽ ഞാൻ തീർച്ചയായും സഹായിക്കാം. കാര്യമെന്താണെന്ന് ആദ്യമറിയട്ടെ.''

‘‘പുലിയമ്മാവാ, ഇപ്പോഴാണ് ഞങ്ങൾക്ക് സമാധാനമായത്. നെയ്യപ്പം ചുടാൻ വേണ്ടി കുറച്ച് വിറകു പെറുക്കാൻ ഈ കാട്ടിൽ വന്നതാണ് ഞങ്ങൾ. ഒരു വിറകുകെട്ട് ആരാണ് പിടിച്ചുതരുക എന്നാലോചിച്ചിരിക്കുകയായിരുന്നു ഞങ്ങൾ. ഇപ്പോൾ പുലിയമ്മാവനെ കണ്ടത് ഭാഗ്യമായി. ദയവുചെയ്ത് ഈ വിറകുകെട്ടൊന്നു പിടിച്ച് എന്റെ തലയിൽ വച്ചു തരുമോ?’’

ധൈര്യം സംഭരിച്ച് ഉണ്ടൻ ചോദിച്ചു.

‘‘അതിനെന്താ വിഷമം? തീർച്ചയായും ഞാൻ നിങ്ങളെ സഹായിക്കാം. പക്ഷേ, ഞാൻ നിങ്ങളുടെ വീട്ടിൽ വരുമ്പോൾ പത്തു നെയ്യപ്പം എനിക്കു തരണം, സമ്മതമാണോ?’’

പുള്ളിപ്പുലി അനായാസം ആ വിറകുകെട്ട് താങ്ങി ഉണ്ടന്റെ തലയിലേറ്റിക്കൊടുത്തു. പുലിയോടു യാത്രപറഞ്ഞ് അവർ വിറകുമായി കാട്ടിൽനിന്നും പോയി.

വീട്ടിലെത്തിയ ഉടൻ ഉണ്ടനും ഉണ്ടിയുംകൂടി അരി ഉരലിലിട്ട് ഇടിച്ചുപൊടിച്ച്, അരിച്ചെടുത്ത് മാവു കുഴച്ചു. ശർക്കരയുരുക്കി, തേങ്ങാക്കൊത്തുമിട്ട് നെയ്യപ്പം ചുട്ടു. ഉണക്കവിറകായതിനാൽ എളുപ്പം തീ കത്തി. ചൂടുള്ള നെയ്യപ്പം ചൂരൽക്കുട്ടയിൽ കോരിയിട്ടു. രണ്ടാളും ചേർന്ന് എണ്ണിനോക്കിയപ്പോൾ ആകെയുള്ളത് പതിനാലപ്പം! ഉണ്ടിയുടെ മുഖം വാടി. അതുകണ്ട് ഉണ്ടൻ പറഞ്ഞു:

‘‘നീ വിഷമിക്കണ്ട പെണ്ണേ. പുള്ളിപ്പുലിക്കുള്ള പത്തപ്പം മാറ്റി വെച്ച് ബാക്കി രണ്ടപ്പം വീതം നമുക്കു തിന്നാം.’’

ഈരണ്ടപ്പം വീതം ഉണ്ടനും ഉണ്ടിയും ആർത്തിയോടെ തിന്നുതീർത്തു. എന്നിട്ടും, അവർക്കൊട്ടും തൃപ്തിയായില്ല. കുട്ടയിൽക്കിടന്ന് ആവിപറക്കുന്ന നെയ്യപ്പത്തെ നോക്കി ഉണ്ടൻ പറഞ്ഞു:

''ഓ, ഇത്രയും പണിമുഴുവൻ ചെയ്തത് നമ്മളല്ലേ? അതുകൊണ്ട് നമുക്ക് ഓരോ നെയ്യപ്പം കൂടി തിന്നാം. പുലിക്ക് ബാക്കിയുള്ളതു മതി.''

പറഞ്ഞുതീരും മുമ്പേ കുട്ടയിലെ രണ്ടപ്പം അവരുടെ വയറ്റിലായി. അപ്പോൾ കുട്ടയിലേക്ക് കണ്ണേറിഞ്ഞ് ഉണ്ടി പറഞ്ഞു:

''അതിപ്പോൾ ഒരു വിറകുകെട്ട് പിടിച്ചുതന്ന പുലിക്ക് ആറെണ്ണം ധാരാളം.''

വീണ്ടും രണ്ടാളും ഓരോ അപ്പം എടുത്തുതിന്നു. അപ്പോഴും അവരുടെ വയറു നിറഞ്ഞില്ല. എന്തിനധികം പറയുന്നു. നിമിഷംകൊണ്ട് നെയ്യപ്പക്കുട്ട കാലിയായി. അപ്പമെല്ലാം അവരുടെ വയറ്റിലുമായി!

''അയ്യോ, കുട്ടയിൽ ഒരൊറ്റ അപ്പംപോലും ബാക്കിയില്ലല്ലോ! ആ പുള്ളിപ്പുലിയാണെങ്കിൽ ഉടനെ ഇവിടെയെത്തും, അപ്പോൾ നമ്മൾ അവനോട് എന്തു സമാധാനം പറയും?''

ഉണ്ടി പരിഭ്രമത്തോടെ ചോദിച്ചു:

''നീ വിഷമിക്കാതിരിക്ക്. പുലി വരുമ്പോൾ നമ്മളെ കണ്ടാലല്ലേ പ്രശ്നമുള്ളൂ? നമുക്കിപ്പോൾത്തന്നെ വിളക്കുകൊളുത്തി മച്ചിൽക്കയറി ഒളിച്ചിരിക്കാം. അവൻ വന്നാൽപ്പിന്നെ തിരിച്ചുപോകാത്തവിധം നമുക്കൊരു പണിയുമൊപ്പിക്കാം.''

അങ്ങനെ പറഞ്ഞ് ഉണ്ടൻ എഴുന്നേറ്റു. വീട്ടുമുറ്റം നിറയെ കൂർത്ത മുള്ളു വിതറി. വീട്ടുവാതിൽക്കൽ വലിയൊരു കരിങ്കല്ലു കെട്ടിത്തൂക്കി. മരക്കോണിയുടെ പടികളിൽ ഇളംനെല്ലിക്ക നിരത്തിയിട്ടു. കിടക്കയിൽ നായ്ക്കുരണപ്പൊടി കുടഞ്ഞു. കുടത്തിൽ പാമ്പിനെ പിടിച്ചിട്ടു. കിണറ്റുകരയിൽ എണ്ണയൊഴിച്ചു. കിണറ്റിനുള്ളിൽ ക്രൂരനായ മുതലയെയും പിടിച്ചിട്ടു! പിന്നെ അവർ മച്ചിനു മുകളിൽക്കയറി ശബ്ദമടക്കിയിരുന്നു.

രാത്രിയായതും പുള്ളിപ്പുലി അവരുടെ വീടിനുപുറത്തെത്തി തനിക്കു തരാമെന്നേറ്റ പത്തപ്പം ആവശ്യപ്പെട്ടു. അകത്തുനിന്നു പ്രതികരണമൊന്നും ഉണ്ടാവാതെ വന്നപ്പോൾ കോപത്തോടെ മുറ്റത്തേക്ക് ഓടിക്കയറി. മുറ്റത്തെ മുള്ളുകൾ തറച്ചുകയറി അവന് അസഹ്യമായ വേദനയായി! പ്രാണവേദനകൊണ്ട് ഓടി ഇറയത്തെത്തിയതും വാതിൽക്കൽ കെട്ടിത്തൂക്കിയിരുന്ന കരിങ്കല്ല് ശക്തിയായി അവന്റെ തലയിൽ വന്നടിച്ചു! ക്ഷീണംമൂലം കുറച്ചൊന്നു കിടക്കാമെന്നു കരുതി പുള്ളിപ്പുലി മരക്കോണി കയറിയപ്പോഴോ, പടിയിലെ നെല്ലിക്കപ്പുറത്തു ചവിട്ടി അവൻ 'ഢടുംപിടും' എന്ന് കാലുവഴുതി താഴെ! എങ്കിലും, വീണ്ടും ശ്രദ്ധിച്ച് കോണി കയറിയപ്പോൾ മുകളിൽ വിരിച്ചിട്ട കിടക്ക കണ്ടു. ആശ്വാസത്തോടെ അവനതിൽ ചാടിക്കയറി നീണ്ടു നിവർന്നു കിടന്നു. കിടക്കയിലെ നായ്ക്കുരണപ്പൊടി പ്രവർത്തനം തുടങ്ങി. ദേഹമാസകലം ചൊറിഞ്ഞു. കണ്ണിലും പൊടിപാറി അവന് കണ്ണു കാണാനാവാതെ വന്നു. വേദനയും നീറ്റലും ദേഷ്യവുമൊക്കെക്കൊണ്ട് അവൻ ചാടി ചാടിയിറങ്ങി കിണറ്റുവക്കത്തെത്തി. അവിടെ ഉണ്ടായിരുന്ന കുടത്തിൽ വെള്ളമെടുക്കാൻ കൈയിട്ടു. കുടത്തിലുണ്ടായിരുന്ന പാമ്പ് അവന്റെ കൈയിൽ ആഞ്ഞുകൊത്തി! പരിഭ്രമിച്ച് പിറകോട്ടാഞ്ഞ പുലി കിണറ്റുകരയിലെ എണ്ണയിൽ കാലുതെറ്റി നേരെ കിണറ്റിലേക്ക് മറിഞ്ഞുവീണു! താഴെയെത്തിയ അവനെ വിശന്നുകിടന്ന മുതല അപ്പടി ശാപ്പിട്ടു!

''ഉണ്ടീ, പുള്ളിപ്പുലി കിണറ്റിൽ വീഴുന്ന ശബ്ദം നീ കേട്ടില്ലേ? ഇനി പേടിക്കാതെ താഴെയിറങ്ങിപ്പോകാം. മുതല അവനെ കടിച്ചുകീറുന്നത് നേരിൽ കാണുകയുമാവാം.''

ഉണ്ടൻ സന്തോഷത്തോടെ പറഞ്ഞു. രണ്ടാളും വേഗം താഴെയിറങ്ങി കിണറ്റുകരയിലേക്കോടി. കിണറ്റിനടിയിൽ നിന്നും പിടച്ചിലിന്റെ ശബ്ദം കേട്ട് ഉണ്ടനും ഉണ്ടിയും ഏന്തിവലിഞ്ഞു നോക്കി. അവിടെ പരന്നൊഴുകിയ എണ്ണയിൽ ചവിട്ടി രണ്ടുപേരും ആ നിമിഷം തന്നെ കിണറ്റിലേക്ക് തലയുംകുത്തി വീണു! പുള്ളിപ്പു

ലിയെ തിന്നിട്ടും വിശപ്പുമാറാതെ അടുത്ത ഇരയെയും കാത്ത് വായും പിളർന്നിരിക്കുകയായിരുന്നു മുതലയപ്പോൾ, പിന്നെയവിടെ എന്തു നടന്നുവെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ?[20]

**ഉണ്ടനും ഉണ്ടിയും പുള്ളിപ്പുലിയും : പഠനം**

**കഥാപാത്രങ്ങൾ:** ഉണ്ടൻ, ഉണ്ടി

പുള്ളിപ്പുലി

മനുഷ്യനും മൃഗവും കഥാപാത്രമായി വരുന്ന നാടോടിക്കഥയാണ് 'ഉണ്ടനും ഉണ്ടിയും പുള്ളിപ്പുലിയും'. 'വിശ്വാസവഞ്ചന നടത്തിയവർക്ക് മാപ്പില്ല' എന്ന സന്ദേശം പകരുന്ന കഥയാണിത്. കേരളത്തിലെ നാടോടിക്കഥകളിൽ ആവർത്തിച്ചുവരുന്ന ഒരു പ്രമേയമാണ് 'നെയ്യപ്പമുണ്ടാക്കൽ'. മലയാളിയുടെ രുചിസങ്കല്പം. വെളിച്ചെണ്ണയും ശർക്കരയും അരിയും ചേർന്ന മാവ് അത്യുഷ്ണത്തിൽ വേവിച്ചെടുത്ത് ദിവസങ്ങൾ സൂക്ഷിക്കാൻ പാകത്തിലാണ് നെയ്യപ്പമുണ്ടാക്കുന്നത്. നെയ്യപ്പത്തിന്റെ രുചിയോടൊപ്പം അതിലേറെ ചിന്തയ്ക്ക് രുചിപകരുന്ന ഈ കഥയ്ക്ക് വ്യത്യസ്ത മാനങ്ങൾ കണ്ടെത്താവുന്നതാണ്.

ഉണ്ടനും ഉണ്ടിയും പേര് സൂചിപ്പിക്കുന്നതുപോലെ 'മടി'കൊണ്ട് ഉരുണ്ട ശരീരപ്രകൃതിയിലായവരാണെന്ന സൂചന കഥ തരുന്നുണ്ട്. അധ്വാനത്തെ ഒട്ടും ഏറ്റെടുക്കാതെ മടിയരായി അന്യരുടെ അധ്വാനത്തിന്റെ ഫലമായി ഉണ്ടായ ഭക്ഷണം കഴിച്ച് വീട്ടിൽത്തന്നെ കഴിഞ്ഞുകൂടിയ ദമ്പതികൾ 'മടി'യുടെ കേന്ദ്രമായാണ് കഥയിൽ കടന്നുവരുന്നത്. അലയത്തുകാരാരും ഭക്ഷണം കൊണ്ടുവരില്ല എന്ന തിരിച്ചറിവോടെ കനത്ത വിശപ്പിൽ വീട്ടിൽ കഴിയുന്നു. ഈ സമയം അടുത്ത വീട്ടിലെ അറുപിശുക്കന്മാർ നെയ്യപ്പമുണ്ടാക്കുന്നതിന്റെ മണം മടിയരായ ഈ ദമ്പതികളെ അസ്വസ്ഥരാക്കുന്നു. കനത്ത വിശപ്പ് മടിയെ തള്ളിമാറ്റി അധ്വാനിക്കാൻ ഇവരെ പ്രേരിപ്പിക്കുന്നു. 'നമുക്ക് നെയ്യപ്പമുണ്ടാക്കണം' എന്ന തീരുമാനമെടുത്ത

ഇവർ 'മടിയെ മറികടക്കാൻ വിശപ്പ് മതി' എന്ന ചിന്ത കൂടി നമ്മിൽ നിർമ്മിച്ചെടുക്കുന്നുണ്ട്.

ഭർത്താവിന്റെ വീട്ടിൽ ഇല്ലാത്ത സാധനങ്ങൾ ഭാര്യമാർ സ്വന്തം വീട്ടിൽനിന്നും ശേഖരിക്കുന്ന കേരളീയസമ്പ്രദായം ഈ കഥയ്ക്ക് കേരളീയത്തനിമ നൽകുന്നുണ്ട്. കാട്, വന്യമൃഗങ്ങൾ ഇവയെല്ലാം പഴയകാലത്തെ കേരളീയ ഭൂപ്രകൃതിയെ ഓർമ്മപ്പെടുത്തുന്നു. അതോടൊപ്പം ഉണ്ടനും ഉണ്ടിക്കും അയൽക്കാർ ഭക്ഷണം കൊടുത്തിരുന്നു എന്ന സൂചന അയൽക്കാർക്ക് ഭക്ഷണം നൽകിയിരുന്ന കേരളീയന്റെ പഴയ നല്ല സ്വഭാവത്തെ ഓർമ്മപ്പെടുത്തുന്നു. ഈ അർത്ഥത്തിൽ കേരളത്തനിമയിലൂന്നി മലയാളമനസ്സിനെ പഠിപ്പിക്കുന്ന ഉത്തമ നാടോടിക്കഥയാണിത്.

പുള്ളിപ്പുലി നൽകിയ സഹായത്തെ മറക്കാനും വാക്കുപാലിക്കാതെ സഹായം ചെയ്തവനെ ചതിക്കാനും മുതിരുന്ന ഉണ്ടനും ഉണ്ടിയും നമ്മുടെ മനസ്സിലെ അധമചിന്തകളുടെ പ്രതിനിധികളാണ്. ഏതു കാര്യത്തിലും അത്യാർത്തി അഭികാമ്യമല്ല. അത് തെറ്റിലേക്കും ആപത്തിലേക്കും നയിക്കും. നെയ്യപ്പത്തോടുള്ള അത്യാഗ്രഹമാണ് പുള്ളിപ്പുലിക്ക് നൽകിയ വാക്ക് തെറ്റിക്കാൻ കാരണം. അത്യാഗ്രഹംവഴി വന്ന ആപത്തിനെ മറികടക്കാൻ ചെയ്തുകൂട്ടുന്ന പ്രവൃത്തികൾ തങ്ങൾക്കുകൂടി ആപത്ത് വരുത്തും എന്ന സ്വാഭാവികധർമ്മബോധം ഈ കഥയിലൂടെ നമുക്കു പകരുന്നുണ്ട്.

''താന്താൻ നിരന്തരം ചെയ്യുന്ന കർമ്മങ്ങൾ

താന്താൻ അനുഭവിച്ചീടുകെന്നേവരൂ'' എന്ന കേരളീയമോ ഭാരതീയമോ ആയ ഒരു മനസ്സ് ഈ കഥയുടെ പിന്നിലുണ്ട്. വാക്ക് സത്യമാണെന്നും അതു പാലിക്കുന്നത് സത്യത്തിന്റെ വഴിയാണെന്നും നമ്മെ അറിയിക്കുന്ന ഈ കഥ വിശ്വാസവഞ്ചനയ്ക്ക് മാപ്പില്ല എന്ന സന്ദേശത്തിലാണ് ഉണ്ടന്റെയും ഉണ്ടിയുടെയും പതനത്തിലൂടെ എത്തുന്നത്. ഭക്ഷണത്തിലെ തങ്ങളുടെ അത്യാർത്തി വരുത്തിയ

ആപത്ത് തങ്ങൾ മുതലയ്ക്ക് ഭക്ഷണമാവുന്നതിലൂടെ അവസാനിക്കുന്നു. ഭക്ഷണത്തിൽ തുടങ്ങി ഭക്ഷണത്തിൽ അവസാനിക്കുന്ന ഈ കഥ നൈതികബോധത്തിന്റെയും പ്രാപഞ്ചികമായി നിലനിൽക്കുന്നു എന്ന് വിശ്വസിക്കുന്ന നീതിബോധത്തിന്റെയും തെളിവാണ്. ആഴവും പരപ്പുമുള്ള ഈ കഥ മനുഷ്യമനസ്സിൽ നന്മയുടെ വെളിച്ചം കൊളുത്തിവയ്ക്കാൻ ഏറെ പര്യാപ്തമാണ്.

**സന്ദേശം: വിശ്വാസവഞ്ചനയ്ക്ക് മാപ്പില്ല**

**3.10.12 കഥ : പണിക്കരുടെ വാഴത്തോട്ടം**

പണ്ട് ഒരു പണിക്കർ വാഴത്തോട്ടം ഉണ്ടാക്കി. വളരെ കഷ്ടപ്പെട്ട് അധ്വാനിച്ചാണ് അതിനെ വളർത്തിയത്. ഒടുവിൽ വാഴക്കുലകളൊക്കെ മൂത്ത് പഴുക്കാറായി. ദിവസവും പണിക്കർ അഭിമാനത്തോടെ തോട്ടം പരിശോധിക്കും. ഒരുദിവസം തോട്ടത്തിൽ പോയപ്പോൾ ഒരു കുലയിലെ കുറേ കായ്കൾ അപ്രത്യക്ഷമായിരിക്കുന്നു. പണിക്കർക്ക് സഹിച്ചില്ല. ദിവസവും ചില കുലകളിലെ കായ്കൾ അപ്രത്യക്ഷമാവാൻ തുടങ്ങി. ഒടുവിൽ കള്ളനെ പിടിക്കാൻതന്നെ തീരുമാനിച്ചു. പണിക്കർ തോട്ടത്തിന് കാവലിരുന്നു. കള്ളനെ പിടികിട്ടി. മറ്റാരുമല്ല, ഒരണ്ണാൻ. കുലമേലിരുന്നു മൂത്തുപഴുത്ത കായ മൂപ്പർ സുഖമായി തിന്നുന്നു. പണിക്കർ ദേഷ്യം കൊണ്ട് നിന്നു വിറച്ചു. അണ്ണാനെ അടിച്ചുവീഴ്ത്താൻ ഒരു ശ്രമം നടത്തി. അണ്ണാൻ ഒരു വാഴയിൽനിന്നു മറ്റൊരു വാഴയിലേക്ക് ചാടിപ്പോയി. പണിക്കർ പിന്നാലെ ഓടി. അണ്ണാൻ പരിഹസിച്ച് ശബ്ദമുണ്ടാക്കിക്കൊണ്ട് അടുത്തുള്ളൊരു തെങ്ങിൽ കയറി. ദേഷ്യംവന്ന പണിക്കരും തെങ്ങിൽ പിടിച്ചുകയറി. തെങ്ങിന്റെ മണ്ടയിലെത്തിയപ്പോൾ അണ്ണാൻ അടുത്ത തെങ്ങിന്റെ ഓലയിലേക്ക് ഒരു ചാട്ടംവച്ചുകൊടുത്തു. ദേഷ്യവും വാശിയും മൂത്ത പണിക്കർ മറ്റൊന്നും ആലോചിച്ചില്ല. പിന്നാലെ അയാളും ചാടി. ഭാഗ്യത്തിന് അടുത്ത തെങ്ങിന്റെ ഓലയിൽ പിടികിട്ടി. പണിക്കർ ഓലയിൽ ഞാണുകിടന്നു. ഉയരമുള്ളതുകൊണ്ട് താഴേക്ക് ചാടാൻ വയ്യ. മുകളിലേക്ക് പിടിച്ച് കയറാനും വയ്യ. കൈ തളരാനും തുടങ്ങി. പണിക്കർ ഭാര്യയെ

ഉറക്കെ വിളിച്ചു. ഭാര്യ ഓടിയെത്തി. താഴെ ചാടിയാൽ അബദ്ധം പറ്റാതിരിക്കാൻ കീഴെ വൈക്കോൽ കൊണ്ടിടാൻ പറഞ്ഞു. ഭാര്യക്കൊരു സംശയം. എന്തുമാത്രം വൈക്കോൽ വേണ്ടിവരും? അവൾ ഭർത്താവിനോട് ചോദിച്ചു. ഞാന്നുകിടക്കുക യാണെന്ന കാര്യം മറന്ന് ഇത്ര വൈക്കോൽ വേണമെന്ന് ആംഗ്യം കാണിച്ചതും പണിക്കർ താഴേക്കു പതിച്ചതും ഒന്നിച്ചായിരുന്നു. പണിക്കർ എല്ലൊടിഞ്ഞു ചത്തു.[21]

**പണിക്കരുടെ വാഴത്തോട്ടം : പഠനം**

**കഥാപാത്രങ്ങൾ:** പണിക്കർ

അണ്ണാൻ

ഭാര്യ

മനുഷ്യേതര കഥാപാത്രങ്ങളും മനുഷ്യനും ചേർന്ന കഥയാണ് പണിക്ക രുടെ വാഴത്തോട്ടം. മനുഷ്യവംശത്തിലെ പണിക്കന്മാർക്ക് ഉണ്ട് എന്ന് ജനസാ മാന്യം പറയുന്ന കോപവും വിഡ്ഢിത്തവും ഒരുഭാഗത്ത്. അണ്ണാന് സ്വാഭാവിക മായുള്ള ചാടിച്ചാടിയുള്ള സഞ്ചാരം മറുവശത്ത്. ഒരു വശം സ്വാഭാവികജീവിതരി തിയാണെങ്കിൽ മറുവശം ജനസാമാന്യം ഒരു വിഭാഗം (ജാതി) ആളുകളിൽ ആരോ പിക്കുന്ന സവിശേഷതയാണ്.

സാമാന്യജനങ്ങൾക്ക് ഭൂതവർത്തമാനഭാവി പ്രവചിക്കുന്ന പണിക്കർസമു ദായം സാധാരണക്കാരെ സംബന്ധിച്ചിടത്തോളം ദൈവതുല്യമാണ്. ദൈവത്തെ ചോദ്യംചെയ്യാൻ മുതിരാത്തതുപോലെ പണിക്കരെ സമൂഹം പരസ്യമായി ചോദ്യം ചെയ്തിരുന്നില്ല. ഈ ഭയഭക്തിബഹുമാനം പൊള്ളയാണെന്ന് സ്വയം ബോധ്യപ്പെ ട്ടിട്ടുള്ള ജീവിതസന്ദർഭങ്ങൾ നിരവധി അനുഭവിക്കുന്ന സാമാന്യജനം. പണിക്ക രെയും അയാളുടെ നേരെ ഉയരുന്ന ചോദ്യങ്ങൾക്ക് ദേഷ്യത്തിലൂടെ പ്രതികരി ക്കുന്ന സ്വഭാവത്തെയും പരിഹാസരൂപേണ ചോദ്യംചെയ്യുന്ന കഥയാണിത്. ഈ പരിഹാസം ജ്യോതിഷത്തിലെ അർത്ഥശൂന്യതയെക്കൂടി ചോദ്യം ചെയ്യുന്നു. അപ

രന്റെ ഭാവി നിർണയിക്കുന്ന പണിക്കർക്ക് സ്വന്തം ഭാവി നിർണ്ണയിക്കാൻ കഴിയാതെവന്നിരിക്കുന്നു കഥാവസാനം. എല്ലൊടിഞ്ഞ പണിക്കർ പക്വമതിയല്ല എന്നും വിഡ്ഢിയാണെന്നും ചുറ്റുപാടിലും കാണുന്ന അണ്ണാന്റെ ജീവിതരീതിയും സ്വഭാവസവിശേഷതകളും കൂടി നിരീക്ഷിക്കാൻ കഴിവില്ലാത്തവനെന്നും പരിഹാസരൂപേണ ഈ കഥ പറയുന്നു. അലൗകികകാര്യങ്ങളെക്കുറിച്ച് ആധികാരികമായി വിവരം നൽകുന്ന പണിക്കർ ലൗകികകാര്യങ്ങൾപോലും നിരീക്ഷിക്കാനോ പ്രവചിക്കാനോ കഴിവില്ലാത്തവനാണെന്ന ബോധം സാമാന്യജനങ്ങൾക്കു പകരാൻ ഈ കഥ പര്യാപ്തമാണ്.

എടുത്തുചാടി തീരുമാനമെടുക്കുന്ന അവസരങ്ങൾ ജീവിതത്തിൽ അനവധി ഉണ്ടെന്നും പൊടുന്നനെയുള്ള തീരുമാനം ആപത്തു വിളിച്ചുവരുത്തുമെന്നും കാണാം. ആപത്തുകൾ സ്വന്തം നാശത്തിന് വരെ കാരണമായേക്കാം. കാര്യങ്ങളെ വസ്തുനിഷ്ഠമായി പഠിക്കുകയും യുക്തമായ തീരുമാനങ്ങൾ എടുക്കുകയും വേണം. എലിയെ പേടിച്ച് ഇല്ലം ചുട്ടതു പോലെ തന്റെതന്നെ നാശം വരുത്തിവച്ച പണിക്കർ സവിശേഷ ശ്രദ്ധ അർഹിക്കുന്ന കഥാപാത്രമാണ്. ആലോചനാശീലമില്ലാത്തവർക്ക് ആലോചനയുടെയും വിവേകത്തിന്റെയും വെളിച്ചം പകരുന്നു ഈ നാടോടിക്കഥ.

പ്രകൃതിയിൽ നിർമ്മിച്ചെടുത്ത വാഴക്കുല മനുഷ്യനു മാത്രമോ എന്ന ചോദ്യവും ഈ കഥ നമ്മോട് ചോദിക്കുന്നുണ്ട്. വൈക്കം മുഹമ്മദ് ബഷീറിന്റെ 'ഭൂമിയുടെ അവകാശികൾ' എന്ന കഥയുടെ അവസാനത്തിൽ സംഭവിച്ചപോലെ ചില ഓർമ്മപ്പെടുത്തലുകൾ പണിക്കരുടെ പതനത്തിലൂടെ നമ്മുടെ മുന്നിലെത്തിക്കുന്നു. മുൻകോപം, വിഡ്ഢിത്തം, സാമൂഹികവിമർശനം എന്നിവ ചേർത്തുവച്ച ലളിതമായ ഗുണപാഠകഥയാണ് 'പണിക്കരുടെ വാഴത്തോട്ടം.'

**സന്ദേശം:** മുൻകോപം വൻ ആപത്ത് വരുത്തും

### 3.10.13 കഥ : തോട്ടത്തിലെ നിധി

വളരെക്കാലം മുമ്പ്, ഒരു മലയോരഗ്രാമത്തിൽ നല്ലവനായ ഒരു കർഷകൻ ജീവിച്ചിരുന്നു. അന്യനാട്ടിൽനിന്ന് ചെറുപ്രായത്തിൽ അങ്ങോട്ടു കുടിയേറിയതാണ് അദ്ദേഹം. പ്രകൃതിയുടെ വെല്ലുവിളികൾ അതിജീവിച്ച്, മാറാരോഗങ്ങളോടു പട വെട്ടി അദ്ദേഹം ആ മലയടിവാരം ഒന്നാന്തരമൊരു കൃഷിയിടമാക്കി. അവിടത്തെ തണുത്ത കാലാവസ്ഥ മുന്തിരിക്കൃഷിക്ക് അനുയോജ്യമാണെന്നു മനസ്സിലാക്കിയ അദ്ദേഹം നല്ലൊരു മുന്തിരിത്തോട്ടമുണ്ടാക്കി. രാപ്പകൽഭേദമില്ലാതെ അദ്ദേഹമവിടെ ചോര നീരാക്കി പണിയെടുത്തു. കാണുന്നവർക്കെല്ലാം അസൂയയുണ്ടാക്കുന്ന വിധത്തിൽ മുന്തിരിത്തോട്ടം കായ്ച്ചു. തോട്ടത്തിനടുത്തുതന്നെ ഒരു കുടിലുകെട്ടി അദ്ദേഹം താമസവും തുടങ്ങി.

മുന്തിരിത്തോട്ടത്തിന്റെ ഉടമയെന്ന നിലയിൽ പ്രശസ്തനായിരിക്കേ, കർഷകന് പല വിവാഹാലോചനകളും വന്നു. കഠിനാദ്ധ്വാനിയായ മറ്റൊരു കർഷകന്റെ മകളെ അദ്ദേഹം ഭാര്യയാക്കി. വീട്ടുകാര്യങ്ങളെല്ലാം തനിച്ചു ചെയ്യാനുള്ള സാമർത്ഥ്യം അവർക്കുണ്ടായിരുന്നു. കൃഷിയിലും അവർ ആവുംവിധമൊക്കെ ഭർത്താവിനെ സഹായിച്ചു. ആ കൊച്ചുവീട്ടിലേക്ക് അവർ വലതുകാൽവച്ച് കടന്നു വന്നതോടെ അദ്ദേഹത്തിന്റെ ഐശ്വര്യം ഇരട്ടിച്ചു. തോട്ടത്തിനോടു ചേർന്ന കൂടുതൽ ഭൂമി വിലയ്ക്കുവാങ്ങി അവർ മുന്തിരിത്തോട്ടത്തിന്റെ വിസ്തൃതി വർദ്ധിപ്പിച്ചു. ചെറിയ വീടിന്റെ സ്ഥാനത്ത് ഒന്നാന്തരമൊരു മാളികവീട് പണികഴിപ്പിച്ചു.

കാലക്രമത്തിൽ കർഷകപത്നി ഗർഭിണിയായി. ഈ വിവരമറിഞ്ഞ് കർഷകൻ ഏറെ സന്തോഷിച്ചു. യഥാകാലം അവരൊരു ആൺകുഞ്ഞിനു ജന്മം നൽകി. കടിഞ്ഞൂൽപ്പുത്രന്റെ ജന്മം കർഷകദമ്പതികൾക്ക് അളവറ്റ ആഹ്ലാദം പകർന്നു. അവരവനെ തലയിലും താഴത്തും വയ്ക്കാതെ വളർത്തി. വീണ്ടും രണ്ടു തവണ കൂടി കർഷകപത്നി ഗർഭം ധരിച്ച് ഓരോ ആൺമക്കളെ പ്രസവിച്ചു. മൂന്നു മക്കളുടെയും കളിചിരികൾ ആ ഗൃഹത്തെ സ്വർഗ്ഗസമാനമാക്കി. മൂന്ന് ആൺമക്കളും

വളർന്നുവരുമ്പോൾ കൃഷികാര്യങ്ങളിൽ തനിക്കു വലംകൈയാവുമെന്ന് കർഷകൻ പ്രത്യാശിച്ചു.

അവരുടെ ജീവിതം അങ്ങനെ സുഖകരമായി മുന്നേറവേ, അമംഗളകരമായ ഒരു സംഭവമുണ്ടായി. ഒരുനാൾ കർഷകപത്നി അസുഖബാധിതയായി. തനിക്കാവും വിധമൊക്കെ കർഷകൻ അവരെ ശുശ്രൂഷിച്ചെങ്കിലും ഫലമുണ്ടായില്ല. നാലാം നാൾ അവർ ഇഹലോകവാസം വെടിഞ്ഞു! തന്റെ എല്ലാമെല്ലാമായ പത്നിയുടെ നിര്യാണം കർഷകനെ ആകെ ഉലച്ചു. എങ്കിലും അസാധാരണമായ മനോധൈര്യത്തോടെ അദ്ദേഹം ജീവിതം തുടർന്നു. മുന്തിരിത്തോട്ടം പരിചരിക്കുന്നതോടൊപ്പം മക്കളെ നന്നായി വളർത്തിക്കൊണ്ടുവരുന്നതിലും അദ്ദേഹം ശ്രദ്ധിച്ചു.

എന്നാൽ മക്കൾ വളർന്നുവന്നതും അദ്ദേഹത്തിന്റെ പ്രതീക്ഷകൾക്കു മങ്ങലേറ്റു. അദ്ധ്വാനിയായ അദ്ദേഹത്തിന്റെ മക്കൾ കുഴിമടിയന്മാരായാണ് വളർന്നത്. സുഖസൗകര്യങ്ങളുടെ നടുവിൽ വളർന്നതുകൊണ്ട് അവർക്ക് യാതൊരുവിധ അല്ലലും അറിയേണ്ടിവന്നില്ല. മക്കളുടെ ആവശ്യങ്ങളെല്ലാം കർഷകൻ ഉടനടി സാധിച്ചുകൊടുത്തതും വിനയായി. അവർ യൗവനയുക്തരായിട്ടും അലസസ്വഭാവത്തിൽ മാറ്റമേതും വന്നില്ല.

മക്കളുടെ ഈ സ്വഭാവം കർഷകനെ വല്ലാതെ വേദനിപ്പിച്ചു. അദ്ധ്വാനത്തിന്റെ വില അവരെ പഠിപ്പിക്കാൻ തനിക്കു കഴിയാതിരുന്നതിൽ അദ്ദേഹത്തിനു പശ്ചാത്താപവും തോന്നി. ഉപദേശങ്ങൾ വഴി മക്കളെ നേരെയാക്കാൻ അദ്ദേഹം നടത്തിയ ശ്രമങ്ങളും വിജയിച്ചില്ല. ഒടുവിൽ, ഒരു തന്ത്രം പ്രയോഗിച്ച് മക്കളുടെ മനംമാറ്റാൻ അദ്ദേഹം തീരുമാനിച്ചു.

അങ്ങനെയിരിക്കെ, കർഷകൻ അസുഖബാധിതനായി കിടപ്പിലായി. അദ്ദേഹം മൂന്നു മക്കളെയും വിളിച്ചുവരുത്തി. അവർ പിതാവിന്റെ രോഗശയ്യയ്ക്കരികിൽ വന്ന് ദുഃഖത്തോടെ നിന്നു. അവരോടായി കർഷകൻ പറഞ്ഞു:

''പ്രിയപ്പെട്ട മക്കളേ, എന്റെ കാലം അവസാനിക്കാറായെന്നു തോന്നുന്നു. ഞാനിതുവരെ നിങ്ങളിൽ നിന്നും ഒരു രഹസ്യം മറച്ചുവച്ചിരുന്നു. അതിപ്പോൾ പറയാൻ പോവുകയാണ്. പണ്ട്, ഞാൻ തോട്ടം കിളച്ചുകൊണ്ടിരിക്കുകയായിരുന്നു. അപ്പോൾ മണ്ണിനടിയിൽ നിന്ന് ഒരു നിധി കിട്ടി. ഞാനത് നമ്മുടെ തോട്ടത്തിലൊരിടത്ത് രഹസ്യമായി കുഴിച്ചിട്ടിട്ടുണ്ട്. എന്നാൽ അതെവിടെയാണെന്ന കാര്യം എനിക്ക് ഓർമ്മയില്ല. നിങ്ങൾ അതു കണ്ടെത്തി സുഖമായി ജീവിച്ചുകൊള്ളുക''.

അതു കേട്ടതും ആൺമക്കൾ മൂവരും ആലസ്യം മറന്ന് തൂമ്പയും കൈക്കോട്ടുമായി മുന്തിരിത്തോട്ടത്തിലെത്തി. അവർ മൂന്നുഭാഗത്തുനിന്നും തോട്ടം കിളയ്ക്കാൻ തുടങ്ങി. രാവും പകലുമില്ലാതെ അവർ വിയർപ്പൊഴുക്കി. ഏതാനും ദിവസങ്ങൾകൊണ്ട് അവർ മുന്തിരിത്തോട്ടം മുഴുവനും കിളച്ചു തീർത്തു. എന്നിട്ടും നിധിയുടെ പൊടിപോലും കണ്ടെത്താൻ അവർക്കായില്ല. അവർ നിരാശരായി പിതാവിന്റെ അടുത്തെത്തി പറഞ്ഞു:

''അച്ഛൻ പറഞ്ഞതു പ്രകാരം ഞങ്ങൾ തോട്ടം മുഴുവൻ കിളച്ചു. എന്നിട്ടും ആ നിധി കണ്ടെത്താൻ ഞങ്ങൾക്കു സാധിച്ചില്ല''.

''മക്കളേ, ഞാൻ പറഞ്ഞത് നിധി കിട്ടാനുള്ള മാർഗം മാത്രമാണ്. നിങ്ങളിപ്പോൾ അലസത വെടിഞ്ഞ് തോട്ടം കിളച്ചില്ലേ? ഇനിയവിടെ മുന്തിരിവള്ളി നട്ട് നന്നായി പരിചരിക്കൂ. തീർച്ചയായും ഭാവിയിൽ നിങ്ങൾക്ക് നിധി കിട്ടും!''

കർഷകന്റെ വാക്കുകൾ അവരുടെ മനസ്സു മാറ്റി. അവർ മൂവരും ചേർന്ന് മുന്തിരിക്കൃഷി നന്നായി നടത്തി നല്ല ലാഭം നേടി. മക്കൾ കഠിനാദ്ധ്വാനികളായി മാറിയതിന്റെ ആശ്വാസത്തോടെ അദ്ദേഹം കണ്ണടയ്ക്കുകയുംചെയ്തു.[22]

**തോട്ടത്തിലെ നിധി : പഠനം**

**കഥാപാത്രങ്ങൾ:** അച്ഛൻ, അമ്മ, മക്കൾ

അധ്വാനത്തിന്റെ മഹത്ത്വം വെളിപ്പെടുത്തുന്ന കഥയാണ് 'തോട്ടത്തിലെ നിധി'. നിധി തോട്ടത്തിലാണെങ്കിൽ അധ്വാനത്തിലൂടെ വിളയുന്ന കൃഷിതന്നെയാണ് നിധി. പേരുകൊണ്ട് തന്റെ അധ്വാനം കൃഷി, ആനന്ദം എന്നിവയെ ചേർത്തുവച്ചിരിക്കുന്നു. അധ്വാനം സമ്പത്താണെന്നും അതാണ് ആനന്ദമെന്നും പറയാതെ പറയുന്ന ഈ കഥ കാർഷികസമ്പദ്വ്യവസ്ഥയിലെ സാമൂഹിക ജീവിതത്തെ അടയാളപ്പെടുത്തുന്നു. എന്നാൽ വ്യവസ്ഥ ഏതായാലും കഥയുടെ പൊരുൾ കാലാതീതമാണ്.

അധ്വാനം ആനന്ദമായി കരുതിയിരുന്ന കുടുംബം മലയടിവാരം കൃഷിയാൽ സമ്പൽ സമൃദ്ധമാക്കി. ഒരുമയോടെ അധ്വാനിക്കുന്ന ഭാര്യയും ഭർത്താവും. കാലാന്തരത്തിൽ മക്കൾ ആ ജീവിതത്തിലേക്ക് കടന്നുവന്നപ്പോൾ കൃഷി നൽകിയ ആനന്ദവും സംതൃപ്തിയും കുടുംബത്തിന്റെ മുഴുവൻ സംതൃപ്തിയായി. അതികഠിനമായ അധ്വാനത്താൽ തളർന്ന ഭാര്യ രോഗബാധിതയാവുകയും മരിക്കുകയും ചെയ്തു. അമ്മ മരിച്ച മക്കളെ മാതാവിന്റെ വേർപാടറിയാതെ വളർത്തുന്ന അച്ഛൻ മക്കളുടെ വളർച്ചയിൽ ആനന്ദിച്ചെങ്കിലും അവരുടെ അലസമായ ജീവിതം അയാളെ തളർത്തുന്നു. മക്കളുടെ അലസത നീക്കാൻ ശ്രമങ്ങൾ ഏറെ നടത്തിയിട്ടും പരാജിതനായ അച്ഛൻ നടത്തിയ സൂത്രം മക്കളെ കർമ്മോൽസുകരാക്കുന്നു. കഥയിൽ കടന്നുവരുന്ന സൂത്രമാണ് മക്കളെ അധ്വാനികളാക്കിയത്. അതുവഴി മടിയും ഉദാസീനതയും ഉപേക്ഷിക്കുന്ന ഒരു തലമുറയെ സൃഷ്ടിക്കാൻ ബോധപൂർവ്വമായ ശ്രമം അനിവാര്യമാണെന്ന് ഈ കഥ നമ്മെ ബോധിപ്പിക്കുന്നു.

അലസതയും ഉദാസീനതയും ജീവിതവഴിയായി സ്വീകരിക്കുന്ന ഏതൊരു തലമുറയ്ക്കും ഉപദേശരൂപേണ നല്ല വഴികാണിക്കാൻ ഈ കഥ പര്യാപ്തമാണ്. മൊബൈൽലോകവും ചാനൽലോകവും യൗവനത്തെ മോഹിപ്പിക്കുകയും അലസ

രാക്കുകയും ചെയ്യുന്ന വർത്തമാനപരിസരത്തും ഈ കഥ പുതുവഴിതേടാനും അന്വേഷിക്കാനും ഉപദേശിക്കുന്നു. ഇത് മാതാപിതാക്കൾക്കും കുട്ടികൾക്കും മാത്ര മായുള്ള ഉപദേശമല്ല. ഒരു സമൂഹത്തിന്റെ നിർമ്മിതി അധ്വാനത്തിലൂന്നിയാവണം. ആ അർത്ഥത്തിൽ സമൂഹത്തെ ഉദ്ബോധിപ്പിക്കുന്ന ഈ കഥ സമൂഹമനസ്സിനെ തന്നെ ഉണർത്തുന്നു. ഒരു സൂത്രം ഒരു ഗുണപാഠമാകുന്ന അപൂർവ്വമായ ഈ കഥ നമ്മിൽ നന്മ വിതയ്ക്കുന്നു.

ഇല്ലായ്മയും ഇല്ലായ്മയുടെ പരിഹാരവുമാണ് നാടോടിക്കഥ. എങ്കിൽ കഠി നാധ്വാനത്തിന്റെ അഭാവം ഒരു കുടുംബത്തിന്റെ നിലനിൽപ്പിനെ ചോദ്യം ചെയ്യു മ്പോൾ ബോധപൂർവ്വമായ സൂത്രപ്പണി ഈ ഇല്ലായ്മയെ പരിഹരിച്ച് കുടുംബത്തെ സമതുലിതാവസ്ഥയിൽ എത്തിക്കുന്നു. അസ്വസ്ഥമായ മനസ്സിനെ സ്വസ്ഥതയി ലേക്ക് നയിക്കുന്ന ഇത്തരം സൂത്രപരമായ ഇടപെടലുകൾ വ്യക്തിയെയും സമൂഹ ത്തെയും അറിഞ്ഞു ചികിത്സിക്കുന്നു. ഈ ധർമ്മബോധമാണ് കഥയുടെ കാതൽ.

**സന്ദേശം: അധ്വാനം സമ്പത്ത്**

**3.10.14 കഥ : മടിയൻ മല ചുമക്കും**

വേനൽക്കാലമായി. ഉറുമ്പ് ധാരാളം അരിമണികൾ ശേഖരിച്ചു. അതെല്ലാം വളരെ ഭദ്രമായി തന്റെ മാളത്തിൽ കൊണ്ടുപോയിവെച്ചു. അയൽക്കാരനും കുഴിമടി യനുമായ പുൽച്ചാടിയാകട്ടെ, പകലന്തിയോളം തുള്ളിക്കളിച്ചു നടന്നു. കിട്ടിയ ധാന്യമൊക്കെ 'കപ്പം കുപ്പം' തിന്ന് വയറു വീർപ്പിച്ചു. അതു കണ്ട് ഉറുമ്പ് ചോദിച്ചു:

''ചങ്ങാതീ, ഇങ്ങനെ ധൂർത്തടിക്കുന്നത് നല്ലതാണോ? ഇപ്പോൾ വയലി ലൊക്കെ ധാരാളം നെന്മണികളുണ്ടല്ലോ. അതിൽ കുറേയെടുത്ത് നിനക്ക് സൂക്ഷി ച്ചുവെച്ചുകൂടെ? എന്നും കാലാവസ്ഥ ഇങ്ങനെയാവണമെന്നില്ല. പട്ടിണിയും പരിവ ട്ടവും വരുമ്പോൾ നിനക്ക് ദുഃഖിക്കേണ്ടിവരും. പറഞ്ഞേക്കാം.''

''നീ നിന്റെ പാട്ടിനുപോ ഉറുമ്പേ. എനിക്കതൊന്നും പേടിയില്ല. വാ കീറിയ ദൈവം ഇരയും തരും.''

ഉറുമ്പിന്റെ മുഖത്തു നോക്കി പുൽച്ചാടി ലാഘവത്തോടെ പറഞ്ഞു. ഉറുമ്പ് പിന്നൊന്നും പറയാൻ നിന്നില്ല.

തണുപ്പുകാലമായി. ഉറുമ്പ് തന്റെ മാളത്തിൽ കരുതിവച്ചിരുന്ന ധാന്യം തിന്ന് വിശപ്പടക്കി. അപ്പോൾ വിശന്നുവലഞ്ഞ് പുൽച്ചാടി അതിലേ വന്നു.

''ചങ്ങാതീ, വിശന്നു ചാവാറായി. ദയവുചെയ്ത് കുറച്ചു നെന്മണികൾ തന്ന് സഹായിക്കാമോ?'' പുൽച്ചാടി ഉറുമ്പിനു മുന്നിൽ കൈനീട്ടി.

''നീയെന്താണ് അന്നു പറഞ്ഞത്? വാ കീറിയ ദൈവം ഇരയും തരും എന്ന ല്ലേ. എന്നാലേ ആ ദൈവത്തോടു പോയി ചോദിക്ക്. അദ്ദേഹം വയറുനിറയെ ധാന്യം തരും.''

ഇതും പറഞ്ഞ് ഉറുമ്പ് മാളത്തിന്റെ വാതിൽ കൊട്ടിയടച്ചു. ലജ്ജിതനായി പുൽച്ചാടി തലതാഴ്ത്തി നടന്നകന്നു.[23]

**മടിയൻ മല ചുമക്കും : പഠനം**

**കഥാപാത്രങ്ങൾ:** ഉറുമ്പ്, പുൽച്ചാടി

മനുഷ്യമനസ്സിലെ സഹജമായ 'മടി'യെ വിമർശനാത്മകമായി പരിശോധി ക്കുകയും പരിഹാരമാർഗ്ഗം ഉപദേശിക്കുകയും ചെയ്യുന്ന നാടോടിക്കഥയാണ് 'മടി യൻ മല ചുമക്കും'. ഉദാസീനമായ ജീവിതസമീപനം വരുത്തുന്ന വിനകൾ തിരിച്ച റിഞ്ഞ ഒരു സമൂഹം രൂപപ്പെടുത്തിയതാണീ കഥ.

ഉറുമ്പും പുൽച്ചാടിയും കേരളീയപരിസരങ്ങളിൽ സുലഭമായി കാണുന്ന ജിവികൾ. ഉറുമ്പിന്റെ സഞ്ചാരം, വാസസ്ഥലം, ഉറുമ്പുകളുടെ ഒരുമ, അച്ചടക്കം, നിശ്ശബ്ദമായ പ്രവർത്തനങ്ങൾ എല്ലാം സസൂക്ഷ്മം നിരീക്ഷിക്കുകയും സമൃദ്ധ

മായി നെല്ല് ലഭിക്കുമ്പോൾ നെല്ല് തന്റെ വാസസ്ഥലത്ത് സൂക്ഷിക്കാൻ വേണ്ടി നടത്തുന്ന ശ്രമങ്ങൾ. അയൽപക്കത്തെ തുള്ളിച്ചാടി നടക്കുന്ന പുൽച്ചാടിയോട് കാലവും കാലാവസ്ഥയും മാറും, ജീവിതം നിലനിർത്താൻ ചില കരുതലുകൾ അനിവാര്യമാണ് എന്ന് ബോധിപ്പിച്ചപ്പോൾ ഉറുമ്പിനേൽക്കേണ്ടിവന്ന മാനഹാനി. എന്നിട്ടും തന്റെ പ്രവർത്തനങ്ങളിൽ ഉറച്ച വിശ്വാസം പുലർത്തി തുടർച്ചയായി പ്രവർത്തിച്ച് ആപത്ത് കാലത്ത് സുഖമായി ജീവിക്കുന്നു. അലസനായി നടന്ന പുൽച്ചാടി സഹായം അഭ്യർത്ഥിച്ചുവരുമ്പോൾ ഇരുളയ്ക്കുപ്പേരിപോലെ മറുപടി പറഞ്ഞ് തന്റെ ലോകത്തേക്കു തിരിഞ്ഞ ഉറുമ്പ് താൻ മുൻപ് അനുഭവിച്ച മാനക്കേടിന് മറുപടി നൽകി അഭിമാനംകൊള്ളുന്നു.

'സമ്പത്ത് കാലത്ത് കാപത്ത് നട്ടാൽ

ആപത്തുകാലത്ത് കാപത്ത് തിന്നാം' എന്ന പഴഞ്ചൊല്ലിലെ സാരോപദേശം തന്നെയാണ് ഈ കഥയിൽ കാണാൻ കഴിയുന്നത്.

അലസതയും ഉദാസീനതയും കരുതലില്ലായ്മയും അധ്വാനത്തോടുള്ള വിമുഖതയും ജീവിതവഴിയായി സ്വീകരിക്കുന്ന ഏതു വിഭാഗം ജനതയ്ക്കും സാരോപദേശമാണ് ഈ കഥ. പ്രായഭേദമെന്യേ ആർക്കും സ്വീകരിക്കാവുന്ന ഈ ഉപദേശം മനുഷ്യനുള്ളിടത്തോളം നിലനിൽക്കും. വേണ്ടകാലത്ത് വേണ്ടത് ചെയ്യാത്ത മടിയന്മാർക്ക് കടുത്ത ജീവിതപ്രതിസന്ധി ഉണ്ടാകും എന്ന ദീർഘ ദർശനം ഈ നാടോടിക്കഥയെ അർത്ഥപൂർണ്ണമാക്കുന്നു. വ്യക്തിജീവിതത്തിലും സാമൂഹികജീവിതത്തിലും ഈ കഥ ആഴത്തിൽ സ്വാധീനം ചെലുത്തും. ഒരു രാജ്യത്തിന്റെ വളർച്ച ഉന്മേഷപൂർവ്വമായ പ്രവർത്തനത്തിലാണ്, കരുതലിലാണ്. കരുതലില്ലാതെ, പെരുമാറുമ്പോൾ രാജ്യത്തിന്റെ വളർച്ചതന്നെ മുരടിച്ചുപോകും. ലഘുജീവികളുടെ പ്രവർത്തനങ്ങളെ ആധാരമാക്കി വ്യഷ്ടി, സമഷ്ടി ജീവിതത്തെ ബാധിക്കുന്ന പ്രശ്നങ്ങളെ മുറിച്ചുകടക്കാൻ ഊർജം പകരുന്നതാണീക്കഥ. പ്രശ്നങ്ങൾ മുൻകൂട്ടി കാണാനും അതിനനുസരിച്ച് ജീവിതവഴി ആസൂത്രണം ചെയ്യാനും

പ്രചോദനം നൽകുന്ന ഈ കഥ സമകാലികമായി വായിക്കാനും നാനാർത്ഥങ്ങൾ തിരിച്ചറിഞ്ഞ് ജീവിതത്തിൽ പകർത്താനും നാം തയ്യാറാവേണ്ടതുണ്ട്.

**സന്ദേശം:** സമ്പത്തുകാലത്ത് കാപത്ത് നട്ടാൽ
ആപത്തുകാലത്ത് കാപത്ത് തിന്നാം

**3.10.15 കഥ : തിയ്യാട്ടുണ്ണി**

കാളീക്ഷേത്രങ്ങളിലും ശാസ്ത്രാക്ഷേത്രങ്ങളിലും വളരെപ്പണ്ടുമുതൽ തന്നെ 'തിയ്യാട്ട്' എന്ന അനുഷ്ഠാനം നടക്കാറുണ്ട്. തീയാട്ടമാവണം തിയ്യാട്ടമായി മാറിയത്. ഈ അനുഷ്ഠാനത്തിൽ ഏറ്റവും പ്രധാന സ്ഥാനം നൽകുന്നതും അഗ്നി ക്കുതന്നെ. ഭഗവതിയെയോ അയ്യപ്പനെയോ മനസ്സിൽ ധ്യാനിച്ച്, വരുംവരായ്കക ളൊന്നും ചിന്തിക്കാതെ കനലാഴിക്കു മുകളിൽ ഉറഞ്ഞുതുള്ളുകയാണ് തിയ്യാട്ടിലെ കോമരം ചെയ്യുന്നത്.

മലബാറിലെ ഉൾനാടൻഗ്രാമത്തിൽ ശക്തിയേറിയ ഒരു ഭദ്രകാളിപ്രതിഷ്ഠ യുണ്ടായിരുന്നു. വിളിച്ചാൽ വിളിപ്പുറത്തെത്തുന്നവളാണ് ആ ദേവിയെന്ന് നാട്ടു കാർ ഉറച്ചു വിശ്വസിച്ചു. ഭക്തവത്സലയും അതേസമയം തന്നെ ക്ഷിപ്രകോപിയു മാണ് ഭദ്രകാളി. യഥാർത്ഥ ഭക്തർക്ക് വാരിക്കോരിക്കൊടുക്കുന്ന ഭഗവതിതന്നെ അരികൾക്കുമേൽ വസൂരിവിത്തെറിഞ്ഞ് തനിസ്വരൂപം കാട്ടി. ഭദ്രകാളിയുടെ ശക്തി വിശേഷങ്ങളെ ചോദ്യം ചെയ്യാൻ പിന്നീടാരും ധൈര്യപ്പെട്ടില്ല എന്നതാണ് പരമാർത്ഥം. ഭഗവതിയെ യഥാവിധി പൂജിച്ചാണ് നാടുവാഴിത്തമ്പുരാൻപോലും കഴിഞ്ഞത്. ഭദ്രകാളീക്ഷേത്രത്തിലെ കാര്യങ്ങൾക്കൊന്നും യാതൊരുവിധത്തിലു മുള്ള മുട്ടും വരരുതെന്ന് തമ്പുരാൻ നിഷ്കർഷിച്ചു. തമ്പുരാന്റെ കല്പന അതേ പടി നടപ്പാക്കപ്പെട്ടു.

ഭദ്രകാളിക്ക് പ്രിയപ്പെട്ട വെളിച്ചപ്പാടാണ് എല്ലാ വർഷവും തിയ്യാട്ടുവേളയിൽ ഉറഞ്ഞുതുള്ളിയിരുന്നത്. തികഞ്ഞ സാത്വികനായിരുന്നു അയാൾ. രാപകൽ ഈശ്വ

രചിന്തയിൽ മുഴുകി ജീവിച്ചു. വേണ്ടാത്ത ഒന്നിലേക്കും അയാളുടെ മനസ്സു ചെന്നില്ല. ലൗകികസുഖങ്ങൾ അയാളെ തെല്ലും പ്രലോഭിപ്പിച്ചില്ല. എങ്കിലും, കുടുംബപരമ്പര അന്യംനിന്നുപോകാതിരിക്കാനായി മാത്രം വെളിച്ചപ്പാട് ഒരു ദരിദ്രയുവതിയെ വിവാഹം കഴിച്ചു. വെളിച്ചപ്പാടും ഭാര്യയും ക്ഷേത്രത്തിൽ മൂന്നാഴ്ചക്കാലം കുളിച്ചു തൊഴുത് ഭജനമിരുന്നു. സൽപ്പുത്രലബ്ധിക്കായി അവർ ഭദ്രകാളിയെ ഉള്ളഴിഞ്ഞു പ്രാർത്ഥിച്ചു. തന്റെ അരുമഭക്തന്റെ പ്രാർത്ഥന കൈവെടിയാൻ ഭഗവതിക്കായില്ല. ഭദ്രകാളി ആ ദമ്പതികൾക്കുമേൽ അനുഗ്രഹം ചൊരിഞ്ഞു.

ഭജനം പൂർത്തിയാക്കി വീട്ടിൽ തിരിച്ചെത്തിയതും വെളിച്ചപ്പാടിന്റെ ഭാര്യക്ക് ഗർഭലക്ഷണങ്ങൾ തെളിഞ്ഞുകണ്ടു. ആ നിമിഷങ്ങൾ അയാളെ ആനന്ദനിർവൃതിയിലാഴ്ത്തി. നിറകണ്ണുകളോടെ അയാൾ ഭദ്രകാളിയെ വിളിച്ചു പ്രാർത്ഥിച്ചു. പത്നിയുടെ കൈയുഴിഞ്ഞും കാലുഴിഞ്ഞും ഉടലുലയാതെ നോക്കിയും ഗർഭകാലം മുഴുവൻ അയാൾ അവിടെത്തന്നെ കഴിച്ചുകൂട്ടി. ഭഗവതിയുടെ തിയ്യാട്ടുവേളയിൽ മാത്രമാണ് വെളിച്ചപ്പാട് ഭാര്യയെ വിട്ടുപോവാൻ നിർബന്ധിതനായത്. അന്നും പതിവുപോലെ വാളുകൊണ്ട് നെറ്റി വെട്ടിപ്പൊളിച്ച് അയാൾ ഉറഞ്ഞുതുള്ളി. അപ്പോഴെല്ലാം പൂർണ്ണഗർഭിണിയായ ഭാര്യയുടെ ദയനീയമുഖമായിരുന്നു ആ മനസ്സിൽ. ഭഗവതിയുടെ സന്നിധിയിൽ, ഭഗവതിയുടെ പ്രതിരൂപമായി ഉറയുമ്പോൾ വെളിച്ചപ്പാട് ഒരിക്കലും സാധാരണ മനുഷ്യനായിക്കൂടാ എന്നയാൾക്കറിയാമായിരുന്നു. എന്നിട്ടും, ഭാര്യയെക്കുറിച്ച് ഓർക്കാതിരിക്കാൻ അയാൾക്കു കഴിഞ്ഞില്ല. ആത്മാർത്ഥതയില്ലാത്ത ആ ഉറഞ്ഞുതുള്ളൽ അയാളിൽ കുറ്റബോധം ജനിപ്പിച്ചു. ഭഗവതി ആവേശിച്ച് മോഹാലസ്യപ്പെട്ടു വീണപ്പോൾപോലും കേവലമൊരു ഭർത്താവായിത്തീരാനേ അയാൾക്കു സാധിച്ചുള്ളൂ. തിരുനടയിൽ ആളൊഴിഞ്ഞപ്പോൾ അയാൾ വേച്ചുവേച്ചു നടന്ന് ആ തൃപ്പടികളിൽ വീണു കരഞ്ഞു:

''ഭഗവതീ, മാപ്പ്! അവിടത്തെ സന്നിധിയിലുള്ളപ്പോൾപോലും മനസ്സ് പിടിവിട്ടുപോയി. ഒന്നും മനപ്പൂർവ്വമല്ല.''

ക്ഷിപ്രകോപിയായ ഭദ്രകാളിപോലും ആ ഭക്തന്റെ കണ്ണുനീരിൽ സർവംസഹയായി. ഭഗവതി ചൊരിഞ്ഞ അനുഗ്രഹപുഷ്പങ്ങൾ ആ ശിരസ്സിൽ അമൃതുപോലെ പതിച്ചു. ഭഗവതിയെ ഒന്നുകൂടി വണങ്ങി, നിറകണ്ണു തുടച്ച് വെളി ച്ചപ്പാട് ശ്രീകോവിലിന്റെ പടിയിറങ്ങി.

ചോരപുരണ്ട വാൾ ഇറയത്തു ചാരിവച്ച് തിടുക്കത്തിൽ വീടിനകത്തേക്ക് കയറിച്ചെന്ന വെളിച്ചപ്പാട് അത്ഭുതകരമായ ഒരു കാഴ്ചയാണു കണ്ടത്. കട്ടിലിൽ വിരിച്ചിട്ട പുൽപ്പായയിൽ കൈകാലിട്ടടിച്ചു കിടക്കുന്ന ഒരാൺകുഞ്ഞ്! തൊട്ടടുത്തു തന്നെ പ്രസവാലസ്യത്തിൽ നിന്ന് പൂർണ്ണമായും മുക്തയാവാതെ കിടക്കുന്ന അമ്മ! ഒന്നേ നോക്കിയുള്ളൂ. വെളിച്ചപ്പാടിന്റെ കണ്ണുകൾ സന്തോഷം കൊണ്ടു നിറഞ്ഞൊ ഴുകി. ഭർത്താവിന്റെ വരവറിഞ്ഞ ഭാര്യ കണ്ണുകൾ പതുക്കെത്തുറന്ന് തളർന്ന പുഞ്ചിരി സമ്മാനിച്ചുകൊണ്ടു പറഞ്ഞു:

''നമ്മുടെ മോൻ...!''

''എല്ലാം ഭഗവതിയുടെ കടാക്ഷം!''

അയാൾ കുഞ്ഞിനെ വാരിയെടുത്ത് ആ കുരുന്നുകവിളുകളിൽ തെരുതെരെ ഉമ്മവച്ചു.

വെളിച്ചപ്പാടിന്റെയും ഭാര്യയുടെയും കണ്ണുകൾക്ക് പൊൻകണിയായി കുഞ്ഞ് വളർന്നു. ഭഗവതി സാക്ഷിയായി അവരാ ഓമനക്കുഞ്ഞിന് 'ഉണ്ണി' എന്നു പേരിട്ടു. പിന്നീടുള്ള അവരുടെ ജീവിതം അവനുവേണ്ടി മാത്രമായിരുന്നു. കുഞ്ഞു വളർന്നുവരവെ ചെയ്യേണ്ടതെല്ലാം യഥാസമയം ചെയ്തു. മൂന്നുവയസ്സു തികഞ്ഞ പ്പോൾ നേരും നെറിയുമുള്ള ക്ഷുരകനെ വരുത്തി മുടിയെടുത്തു. അഞ്ചാംവയ സ്സിൽ ഭഗവതിയുടെ സവിധത്തിൽ എഴുത്തിനിരുത്തി. വെളുത്തു തുടുത്ത് പൂവമ്പ ഴംപോലെ വളർന്ന ഉണ്ണി കാണികളുടെയെല്ലാം കണ്ണിലുണ്ണിയായി. വെളിച്ചപ്പാടും ഭാര്യയും അവനെ പ്രാണനുതുല്യം സ്നേഹിച്ചു. അവരുടെ പ്രതീക്ഷയ്ക്കൊത്ത

വണ്ണം അവൻ വളർന്നുവന്നു. കുറഞ്ഞകാലംകൊണ്ട് അവൻ എഴുത്തും തൊഴിലും പഠിച്ച് മിടുക്കനായി. ബാല്യം കടന്ന് കൗമാരത്തിലേക്കു വളർന്ന ഉണ്ണിയെ നോക്കി വെളിച്ചപ്പാട് മനസ്സിൽ കനവുകൾ നെയ്തുകൂട്ടി.

'ഭഗവതി കനിഞ്ഞുതന്ന കുഞ്ഞാണിവൻ. ഈശ്വരവിശ്വാസത്തിൽ നിന്ന് കടുകിട വ്യതിചലിക്കാതെയാണ് ഇവന്റെ വളർച്ച. എനിക്കുശേഷം നാടറിയുന്ന വെളിച്ചപ്പാടാവേണ്ടത് ഇവനാണ്. ജനിച്ചപ്പോഴേ ഭദ്രകാളിക്കു സമർപ്പിക്കപ്പെട്ടു കഴിഞ്ഞു ഈ ജീവിതം. പതിനാറിന്റെ നല്ല നടപ്പിൽ ഇവനെ കനലാഴിയിൽ വെളിച്ചപ്പെടാനയയ്ക്കണം. അന്ന് കുളിച്ചാറാതെ വന്നുനിൽക്കുന്ന മകന്റെ കൈയിൽ പള്ളിവാളും പൊൻചിലമ്പും കൊടുത്ത് അവന്റെ നെറുകയിൽ കൈവച്ച് അനുഗ്രഹിക്കണം! പിന്നെയെല്ലാം അവന്റെ ചുമതലയാണ്. വെളിച്ചപ്പാടിന്റെ ഉത്തരവാദിത്വങ്ങളെല്ലാം അവനെ ഏൽപ്പിച്ച് തനിക്കൊരു വിശ്രമജീവിതം!'

ഉണ്ണിക്ക് പതിനാറു തികയുന്ന സുദിനത്തിനായി അവർ കാത്തിരുന്നു. എന്നാൽ, മനുഷ്യൻ മോഹിക്കുന്നതുപോലെയാകണമെന്നില്ലല്ലോ ദൈവഹിതം? ഉണ്ണിയുടെ പതിനഞ്ചാം വയസ്സിൽ വെളിച്ചപ്പാടിന് ദീനം ബാധിച്ചു. ആദ്യമൊന്നും അയാളതത്ര കാര്യമാക്കിയില്ല. ദിവസങ്ങൾ ചെല്ലുംതോറും ദീനം മൂർച്ഛിച്ചുവന്നു. മൂന്നുനാലു നാൾക്കകം വെളിച്ചപ്പാട് ശയ്യാവലംബിയായി. പല വൈദ്യന്മാരുമെത്തി, പല ചികിത്സകളും നടത്തിയിട്ടും ഫലമുണ്ടായില്ല. തന്റെ മരണം അടുത്തെത്തിയെന്ന് അയാൾക്കു ബോധ്യമായി. അയാൾ ഭാര്യയെയും മകനെയും അടുത്തു വിളിച്ചിരുത്തി. മകന്റെ നെറുകയിൽ കൈവച്ച്, തൊണ്ടയിടറി ഇത്രയും പറഞ്ഞു:

''ഉണ്ണീ, നീ നേരാംവണ്ണം വെളിച്ചപ്പെടണം. ഭഗവതിയെ മറന്ന് യാതൊന്നും പ്രവർത്തിക്കരുത്. ഭഗവതി നിന്നെ കാത്തുകൊള്ളും!''

പറഞ്ഞുതീരുംമുമ്പേ ആ നാവു തളർന്നു. തൊണ്ടയിൽ കഫം കുറുകി. ശ്വാസതടസ്സം നേരിട്ടു. നിമിഷങ്ങൾക്കുള്ളിൽ ആ കണ്ണുകൾ അടഞ്ഞു! ഭാര്യയും മകനും കരയാൻപോലുമാകാതെ വിറങ്ങലിച്ചിരുന്നു. ഭാര്യ വെളിച്ചപ്പാടിന്റെ ചേത

നയറ്റ ശരീരത്തിലേക്കു മറിഞ്ഞുവീണു. ആ വീഴ്ചയിൽ നിന്ന് പിന്നീടവർ എഴു ന്നേറ്റതേയില്ല!

അങ്ങനെ, അക്ഷരാർത്ഥത്തിൽ ഉണ്ണി അനാഥനായി!

ഉണ്ണിക്ക് വയസ്സ് പതിനാറായതും നാടുവാഴിത്തമ്പുരാൻ അവനെ ആളയച്ചു വിളിപ്പിച്ചു. ഉണ്ണി തമ്പുരാനെ അടിമുടി തൊഴുതുനിന്നു. അവന്റെ മുഖത്തുനോക്കി ഗൗരവം വിടാതെ തമ്പുരാൻ കല്പിച്ചു:

''വെളിച്ചപ്പാടിനെ ഭഗവതി തിരിച്ചുവിളിച്ചു. കോമരത്തിന്റെ സാന്നിധ്യമി ല്ലാത്ത ക്ഷേത്രത്തിന് പൂർണ്ണത കിട്ടില്ല. മൺമറഞ്ഞ പിതാവിന്റെ പിൻഗാമിയായി ഇനിയിവിടെ വെളിച്ചപ്പെടേണ്ടത് നീയാണ്. നിനക്കിപ്പോൾ അതിനുള്ള കാലം തികഞ്ഞിട്ടുമുണ്ട്. പൊട്ടൻകളം ചാടി, കോമരത്തിന്റെ ചിലമ്പും വാളും ആചാരക്കൂ റയും ഏറ്റുവാങ്ങാൻ നീയിനി അമാന്തിക്കരുത്!''

നാടുവാഴിത്തമ്പുരാന്റെ കല്പനയ്ക്ക് എതിരുപറയാൻ ആരോരുമില്ലാത്ത ഉണ്ണിക്കെന്തവകാശം? അവൻ കുളിച്ചുവന്ന് പൊട്ടൻകളം താണ്ടി, ഭദ്രകാളിക്കു മുന്നിൽ ശരീരവും മനസ്സും സമർപ്പിച്ചു. പൂജാരി കൊടുത്ത കടുംചുവപ്പ് ആചാര ക്കൂറയണിഞ്ഞു വാളും ചിലമ്പും ധരിച്ച് ഉറഞ്ഞുതുള്ളി. അഭൗമമായ ഒരു ശക്തി തന്റെ ദേഹത്ത് കുടിയേറിയതായി അവനു തോന്നി. ആ കർമ്മത്തോടെ ഉണ്ണി ഭഗ വതിയമ്മയുടെ പ്രതിപുരുഷനായി.

അസൂയയ്ക്കും കഷണ്ടിക്കും മരുന്നില്ലെന്നല്ലേ ചൊല്ല്? ഇവിടെയുമുണ്ടായി ചില അസൂയക്കാർ. ഉണ്ണിക്ക് ഇത്ര ചെറുപ്പത്തിലേ കോമരക്കൂറ കിട്ടിയത് പല രെയും അസ്വസ്ഥരാക്കി. അവർ നാടുവാഴിത്തമ്പുരാനെക്കണ്ട് കുശുമ്പും കുന്നാ യ്മയും പറഞ്ഞുപരത്തി.

''തമ്പുരാനേ, നാടുമുടിയാൻ ഇതിൽപ്പരം എന്തുവേണം? ദീനം ബാധി ച്ചാണ് നമ്മുടെ വെളിച്ചപ്പാടു പോയത്. ഭഗവതിക്ക് അയാളിൽ അതൃപ്തി വന്നതു

കൊണ്ടാവണം ഇങ്ങനെയൊരന്ത്യമുണ്ടായത്. ദീനംപിടിച്ചു മരിച്ച വെളിച്ചപ്പാടി നേറ്റ ദേവീശാപം ഉണ്ണിക്കും വന്നിട്ടില്ലെന്നാരു കണ്ടു!''

''ദേവിക്ക് അപ്രീതിയുള്ള ഒരാളെ വെളിച്ചപ്പാടായി വാഴിക്കുന്നത് അവിടു ത്തേക്ക് ദോഷമായേ ഭവിക്കൂ! ഞങ്ങൾ പറഞ്ഞില്ലെന്നു വേണ്ട.''

''പഴയ വെളിച്ചപ്പാടിനെപ്പോലെയല്ല ചെറുക്കനെന്നാണ് ജനസംസാരം. തമ്പുരാനെപ്പോലും പരസ്യമായി അധിക്ഷേപിക്കാൻ അവനു മടിയില്ല!''

''നല്ല ജനസമ്മതിയുണ്ട് പുതിയ വെളിച്ചപ്പാടിന്. ഇപ്പോൾ അവന്റെ കണ്ണ് അവിടുത്തെ സിംഹാസനത്തിലാണെന്നാണു കേൾവി!!''

ഉണ്ണിയെ ചൊല്ലിയുള്ള പരദൂഷണങ്ങൾ തുടർച്ചയായി കേട്ടപ്പോൾ നാടുവാ ഴിത്തമ്പുരാന്റെ മനസ്സുമിളകി. ഉണ്ണിക്ക് ദേവീകോപമുണ്ടോ എന്നറിയണമെന്നും തനിക്ക് ഭീഷണിയായി അവൻ വളരുന്നതു തടയണമെന്നും തമ്പുരാൻ തീരുമാനി ച്ചു. ഭദ്രകാളിക്കാവിലെ തിയ്യാട്ടക്കാലത്തിനായി തമ്പുരാൻ കാത്തിരുന്നു.

ഒടുവിൽ, ആ ദിവസവും വന്നു. ഉണ്ണിയെക്കുറിച്ചുള്ള സംശയങ്ങൾ തമ്പു രാന്റെ മനസ്സിൽക്കിടന്നു നീറി. അതിനൊരു കൊടുംപകയുടെ രൂപം കൈവന്നിരു ന്നു. അതെല്ലാം മനസ്സിലടക്കിയ തമ്പുരാൻ അവനെ ആളയച്ചു വരുത്തി തിയ്യാട്ടനാ ളിൽ കനലാടാൻ നിർദ്ദേശിച്ചു. തമ്പുരാന്റെ കല്പന ഉണ്ണിയെ തെല്ലും പരിഭ്രമിപ്പി ച്ചില്ല. ആ നിയോഗം അവൻ ധൈര്യപൂർവ്വം ഏറ്റെടുത്ത് വീട്ടിലെത്തി കഠിനമായ വ്രതം തുടങ്ങി. ഊണും ഉറക്കവും വെടിഞ്ഞ്, സദാ ഭദ്രകാളിയെ പ്രാർത്ഥിച്ചുകൊ ണ്ടായിരുന്നു വ്രതം.

തിയ്യാട്ടത്തിന് കനലാഴി ഒരുക്കാൻ തമ്പുരാൻ ആജ്ഞാപിച്ചു. ക്ഷേത്രപ്പറ മ്പിൽത്തന്നെ കനലാഴിക്ക് സ്ഥാനം കണ്ടു. ദേശവാസികളായ തച്ചന്മാർ മഴുവും കോടാലിയുമേന്തി വരിക്കപ്ലാവിനടുത്തെത്തി. കാതലൊത്ത പ്ലാവിന്റെ മുഴുവൻ വിറകുകൊണ്ടുവേണം കനലാഴിയൊരുക്കാൻ. പറയച്ചെണ്ടയുടെ മുഴക്കത്തിനിട

യിൽ, മരത്തെ വലംവച്ചു തൊഴുത് തച്ചന്മാർ മരംമുറിച്ചു വീഴ്ത്തും. ആചാരപ്രകാരം വിറകുകഷണങ്ങളാക്കിയ മരം ചുമട്ടുകാർ കനലാട്ടക്കുഴിയിൽ അടുക്കിവയ്ക്കും. തിയ്യാട്ടനാൾ ഉച്ചയോടെ പ്ലാവിൻ വിറകുകൾക്ക് തീ കൊളുത്തും. നേരമിരുട്ടി വെളിച്ചപ്പാട് കനലാടാനെത്തുമ്പോഴേക്കും വിറകെല്ലാം കത്തി കനൽപ്പരുവത്തിലുണ്ടാവും. വെളിച്ചപ്പാടിനൊപ്പം നോമ്പുനോറ്റ നായന്മാരുമുണ്ടാവും കനലാടാൻ.

എന്നാൽ, അക്കുറി പതിവെല്ലാം തെറ്റി. തിയ്യാട്ടത്തിൽ നാളിതുവരെ കേട്ടു പരിചയമില്ലാത്ത കൊടുംചതി അരങ്ങേറി. നാടറിയാതെ, നാട്ടാരറിയാതെ, വെളിച്ചപ്പാടും കനലാട്ടക്കാരുമറിയാതെയായിരുന്നു ആ ചതി നടന്നത്. കനലാട്ടക്കുഴി ഒരുക്കുന്ന പണിക്കാരെ നാടുവാഴിത്തമ്പുരാൻ പണക്കിഴി കൊടുത്തും ഭീഷണിമുഴക്കിയും വശീകരിച്ചു. പ്ലാവു വെട്ടുന്ന തച്ചന്മാർക്ക് ചാക്കു നിറയെ കുത്തരി നൽകി മനസ്സു മാറ്റിച്ചു. അഞ്ചിരട്ടിയാഴത്തിൽ കനലാട്ടക്കുഴിയും അതിൽ അഞ്ചു വരിക്കപ്ലാവിന്റെ വിറകും ഒരുക്കിവച്ചു. രഹസ്യം പുറത്തറിഞ്ഞാൽ ആരുടെയും തല കഴുത്തിനു മുകളിൽ കാണില്ലെന്ന് തമ്പുരാൻ മുന്നറിയിപ്പും നൽകി. കുഴിയിൽ ആരുമറിയാതെ ഒത്തൊരാനത്തുടലുമിട്ടു.

കനലാട്ടത്തിനു മുഹൂർത്തമായി. കുളിച്ച് ചെമ്പട്ടുടുത്ത്, ഭദ്രകാളിയെ സാഷ്ടാംഗം പ്രണമിച്ച്, ഭഗവതിത്തോറ്റം പാടി കൗമാരം വിടാത്ത വെളിച്ചപ്പാട് കനൽക്കുഴിക്കടുത്തെത്തി. കനലിന്റെ തിളക്കം കണ്ടതും എന്തോ പന്തികേടു നടന്നിരിക്കുന്നുവെന്ന് ഉണ്ണിക്കു ബോധ്യമായി. എങ്കിലും പിന്തിരിയാൻ അവൻ തയ്യാറായില്ല. കൂടെയെത്തിയ കനലാട്ടക്കാരെ തൽക്കാലത്തേക്ക് വിലക്കി നിർത്തി ഉണ്ണി കനലിലേക്കു നടന്നു കയറി! ക്ഷേത്രപ്പറമ്പ് നിറഞ്ഞുനിന്ന പുരുഷാരം ശ്വാസമടക്കി ആ കാഴ്ച കണ്ടുനിന്നു.

കനൽ നടുവിൽ ഉള്ളംകാൽ അമർത്തിച്ചവിട്ടി അവൻ ഏറെനേരം നിന്നു. അപ്പോഴെല്ലാം ആ ചുണ്ടുകളിൽ നിന്ന് ഭദ്രകാളീസ്തവം ഉയർന്നുകേട്ടു. ആ കുരു

ന്നുമുഖത്ത് തെല്ലും ഭയം നിഴലിച്ചുകണ്ടില്ല. ആ പിഞ്ചുദേഹം ഒട്ടും വിറച്ചില്ല. ഭഗവതി വെളിച്ചപ്പാടിൽ ആവേശിച്ചതുപോലെ തോന്നിച്ചു. കനലാട്ടം കാണാൻവന്ന ഭക്തജനങ്ങൾ ഭക്ത്യാദരപൂർവ്വം കൈകൾ കൂപ്പി. വെളിച്ചപ്പാട് കനൽക്കട്ടകൾ വാരി സ്വന്തം ദേഹത്തിട്ട് ഉറഞ്ഞുതുള്ളി. പിന്നെ, സകല ശക്തിയുമെടുത്ത് കനൽക്കുഴിയിലേക്ക് ആഴ്ന്നു തുടങ്ങി. ആദ്യം പിഞ്ചു കാൽപ്പാദങ്ങളും വെണ്ണപോലുള്ള തുടകളും കനലിൽ അപ്രത്യക്ഷമായി. പിന്നെ, വയറും മാറിടവും കഴുത്തും കാണാതായി. ഏറ്റവുമൊടുവിൽ ഐശ്വര്യം തികഞ്ഞ ആ മുഖവും കനലുകൊണ്ടു മൂടി!

കനൽക്കട്ടകൾക്കിടയിലൂടെ കിണറാഴത്തിലേക്ക് മുങ്ങുമ്പോഴും ഉണ്ണിയുടെ നാമജപം നിലച്ചില്ല. ഏതോ അദൃശ്യമായ ശക്തികൊണ്ടെന്ന പോലെ അവൻ കൂടുതൽ കരുത്തു നേടി. കനൽക്കുഴിയുടെ താഴെത്തട്ടിൽ ചെന്നെത്തിയിട്ടേ അവനടങ്ങിയുള്ളൂ. നേരത്തോടുനേരം ചുട്ടുപഴുത്തുകിടന്ന ആനത്തുടൽ അവന്റെ ദൃഷ്ടിയിൽപ്പെട്ടു. തന്നോട് തമ്പുരാൻ ചെയ്ത ചതിയുടെ ആഴം എത്രയെന്ന് അപ്പോഴാണ് അവനു ബോധ്യപ്പെട്ടത്. കനൽത്തിളക്കത്തിൽ അവന്റെ മുഖം വെട്ടിത്തിളങ്ങി. രണ്ടും കല്പിച്ച് അവനാ ചങ്ങലയെടുത്ത് ദേഹത്തു ചുറ്റി!

കനലാഴിയിൽ മുങ്ങിയ വെളിച്ചപ്പാട് ഇനി തിരിച്ചുവരില്ലെന്നുറപ്പിച്ച് ഭക്തന്മാർ കണ്ണീരൊഴുക്കി തിരിച്ചുപോവാൻ തുടങ്ങുകയായിരുന്നു. തന്റെ കൗശലം ഫലിച്ചതിൽ ഉള്ളുകൊണ്ടു ചിരിച്ച് നാടുവാഴിത്തമ്പുരാനും പല്ലക്കിലേറി. അപ്പോഴുണ്ട് കനലാഴിയിൽ ഒരനക്കം! എല്ലാവരും അത്ഭുതത്തോടെ തിരിഞ്ഞുനിന്നപ്പോൾ, കനൽക്കൂമ്പാരത്തിൽ നിന്നു വെളിച്ചപ്പാട് ഒരലർച്ചയോടെ പൊങ്ങിവന്നു! ഇക്കണ്ടനേരമത്രയും കനലിൽ കിടന്നിട്ടും ആ ദേഹത്തിന് തരിമ്പും പൊള്ളലേറ്റില്ല! എന്നാൽ, ആ പിഞ്ചുമേനിയിൽ ചുരുണ്ടുകിടന്ന ആനച്ചങ്ങലയുടെ ചെന്നിറം അവരെ ആശങ്കയിലാഴ്ത്തി.

അതൊന്നും വകവയ്ക്കാതെ ഉണ്ണി, ഉറക്കെ നാമംജപിച്ചുകൊണ്ട് ഭഗവതിയുടെ നടയിലേക്കോടി. ഭക്തജനങ്ങൾ അവനെ അനുഗമിച്ചു. അവൻ ശ്രീകോവിലിന്റെ നടയിലെത്തിയതും അവിടെ കമഴ്ന്നടിച്ചു വീണു! ഭക്തരെല്ലാം നോക്കിനിൽക്കേ ആനത്തുടലിന്റെ ചൂടും പഴുപ്പും ആ ശരീരത്തെ കരിച്ചുതുടങ്ങി. നിമിഷനേരംകൊണ്ട് ഉണ്ണിയുടെ പിഞ്ചുടൽ ഒരു വലിയ കരിങ്കട്ടയായി! പിന്നെ, ഒരുപിടി ചാരമായി!

അടച്ചിട്ടിരുന്ന ശ്രീകോവിൽ താനേ തുറക്കപ്പെട്ടു! ഭദ്രകാളി തന്റെ ഭക്തന്റെ ആത്മാവിനെ തന്നിലേക്കാവാഹിച്ചു തിരിച്ചുപോയി. അപ്പോൾ ശ്രീകോവിൽ നട വീണ്ടുമടഞ്ഞു!

ആ നിമിഷം, കൊടുംചതിയനായ നാടുവാഴിത്തമ്പുരാന്റെ ദേഹത്ത് നിറയെ കുരുക്കൾ പ്രത്യക്ഷപ്പെട്ടു! ഭഗവതിയെറിഞ്ഞ വസൂരിവിത്തുകൾ ആ ചതിയനെ കൊല്ലാതെ കൊന്നു. ഉണ്ണിയെന്ന വെളിച്ചപ്പാട് നാട്ടുകാർക്ക് ദൈവതുല്യനായി.[24]

**തിയ്യാട്ടുണ്ണി : പഠനം**

**കഥാപാത്രങ്ങൾ:** 1. വെളിച്ചപ്പാട്, 2. ഭാര്യ 3. തിയ്യാട്ടുണ്ണി 4. തമ്പുരാൻ

കാലക്രമത്തിൽ 'മിത്തായി'ത്തീർന്ന ഒരു നാടോടിക്കഥയാണ് തിയ്യാട്ടുണ്ണി. വടക്കേ മലബാറിന്റെ സവിശേഷമായ തെയ്യപാരമ്പര്യത്തിലൂന്നിയാണ് ഈ നാടോടിക്കഥ വികസിക്കുന്നത്. അസൂയ അധികാരികളെ നിയന്ത്രിക്കുമ്പോൾ ചതിയിലകപ്പെട്ട ഒരു ചെറുപ്പക്കാരന്റെ ദയനീയമായ അന്ത്യം ഈ കഥയെ ഒരു ദുരനുഭവമാക്കി മാറ്റുന്നു. നന്മനിറഞ്ഞ പ്രവർത്തനങ്ങൾ ജീവിതത്തിൽ നന്മ വിതയ്ക്കുമ്പോൾ അന്യരിൽ രൂപംകൊള്ളുന്ന അസൂയ. അസൂയ ഒരാളിൽനിന്നും അനേകരിലേക്ക് പകരുമ്പോൾ അത് ചതിക്കുള്ള ശക്തമായ ആയുധമാണ്. അതു ജനങ്ങൾക്ക് നീതിനൽകേണ്ട ഭരണാധികാരി ഏറ്റെടുക്കുമ്പോൾ ഭരണവും ജനങ്ങളും ഒന്നാകെ അനീതിയിൽ മുങ്ങിപ്പോകുന്നു. ഒറ്റപ്പെട്ടവന്റെ ദൈന്യം കേവലം

രോദനമായി മാറുന്ന അവസ്ഥ സംജാതമാകുന്നു. എങ്കിലും അനീതി ചെയ്യുന്നവർ ഒരിക്കലും രക്ഷപ്പെടാൻ പോവുന്നില്ല എന്ന സന്ദേശം ഈ നാടോടിക്കഥയെ സമ്പുഷ്ടമാക്കുന്നു.

ഉത്തരമലബാർ, ഭദ്രകാളിക്ഷേത്രങ്ങൾ, തെയ്യാട്ടം, അഥവാ തീയാട്ടം, വെളിച്ചപ്പാട് എന്നീ കഥാഘടകങ്ങൾ ഈ നാടോടിക്കഥയ്ക്ക് മലബാറിന്റെ അല്ലെങ്കിൽ കേരളീയസംസ്കാരത്തിന്റെ തനിമ പകരുന്നുണ്ട്. കത്തുന്ന കനാലഴിയും പച്ചപ്പിന്റെ സമൃദ്ധിയും എരിയുന്ന ചൂട്ടും പന്തവും ഒരുക്കുന്ന അലൗകികമായ അവസ്ഥ പകരുന്ന കാവുകൾ. അവിടെ വ്രതശുദ്ധിയുടെയും കർമ്മശുദ്ധിയുടെയും കാവൽക്കാരനായി വളർന്ന പിതാവ്. അദ്ദേഹത്തിന്റെ പരിശുദ്ധയായ ഭാര്യ. അവർക്ക് ദൈവാനുഗ്രഹത്താൽ പിറന്ന കുഞ്ഞ്. അതിന്റെ 16-ാം വയസ്സിൽ തന്റെ സ്ഥാനമാനങ്ങൾ ഏൽപ്പിച്ച് ജീവിതം സമ്പൂർണ്ണമാക്കാൻ ഒരുങ്ങുന്ന പിതാവ്. മോഹിക്കുന്നതെല്ലാം നടന്നുകൊള്ളണമെന്നില്ല. ദീനംവന്ന് ഇഹലോകത്തോട് വിട പറയേണ്ടിവരുന്ന പിതാവ്. സ്വാഭാവികമായി പിതാവിന്റെ സ്ഥാനത്തെത്തേണ്ടിവന്ന മകൻ, മകന്റെ തീവ്രഭക്തിയും കർമ്മശുദ്ധിയും അയാളിൽ ഭഗവതി ചൊരിഞ്ഞ മംഗളങ്ങൾ. ഈ മംഗളങ്ങളെ അസൂയ കലർന്ന് നോക്കിയ അൽപ്പബുദ്ധികൾ. അവരൊരുക്കിയ കെണികൾ, ഏഷണികൾ. അതിൽ അകപ്പെട്ടുപോകുന്ന നാട്ടുരാജാവ്, അയാൾ ഒരുക്കുന്ന ചതിയുടെ തീവ്രത, ഭക്തിയുടെ, വ്രതത്തിന്റെ പവിത്രതയിൽ അമ്പലനടയിൽ പുനരവതരിച്ച തിയ്യാട്ടുണ്ണി, ഉണ്ണി നേരിട്ട ചതി നാട്ടുരാജാവിൽ മഹാമാരി പെയ്ത് കൊല്ലാതെ കൊല്ലുന്ന പ്രപഞ്ചനീതി. ഇതാണ് കഥയുടെ കാമ്പ്.

തീവ്രമായ ഭക്തിയും വ്രതശുദ്ധിയും കർമ്മശുദ്ധിയും ജീവിതത്തെ ശുദ്ധീകരിച്ച് നന്മയിൽ എത്തിക്കുമെന്ന് കഥയുടെ ഒന്നാംഘട്ടം പറഞ്ഞുതരുന്നു. എന്നാൽ ഈ ജീവിതം ഒരു നിശ്ചയവുമില്ലാത്തതാണ്. എപ്പോഴും ആപത്തുകൾ കടന്നുവരാം എന്ന മറുപുറ ചിന്തയും കഥയിൽ കാണുന്നു. 'തിയ്യാട്ടുണ്ണി'യിൽ മോഹം,

അസൂയയിലേക്കും അത് കൊടുംചതിയിലേക്കും എങ്ങനെ വഴുതിവീഴാമെന്നും പറഞ്ഞുതരുന്നു. അസൂയയിൽ അകപ്പെട്ട് ചതിചെയ്യുന്നത് ആരായാലും അയാളും ശിക്ഷിക്കപ്പെടും എന്ന പ്രപഞ്ചനീതിയും ഈ കഥയെ ദേശാതീതവും കാലാതീത വുമാക്കുന്നു.

മനുഷ്യമനസ്സിന്റെ നിഗൂഢമായ ചലനങ്ങളെ സൂക്ഷ്മമായി വിലയിരുത്താൻ ഈ കഥക്ക് കെൽപ്പുണ്ട്. അന്യന്റെ നന്മകൾ തന്റേതു കൂടിയാണെന്ന ചിന്ത വള രാത്തിടത്തോളം ചതിയും വഞ്ചനയും പെരുകിക്കൊണ്ടിരിക്കും. കാരണം ആഗ്രഹ മാണ് മോഹത്തിലേക്കും സർവ്വനാശത്തിലേക്കും നയിക്കുന്നത്. അപരന്റെ നന്മ കൾ തന്റേതു കൂടിയാണ് എന്നു തിരിച്ചറിയുന്ന ഒരു ബോധതലം ഇനിയും സമൂഹ ത്തിൽ രൂപപ്പെടേണ്ടതുണ്ട്. അത്തരത്തിൽ അപരന്റെ സുഖവും ദുഃഖവും തന്റെ തുകൂടിയാണ് എന്ന് തിരിച്ചറിയുന്ന ഒരു നവലോകം യാഥാർത്ഥ്യമാകുന്നതുവരെ ഈ കഥയ്ക്ക് എങ്ങും പ്രസക്തിയുണ്ട്.

**സന്ദേശം:** അനീതി പുലരുമ്പോൾ ആപത്ത് കടന്നുവരും

**3.10.16 കഥ: അധികാരിയമ്മാവൻ**

കൊല്ലിനും കൊലയ്ക്കും അധികാരമുള്ള തറവാടായിരുന്നു അത്. നടന്നെ ത്താനാവാത്തത്ര ദൂരം പരന്നുകിടക്കുന്ന സ്വത്തുക്കൾ. അളന്നെത്തിക്കാനാവാ ത്തത്ര നെല്ലും മറ്റു ദ്രവ്യങ്ങളും. തറവാട്ടിലെ പത്തായം എന്നും നിറഞ്ഞേയിരിക്കൂ. പട്ടിണിയെന്താണെന്നുപോലും തറവാട്ടിലെ ഒരംഗവും അറിഞ്ഞിട്ടില്ല. മൂന്നുനേ രവും മൂക്കറ്റം തട്ടി നീട്ടിയൊരേമ്പക്കവും വിട്ട് സുഖിച്ചു കഴിഞ്ഞു അവരെല്ലാം. മേലനങ്ങി ജോലി ചെയ്യേണ്ടിവന്നിട്ടില്ലാത്തതിനാൽ അവരൊക്കെ വൈക്കോൽത്തു റുപോലെ ചീർത്തുവന്നു.

ഗംഭീരനാണ് തറവാട്ടുകാരണവർ. നല്ല തലയെടുപ്പും മുഖശ്രീയുമുള്ളയാൾ. നെറ്റിയിലും കൈത്തണ്ടയിലും നെഞ്ചത്തും ഭസ്മക്കുറി നീട്ടിവരച്ച്, ഒറ്റമുണ്ടുടു

ത്ത്, തോളത്ത് കസവുമുണ്ടുമിട്ട് പൂമുഖത്തെ ചാരുകസേരയിലുണ്ടാവും അധിക സമയവും അദ്ദേഹം. അല്ലെങ്കിൽ, മുറ്റത്തിങ്ങനെ ഉലാത്തിക്കൊണ്ടിരിക്കും. ആ ഗൗരവം കാണുമ്പോൾ വരുന്നവർ ആരായാലും ഒരു നിമിഷമൊന്നു പകച്ചുപോകും. അധികം സംസാരിക്കുന്ന ശീലവുമില്ല അദ്ദേഹത്തിന്. അത്യാവശ്യത്തിന് ഒന്നോ രണ്ടോ വാക്കുകൾ, തറപ്പിച്ചൊരു നോട്ടം, ആംഗ്യത്താൽ ചില നിർദ്ദേശങ്ങൾ - കഴിഞ്ഞു, കാരണവരുടെ രീതികൾ!

തറവാട്ടുകാരണവരാണ് താനെന്ന ബോധ്യം എപ്പോഴും അദ്ദേഹത്തിന്റെ മനസ്സിലുണ്ടായിരുന്നു. താനാണ് അധികാരംകൊണ്ടും മൂപ്പുകൊണ്ടും ഏറ്റവും മുകളിലെന്നും മറ്റുള്ളവരെല്ലാം തന്റെ താഴെയുള്ളവരാണെന്നും ഇടയ്ക്കിടെ ഓർമ്മിപ്പിക്കാനും അദ്ദേഹം മറന്നില്ല. തന്റെ കല്പനകൾ എല്ലാവരും ചോദ്യം ചെയ്യാതെ അനുസരിക്കണമെന്ന കാര്യത്തിലും അദ്ദേഹം നിർബന്ധം പിടിച്ചു. തന്റെ അധികാരപരിധിയിൽ മറ്റൊരാൾ കൈകടത്തുന്നത് അദ്ദേഹം ഒരു വിധത്തിലും ഇഷ്ടപ്പെട്ടില്ല. നാളികേരത്തിന്റെയും നെല്ലിന്റെയുമെന്നുവേണ്ട, തൊടിയിൽ പൊഴിഞ്ഞുകിടക്കുന്ന കൊതുമ്പിന്റെയും ഓലയുടെയും വരെ വില നിശ്ചയിക്കുന്നതും വിൽപ്പന നടത്തുന്നതും കാരണവരായിരുന്നു. ഇക്കാര്യത്തിലൊന്നും മറ്റാരുടെയും അഭിപ്രായത്തിന് അദ്ദേഹം കാതുകൊടുത്തില്ല. അതുപോലെ, തറവാട്ടംഗങ്ങളാരെങ്കിലും തന്നോടാലോചിക്കാതെ ഒരു തീരുമാനമെടുത്താൽ എന്തുവില കൊടുത്തും അതു മുടക്കിയിട്ടേ അദ്ദേഹം അടങ്ങൂ. ഏകപക്ഷീയമായി തീരുമാനമെടുത്തതിന് അയാൾക്ക് തക്കതായ ശിക്ഷയും ഉറപ്പാണ്. ഇങ്ങനെയെല്ലാം ഏകാധിപതിയായി കഴിഞ്ഞ കാരണവർക്ക് നാട്ടുകാർ ഒരോമനപ്പേരിട്ടു-'അധികാരിയമ്മാവൻ'! അതുപക്ഷേ, അമ്മാവൻ കേൾക്കാതെ ഒളിഞ്ഞും തെളിഞ്ഞുമാണ് വിളിച്ചിരുന്നതെന്നുമാത്രം.

അങ്ങനെയിരിക്കേ ഒരുനാൾ തറവാട്ടിലൊരു സംഭവമുണ്ടായി. കാരണവർ വയറുനിറയെ പാൽക്കഞ്ഞി കുടിച്ച് മുൻവശത്തെ മുറിയിൽ വിശ്രമിക്കുകയായിരു

ന്നു. തേക്കുകട്ടിലിൽ നീണ്ടുനിവർന്നു കിടക്കുമ്പോൾത്തന്നെ പുറത്തെ കാഴ്ചക ളെല്ലാം അദ്ദേഹത്തിനു ഭംഗിയായി കാണാമായിരുന്നു. തറവാട്ടിലെ പുറംപണി ക്കാരി കുഞ്ഞിപ്പെണ്ണ് മുറ്റം അടിച്ചുതളിച്ചുകൊണ്ടിരിക്കുകയാണ്. അപ്പോൾ പടിവാ തിൽ 'കരകരാ' ശബ്ദത്തോടെ തള്ളിത്തുറന്നുകൊണ്ട് ഒരു പിച്ചക്കാരൻ കടന്നുവ ന്നു. അയാൾ കുഞ്ഞിപ്പെണ്ണിന്റെ അടുത്തെത്തി തന്റെ പിച്ചപ്പാത്രം നീട്ടി യാചിച്ചു:

''അമ്മാ. വല്ലതും കഴിച്ചിട്ട് മൂന്നു നാളായി. വിശപ്പുമാറ്റാൻ എന്തെങ്കിലും തരണേ!''

കുഞ്ഞിപ്പെണ്ണ് അയാളെ സൂക്ഷിച്ചു നോക്കി. അരയിൽ കീറിപ്പറിഞ്ഞ ഒറ്റമു ണ്ട്, തോളിൽ മുഷിഞ്ഞ മാറാപ്പ്, ഒരു കൈയിൽ വടിയും മറുകൈയിൽ ചളുങ്ങിയ പിച്ചച്ചട്ടിയും. അവൾക്ക് ഒരേസമയം സഹതാപവും വെറുപ്പും തോന്നി. പിച്ച ക്കാരും നാടോടികളുമൊന്നും വീട്ടുമുറ്റത്ത് കയറി നിരങ്ങുന്നത് കാരണവർക്ക് പിടിക്കില്ലെന്ന് അവൾക്ക് നന്നായറിയാമായിരുന്നു. അദ്ദേഹം ഇതെങ്ങാനും കണ്ടു കൊണ്ടു വന്നാൽ ആകെ പുകിലാവും. തനിക്കും കിട്ടും പുളിച്ച ചീത്ത. അതു കൊണ്ട് ആരുമറിയാതെ പിച്ചക്കാരനെ പറഞ്ഞയയ്ക്കുകയാവും നന്നെന്നു കരുതി അവൾ പറഞ്ഞു:

''വേഗം പൊയ്ക്കോ. ഇവിടെ നിങ്ങൾക്കു തരാൻ ഒന്നുമില്ല''.

വേലക്കാരിയുടെ പ്രകൃതം കണ്ടിട്ടോ എന്തോ, പിച്ചക്കാരൻ പോകാൻ കൂട്ടാ ക്കാതെ അവിടെത്തന്നെ ചുറ്റിപ്പറ്റി നിന്നു. അകത്തു നിന്നും മറ്റാരെങ്കിലുംകൂടി പുറ ത്തേക്കു വരാതിരിക്കില്ലെന്നും അവർക്ക് ദയവുതോന്നി എന്തെങ്കിലും തരാതിരിക്കി ല്ലെന്നും അയാൾക്കു തോന്നി. തന്റെ വാക്കിന് പിച്ചക്കാരൻ പോലും പുല്ലുവില കല്പിച്ചതിൽ പ്രതിഷേധിച്ച് കുഞ്ഞിപ്പെണ്ണ് മുഖം വീർപ്പിച്ച് അകത്തുകയറിപ്പോ യി. ഇതെല്ലാം ജനലിലൂടെ കാരണവർ കാണുന്നുണ്ടായിരുന്നു.

''അമ്മാ വിശന്നിട്ട് കണ്ണുകാണാൻ വയ്യേ! വല്ലതും തരണേ!''

അകത്തേക്കു കണ്ണയച്ച് പിച്ചക്കാരൻ വീണ്ടും വിളിച്ചു.

നമ്പൂതിരിയുടെ ഏക മകളാണ് അതു കേട്ട് പൂമുഖത്തെത്തിയത്. ആകെ മുഷിഞ്ഞുനാറിയ പിച്ചക്കാരനെ കണ്ടപ്പോൾത്തന്നെ അവൾക്ക് ഓക്കാനം വന്നു. ആ പഴുന്തുണിക്കെട്ടിന്റെ അവിഞ്ഞ മണം അവൾക്കനുഭവപ്പെട്ടു. മൂക്കു പൊത്തിപ്പിടിച്ച് അവൾ പറഞ്ഞു.

''ങ്ഹും! വേഗം സ്ഥലംവിട്ടോളണം. ഇവിടന്ന് ഒരു പണമോ ഒരു വറ്റു ചോറോ കിട്ടുമെന്നു കരുതണ്ട.''

അവൾ നിലത്ത് അമർത്തിച്ചവിട്ടി അകത്തേക്കു നടന്നു. അതു കേട്ടിട്ടും പിച്ചക്കാരന് യാതൊരു ഭാവഭേദവുമില്ല. തന്നോട് പോകാൻ പറഞ്ഞത് ഒരു ചെറിയ പെൺകുട്ടിയായതുകൊണ്ട് അയാളതു കാര്യമായെടുത്തില്ല എന്നതാണ് പരമാർത്ഥം. വീണ്ടും ആരെങ്കിലും വരാതിരിക്കില്ല എന്നു കണക്കുകൂട്ടി അയാൾ വിളിച്ചുകൂവി:

''അമ്മാ, വിശന്നു ചാവാറായ ഈ പാവത്തിന് വല്ലതും തരണേ!''

കാരണവർ അതു കേട്ടെങ്കിലും കട്ടിലിൽ നിന്ന് എഴുന്നേറ്റില്ല. അപ്പോൾ കാരണവരുടെ ഭാര്യ തെല്ലു കോപത്തോടെ പുറത്തുവന്നു. അവർക്കു വാലായി മകളും വേലക്കാരിയും ഉണ്ടായിരുന്നു. അവരെ കണ്ടതും പിച്ചക്കാരൻ വിനയം നടിച്ച് കൈനീട്ടി വീണ്ടും യാചിച്ചു:

''ഈ ധർമ്മക്കാരന് ഇത്തിരി കഞ്ഞി തരണേ!''

''എടോ, തന്നോട് ഇവരെല്ലാം മലയാളത്തിലല്ലേ പറഞ്ഞത്, ഇവിടെയൊന്നുമില്ലെന്ന്? പിന്നെയും നിന്നു താളംചവിട്ടുന്നതെന്തിനാണ്? ഇനിയും പോകാൻ ഭാവമില്ലെങ്കിൽ നല്ല തടിമിടുക്കുള്ള പണിക്കാരുണ്ട് തൊടിയിൽ. അവരെ വിളിക്കണോ?''

തീപാറുന്ന കണ്ണുകളോടെ അവർ ചോദിച്ചു. ഇക്കുറി പിച്ചക്കാരന് ശരിക്കും പേടിയായി. തറവാട്ടമ്മതന്നെ വന്ന് ഒന്നും തരില്ലെന്നു പറഞ്ഞ സ്ഥിതിക്ക് ഇനിയും ഇവിടെ നിൽക്കുന്നതിലർത്ഥമില്ലെന്ന് അയാൾക്കു തോന്നി. അയാൾ നിരാശ യോടെ തിരിഞ്ഞു നടന്നു.

പിച്ചക്കാരൻ പടിവാതിലിനടുത്തെത്തിയതും കാരണവർ ഓടിപ്പിടഞ്ഞ് താഴെയെത്തി. അദ്ദേഹം കൈകൊട്ടി പിച്ചക്കാരനെ തിരിച്ചുവിളിച്ചു. കാരണവരെ കണ്ടതും അയാളുടെ മുഖം തെളിഞ്ഞു. അദ്ദേഹത്തിന് തന്നോടു കരുണ തോന്നി യെന്നു മനസ്സിലാക്കിയ പിച്ചക്കാരൻ വേഗം നടന്നുവന്നു. കാരണവർ ഇതെന്തു ഭാവിച്ചാണെന്നു ചിന്തിച്ച് തറവാട്ടമ്മയും മകളും കുഞ്ഞിപ്പെണ്ണും നിന്നു.

''എടാ പിച്ചക്കാരാ, ഈ തറവാട്ടിൽ പിച്ചതെണ്ടാൻ വന്ന നീയെന്തിനാണ് വെറുംകൈയോടെ തിരിച്ചുപോയത്?''

കാരണവർ ചോദിച്ചു.

''അത് തമ്പുരാനേ, ഇവരെല്ലാം പറഞ്ഞു, എനിക്കൊന്നും തരില്ലെന്ന്. ഇപ്പോ, തമ്പുരാനെങ്കിലും എന്നോടു ദയ തോന്നിയത് ഭാഗ്യമായി. എനിക്ക് വയറു നിറച്ച് എന്തെങ്കിലും തരണേ!''

പിച്ചക്കാരൻ മുറ്റത്ത് ചടഞ്ഞിരിക്കാൻ ഭാവിച്ചതും ഗൗരവത്തിൽ കാരണവർ പറഞ്ഞു:

''ഇവർ പറഞ്ഞതു തന്നെയാണ് കാര്യം. പക്ഷേ, അതു പറയേണ്ടത് ഇവര ല്ല. തറവാട്ടുകാരണവരായ ഞാനാണ്! അതുകൊണ്ട് ഞാനിപ്പോൾ പറയുന്നു, ഇവിടെ നിനക്ക് തരാനൊന്നുമില്ല. കടന്നുപൊയ്ക്കോ ഇവിടന്ന്!''

പിച്ചക്കാരൻ പിറുപിറുത്തുകൊണ്ട് സ്ഥലം വിട്ടു. തറവാട്ടമ്മയെയും മക ളെയും വേലക്കാരിയെയും തറപ്പിച്ചുനോക്കി കാരണവർ പറഞ്ഞു:

''തലയിരിക്കുമ്പോൾ വാലാടണ്ട!''[25]

**അധികാരിയമ്മാവൻ : പഠനം**

**കഥാപാത്രങ്ങൾ**

•കാരണവർ • ഭാര്യ • മകൾ • വേലക്കാരി • പിച്ചക്കാരൻ

മലയാള നാടോടിക്കഥയിൽ ആവർത്തിച്ചുവരുന്ന ഒരു പ്രമേയമാണ് കാരണവന്മാരുടെ മേൽക്കോയ്മ. കേരളം കടന്നുവന്ന ചരിത്രപരമായ ഒരു കാലത്തെ ഓർമ്മപ്പെടുത്തുന്ന കഥകൂടിയാണ് 'അധികാരിയമ്മാവൻ'. ജന്മിത്തവ്യവസ്ഥയിൽ കാരണവരുടെ അധികാരത്തിനു കീഴിൽ അമർന്നുകിടന്ന ഒരു കാലഘട്ടത്തെ അടയാളപ്പെടുത്തുന്ന കഥ. ഇത്തരം അധികാരത്തെ പ്രത്യക്ഷമായി നേരിടാൻ കഴിയാതിരുന്ന സാമൂഹികവ്യവസ്ഥയിൽ അസ്വസ്ഥമായ മനസ്സുകൾ കഥയിലൂടെ കാരണവരെ പരിഹസിക്കുന്നു. അതുവഴി ആക്ഷേപഹാസ്യത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തി സ്വസ്ഥത തേടുന്ന മനസ്സിനെ വെളിപ്പെടുത്തുന്ന ഈ കഥ മികച്ച സാമൂഹികവിമർശനം കൂടിയാവുന്നു.

കൊല്ലിനും കൊലയ്ക്കും അധികാരമുണ്ടായിരുന്ന തറവാടിന്റെ പ്രമാണിത്തം. സ്വത്തിനും പണത്തിനും ഒരാൾ തന്നെ അധികാരിയാവുന്ന അവസ്ഥ. അധികാരം അഹങ്കാരത്തിലേക്കും മുൻകോപത്തിലേക്കും നയിക്കുമ്പോൾ വിവേചന രഹിതമായ തീരുമാനങ്ങളിൽ ഞെരിഞ്ഞമരുന്ന കുടുംബാന്തരീക്ഷം. പിച്ചക്കാരൻപോലും ചരിക്കേണ്ടത് വേലക്കാരിയുടെയോ വീട്ടുകാരുടെയോ നിർദ്ദേശപ്രകാരമല്ലെന്നും തലയിരിക്കുമ്പോൾ വാലാടേണ്ട എന്നും അതൊക്കെ തന്റെ അധികാര പരിധിയിലാണെന്നും സ്വയം ധരിക്കുന്ന കാരണവർ. അത്തരം ദുഷ്ചിന്തയെ കഥയിലൂടെ പരിഹസിച്ച് സമൂഹത്തിലെ അധികാരത്തിന്റെ ഗർവ്വിനെ ചോദ്യം ചെയ്യുന്നു.

ഇത്തരം അധികാരഭ്രമങ്ങൾ ജന്മിത്തകാലത്ത് മാത്രമല്ല, വർത്തമാന പരിതസ്ഥിതിയിലും പ്രസക്തമാണ്. അധികാരഭ്രമം എന്ന മനോഭാവം വേഷം മാറി

ഇന്നത്തെ സമൂഹത്തിലും നിലനിൽക്കുന്നു. ജനാധിപത്യവ്യവസ്ഥയിൽ പോലും പുഴുക്കുത്തുകളാകുന്ന ഇത്തരം അധികാരകേന്ദ്രങ്ങൾ ചോദ്യം ചെയ്യപ്പെടേണ്ടതുണ്ടെന്ന സന്ദേശം ഈ നാടോടിക്കഥയിലുണ്ട്. കഥ ദേശപരിധിയിൽനിന്നും കാലപരിധിയിൽനിന്നും ഉയർന്നു നിൽക്കുന്നു. വിശ്വമാനവനെ സൃഷ്ടിക്കാൻ വ്യക്തികൾ സ്വയം സംസ്കരണത്തിന് വിധേയരാവേണ്ടതുണ്ട്. അധികാരിവർഗ്ഗത്തെ പരിഹസിക്കാതെ പരിഹസിച്ചുകൊണ്ട് ഒരു ഉൾത്തെളിച്ചം ഉണ്ടാക്കാൻ പര്യാപ്തമാവും വിധമാണ് ഈ നാടോടിക്കഥയുടെ നിർമ്മിതി.

**സന്ദേശം: അധികാരം അനീതി നിറയ്ക്കും**

**3.10.17 കഥ: ലോകത്തിന്റെ ഭൂപടം**

ചെങ്ങൻമലയിലെ പ്രൈമറി സ്കൂളിനടുത്തുതന്നെയായിരുന്നു ഗംഗാധരൻ മാഷുടെ വീട്. ഒഴിവുള്ള സമയങ്ങളിൽ വീട്ടുവളപ്പിൽ കൃഷിചെയ്തും രാത്രിയിൽ, ലൈബ്രറിയിൽ നിന്നെടുക്കുന്ന പുസ്തകങ്ങൾ വായിച്ചുതീർത്തും ജീവിതം മധുരമാക്കിയ സൗമ്യനായ മാഷ്. നാട്ടുകാർക്ക് പ്രിയപ്പെട്ടവൻ, കല്യാണവീട്ടിലും മരണവീട്ടിലും സഹായവുമായി എത്തുന്ന ഗംഗാധരൻ മാഷ് അന്നാട്ടിലെ അയൽപക്കവേദിയുടെ ഒരു പ്രവർത്തകൻ കൂടിയായിരുന്നു.

വീട്ടുകാര്യത്തിലെന്നപോലെ വിദ്യാലയക്കാര്യത്തിലും സദാ ശ്രദ്ധാലുവായിരുന്നു മാഷ്. വളരെനേരത്തേ സ്കൂളിലെത്തും. സ്കൂളും പരിസരവുമെല്ലാം ശ്രദ്ധയോടെ നോക്കി കുട്ടികളോട് കുശലം പറഞ്ഞും നിർദ്ദേശങ്ങൾ നൽകിയും കുട്ടികളുടെ പ്രിയപ്പെട്ട ഒരധ്യാപകനായി ഗംഗാധരൻ മാഷ് നാട്ടിൽ അറിയപ്പെട്ടു. നാല് ക്ലാസ് മാത്രമുള്ള ആ പ്രൈമറി വിദ്യാലയത്തിൽ മറ്റ് മൂന്ന് അധ്യാപകരും ജീവിത പ്രാരബ്ധങ്ങൾകൊണ്ടും അകലത്തായതിനാലും പലപ്പോഴും സ്കൂളിലെത്താൻ വൈകിയിരുന്നു. എന്നാൽ വിദ്യാർത്ഥികളെ മുഴുവൻ ക്ലാസിൽ കയറ്റി ഇരുത്തി ഓരോ ക്ലാസിലും വ്യത്യസ്ത വിഷയങ്ങളിലൂന്നി പ്രവർത്തനങ്ങൾ ചെയ്തും പാട്ടു പാടിയും കഥകൾ പറഞ്ഞും ആ വിദ്യാലയത്തിന്റെ പല പോരായ്മകളെയും മാഷ്

പരിഹരിച്ചിരുന്നു. ആരോടും പരാതിയോ പരിഭവമോ അകത്തോ പുറത്തോ അദ്ദേഹം കാണിച്ചിരുന്നില്ല.

ആകെ തിരക്ക്. ഉച്ചക്കഞ്ഞിയുടെ കണക്ക് ശരിയാക്കണം, രജിസ്റ്റർ പൂർണ്ണ മാക്കണം. അടുത്തുതന്നെ എ.ഇ.ഒ. സ്കൂൾ സന്ദർശിക്കും. മറ്റ് അധ്യാപകരെ വിളിച്ചുചേർത്ത് കാര്യങ്ങളെല്ലാം ക്രമപ്പെടുത്തണമെന്ന് മാഷ് പറഞ്ഞെങ്കിലും പലവിധ തിരക്കുകളാൽ തന്റെ ക്ലാസിലെ ഹാജർപട്ടിക പൂർണമാക്കാൻ ഗംഗാധ രൻ മാഷിന് കഴിഞ്ഞില്ല. ഇന്ന് ബുധനാഴ്ചയാണ്. ഞാൻ ഇന്ന് എന്റെ ഹാജർ പുസ്തകം പൂർണമാക്കും. നാലാം ക്ലാസിലെ അഞ്ചാം പിരീഡ് തന്റേതാണ്. ആറാം പിരീഡ് തങ്കമ്മടീച്ചറോട് കടം വാങ്ങി തന്റെ ജോലി പൂർത്തീകരിക്കാൻ തീരുമാനിച്ചു. താൻ തന്റെ ജോലി പൂർണമാക്കാൻ വിദ്യാർത്ഥികളെ വെറുതെയിരു ത്താൻ പറ്റില്ലല്ലോ. താൻ കൊണ്ടുവന്ന 34 മാപ്പുകൾ മേശപ്പുറത്ത് എടുത്തുവച്ചു. അല്ലെങ്കിലും സാമൂഹ്യശാസ്ത്രവും ഭൂമിശാസ്ത്രവും മാഷുടെ ഇഷ്ടപ്പെട്ട വിഷയ മാണല്ലോ.

അവധിക്കാലത്തെ അധ്യാപക പരിശീലനത്തിൽനിന്നു ലഭിച്ച ഒരു പഠനപ്ര വർത്തനം തന്നെ ക്ലാസിൽ പരീക്ഷിക്കണം. ഒരു ഉച്ചയ്ക്കുശേഷം മുഴുവൻ സമയ മെടുത്ത് നിർമ്മാണം പൂർണമാക്കിയും പൂർണമാക്കാതെയും പടികടന്ന അധ്യാപ കർ തന്റെ മനസ്സിലേക്ക് കടന്നുവന്നു. രണ്ട് പിരീഡുണ്ടല്ലോ. വിദ്യാർത്ഥികൾ നിർമ്മിക്കുമ്പോഴേക്കും തന്റെ ഹാജർ പട്ടിക പൂർണമാക്കാം. ക്ലാസിലെത്തിയ ഗംഗാധരൻ മാഷ് തന്റെ കൈയിലെ 34 മാപ്പുകൾ ഓരോ കുട്ടിക്കും നൽകി: ''നിങ്ങൾ ലോകത്തിന്റെ ഈ ഭൂപടം ശ്രദ്ധിച്ച് പഠിക്കണം. ഓരോ രാജ്യങ്ങളേയും വേർതിരിച്ച് മനസ്സിലാക്കണം. ആദ്യം മാപ്പ് കണ്ടുപഠിക്കാം. പിന്നീട് മാപ്പ് നിർമ്മാണം പൂർണമാക്കാം.'' വിദ്യാർത്ഥികൾ തങ്ങളുടെ ബെഞ്ചിലിരുന്ന് മാപ്പ് നോക്കി രാജ്യങ്ങൾ കണ്ടെത്തിയും കണ്ടെത്താതെയും ഇരുന്നു. അഞ്ച് മിനുട്ടുകഴി ഞ്ഞപ്പോൾ തന്നെ പിറുപിറുപ്പ് ആരംഭിച്ചു. മാഷ് എഴുന്നേറ്റ് ഓരോ കുട്ടിയുടെയും

മാപ്പ് തലങ്ങും വിലങ്ങും കീറി അവരവരുടെ കൈയിൽ തന്നെ കൊടുത്തു. എന്നിട്ടു പറഞ്ഞു: ''നിങ്ങൾ കണ്ട, നിങ്ങൾ മനസ്സിലാക്കിയ ഈ മാപ്പ് ഇപ്പോൾ തുണ്ടം തുണ്ടമായിക്കഴിഞ്ഞു. ഓരോ കുട്ടിയും ഈ കടലാസുകഷണങ്ങൾ ചേർത്തുവച്ച് ലോകത്തിന്റെ ഭൂപടം നിർമ്മിക്കണം.'' ''വല്ലാത്തൊരു മാഷ് തന്നെ'' - ചില വിദ്യാർത്ഥികൾ പതുക്കെപ്പറഞ്ഞു. ചെയ്യാതെ പറ്റില്ലല്ലോ? എല്ലാവരും തങ്ങ ളുടെ പ്രവർത്തനങ്ങളിൽ മുഴുകിയപ്പോൾ ഗംഗാധരൻ മാഷിന് സമാധാനമായി ഇനി ഹാജർ പൂർണമാക്കാം. ഹാജർ പട്ടികയിൽ അഞ്ചാമത്തെ പേരെഴുതുമ്പോ ഴേക്കും മജീദ് എഴുന്നേറ്റു നിന്നു.

''സർ'' മാഷ് തലയുയർത്തിനോക്കി.

''എന്താടോ തന്നോട് പറഞ്ഞത് നീ ചെയ്തോ?''

''ശരിയാക്കി സർ.''

മാഷ് അത്ഭുതപ്പെട്ടു. ഇതെങ്ങനെ സാധിച്ചു?

അധ്യാപകപരിശീലനത്തിൽപ്പോലും വിഷമം പിടിച്ച പഠനപ്രവർത്തനമായി രുന്നല്ലോ ഇത്?

''അല്ല മജീദേ, നിനക്ക് എങ്ങന്യേ, ഇത് സാധിച്ചത്''?

''സാറേ, എനിക്കുതന്ന മാപ്പിനു പിന്നില് ഒരു മനുഷ്യന്റെ ചിത്രം

ഉണ്ടായിരുന്നു. ആ മനുഷ്യന്റെ ചിത്രം ചേർത്തുവെച്ചപ്പോ,

മാഷ് തന്ന ലോകത്തിന്റെ ഭൂപടം ശരിയായി''.

ഗംഗാധരൻ മാഷ് ഒരു വെളിപാടുപോലെ പറഞ്ഞുപോയി:

''നിങ്ങൾ മനുഷ്യനെ കാണൂ...

ലോകത്തിന്റെ ഭൂപടം ശരിയായിക്കൊള്ളും''![26]

**ലോകത്തിന്റെ ഭൂപടം : പഠനം**

**കഥാപാത്രങ്ങൾ:** 1. ഗംഗാധരൻ മാഷ്

2. മജീദ്

3. തങ്കമ്മടീച്ചർ

സമകാലികസമൂഹം രൂപംകൊടുത്ത്, നാനാർത്ഥ വായനാസാധ്യത നിറഞ്ഞുനിൽക്കുന്ന കഥയാണ് 'ലോകത്തിന്റെ ഭൂപടം'. സ്കൂൾ ജീവിതം, അധ്യാപക പരിശീലനം, അധ്യാപകന്റെ വ്യക്തിജീവിതം, കുട്ടികളുടെ തിരിച്ചറിവ് എന്നിവയിലൂന്നി വികസിക്കുന്ന ഈ കഥ ചരിത്രത്തിന്റെയും ഭൂമിശാസ്ത്രത്തിന്റെയും ആണിക്കല്ല് മനുഷ്യൻ തന്നെ എന്ന് നമ്മെ ബോധിപ്പിക്കുന്നു. ഈ ആഴമുള്ള തിരിച്ചറിവ് വരും തലമുറയിൽനിന്നു പഠിക്കേണ്ടിവരുന്നു ഗംഗാധരൻ മാഷ്.

''നിങ്ങൾ മനുഷ്യനെ കാണൂ,

ലോകത്തിന്റെ ഭൂപടം ശരിയായിക്കൊള്ളും!''

ഈ വാക്കുകൾ പ്രവചനാത്മകമാണ്. കാലദേശാതിർത്തികൾക്കപ്പുറത്ത് പലവിധ വൈവിധ്യങ്ങൾക്കപ്പുറത്ത് നമ്മിൽ തെളിയേണ്ട ഏകത്വത്തിന്റെ, മാനവികതയുടെ ശക്തവും വ്യക്തവുമായ പാഠമാണ് പങ്കുവയ്ക്കുന്നത്.

തിരക്കുകൾക്കിടയിലും കുട്ടികളെ തിരിച്ചറിയുന്ന, അവരുടെ സമയത്തെ മനസ്സിലാക്കുന്ന, കാലം ആവശ്യപ്പെടുന്ന ഒരധ്യാപകന്റെ നേർചിത്രമാണ് ഗംഗാധരൻ മാഷ്. വായന, കൃഷി, വിദ്യാലയത്തിലെത്തുന്നതിലെ കൃത്യത എന്നിവയെല്ലാം അധ്യാപകർ തിരിച്ചുപിടിക്കേണ്ട ശേഷികളാണെന്ന് കഥ ബോധ്യപ്പെടുത്തുന്നു. ആരോടും പരാതിയോ പരിഭവമോ അകവും പുറവും പ്രദർശിപ്പിക്കാതെ ഗംഗാധരൻമാഷ് കാര്യങ്ങളെ സമ്യക്കായും ഗുണാത്മകമായും കാണുന്ന വ്യക്തിയായി വികസിച്ചിരിക്കുന്നു. ഇത്തരം വ്യക്തികൾ ആരോഗ്യകരമായ കുടുംബജീവി

തത്തിനും സമൂഹജീവിതത്തിനും അനിവാര്യമാണെന്ന ബോധം കഥ നമ്മിൽ ഉണർത്തുന്നു.

ലോകത്തിന്റെ പുറംമോടിയിൽ അഭിരമിക്കുന്നവർ ലോകത്തെ ശരിയാക്കാൻ ശ്രമിക്കുമ്പോൾ അവർ മനുഷ്യരെ കാണുന്നില്ല. ഏതു വികസനം വരുമ്പോഴും തരുപക്ഷിമൃഗാദികളുടെ സുസ്ഥിതി തിരിച്ചറിയുമ്പോഴാണ് സുസ്ഥിരവികസനം എന്ന ജൈവാവബോധം നമ്മിൽ രൂപപ്പെടേണ്ടതുണ്ട്. എന്നാൽ ഈ അവബോധം അന്യമായ അധികാരഘടന നമ്മെ (മനുഷ്യരെ) തിരസ്കരിക്കുമ്പോൾ പാർശ്വവത്കൃതമായ ഒരു വിഭാഗം രൂപപ്പെടും. ഇത് സമീകൃതമായ ഒരു ഭൂപടനിർമ്മാണത്തിന് അനുയോജ്യമല്ലെന്നും മനുഷ്യന്റെ ആന്തരികവും ബാഹ്യവുമായ ഘടനയെ നാം ചേർത്തുവയ്ക്കുമ്പോഴാണ് ലോകത്തിന്റെ ശരിയായ ഭൂപടം രൂപപ്പെടുന്നത് എന്നും പ്രതീകാത്മകമായി നമ്മെ ബോധിപ്പിക്കുന്ന കഥയാണ് 'ലോകത്തിന്റെ ഭൂപടം'.

മഹാത്മാഗാന്ധിയുടെ സർവ്വോദയദർശനത്തിന്റെ ആണിക്കല്ല് ഈ അവബോധമാണ്. നിങ്ങൾ എന്തു ചെയ്യുമ്പോഴും ലോകത്തിലെ ദരിദ്രരിൽ ദരിദ്രനായ ഒരാളുടെ മുഖം കാണുക. എന്നിട്ട് പ്രവർത്തിക്കുക എന്ന ഗാന്ധിയൻദർശനം പറയാതെ പറയുന്ന ഈ കഥ ഇനിയും രൂപപ്പെടേണ്ടിയിരിക്കുന്ന ഒരു ലോകവീക്ഷണത്തിനുള്ള വഴിവിളക്കാണ്. ഈ അർത്ഥത്തിൽ സമകാലികമായ നാനാർത്ഥവായന സാധ്യമാക്കുന്ന നാടോടിക്കഥയാവുന്നു 'ലോകത്തിന്റെ ഭൂപടം'.

**സന്ദേശം:** നിങ്ങൾ മനുഷ്യരെ കാണൂ;
ലോകത്തിന്റെ ഭൂപടം ശരിയായിക്കൊള്ളും

**3.10.18 കഥ: അച്ചനും കപ്പിയാരും**

മലബാറിലെ മലയോരഗ്രാമം. തിരുവിതാംകൂറിൽനിന്നു കുടിയേറിയ അധ്വാനികളായ ക്രിസ്ത്യാനികൾ താമസിക്കുന്ന കുന്നിൻചരിവ്. ആകാശം മുട്ടെ തല

ഉയർത്തി നിൽക്കുന്ന കുരിശ്. താഴെ സാമാന്യം ഭേദപ്പെട്ട ഒരു പള്ളി. ആ പള്ളി യുടെ പടവുകൾ കേറി ജോസഫച്ചൻ കടന്നുവന്നു. പള്ളിയിൽ പുതുതായി ചുമ തലയേറ്റ പുരോഹിതൻ. പള്ളിയും പരിസരവും കുന്നിൻചരിവും കുടിലുകളും ഒരൊറ്റനോട്ടത്തിൽ തന്നെ ജോസഫച്ചൻ തിരിച്ചറിഞ്ഞു.

''ഇനിയും ഏറെ മാറാനുണ്ട് ഈ പള്ളിപ്രദേശം.

ഉം, ശരിയാക്കാം''.

അച്ചന്റെ ചിന്തകൾ..........

പുതുതായി എത്തിയ പുരോഹിതനെ കാണാൻ നാട്ടുകാർ എത്തിത്തുടങ്ങി. ഓരോരുത്തരോടും ഏറെനേരം അച്ചൻ സംസാരിച്ചു. നാടും വീടും അറിഞ്ഞു. ഞായറാഴ്ച കടന്നുവന്നു. പ്രാർത്ഥനയുടെ ദിവസം. അച്ചനും കപ്പിയാരും എല്ലാ മുന്നൊരുക്കങ്ങളും നടത്തി. നാട്ടുകാരെല്ലാം പുതുതായി എത്തിയ അച്ചന്റെ പ്രസംഗം കേൾക്കാൻ കാതോർത്തുനിന്നു. അച്ചൻ തന്റെ ആഗ്രഹങ്ങൾ ഓരോ ന്നായി പറഞ്ഞുതുടങ്ങി: ''നമുക്ക് മാറണം. മാറാൻ ആദ്യം വേണ്ടത് അറിവാണ്. നാമെല്ലാം എഴുതാനും വായിക്കാനും പഠിക്കണം. മലയാളമെങ്കിലും നാമെല്ലാം വശമാക്കണം. അറിവുണ്ടായാൽ നാം നാടിനെ, നാട്ടാരെ, ലോകത്തെ അറിയും. ആ അറിവ് നമ്മുടെ മക്കളെ നന്മയിലേക്ക് നയിക്കും. നമുക്ക് മാറാം. അതിനായി ശ്രമിക്കണം.'' എന്നൊക്കെപ്പറഞ്ഞ് അച്ചൻ പ്രസംഗം നിർത്തി.

ജോസഫച്ചൻ പ്രസംഗം മാത്രമല്ല, പ്രവർത്തനവും തുടങ്ങി. പള്ളിയോടു ചേർന്ന വീടുകളെ ചേർത്ത് പഠനവീടുകൾ ഒരുക്കി. വൃദ്ധർ മുതൽ കുട്ടികൾ വരെ പഠനവീട്ടിൽ എത്തിത്തുടങ്ങി. പഠിക്കാനുള്ളതും പഠിച്ചുതീർക്കേണ്ട സമയവും അച്ചൻ നിശ്ചയിച്ചു: ''നാം മൂന്നു മാസത്തിനുള്ളിൽ മലയാളം എഴുതാനും വായി ക്കാനും പഠിക്കണം.''

അച്ചന്റെ ഈ തീരുമാനം മറ്റു പലരേയും ആനന്ദിപ്പിച്ചെങ്കിലും പള്ളിയിലെ കപ്പിയാർക്ക് ഒട്ടും സ്വീകാര്യമായി തോന്നിയില്ല. ഇനി എന്തിനു പഠിക്കണം? ഇത്രയും കാലം കപ്പിയാരായി ജീവിച്ചില്ലേ? പഠിക്കുന്ന പ്രായം കഴിഞ്ഞു. ഈ വയ സ്സാൻകാലത്ത് പഠിക്കാനൊന്നും എനിക്ക് പറ്റത്തില്ല.

കപ്പിയാരുടെ ഈ തോന്നൽ അച്ചന്റെ അടുത്തു പറയാൻ അയാൾക്ക് ധൈര്യമില്ല. മനസ്സിലാമനസ്സോടെ മറ്റു പഠിതാക്കളുടെ കൂടെ അയാളും ഇരുന്നു. എല്ലാവരും ഉത്സാഹത്തോടെ പഠിക്കുന്നു. പഠിക്കുന്നതെല്ലാം പലപ്പോഴായി പറയു ന്നു. പക്ഷേ, കപ്പിയാർ എത്ര ശ്രമിച്ചിട്ടും അയാൾക്ക് പഠിക്കാൻ സാധിക്കുന്നില്ല. മാസം ഒന്ന്, രണ്ട്, മൂന്ന് എത്തുന്നു. കപ്പിയാരൊഴികെ മുഴുവൻ ആളുകളും പഠിച്ചു കഴിഞ്ഞു. മൂന്നുമാസം നൽകിയിട്ടും പഠിക്കാൻ കഴിയാത്ത കപ്പിയാർ ഈ പള്ളിക്ക് അപമാനമാണ്.

''കപ്പിയാരേ'', അച്ചൻ ഉറക്കെ വിളിച്ചു.

''നിങ്ങൾ നാളെമുതൽ കപ്പിയാരാവേണ്ട.

നിങ്ങൾക്ക് എഴുതാനോ വായിക്കാനോ അറിയില്ല.

നിങ്ങൾ പള്ളിയിൽ നിൽക്കുന്നതേ മോശം.

നിങ്ങൾ പഠിച്ചിട്ടുവരൂ. നിങ്ങൾക്കു പോകാം.''

അച്ചന്റെ ഈ വാക്കുകൾ ഇടിത്തീപോലെയാണ് കപ്പിയാരിൽ പതിച്ചത്. തനിക്ക് ഈ ലോകത്ത് ആകെ അറിയാവുന്ന പണി കപ്പിയാർ പണി മാത്രമാണ്. തന്റെ ജീവനും ജീവിതവുമാണ് നഷ്ടപ്പെട്ടത്. ഇനി എന്തു ചെയ്യും? എങ്ങോട്ട് പോകും? പോകാതെ വയ്യ. അച്ചന്റെ തീരുമാനമാണ്. തന്റെ വസ്ത്രങ്ങളും ഏതാനും നാണ യത്തുട്ടുകളും കൈയിലെടുത്ത് അയാൾ ഇടവഴിയിലേക്ക് നീങ്ങി. കണ്ണിൽ ഇരുട്ടു കയറുന്നുവോ? കപ്പിയാർ വലിച്ചു വലിച്ച് എങ്ങോട്ടെന്നില്ലാതെ നടന്നു നീങ്ങി. ഏറെ താണു തളർന്നു. പ്രതീക്ഷകൾ കത്തിയമർന്നു. ക്ഷീണംകൊണ്ട് അയാൾ വഴിവക്കിലെ മരച്ചോട്ടിൽ ഇരുന്നു. അപ്പോൾ അയാൾക്കൊരാഗ്രഹം. ഒരു ബീഡി

വലിക്കണം. ഓരോ പീടികയിലും അയാൾ മാറിമാറി ചോദിച്ചു. ഇല്ല, ഇല്ല, ഇല്ല എന്ന മറുപടി മാത്രം. കപ്പിയാരുടെ ചിന്തയിൽ വെളിപാടുപോലെ ഇങ്ങനെ ആളുകൾക്കു വേണ്ട അത്ര സാധനങ്ങൾ ഈ നാട്ടിലില്ലാതിരിക്കും. അവ ഈ നാട്ടിലെത്തിക്കണം. കപ്പിയാർ നേരെ ടൗണിലേക്ക് നടന്നു. തന്റെ കൈയിലെ നാണയത്തുട്ടുകൾ എണ്ണിപ്പെറുക്കി. ബീഡി, സിഗരറ്റ്, മുറുക്കാൻ തുടങ്ങിയ സാധാരണ നാട്ടിൽ കിട്ടാത്ത പലതും വാങ്ങി ചുമലിലേന്തി നാട്ടിലെ പള്ളിക്കവലയിലെത്തി. വീഴാറായ ഗുമിട്ടി നന്നാക്കി സാധനങ്ങൾ നിരത്തിവച്ചു കച്ചവടം ആരംഭിച്ചു. പള്ളിയിൽ വരുന്നരും നാട്ടുകാരും പതുക്കെപ്പതുക്കെ കടയിൽ എത്തിത്തുടങ്ങി. നാട്ടുകാർ ആവശ്യപ്പെടുന്ന സാധനങ്ങൾ ടൗണിൽ നിന്നു കപ്പിയാർ വാങ്ങിക്കൊണ്ടുവച്ചു. വിറ്റു. കച്ചവടം പതുക്കെപ്പതുക്കെ നന്നായിവന്നു. കപ്പിയാർ മറ്റൊരിടത്ത് കൂടി പീടിക ആരംഭിച്ചു. അങ്ങനെ ഒന്നരവർഷംകൊണ്ട് അഞ്ച് പീടികകൾ തുടങ്ങി. എല്ലായിടത്തും ഭേദപ്പെട്ട കച്ചവടം. കൈയിൽ മിച്ചം വന്ന പണം അയാൾ ഗ്രാമീണ ബാങ്കിൽ നിക്ഷേപിച്ചു. ഓരോ ആഴ്ചയും പണം ബാങ്കിൽ എത്തിത്തുടങ്ങി. വർഷം അഞ്ച് കഴിഞ്ഞു. ബാങ്ക് മാനേജർ പലതവണ കത്തെഴുതിയിട്ടും കപ്പിയാർ ബാങ്കിലേക്ക് വന്നില്ല. ഒരിക്കൽ മാനേജർ കപ്പിയാരെ തേടി കടയിലെത്തി.

''അല്ല കപ്പിയാരെ, നിങ്ങളെന്താ ബേങ്കിലേക്ക് വരാത്തത്?

എത്ര കത്തുകളയച്ചു? എന്നിട്ടും എന്താ വരാത്തത്?''

മാനേജർ ചോദിച്ചു.

കപ്പിയാർ ഒന്നും മിണ്ടിയില്ല.

കത്തുകളെല്ലാം വെറും കടലാസുകളായി തന്റെ പീടികയിൽ ചുരുണ്ടുകിടക്കുന്നത് കപ്പിയാർ ഓർത്തു.

മാനേജർ വീണ്ടും ചോദിച്ചു.

''അല്ല കപ്പിയാരേ, ബേങ്കിലെ പണം ഇങ്ങനെ നിർത്തിയാൽ മതിയോ?

ആ നിക്ഷേപം മറ്റുതരത്തിലേക്ക് മാറ്റണ്ടേ''

മാനേജർ പതുക്കെ ചോദിച്ചു. അവസാനം കപ്പിയാർ പറഞ്ഞു:

''സാറേ എനിക്ക് എഴുതാനും വായിക്കാനും അറിയില്ല.''

അതുകൊണ്ടാ ഞാൻ വരാതിരുന്നത്.''

''ഞങ്ങളൊക്കെയില്ലേ നിങ്ങളുടെ കൂടെ?

നിങ്ങൾക്ക് എഴുതാനും വായിക്കാനും അറിയുമായിരുന്നെങ്കിൽ ഇതിനേക്കാളും വലിയ പണക്കാരനാവുമായിരുന്നു നിങ്ങൾ.''

മാനേജർ പറഞ്ഞു നിർത്തിയപ്പോൾ കപ്പിയാർ പതുക്കെ പറഞ്ഞു:

''ഇല്ല സാറേ, ഞാൻ അന്ന് എഴുതാനും വായിക്കാനും പഠിച്ചിരുന്നെങ്കിൽ ഇന്നും കപ്പിയാർ മാത്രമേ ആകൂ.''[27]

**അച്ചനും കപ്പിയാരും : പഠനം**

**കഥാപാത്രങ്ങൾ**

1. വികാരിയച്ചൻ
2. കപ്പിയാർ
3. ബാങ്ക് മാനേജർ

മലബാറിന്റെ പശ്ചാത്തലം, മലബാറിലേക്ക് കുടിയേറിയ ക്രൈസ്തവ സമുദായ പശ്ചാത്തലം, മാനവികതയിലും പുരോഗതിയിലും ഊന്നിയ ക്രൈസ്തവ പുരോഹിതരുടെ പ്രവർത്തനങ്ങൾ എന്നിവയിലൂടെ വികസിക്കുന്ന നാടോടിക്കഥയാണ് 'അച്ചനും കപ്പിയാരും'. കഥയുടെ പശ്ചാത്തലത്തോടൊപ്പം മനുഷ്യരിൽ അന്തർലീനമായ കഴിവുകൾ അനുകൂലസാഹചര്യത്തിൽ പിറവിയെടുക്കും എന്ന നിരീക്ഷണം ഈ കഥയെ കാലാതീതവും ദേശാതീതവുമാക്കുന്നു.

മലബാറിലേക്ക് കുടിയേറിയ ക്രൈസ്തവരുടെ അധ്വാനത്തിൽ സമൃദ്ധമാവുന്ന കുന്നിൻചരിവുകൾ. വിശ്വാസത്തിനും പ്രാർത്ഥനയ്ക്കുമായി വിശുദ്ധിയോടെ

നിലനിർത്തുന്ന പള്ളികൾ. രക്ഷകനായി കടന്നുവരുമെന്നു കരുതുന്ന കുരിശ്, അവരുടെ ജീവിതത്തിന് ദിശാബോധം നൽകാൻ എത്തുന്ന വികാരിയച്ചൻ, അദ്ദേഹത്തിന്റെ നേതൃത്വത്തിൽ പഠനത്തിലേയ്ക്കു കടന്നുവരുന്ന സമുദായാംഗങ്ങൾ. സമയനിഷ്ഠപാലിച്ച് തന്റെ കീഴിലെ മുഴുവൻ പേരെയും അക്ഷരവെളിച്ചത്തിലേക്ക് എത്തിക്കുന്ന വികാരിയച്ചൻ നൈതികതയുടെയും കൃത്യനിഷ്ഠയുടെയും ലക്ഷ്യബോധത്തിന്റെയും അനുകരണീയ മാതൃകയാണ്. താൻ എത്തിപ്പെട്ട ദേശത്തിന്റെ ആവശ്യങ്ങൾ തിരിച്ചറിയാനും അത് പരിഹരിക്കാനും സമയബന്ധിതമായ കർമ്മപരിപാടികൾ ആസൂത്രണം ചെയ്ത് ജനാധിപത്യപരമായി, സൗഹൃദപരമായി തന്റെ ലക്ഷ്യം നേടിയെടുക്കുന്ന വികാരിയച്ചൻ നാടിനൊപ്പം ഉദാസീനത കൊണ്ട് മാത്രം എത്താൻ കഴിയാത്ത കപ്പിയാരെ പിരിച്ചുവിടാനും തയ്യാറാവുന്നു. നീതിയും ധർമ്മവും എങ്ങനെ പുലരണം എന്നതിന് അച്ചന്റെ പ്രവർത്തനം സമകാലിക സമൂഹത്തിനും വ്യക്തികൾക്കും മാതൃകയാണ്. ഒരു ദേശം മുഴുവൻ ആക്ഷരവെളിച്ചം നൽകേണ്ടതുണ്ടെന്നും വിദ്യകൊണ്ടാണ് നാം പ്രബുദ്ധരാവേണ്ടത് എന്നും ഈ നാടോടിക്കഥ നമ്മെ പഠിപ്പിക്കുന്നു. തുടർച്ചയും വളർച്ചയുമുള്ള പ്രവർത്തനങ്ങൾ ലക്ഷ്യം നിറവേറ്റുമെന്ന അനുഭവസത്യം ഈ കഥ നമ്മോട് പറയുന്നുണ്ട്.

ഏത് പ്രവർത്തനങ്ങളോടും മുഖംതിരിഞ്ഞു നിൽക്കുന്ന, ഉദാസീനത പുലർത്തുന്ന വ്യക്തികളുടെ പ്രതീകമാണ് കപ്പിയാർ. മിതമായ അധ്വാനം കൊണ്ട് കപ്പിയാർപണി മാത്രം ചെയ്തു ജീവിതത്തെ ഉദാസീനതയോടെ സമീപിക്കുന്നു കപ്പിയാർ. അച്ചൻ എടുത്ത തീരുമാനത്തെ മനസ്സില്ലാ മനസ്സോടെ അംഗീകരിക്കുന്നു. ആത്മാർത്ഥമായ ആഗ്രഹമില്ലാതെ അക്ഷരപഠനം നിർജ്ജീവമായി. കാലം കഴിഞ്ഞപ്പോൾ കൂടെയുള്ളവർ പഠിച്ച് മുന്നേറിയപ്പോൾ താൻ മാത്രം, തന്റെ പഴയ സ്ഥിതി തന്നെ പരമസത്യമെന്ന് കരുതിയ മടിയനായ കപ്പിയാർ ഏത് സമൂഹത്തിലും എന്നും കാണാവുന്ന വ്യക്തി തന്നെയാണ്. എന്നാൽ അറിവില്ലാത്തവൻ പള്ളിക്കുപോലും അപമാനമാണെന്നും അവസരങ്ങൾ നൽകിയിട്ടും അത് ഉപയോഗിക്കാത്തവൻ ശാപമാണെന്നും തിരിച്ചറിഞ്ഞ അച്ചൻ കപ്പിയാരെ കർമ്മോത്സുക

നാക്കാൻ, അവന്റെ ഉദാസീനതയെ പുറത്തു ചാടിക്കാൻ കപ്പിയാർ പണിയിൽ നിന്നും പിരിച്ചുവിടുന്നു. ഇടിത്തീപോലെ കടന്നെത്തിയ തീരുമാനം കപ്പിയാരെ തീവ്രമായ ജീവിതാനുഭവങ്ങളിലൂടെ ജീവിതാന്വേഷണത്തിന്റെ പുതുവഴിയിലെത്തിക്കുന്നു. ജീവിതത്തിലെ അതിത്രീവ്രമായ പ്രതിസന്ധികളാണ് ഏതൊരു മനുഷ്യനെയും അന്വേഷകനും കർമ്മോത്സുകനുമാക്കുന്നത്.

ഉദാസീനമായ ജീവിതത്തെ പ്രവർത്തനോന്മുഖമാക്കിയപ്പോൾ ജീവിതം മാറിമറിയുന്നു. കച്ചവടം പുരോഗതിയിൽ നിന്നു പുരോഗതിയിലേക്ക്. സമയബന്ധിതമായി തന്റെ കച്ചവടസ്ഥാപനങ്ങളെ വികസിപ്പിക്കാനും മെച്ചങ്ങൾ സമ്പാദിക്കാനും ബേങ്കിൽ നിക്ഷേപിക്കാനും  തയ്യാറാവുന്ന കപ്പിയാരിൽ ലക്ഷ്യബോധം, സമയക്ലിപ്തത, ചിട്ടയായ പ്രവർത്തനം എന്നിവ സ്വയം രൂപപ്പെടുന്നു. തീവ്രമായ ഏത് ജീവിതപ്രതിസന്ധിയും മുറിച്ചുകടക്കാനുള്ള മനുഷ്യമനസ്സിലെ അന്തർലീന ശേഷികളെ നാം തിരിച്ചറിയേണ്ടതുണ്ടെന്നും അത്തരം ശേഷികൾ കണ്ടെത്തി സ്വജീവിതത്തിൽ പകർത്തണമെന്നും അത് ജീവിതപുരോഗതിയുടെ ആണിക്കല്ലാവുമെന്നും കപ്പിയാർ നമ്മെ പഠിപ്പിക്കുന്നു. ജീവിതത്തിലെ പ്രതിസന്ധികളിൽ പ്രതീക്ഷയ്ക്ക് സമൃദ്ധമായ ഇടങ്ങളുണ്ട്. അത്തരം ഇടങ്ങൾ തിരിച്ചറിയുമ്പോഴാണ് നാം ജീവിതത്തെ ഗുണാത്മകമായി സമീപിക്കുന്നത്.

ഏതൊരു മനുഷ്യനിലും ആത്മാർത്ഥമായ ആഗ്രഹം ജനിക്കുമ്പോഴാണ് പ്രതിസന്ധികൾ മറികടക്കാൻ കഴിയുക. സൂര്യനെപ്പോലെ തിളങ്ങണമെങ്കിൽ സൂര്യനെപ്പോലെ സ്വയം കത്തിയെരിയണം എന്ന അബ്ദുൽ കലാമിന്റെ ജീവിത നിരീക്ഷണം ഈ കഥയോട് ചേർത്തു വായിക്കാവുന്നതാണ്. മാറ്റത്തെ ആത്മാർത്ഥമായി സ്വീകരിക്കാനും അതിനുവേണ്ടി ആരോഗ്യകരമായി പ്രവർത്തിക്കാനും ഏതൊരു മനുഷ്യനിലും നിലീനമായ ഊർജ്ജമുണ്ടെന്നും അത് ജീവിതത്തിൽ നമ്മെ വിജയിപ്പിക്കുമെന്നും ഈ കഥ പറയുന്നു. അക്ഷരം പഠിച്ച് കപ്പിയാരായി  മാത്രം ജീവിച്ചുതീർക്കേണ്ടിവരുന്ന കപ്പിയാർക്ക് തീവ്രമായ ജീവിതാനുഭവ

ങ്ങളാണ് കൃത്യവും വ്യക്തവുമായ ജീവിതലക്ഷ്യം ഉണ്ടാക്കുന്നത്. തന്റെ കഴിവുകൾ കണ്ടെത്തുക. ജീവിതത്തെ ലക്ഷ്യാധിഷ്ഠിതമാക്കുക. അപ്പോൾ കാലം വൈകിയാലും നമ്മെ തിരിച്ചറിയുന്ന ഒരു ലോകം വരും എന്ന പ്രവചനസ്വഭാവം ഈ നാടോടിക്കഥയിൽ അന്തർലീനമാണ്.

**സന്ദേശം**

തീവ്രമായ ജീവിതാനുഭവങ്ങൾ ജീവിതത്തെ ലക്ഷ്യോന്മുഖമാക്കും.

**3.10.19 കഥ : എലിപ്പെട്ടി**

പണ്ടു പണ്ട് ഒരിടത്ത് ഒരു എലി താമസിച്ചിരുന്നു. പാമ്പും കീരിയും കോഴിയും ആടും പോത്തും ഉള്ളിടത്തായിരുന്നു എലിയുടെ താമസം. കായലിന്റെ തീരത്തെ വീട്ടമ്മയുടെ വീടിന്റെ പിൻവശത്തെ മാളത്തിലായിരുന്നു സ്ഥിരം വാസം. വീട്ടമ്മയുടെ കണ്ണുകൾ വെട്ടിച്ച് അടുക്കളയിൽ കയറി തനിക്ക് വേണ്ടതെല്ലാം എലി അപ്പപ്പോൾ കൈക്കലാക്കി. പലപ്പോഴും വീട്ടമ്മ തന്നെ കണ്ണുവെച്ചിട്ടുണ്ടെന്ന് എലിക്കറിയാം. അതുകൊണ്ടുതന്നെ സൂക്ഷിച്ചായിരുന്നു നടത്തം. അങ്ങനെ ഒരുദിവസം ഉച്ചയൂണ് കഴിഞ്ഞ് വടക്കേ കോലായിൽ നിന്നും വീട്ടമ്മ എന്തോ വൃത്തിയാക്കുന്നു. എലി തന്റെ ഉണ്ടക്കണ്ണുകൊണ്ട് സൂക്ഷിച്ചു നോക്കി. അതെ തന്നെപ്പിടിക്കാൻ വേണ്ടി വീട്ടുടമസ്ഥൻ പണ്ടുവാങ്ങിയ അതേ പെട്ടി തന്നെ. ആ എലിപ്പെട്ടി തുടച്ചു വൃത്തിയാക്കുകയാണ്. എലി ഭയപ്പെട്ടു. വളരെ ശ്രദ്ധയോടെ പുറത്തിറങ്ങി കോഴിയുടെ അടുത്തു ചെന്ന് പറഞ്ഞു:

''കോഴിച്ചേച്ചി, കോഴിച്ചേച്ചീ നമുക്ക് വലിയൊരാപത്ത് വരാൻ പോകുന്നു!

അതാ നോക്ക്, വീട്ടമ്മ എലിപ്പെട്ടി വൃത്തിയാക്കുന്നു.

നമുക്കെന്തായാലും ആപത്തു തന്നെ വന്നുപെടും.''

കോഴി ചിറകുവിടർത്തി തെല്ലഭിമാനത്തോടെ തന്നെ പറഞ്ഞു:

''അതേയ്, എലിപ്പെട്ടിയാണ്. അത് നിന്നെ പിടിക്കാനാണ്. നിനക്കാണ് ആപത്ത് വരുക. എനിക്കൊരാപത്തും വരില്ല. നിയ്യേ, നീ പോയി നിന്റെ പാട് നോക്ക്.''

എലി ദുഃഖിതനായി തലതാഴ്ത്തി നടന്നു. വഴിയിൽ പ്ലാവിൻ ചുവട്ടിൽ ആടിനെ കണ്ടു. ആട് എലിയോട് ചോദിച്ചു.

''എന്താ എലിയമ്മാവാ ഇങ്ങനെ ദുഃഖിച്ചു നടക്കുന്നത്?''

''ഏയ് ഒന്നുമില്ല.

നമുക്കൊരാപത്തു വരാൻ പോകുന്നു.

വീട്ടമ്മ എന്തോ കെണിയൊരുക്കുന്നുണ്ട്.

ആ എലിപ്പെട്ടി നമ്മെ അപകടത്തിൽപ്പെടുത്തും'' - എലി പറഞ്ഞു.

''ഹ!ഹ!ഹ! ഇതെന്തു കഥ''

''അതേ, അമ്മാവനെ വീഴ്ത്താനുള്ള കെണിയാണ്.''

''അതിലൊന്നും എന്നെ വീഴ്ത്താനാവില്ല.''

''അമ്മാവൻ തന്നെ സൂക്ഷിച്ചാൽ മതി.''

''എനിക്കിക്കാലത്തൊന്നും ആപത്ത് വരില്ല. മാത്രമല്ല എന്റെ കാരുണ്യം കൊണ്ടാ ആ വീട്ടമ്മ പാൽച്ചായ കുടിക്കുന്നത്'' എന്നും പറഞ്ഞ് ആട് പ്ലാവില കടി ച്ചുകൊണ്ടേയിരുന്നു.

എലി ആ വീട്ടിലെ പോത്തിനെ കണ്ടു പറഞ്ഞു:

''അതേയ് നമുക്കാപത്ത് വരാൻ പോകുന്നു.

വീട്ടമ്മ കെണിയൊരുക്കുന്നുണ്ട്

അതാ നോക്ക്.''

പോത്ത് കൺമിഴിച്ചു നോക്കി. കണ്ടതോ, വീട്ടമ്മ എലിപ്പെട്ടി വൃത്തിയാക്കു കയാണ്.

''നീ പോടാ

നീ സൂക്ഷിച്ചോ. .

നിന്റെ ശല്യം സഹിക്കാതെ വീട്ടമ്മ നിനക്കുവേണ്ടി കെണിയൊരുക്കുക യാണ്.''

തന്റെ വാക്കുകൾ ആരും കേൾക്കുന്നില്ലെന്നു തോന്നിയപ്പോൾ എലി ആരോടും മിണ്ടാതെ തന്റെ മാളത്തിലേക്കു തന്നെ തിരിച്ചു.

നേരം സന്ധ്യയായി. പതിവുപോലെ ഇര തേടാനൊന്നും എലി പോയില്ല.

''എന്തോ ആപത്ത് വരാൻ പോകുന്നു.''

''എന്തോ ആപത്ത് വരാൻ പോകുന്നു''

എന്നിങ്ങനെ എലി മന്ത്രിച്ചുകൊണ്ടിരുന്നു.

എലി മയങ്ങി. ഉറങ്ങി. കൂർക്കം വലിച്ചുറങ്ങി.

പൊടുന്നനെ വലിയ ശബ്ദം കേട്ടാണ് എലി ഉണർന്നത്.

മാളത്തിൽ നിന്നു പതുക്കെ പുറത്തു വന്ന് ചുറ്റുപാടും നോക്കി.

അതെ, എലിപ്പെട്ടിയിൽ ആരോ കുടുങ്ങിയിരിക്കുന്നു.

ഉറക്കത്തിൽ ശബ്ദം കേട്ട് തപ്പിത്തടഞ്ഞ് എഴുന്നേറ്റു വന്ന വീട്ടമ്മ സന്തോ ഷിച്ചു. ഇത് അവൻ തന്നെ. ആ കള്ള എലി എന്നും പറഞ്ഞ് എലിപ്പെട്ടി ഉയർത്തി യപ്പോഴേക്കും പാമ്പ് വീട്ടമ്മയെ കൊത്തിയിരുന്നു. എലിപ്പെട്ടിയിൽപ്പെട്ട് പിടയുന്ന പാമ്പിന്റെ വളഞ്ഞു നീണ്ട പല്ലുകൾ ആ വീട്ടമ്മയുടെ കൈയിൽ ആഴ്ന്നിറങ്ങി.

വീട്ടമ്മയുടെ നിലവിളികേട്ട് വീട്ടുകാരും അയൽവീട്ടുകാരും ഉണർന്നു. വീട്ടമ്മയെ പാമ്പുകടിച്ചു. ആളുകൾ പരക്കം പായുന്നു. ആരോ പറഞ്ഞു: ''വൈദ്യരെ വിളിക്കൂ.''

അത് തന്നെ സംഭവിച്ചു. തിടുക്കത്തിൽ വൈദ്യരും അനുയായിയും പെട്ടിയുമായി വീട്ടുമുറ്റത്തെത്തി.

''വിഷമിറക്കണം. ഇത് സാധാരണ പാമ്പിന്റെ വിഷമല്ല.

ഉടനെ കോഴിസൂപ്പ് വേണം. അതും ഈ വീട്ടിലേതു തന്നെ വേണം.'' വൈദ്യർ കല്പിച്ചു.

അങ്ങനെ ആ വീട്ടിലെ കോഴി സൂപ്പായി മാറി.

വിഷമിറക്കിയെങ്കിലും വിശ്രമം അനിവാര്യമാണെന്നു പറഞ്ഞ് വൈദ്യർ പടിയിറങ്ങി.

വീട്ടമ്മയെ പാമ്പു കടിച്ച വിവരം നാട്ടുകാർ വഴി ബന്ധുക്കൾ അറിഞ്ഞുതുടങ്ങി. പിറ്റേന്ന് പതിനൊന്നു മണിയാകുമ്പോഴേക്കും വയനാട്ടിൽ നിന്നും വീട്ടമ്മയുടെ അനിയത്തിയും കുടുംബവും പറന്നെത്തി. കാര്യങ്ങളൊക്കെ തിരക്കി.

''അതേയ് നിങ്ങളെല്ലാം കുറച്ചുദിവസം ഇവിടെ താമസിക്കണം. വീട്ടുകാര്യങ്ങൾ നോക്കണം. എനിക്ക് വിശ്രമം വേണോന്നാ വൈദ്യര് പറഞ്ഞത്.'' വീട്ടമ്മ പറഞ്ഞുനിർത്തി.

''വയനാട്ടിൽ നിന്നും വന്നവരല്ലേ!
ഏറെക്കാലമായില്ലേ വന്നിട്ട്.
നല്ലൊരു സൽക്കാരം തന്നെ നൽകണം. ശരി,
ആട്ടിറച്ചിതന്നെയാവാം.''

വീട്ടമ്മ കല്പിച്ചു. അങ്ങനെ ആടു കറിയായും വരട്ടിയ ഇറച്ചിയായും സൂപ്പായും പലദിവസങ്ങൾ ആ വീട്ടിൽ ആട് സൽക്കാരത്തിലെ വിഭവമായി മാറി.

അങ്ങനെ ദിവസങ്ങൾ പലതും കഴിഞ്ഞു. ബന്ധുക്കൾ തിക്കിത്തിരക്കി വന്നു. അവർക്കെല്ലാം സൽക്കാരം കൊടുത്ത് വീട്ടയ്മ്മക്ക് കടം പെരുകി. ആ വീട്ടിലെ പോത്തിനെ ഇറച്ചിക്കാർക്ക് വിറ്റ് കടം തീർത്തു. കടംതീരുകയും വീട്ടമ്മ സുഖം പ്രാപിക്കുകയും ചെയ്യുമ്പോഴേക്കും ആ വീട് ഒരു മരുപ്പറമ്പായി കഴിഞ്ഞിരുന്നു. ഇതെല്ലാം കണ്ടും കേട്ടും കഴിഞ്ഞിരുന്ന എലി തന്റെ തലയിൽ നേരത്തേ തെളിഞ്ഞു വന്ന ആപത്തിന്റെ രഹസ്യം അപ്പോഴും തിരിച്ചറിയാതെ നിന്നു.[28]

**എലിപ്പെട്ടി : പഠനം**

കഥാപാത്രങ്ങൾ

- വീട്ടമ്മ
- എലി
- കോഴി
- ആട്
- പാമ്പ്
- പോത്ത്
- വൈദ്യർ
- വിരുന്നുകാർ
- എലിപ്പെട്ടി

'എലിപ്പെട്ടി' എന്ന കഥാനാമം തന്നെ കഥാപാത്രമാവുന്ന, കഥയിലെ മുഖ്യ കേന്ദ്രമാവുന്ന നാടോടിക്കഥയാണ് 'എലിപ്പെട്ടി'. 'എലിപ്പെട്ടി' സജീവമായി ഒരു കഥാപാത്രമായി പരിണമിക്കുന്നു. എലിപ്പെട്ടി ഒരു പ്രതീകമായി തലയുയർത്തി

നിൽക്കുന്നു. സമകാലികമായ അനുഭവങ്ങളിലും പരിസരങ്ങളിലും ചേർത്തു വയ്ക്കാവുന്ന എലിപ്പെട്ടി കാലദേശങ്ങളെ മുറിച്ചുകടന്ന് ലോകാനുഭവങ്ങളുടെ സ്ഥായീഭാവത്തെ വ്യഞ്ജിപ്പിക്കുന്നു.

സാമൂഹികബോധവും വ്യക്തിബോധവും ഇഴചേർന്നുനിൽക്കുന്ന ഈ നാടോടിക്കഥ അവനവനു വേണ്ടി മാത്രം ജീവിക്കുന്ന വ്യക്തിമനസ്സുകളെ വിമർശ നാത്മകമായി വിലയിരുത്തുന്നു. തനിക്ക് ആപത്തൊന്നും വരില്ലെന്നും ഏതു വിപ രീത ചുറ്റുപാടിലും തന്റെ സുരക്ഷിതത്വം നിലനിർത്താൻ കഴിയുമെന്നും അന്ധ മായി വിശ്വസിക്കുന്ന വ്യക്തികളുടെ നേർക്കാഴ്ചയാണ് കോഴിയിലും ആടിലും പോത്തിലും കാണുന്നത്. തങ്ങൾ സുരക്ഷിതരാണെന്നും തങ്ങളെ വീട്ടുകാർ എന്നും സംരക്ഷിക്കുമെന്നും അതിനുള്ള പ്രത്യുപകാരം തങ്ങൾ ചെയ്യുമെന്നും ഓരോ കഥാപാത്രവും വിശ്വസിക്കുന്നു. തന്റെ സഹായമില്ലെങ്കിൽ വീട്ടമ്മ പാൽച്ചായ കുടിക്കില്ല എന്ന ചിന്ത ആടിൽ നിന്നു പുറത്തുവരുന്നത് ഇങ്ങനെയാ ണ്. എന്നാൽ തന്റെ സ്വകാര്യമായ ആവശ്യത്തിനും സുഖത്തിനും വേണ്ടി തന്നോട് സഹകരിക്കുന്ന ഏതിനേയും ചൂഷണം ചെയ്യാനും ഉപയോഗിക്കാനും മടിക്കാത്ത വീട്ടമ്മ അധികാരിവർഗ്ഗത്തിന്റെയും സ്വാർത്ഥതയുടെയും പ്രതീകമാണ്. അത് തിരി ച്ചറിയപ്പെടാതെ പോകുമ്പോൾ ആപത്ത് സംഭവിക്കും എന്ന മുന്നറിയിപ്പാണ് എലി യുടെ അസ്വസ്ഥതയിൽ നിഴലിക്കുന്നത്.

തന്നെപ്പിടിക്കാൻ വേണ്ടി തയ്യാറാക്കിയ എലിപ്പെട്ടിയിൽ കടന്നുവന്ന പാമ്പ് രക്ഷകനാവുമ്പോൾത്തന്നെ തന്റെ മുന്നറിയിപ്പിനെ ചെവിക്കൊള്ളാത്ത കോഴിക്കും ആടിനും പോത്തിനും ശിക്ഷകനായി മാറുന്നു. നമ്മൾ സൂക്ഷിക്കുന്ന അൽപ്പമായ ശത്രുതയും സ്വാർത്ഥതയും ഒരുപരിധിക്കപ്പുറം നമ്മുടെ തന്നെ നിലനിൽപ്പിനെ ചോദ്യം ചെയ്യും എന്ന ദർശനം പരിസ്ഥിതിചിന്തയുമായി ചേർത്തുവായിക്കാവുന്ന താണ്. കൊടും വരൾച്ചയും വെള്ളപ്പൊക്കവും വായുമലിനീകരണവും ഭൂമികുലു ക്കവും അനിയന്ത്രിതമായ ഭൗമചൂഷണത്തിലൂന്നിയ ഇടപെടലിലൂടെ, സ്വാർത്ഥത

യിലൂന്നിയ ജീവിതത്തിലൂടെ അനിവാര്യമായും കടന്നുവരുമെന്ന മുന്നറിയിപ്പ് നൽകുന്നവരെ പരിഹസിച്ചു തള്ളിപ്പറഞ്ഞു തന്റെ സ്വകാര്യതയിൽ അഭിരമിക്കുന്നവർക്ക് എലിയുടെ ദീർഘവീക്ഷണം ഒരു പാഠമാണ്. മനുഷ്യേതര കഥാപാത്രങ്ങളിലൂടെ മനുഷ്യസ്വഭാവത്തെ അടയാളപ്പെടുത്തുന്ന ഒരു നാടോടികഥയാവുന്നു 'എലിപ്പെട്ടി'.

രാഷ്ട്രീയജീവിതത്തിലും സാമൂഹികജീവിതത്തിലും ഈ കഥ പ്രസക്തമാണ്. വ്യാപാരത്തിന്റെ കച്ചവടക്കണ്ണോടെ വികസിക്കുന്ന അധികാരഘടനയുടെ വൈവിധ്യമാർന്ന അവസ്ഥയെ ഈ കഥ ബോധിപ്പിക്കുന്നു. ആഗോളവൽക്കരണകാലത്ത് പുനർവായനയ്ക്കു വിധേയമാക്കേണ്ടതാണ് ഈ കഥ. നമ്മുടെ പ്രകൃതിവിഭവങ്ങളും, അന്നവസ്ത്രാദികളും ലാഭക്കൊതിയന്മാരുടെ വൻവ്യാപാരതന്ത്രങ്ങൾക്ക് വിധേയമാവുന്നുവെന്നും അത് നമ്മുടെ തനിമയിലൂന്നിയ ജീവിതത്തെ തകർത്തെറിയുമെന്നും സമൂലമായ നാശമാണ് ഇത്തരം സാഹചര്യം രാഷ്ട്രീയജീവിതത്തിലും സാമൂഹികജീവിതത്തിലും ഉണ്ടാക്കുക എന്നുമുള്ള ബോധം പറയാതെ പറയുന്ന കഥയാണ് 'എലിപ്പെട്ടി'.

വീട്ടമ്മയുടെ നിഷ്കളങ്കത, അയൽക്കാരുടെ കൂട്ടായ്മ, തനത് ചികിത്സാരീതികൾ, വിരുന്നുകാരുടെ തിരക്കുകൾ, അതിഥിസൽക്കാരങ്ങൾ, സൽക്കാരങ്ങൾ നടത്തി മുടിയുന്ന കുടുംബങ്ങൾ, വരവിനനുസരിച്ചേ ചെലവാക്കാവൂ എന്ന നാടൻമൊഴിയുടെ സാധ്യതകൾ എല്ലാം ഈ കഥയെ കേരളീയപരിസരത്തു തന്നെ നിലനിർത്തുന്നു. നാട്ടറിവിന്റെയും നാട്ടുനന്മയുടെയും സജീവമായ ഓർമ്മപ്പെടുത്തലാവുന്നു എലിപ്പെട്ടി എന്ന കഥ.

പ്രശ്നങ്ങൾ വരുമ്പോൾ എല്ലാവരും ഒത്തുചേർന്ന് പരിഹാരം കണ്ടെത്തണം. അതിന് പകരം 'തന്നെ ബാധിക്കില്ല' എന്ന ഒറ്റതിരിഞ്ഞ ചിന്ത ആപത്തിനെ വിളിച്ചുവരുത്തലാണെന്ന മുന്നറിയിപ്പ് ഈ കഥയിൽ വായിക്കാം. ചെറിയോൻ പറഞ്ഞാലും ചെവിട്ടിൽ പോകണം എന്ന മൊഴിയിലെ ധ്വനി നിസ്സാരതയും സാര

മാണ് എന്ന ചിന്തയിലേക്ക് നമ്മെ ഉണർത്തുന്നു. എലി എന്ന ചെറിയതിന്റെ വാക്കിനെ തിരസ്കരിക്കുന്നവർക്ക് വന്നുപെട്ട ആപത്തുകൾ ഇത്തരമൊരു ചിന്തയിലേക്ക് നമ്മെ നയിക്കുന്നു.

ഒരുമയാണ് പെരുമയും അഭിവൃദ്ധിയും. ഒരുമിച്ചുനിന്നാൽ ഏത് പ്രതിസന്ധിയെയും മറികടക്കാം. എന്നാൽ വിഘടിച്ചുനിന്നാൽ ആപത്തിലെത്താം എന്ന തിരിച്ചറിവ് ഏത് പ്രായക്കാർക്കും ഉപദേശമായി നൽകുന്ന ഈ കഥ നമ്മെ നന്മയുടെയും ഒരുമയുടെയും ജനാധിപത്യബോധത്തിന്റെയും അരികിലേക്ക് ചേർത്തുനിർത്താൻ പര്യാപ്തമാണ്. അതിനാൽ കാലദേശങ്ങൾക്കപ്പുറത്തേക്ക് ഈ കഥാസന്ദേശം കടന്നുനിൽക്കുന്നു എന്നു വ്യക്തം.

**സന്ദേശം:** ഒരുമയാണ് പെരുമ

**3.10.20 കഥ: ചെമ്പൂപ്പൻ (പണിയഭാഷ)**

ചെമ്പൂപ്പൻ നമ്മ നാട്ടിലി എമ്പാടും ഉള. പണ്ടു എങ്കള ചാവ്വെല ഒക്ക ചെമ്പൂപ്പനെക്കൊണ്ടു ഒരു കഥ പറഞ്ചേയി. തമ്പിരാമ്മാരെ പണിക്കുനിന്ത ഒരു പണിയൻ ആഞ്ചു ചെമ്പൂപ്പൻ. പയിമ്പെയും എടുത്തു നെല്ലുക്ക് തമ്പിരെൻ ആ പണിയെന പറഞ്ചാക്കുത്ത. അവെൻ പയിമ്പെയും എടുത്തു നെല്ലുക്കു പോഞ്ച. നെല്ലും എടുത്തു തിരിച്ചു ബന്താക്കു ഇവെങ്കു എമ്പാടും പയിപ്പു തട്ടുത്ത. അപ്പ ബയീമ്പെ ഒരു അച്ചിലിനെ കണ്ട. അച്ചിലിനെ കണ്ടാക്കു അവെൻ പറഞ്ച. എനാക്കു പയിച്ചു നിമൃത്തികാണെ. എഞ്ചു പറഞ്ചാക്കു അന്നേരം തന്നെ ചെമ്പൂപ്പൻ ആയി കാട്ടിലേക്കു പാഞ്ച.[29]

**ചെമ്പൂപ്പൻ : പരിഭാഷ**

ചെമ്പോത്ത് നമ്മുടെ നാട്ടിൽ എല്ലായിടത്തുമുണ്ട്. ചെമ്പോത്തിന്റെ കഥ പണ്ട് ഞങ്ങളുടെ അപ്പൂപ്പന്മാരൊക്കെ പറഞ്ഞിരുന്നു. ചെമ്പോത്ത് തമ്പുരാക്കമ്മാരുടെ പണിക്കുനിന്ന ഒരു പണിയനായിരുന്നു. ചാക്കുമെടുത്ത് നെല്ലുകൊണ്ടുവ

രാൻ തമ്പുരാൻ പണിയനെ പറഞ്ഞയച്ചു. അവൻ ചാക്കുമെടുത്ത് നെല്ലിനു പോയി. നെല്ലുമെടുത്ത് തിരിച്ചുവരുമ്പോൾ അവന് വല്ലാതെ വിശപ്പുണ്ടായി. വഴിയിൽ ഒരു ഒച്ചിനെ കണ്ടപ്പോൾ വിശന്നു നിവൃത്തിയില്ല എന്ന് അവൻ പറഞ്ഞു. എന്നു പറഞ്ഞതും അവൻ ചെമ്പോത്തായി കാട്ടിലേക്കു പറന്നുപോയി.

**ചെമ്പൂപ്പൻ : പഠനം**

**കഥാപാത്രങ്ങൾ:**
1. തമ്പുരാൻ
2. ചെമ്പൂപ്പൻ

കേരളത്തിലെ പതിനാല് ജില്ലകളിലും ഏറിയും കുറഞ്ഞും കാണപ്പെടുന്ന ജനവിഭാഗമാണ് ആദിവാസികൾ. വ്യത്യസ്ത ഗോത്രവിഭാഗത്തിൽപ്പെട്ടവരാണ് ഇവർ. വൈചിത്ര്യവും വൈവിധ്യമുള്ള ജീവിതവും സംസ്കാരവും കാത്തുസൂക്ഷിക്കുന്ന ഇവർ നേരിടുന്ന സ്വത്വപ്രതിസന്ധിയെ വ്യഞ്ജിപ്പിക്കുന്ന കഥയാണ് ചെമ്പൂപ്പൻ. വയനാട്ടിലെ ആദിവാസികളിൽ ഒരു മുഖ്യവിഭാഗമാണ് പണിയർ. പണിയ വിഭാഗം രൂപംകൊടുത്ത കഥയാണിത്. ചെമ്പൂപ്പന്റെ കഥപറഞ്ഞു കൊടുത്തത് അപ്പൂപ്പന്മാരാണെന്ന സൂചന കഥയിൽ തന്നെയുണ്ട്. ഇത് കഥയുടെ പഴമയെ വെളിപ്പെടുത്തുന്നു.

പ്രകൃതിക്കനുകൂലമായാണ് ആദിവാസികൾ തങ്ങളുടെ ജീവിതവും സംസ്കാരവും രൂപപ്പെടുത്തിയത്. എന്നാൽ ജന്മിത്തവ്യവസ്ഥ നിർമ്മിച്ചെടുത്ത അടിമ-ഉടമ സമ്പ്രദായം അവരുടെ ജീവിതത്തെ അകംപുറം മറിച്ചു. തമ്പുരാന്റെ പത്തായം നിറയ്ക്കാൻ വിധിക്കപ്പെട്ടവർ പ്രകൃതിയിൽനിന്ന് അന്യമാക്കപ്പെടുന്നു. ഈ സ്വത്വപ്രതിസന്ധി അനുഭവിക്കുന്ന കഥാപാത്രമാണ് ചെമ്പൂപ്പൻ.

തമ്പുരാൻ, നെല്ല്, ആജ്ഞ, അധ്വാനം, വിശപ്പ് എന്നീ സൂചനകൾ അടിമ-ഉടമ സമ്പ്രദായത്തിന്റെ ഭാഗമാണ്. തമ്പുരാന്റെ കല്പനയനുസരിച്ചാണ് ചെമ്പൂപ്പൻ ചാക്കിൽ നെല്ലെടുക്കാൻ പോകുന്നത്. നെല്ലെടുത്ത് തിരിച്ചുവരുമ്പോഴേക്കും

വിശപ്പുകൊണ്ട് പൊറുതിമുട്ടുന്നു ചെമ്പൂപ്പൻ. ഇവിടെ കഥയുടെ മുഖ്യപ്രമേയം വിശപ്പായി മാറുന്നു. പണിയന്റെ വിശപ്പിനെ, മനസ്സിനെ അറിയാതെ അവന്റെ അധ്വാനത്തെ പരമാവധി ചൂഷണം ചെയ്യുന്ന തമ്പുരാൻ ജന്മിത്തത്തിന്റെ നീതിരഹിതമായ അവസ്ഥയെ പ്രതിഫലിപ്പിക്കുന്നു. ചെമ്പൂപ്പന്റെ തീവ്രമായ വിശപ്പിന് പരിഹാരമാവുന്നത് വഴിയിൽ കണ്ട ഒച്ചാണ്. ഒച്ചിനെ കണ്ട മാത്രയിൽ തന്നെ ചെമ്പൂപ്പൻ ചെമ്പോത്തായി കാട്ടിലേക്ക് പറന്നുപോകുന്നു. ഇവിടെ ചെമ്പൂപ്പൻ എന്ന പണിയൻ/ആദിവാസി ചെമ്പോത്തായി പരിണമിക്കുമ്പോൾ കഥ നിരവധി മാനങ്ങളിൽ എത്തുന്നുണ്ട്. മനുഷ്യനായിരിക്കെ ഒച്ചിനെ നേരിട്ട് സ്വീകരിക്കുമ്പോൾ ഉണ്ടാകുന്ന അസ്വാഭാവികതയെ കഥയിൽനിന്ന് മാറ്റാനും കഥയ്ക്ക് സ്വാഭാവികത ഉണ്ടാക്കാനും കഴിയുന്നു. അതോടൊപ്പം ചെമ്പോത്തിന് ഒച്ചിനെ നേരിട്ട് സ്വീകരിക്കാം. ഈ നേരിട്ടുള്ള സ്വീകരണം കഥയിൽ കടന്നുവരുമ്പോൾ പ്രകൃതിയിൽനിന്നു സ്വാഭാവികമായി വിഭവങ്ങൾ സ്വീകരിക്കാനുള്ള ആദിവാസിയുടെ പഴയ സ്വാതന്ത്ര്യത്തെ തിരിച്ചുപിടിക്കുന്നതിലേക്ക് വിരൽചൂണ്ടുന്നു.

നിലനിൽക്കുന്ന സമൂഹം ഒരുക്കിയ നിയന്ത്രണങ്ങളാൽ അടിച്ചമർത്തപ്പെടുന്ന ഒരു വിഭാഗത്തിന്റെ ആഗ്രഹങ്ങളുടെ പൂർത്തീകരണമാണ് ചെമ്പൂപ്പൻ ചെമ്പോത്താവുന്നതിലൂടെ നിറവേറ്റപ്പെടുന്നത്. ഇങ്ങനെ അടിച്ചമർത്തപ്പെടുന്ന ആഗ്രഹങ്ങളുടെ സഫലീകരണം ചെമ്പൂപ്പൻ എന്ന കഥ നിർവ്വഹിക്കുന്നു. നാടോടിക്കഥകൾ ഉൾപ്പെടുന്ന ഫോക്‌ലോർ നിർവ്വഹിക്കുന്ന സാമൂഹികവും മനശ്ശാസ്ത്രപരവുമായ ധർമ്മമാണ് ഇവിടെ വ്യക്തമാക്കപ്പെടുന്നത്.

ഭക്ഷണം പാകം ചെയ്തു കഴിക്കുന്നതിലൂടെ മനുഷ്യൻ പ്രകൃതിയിൽ നിന്നും അകലുന്നു എന്ന നിരീക്ഷണത്തോട് ചേർത്തു വായിക്കാവുന്നതാണ് ഒച്ചിനെ കണ്ടപ്പോൾ ചെമ്പൂപ്പൻ ചെമ്പോത്തായത്. ചെമ്പൂപ്പൻ മനുഷ്യനായിരിക്കുമ്പോൾ നേരിട്ട് കഴിക്കാൻ സാധ്യതയില്ലാത്ത ഒച്ചിനെ ചെമ്പോത്തായാൽ നേരിട്ട് കഴിക്കാം. അധ്വാനവും കുറവ്. ഇത് പ്രകൃതിയിൽ നിന്നു നേരിട്ട് വിഭവങ്ങൾ ശേഖ

രിച്ചു കഴിച്ചിരുന്ന ഒരു  പൂർവ്വകാലത്തെ ഓർമ്മപ്പെടുത്തുന്നു. ആദിവാസികളുടെ നഷ്ടദുഃഖസമൃദ്ധിയായ ആ പൂർവ്വകാലം അബോധമായി കഥയിലൂടെ തിരിച്ചുപിടിക്കാനുള്ള ആദിവാസികളുടെ സർഗനൈപുണിയും ഇവിടെ ശ്രദ്ധേയമാകുന്നു.

ജന്മിത്തസാമൂഹികക്രമം താറുമാറാക്കിയ ആദിവാസികളുടെ ജീവിതവും അവർക്ക് നഷ്ടപ്പെട്ട സ്വത്വബോധം തിരിച്ചുപിടിക്കാനുള്ള വ്യഗ്രതയും സങ്കലിതവും സർഗ്ഗാത്മകവുമായി ആവിഷ്കരിക്കുന്ന ഒരു കഥയാണ് 'ചെമ്പൂപ്പൻ'. ഇന്നും ആദിവാസികൾ അനുഭവിക്കുന്ന സ്വത്വപ്രതിസന്ധി സസൂക്ഷ്മം ചർച്ചചെയ്യുന്ന ഒരു കഥയായി ചെമ്പൂപ്പനെ വായിച്ചെടുക്കാം. ഇങ്ങനെ സമകാലികവായനയ്ക്കും വിശകലനത്തിനും വിധേയാമാക്കാവുന്ന ഈ കഥ ആദിവാസിക്കഥകളിൽ വേറിട്ടു നിൽക്കുന്നു.

**സന്ദേശം:** സ്വാതന്ത്ര്യംതന്നെ ജീവിതം

**കുറിപ്പുകൾ**


1. രാജൻ ഗുരുക്കൾ, ഡോ, കേരളീയത തനിമ തേടുമ്പോൾ, മിത്ത്, ചരിത്രം സമൂഹം, പുറം 388, പ്രസക്തി ബുക്സ്, പത്തനംതിട്ട, ആഗസ്റ്റ് 2009.
2. ലീലാകൃഷ്ണൻ, ആലങ്കോട്, ആമുഖം, കേരളീയ നാടോടിക്കഥകൾ, പുറം 6, ലിപി ബുക്സ്, മാർച്ച് 2009.
3. വിഷ്ണുനമ്പൂതിരി എം. വി. ഡോ, നാടോടിവിജ്ഞാനീയം, പുറം 208, ഡി. സി. ബുക്സ്, ഏപ്രിൽ 2011.
4. രാഘവൻ പയ്യനാട്, ഡോ, ഫോക്‌ലോർ, പുറം 177, കേരള ഭാഷാ ഇൻസ്റ്റി റ്റ്യൂട്ട്, സെപ്തംബർ, 2012.
5. രാഘവൻ പയ്യനാട്, ഡോ, ഫോക്‌ലോർ, പുറം 192, 193, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, സെപ്തംബർ, 2012.
6. പരമേശ്വരയ്യർ, ഉള്ളൂർ എസ്. കേരളസാഹിത്യ ചരിത്രം, വാല്യം 1, പുറം 500, കേരള സർവ്വകലാശാല പ്രസിദ്ധീകരണം, ഒക്ടോബർ, 1990.
7. വിഷ്ണുനമ്പൂതിരി, എം. വി. ഡോ, ഫോക്‌ലോർ നിഘണ്ടു, പുറം 242, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1989.
8. നമ്മുടെ നാട്ടുകഥകൾ (സമാഹാരം), വാള്യം 6, പുറം 905, 964, ഡി. സി. ബുക്സ്, നവംബർ 2011.
9. സോമൻ കടലൂർ, ഡോ, ആദിവാസി ദേശം, ഭാഷ, സംസ്കാരം, പുറം 16, പിയാനോ പബ്ലിക്കേഷൻസ്, ജനുവരി 2011.
10. മണ്ണാങ്കട്ടയും കരിയിലയും (നാടാടിക്കഥ 1) പുനരാഖ്യാനം ശ്രീകുമാർ, കെ, ഡോ: നമ്മുടെ നാടോടിക്കഥകളും ഐതിഹ്യങ്ങളും, വാല്യം 1, ഡി. സി. ബുക്സ്, ഡിസംബർ 2010.
11. കുറുക്കത്തിപ്പെണ്ണിന്റെ ബുദ്ധി (നാടോടിക്കഥ 2) പുനരാഖ്യാനം, പത്മിനി പി.ജി. ഡോ, ആദിവാസിക്കഥകൾ, പുറം 48,49, സമയം പബ്ലിക്കേഷൻ, കണ്ണൂർ, 2008.

12. മുത്തച്ഛന്റെ ചട്ടി (നാടോടിക്കഥ 3) ശേഖരണം: സുമംഗല, നാടോടി ചൊൽക്കഥകൾ, പുറം 37, 38, ഡി. സി. ബുക്സ്, ഏപ്രിൽ 2011.

13. ഏകാദശി നോറ്റ കാക്ക (നാടോടിക്കഥ 4) പുനരാഖ്യാനം, ശ്രീകുമാർ, കെ. ഡോ, നമ്മുടെ നാടോടിക്കഥകളും ഐതിഹ്യങ്ങളും, വാല്യം 1, ഡി. സി. ബുക്സ്, ഡിസംബർ 2010.

14. നിധികിട്ടുമ്പോൾ (നാടോടിക്കഥ -5) ശേഖരണം: പ്രഭാകരൻ കുന്നേൽവീട് തെന്മല, കേരളത്തിലെ നാടോടിക്കഥകൾ, കേരളസർവ്വകലാശാല, 1995.

15. ആനയും തുന്നൽക്കാരനും (നാടോടിക്കഥ 6) പുനരാഖ്യാനം, ശ്രീകുമാർ, കെ. ഡോ, നമ്മുടെ നാടോടിക്കഥകളും ഐതിഹ്യങ്ങളും, വാല്യം 1, ഡി. സി. ബുക്സ്, ഡിസംബർ 2010.

16. കോടൻഭരണിയിലെ ഉപ്പുമാങ്ങ (നാടോടിക്കഥ 7) പുനരാഖ്യാനം, ഹന്ന, ജി, കേരളകഥകൾ, എച്ച് & സി. പബ്ലിക്കേഷൻസ്, തൃശ്ശൂർ.

17. പരമസുഖം (നാടോടിക്കഥ 8) പുനരാഖ്യാനം, ശ്രീകുമാർ, കെ. ഡോ, നമ്മുടെ നാടോടിക്കഥകളും ഐതിഹ്യങ്ങളും, വാല്യം 1, ഡി. സി. ബുക്സ്, ഡിസംബർ 2010.

18. മർമ്മവിദഗ്ധൻ (നാടോടിക്കഥ 9) പുനരാഖ്യാനം, ശ്രീകുമാർ, കെ.ഡോ: നമ്മുടെ നാടോടിക്കഥകളും ഐതിഹ്യങ്ങളു,ം വാല്യം 1, ഡി. സി. ബുക്സ്, ഡിസംബർ 2010.

19. അത്തിമരത്തിലെ കരള് (നാടോടിക്കഥ 10) പുനരാഖ്യാനം, ശ്രീകുമാർ, കെ. ഡോ, നമ്മുടെ നാടോടിക്കഥകളും ഐതിഹ്യങ്ങളും, വാല്യം 1, ഡി. സി. ബുക്സ്, ഡിസംബർ 2010.

20. ഉണ്ടനും ഉണ്ടിയും പുള്ളിപ്പുലിയും (നാടോടിക്കഥ, 11) പുനരാഖ്യാനം, ശ്രീകുമാർ, കെ. ഡോ, നമ്മുടെ നാടോടിക്കഥകളും ഐതിഹ്യങ്ങളും വാല്യം 1, ഡി. സി. ബുക്സ്, ഡിസംബർ 2010.

21. പണിക്കരുടെ വാഴത്തോട്ടം (നാടോടിക്കഥ 12) രാഘവൻ പയ്യനാട്: ഡോ: ഫോക്‌ലോർ, പുറം 172, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, സെപ്തംബർ, 2012.

22. തോട്ടത്തിലെ നിധി (നാടോടിക്കഥ, 13) പുനരാഖ്യാനം, ശ്രീകുമാർ, കെ. ഡോ, നമ്മുടെ നാടോടിക്കഥകളും ഐതിഹ്യങ്ങളും, വാല്യം 1, ഡി. സി. ബുക്സ്, ഡിസംബർ 2010.

23. മടിയൻ മല ചുമക്കും (നാടോടിക്കഥ 14) പുനരാഖ്യാനം, ശ്രീകുമാർ, കെ. ഡോ: നമ്മുടെ നാടോടിക്കഥകളും ഐതിഹ്യങ്ങളും, വാല്യം 1, ഡി. സി. ബുക്സ്, ഡിസംബർ 2010.

24. തിയ്യാട്ടുണ്ണി (നാടോടിക്കഥ 15) പുനരാഖ്യാനം, ശ്രീകുമാർ, കെ. ഡോ, നമ്മുടെ നാടോടിക്കഥകളും ഐതിഹ്യങ്ങളും, വാല്യം 1, ഡി. സി. ബുക്സ്, ഡിസംബർ 2010.

25. അധികാരിയമ്മാവൻ (നാടോടിക്കഥ 16) പുനരാഖ്യാനം, ശ്രീകുമാർ, കെ. ഡോ, നമ്മുടെ നാടോടിക്കഥകളും ഐതിഹ്യങ്ങളും, വാല്യം 1, ഡി. സി. ബുക്സ്, ഡിസംബർ 2010.

26. ലോകത്തിന്റെ ഭൂപടം (നാടോടിക്കഥ 17), ശേഖരണം ശ്രീധരൻ മാഷ് പുന്ന ശ്ശേരി. അയടാത്ത്, നരിക്കുനി, കോഴിക്കോട്.

27. അച്ഛനും കപ്പിയാരും (നാടോടിക്കഥ 18) ശേഖരണം, സോമൻ കടലൂർ, ഡോ, തിക്കോടി- കോഴിക്കോട്.

28. എലിപ്പെട്ടി (നാടോടിക്കഥ 19), ശേഖരണം: സോമൻ കടലൂർ, ഡോ: തിക്കോടി- കോഴിക്കോട്.

29. ചെമ്പൂപ്പൻ (നാടോടിക്കഥ 20), പുനരാഖ്യാനം, പ്രഭാകരൻ എൻ, ആമുഖം, ആദിവാസിക്കഥകൾ: പത്മിനി പി.ജി. ഡോ, സമയം പബ്ലിക്കേഷൻസ്, കണ്ണൂർ, 2008.

## അധ്യായം 4

# നാടോടിക്കഥ: സൗന്ദര്യവും സംസ്കാരവും

ഏത് സംസ്കൃതിയിലെയും വ്യക്തിജീവിതത്തെ ആന്തരികമായി പര്യാപ്ത മാക്കുന്ന വ്യവഹാരമണ്ഡലമായി നാടോടിക്കഥ മാറിത്തീരുന്നുണ്ട്. സൗന്ദര്യാത്മ കവും വൈകാരികവുമായ അനൗപചാരിക വിദ്യാഭ്യാസപ്രക്രിയ സാധ്യമാകുന്നു എന്നതാണ് നാടോടിക്കഥയുടെ അനുഭൂതിമണ്ഡലത്തെ പ്രസക്തമാക്കുന്ന പ്രധാന വസ്തുത. കേരളീയ ജീവിതസന്ദർഭത്തിൽ നാടോടിക്കഥ സജീവവും സക്രിയവു മായി പാരമ്പര്യവുമായി ഇടപെട്ടിരുന്ന പോയകാലത്തിൽ നിന്നും വ്യത്യസ്തമായി കഥയുടെ സന്ദർഭവും ചേരുവയും മാറുമ്പോഴും കഥകൾ നിരന്തരം ആവിഷ്കൃത മാവുകയും സവിശേഷധർമ്മം നിർവ്വഹിക്കുകയും ചെയ്യുന്നു.

സമകാലിക കഥാവ്യവഹാരത്തിൽ സന്ദർഭവും ചേരുവയും മാറിത്തീരു മ്പോൾ നാടോടിക്കഥയുടെ പാഠവും വ്യത്യസ്തമാവുന്നു. സാകൂതം കഥ കേട്ടി രുന്ന കുട്ടികളും ഭാവവൈചിത്ര്യത്തോടെ അവർക്ക് കഥപറഞ്ഞുകൊടുക്കുന്ന മുത്തശ്ശിയും പോയകാലത്തെ കഥാപാഠത്തെ രൂപപ്പെടുത്തിയെങ്കിൽ സാക്ഷരകാല ത്തിൽ പുതിയ ഇടങ്ങളും സന്ദർഭങ്ങളും കഥയുടെ അർത്ഥത്തെയും ധർമ്മ ത്തെയും നിർണ്ണയിച്ചുകൊണ്ട് കടന്നുവരുന്നു. വാമൊഴി പാരമ്പര്യം നിർമ്മിച്ച നാടോടിക്കഥാസ്വരൂപമല്ല വരമൊഴിയും നവീന മാധ്യമപരിസരവും കൈയ്യാളുന്ന സമൂഹത്തിന്റെ നാടോടിക്കഥാസംസ്കാരം. കേരളത്തിൽ ജാതി, മത, വർഗ്ഗഭേദമി ല്ലാതെ ഓരോ കൂട്ടായ്മകൾക്കിടയിലും വൈവിധ്യപൂർണമായും പ്രമേയ വൈചിത്ര്യത്തോടെയും പറയപ്പെട്ട നാടോടിക്കഥാപരിസരം ഗ്രാമീണവും പരമ്പരാ ഗതവുമായ കൂട്ടായ്മകൾക്കിടയിൽ കാലം ആവശ്യപ്പെടുന്ന മാറ്റങ്ങളോടെ നില നിൽക്കുന്നു. എന്നാൽ അന്ന് പറഞ്ഞ കഥകളിൽ പലതും പുതിയ വ്യവഹാരമണ്ഡ ലം, പുതിയ ആസ്വാദനം ഇവ സാധ്യമാക്കുന്നുണ്ട്.

കുട്ടികൾക്കായുള്ള സാംസ്കാരിക വിഭവം എന്ന നിലയിൽ നാടോടിക്കഥ ബാലപ്രസിദ്ധീകരണങ്ങളിൽ വ്യാപകമായി കടന്നുവരുന്നുണ്ട്. അക്ഷരം പഠിച്ചുവരുന്ന കുട്ടികൾക്ക് 'കളിക്കുടുക്ക', 'മിന്നാമിന്നി' പോലെയുള്ള പ്രസിദ്ധീകരണങ്ങളിൽ ഏറ്റവും ലളിതവും ദൈർഘ്യമില്ലാത്തതുമായ കഥകൾ പ്രത്യക്ഷപ്പെടുന്നുണ്ട്. ഒന്നുമുതൽ നാലോ അഞ്ചോ ക്ലാസുവരെയുള്ള കുട്ടികളെ ഉദ്ദേശിച്ച് പുറത്തിറങ്ങുന്ന 'ബാലരമ', 'ബാലഭൂമി', 'തത്തമ്മ' തുടങ്ങിയ അനേകം പ്രസിദ്ധീകരണങ്ങളുമുണ്ട്. ചിത്രകഥാരൂപത്തിലും അല്ലാതെയും ഈ പ്രസിദ്ധീകരണങ്ങളിൽ നാടോടിക്കഥ പ്രധാന വിഭവമാണ്. പരമ്പരാഗതമായി പറയപ്പെട്ട പലദേശങ്ങളിലുമുള്ള കഥകളും അതോടൊപ്പം നാടോടിക്കഥയുടെ സ്വരൂപഘടന സ്വീകരിച്ചുകൊണ്ടുള്ള പുതിയ കഥകളും ബാലപ്രസിദ്ധീകരണങ്ങളിൽ കടന്നുവരുന്നുണ്ട്. ബാലസാഹിത്യത്തിൽ നാടോടിക്കഥകൾ ഉൾക്കൊള്ളുന്ന ചെറുതും വലുതുമായ അനേകം ഗ്രന്ഥങ്ങൾ പുറത്തിറങ്ങിയിട്ടുണ്ട്. പുനരാഖ്യാനങ്ങളായും വിവർത്തനങ്ങളായും പ്രത്യക്ഷീകരിക്കപ്പെട്ട ഇത്തരം കഥകളുടെ വലിയൊരുലോകം സവിശേഷമായും പ്രചലിതമായും കേരളീയ കഥാഖ്യാനമണ്ഡലത്തിൽ നിലനിൽക്കുന്നുണ്ട്.

മൊഴിരൂപത്തിൽ പ്രകാശിതമായ നാടോടിക്കഥകൾ പറച്ചിലിന്റെ ആധുനിക രൂപമായ പ്രഭാഷണങ്ങളിലും കഥാപ്രസംഗത്തിലും പഠന-ബോധന പ്രക്രിയയിലും വ്യാപകമായി ഉപയോഗപ്പെടുത്തുന്നു. കഥപറയൽ മത്സരങ്ങളായി ചെറിയ ക്ലാസുകളിൽ നാടോടിക്കഥ പുതിയൊരാവിഷ്കാരത്തെ മുന്നോട്ടുവയ്ക്കുന്നു. ദൃശ്യകലാസംസ്കാരത്തിന്റെ ഭാഗമായി ആനിമേഷൻ, ചലച്ചിത്രം, നാടകം തുടങ്ങി പല പുതിയ വ്യവഹാര മേഖലകളിലേയ്ക്ക് നാടോടിക്കഥ വ്യത്യസ്തങ്ങളായ ആവിഷ്കാരപ്രകാരങ്ങളായിത്തീരുന്നു. കാർട്ടൂണുകൾ, കവിത, കഥ, നോവൽ തുടങ്ങിയ സാഹിത്യരൂപങ്ങളിൽ പുതിയ ജീവിതപരിസരത്തെ വ്യാഖ്യാനിക്കാനും വിശകലനം ചെയ്യാനും നാടോടിക്കഥകളെ വ്യാപകമായി സ്വീകരിക്കുന്നു. പുതിയ കാലത്തെ മാധ്യമബോധത്തെ നിയന്ത്രിക്കുന്ന 'സാമൂഹികമാധ്യമ'ങ്ങളിൽ സവി

ശേഷ സാമൂഹികസന്ദർഭത്തെ വിശദീകരിക്കാനും പൂരിപ്പിക്കാനും വ്യക്തത വരുത്താനും നാടോടിക്കഥ ഉപയോഗിച്ചുവരുന്നു.

നാടോടിക്കഥകൾ മുത്തശ്ശിമാരുടെ വാമൊഴി മുറ്റത്തുനിന്നും ആധുനിക മാധ്യമപരിസരത്തിലൂടെ കടന്നുവരികയും പ്രചരിക്കുകയും ചെയ്യുമ്പോൾ നാടോടിക്കഥകളുടെ തുടർച്ചയും വളർച്ചയുമുള്ള പ്രചരണ സ്വഭാവത്തെ അടയാളപ്പെടുത്തുന്നു. എന്നാൽ തുടർച്ചയും വളർച്ചയുമുള്ള ഈ പ്രചാരണപ്രക്രിയയിൽ നാടോടിക്കഥ അതിന്റെ സ്വരൂപഘടനയിലും മറ്റും സൂക്ഷ്മമായ മാറ്റം കൈവരിക്കുന്നു. പാഠസന്ദർഭത്തിന്റെയും മാധ്യമം നൽകുന്ന അനുഭവത്തിന്റെയും സമ്മർദ്ദമാണ് കഥയുടെ ആന്തരികവും ബാഹ്യവുമായ ഈ മാറ്റം.

കേരളീയ നാടോടിക്കഥകൾ പൊതുവെ ദൈർഘ്യം കുറഞ്ഞതും ലളിതവും ചെറുവാക്യങ്ങൾകൊണ്ട് നിർമ്മിതവുമാണ്. അനേകം കഥാപാത്രങ്ങളും സംഘർഷങ്ങളിൽനിന്ന് സംഘർഷങ്ങളിലേക്ക് പോകുന്നതുമായ വലിയ കഥകളുടെ ലോകം മലയാളത്തിൽ താരതമ്യേന കുറവാണ്. സമകാലിക ജീവിതത്തിൽ നിലനിൽക്കുകയും പുതിയതും പഴയതുമായ ധർമ്മങ്ങൾ നിർവ്വഹിക്കുകയും ചെയ്യുന്ന നാടോടിക്കഥകൾ വാമൊഴിയിൽനിന്ന് വരമൊഴിയിൽ എത്തിയതാണ്. വരമൊഴിയിൽനിന്ന് അഥവാ ലിഖിതപാഠത്തിൽ നിന്നാണ് പുതിയ വ്യവഹാരമണ്ഡലത്തിലേക്ക് നാടോടിക്കഥ കടന്നെത്തുന്നത്. ഇങ്ങനെ പുതിയ ആസ്വാദകരിൽ പ്രചലിതമാവുന്ന നാടോടിക്കഥയുടെ സ്വരൂപഘടന പഴയ നാടോടിക്കഥയുടേതാവാൻ സാധ്യതയില്ല.

ഓരോ മാധ്യമവും ആവശ്യപ്പെടുന്ന ആഖ്യാനപദ്ധതിയും രീതിയുമനുസരിച്ച് നാടോടിക്കഥയുടെ ബാഹ്യഘടനയും മാറിത്തീരുന്നു. ബാലപ്രസിദ്ധീകരണങ്ങളിലും പുസ്തകങ്ങളിലും പ്രത്യക്ഷമാവുന്ന നാടോടിക്കഥയുടെ പാഠം വാമൊഴിപാഠത്തിൽനിന്നും വ്യത്യസ്തമാണ്. വാമൊഴിയിൽ ശബ്ദത്തിന്റെ ഉയർച്ചതാഴ്ചകൾ, ഈണവ്യത്യാസം, വ്യാക്ഷേപക ശബ്ദങ്ങളുടെ ഉപയോഗം, മൗനം, ചിരി

തുടങ്ങിയവയൊന്നും ലിഖിതപാഠത്തിൽ സ്വാംശീകരിക്കാനാവില്ല. ലിഖിതപാഠം പോലെതന്നെ പ്രസംഗത്തിലെ നാടോടിക്കഥാപാഠവും വേറിട്ട അസ്തിത്വമുള്ളതാണ്. പ്രസംഗത്തിനിടയിൽ താൻ ഉന്നയിക്കുന്ന കാര്യത്തെ സമർത്ഥിക്കാനോ വിശദീകരിക്കാനോ ആണ് പ്രസംഗകൻ നാടോടിക്കഥ ഉപയോഗിക്കുന്നത്. ഇത് രണ്ട് തരത്തിലാണ്. (ഒന്ന്) കഥ ഏറ്റവും ജനപ്രിയവും പ്രസിദ്ധവുമാണെങ്കിൽ കഥയൊന്ന് സ്പർശിച്ചതിനുശേഷം തനിക്ക് പറയാനുള്ള കാര്യവുമായി ബന്ധിപ്പിച്ച് അയാൾ വ്യാഖ്യാനിക്കുന്നു. ഇവിടെ നാടോടിക്കഥയിലെ ധർമ്മത്തെ തന്റെ പ്രഭാഷണസന്ദർഭവുമായി ചേർത്തുവെച്ച് ആശയവിശകലനത്തിനുള്ള പുതിയ വ്യാഖ്യാനതലം പ്രഭാഷകൻ നിർമ്മിക്കുന്നു. (രണ്ട്) കഥ അത്ര പ്രസിദ്ധമല്ലെങ്കിൽ പ്രസംഗശരീരത്തോട് ഇണക്കിക്കൊണ്ട് സാമാന്യം വിശദമായി പറയുന്നു. ഈ പ്രക്രിയയിലൂടെ നാടോടിക്കഥയുടെ സന്ദേശം പ്രസംഗവിഷയവുമായി ചേർത്ത് പ്രഭാഷകന്റെ ആശയത്തെ ശ്രോതാക്കളിൽ ആഴത്തിൽ വേരുറപ്പിക്കുന്നു. ഈ രണ്ടുവിധത്തിലുള്ള നാടോടിക്കഥാസ്വീകരണത്തിലും സംഭവിക്കുന്നത് കഥാഖ്യാനം പ്രസംഗത്തോട് ഒത്തിണങ്ങി നിൽക്കുന്ന സ്വരൂപഘടനയിൽ പുതുക്കപ്പെടുന്നു എന്നതാണ്. ഇവ്വിധം പ്രസംഗത്തിലും കഥാപ്രസംഗത്തിലും ബോധനപ്രക്രിയയിലും മാത്രമല്ല ദൃശ്യമാധ്യമങ്ങളിലും സാമൂഹികമാധ്യമങ്ങളിലും കഥയുടെ ആഖ്യാനത്തിലും രൂപത്തിലും വലിയ മാറ്റം വരുത്തുന്നു. ചുരുക്കത്തിൽ കൈക്കൊള്ളുന്ന വ്യവഹാരമണ്ഡലത്തിനനുസൃതമായി നാടോടിക്കഥയുടെ സ്വരൂപഘടനയുൾക്കൊള്ളുന്ന പാഠവും അതുവഴി അർത്ഥവും ധർമ്മവും പരിണമിച്ചുകൊണ്ടേയിരിക്കും.

## 4.1 സൗന്ദര്യവിദ്യാഭ്യാസവും സംസ്കാരവും

മാനവജീവിതത്തെ പരസ്പരം ബന്ധിപ്പിക്കുന്ന ചാലകശക്തിയാണ് വിദ്യാഭ്യാസം. മനുഷ്യൻ ഒരു സമൂഹജീവിയാവുന്നത് അവന്റെ/അവളുടെ ജന്തുസഹജമായ വ്യക്തിത്വം പരിവർത്തനത്തിന് വിധേയമാവുമ്പോഴാണ്. പ്രപഞ്ചത്തോടും

പ്രപഞ്ചത്തിലെ മറ്റ് ജീവജാലങ്ങളോടും പാരസ്പര്യത്തോടെ ജീവിക്കാനുതകുന്ന രീതിയിൽ മനുഷ്യമനസ്സിലെ വൈകാരികഘടന മാറുമ്പോഴാണ് വ്യക്തി പ്രബുദ്ധനാവുന്നത്. പ്രബുദ്ധതയാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. ഈ പ്രബുദ്ധത അവനിൽ/അവളിൽ രൂപം കൊള്ളുന്നത് സൗന്ദര്യാത്മക വിദ്യാഭ്യാസത്തിലൂടെയാണ്. വിശാലമായ അർത്ഥത്തിൽ സൗന്ദര്യം എന്നത് ആനന്ദം തന്നെയാണ്.

> ''ജീവിതത്തിന്റെയും പ്രകൃതിയുടെയും പുറംലോകത്തോട് സൗഭ്രാത്രം സ്ഥാപിക്കാനുള്ള മനുഷ്യന്റെ ആഗ്രഹത്തിൽ നിന്നാണ് സൗന്ദര്യം ജനിക്കുന്നത്''[1]

എന്ന് സൗന്ദര്യത്തെ രവീന്ദ്രനാഥടാഗോർ വിലയിരുത്തുന്നു. മാത്രമല്ല മനുഷ്യൻ പ്രകൃതിയോടും പുറംലോകത്തോടും പുലർത്തുന്ന പാരസ്പര്യം അഥവാ സഹോദരസ്നേഹം സ്വന്തം ആത്മവികാസത്തിനും തന്നെത്താൻ അറിയുന്നതിനും സഹായിക്കും എന്ന് ടാഗോർ നിരീക്ഷിക്കുന്നു. ടാഗോറിന്റെ ഈ വിലയിരുത്തൽ സൗന്ദര്യാത്മക വിദ്യാഭ്യാസം എന്ന കാഴ്ചപ്പാടിനെ ആഴത്തിലും പരപ്പിലും സാധൂകരിക്കുന്നു. സൗന്ദര്യാത്മകവിദ്യാഭ്യാസത്തെ വിശദമായി സമീപിച്ച പഠിതാക്കളുടെ വിചാരവീഥിയും സമാനമാണ്. ''ബൗദ്ധികവിദ്യാഭ്യാസം വിവരശേഖരത്തെ മാത്രമാണ് അടിസ്ഥാനമാക്കുന്നതെങ്കിൽ സൗന്ദര്യാത്മകവിദ്യാഭ്യാസം വികാരമണ്ഡലത്തെയാണ് അഭിസംബോധന ചെയ്യുന്നത്. ആ നിലയിൽ അത് വൈജ്ഞാനിക വിദ്യാഭ്യാസം തന്നെ. പ്രകൃതിയോടും സമൂഹത്തോടും എതിർലിംഗത്തോടുമുള്ള പെരുമാറ്റത്തെയും വികാരപരമായ ബന്ധത്തെയും നവീകരിക്കുകയാണ് സൗന്ദര്യാത്മക വിദ്യാഭ്യാസത്തിൽ സംഭവിക്കുന്നത്''[2]

വ്യക്തിപരതയിൽ നിന്ന് സാമൂഹ്യമായ ഒരുണർവ്വിലേക്ക് കർത്തൃത്വം വ്യാപ്തികൊള്ളുമ്പോഴാണ് വിദ്യാഭ്യാസം പൂർണ്ണമാവുകയെങ്കിൽ സൗന്ദര്യശിക്ഷണമാണ് അതിനുള്ള ഏറ്റവും പ്രസക്തമായ ഉപാധി. കേവല വിവരം ഉൾക്കൊള്ളുന്നതിനപ്പുറം വ്യക്തിയുടെ വൈകാരികഘടനയെ ആന്തരികമായി പര്യാപ്തമാ

ക്കുന്ന അനുഭവം ആർജ്ജിക്കലാണ് ശരിയായ വിദ്യാഭ്യാസ പ്രവർത്തനം. അത്തരത്തിൽ വൈകാരികവും സൗന്ദര്യാത്മകവുമായ വിദ്യാഭ്യാസത്തെ സാധ്യമാക്കുന്ന സുപ്രധാന ഘടകമാണ് നാടോടിക്കഥ. നാടോടിക്കഥയുടെ കേൾവിയും പാരായണവും വൈകാരികവികാസത്തിന്റെയും ബുദ്ധിപരമായ വളർച്ചയുടെയും അനന്തസാധ്യതയാണ് തുറന്നിടുന്നത്. ജന്തുസഹജമായ വികാരങ്ങളോടെ പിറുന്നുവീഴുന്ന ഒരു മനുഷ്യശിശുവിനെ ചുറ്റുപാടുകളോടും സഹജീവികളോടും സമൂഹത്തോടുമുള്ള ആരോഗ്യകരമായ ബന്ധത്തിലേക്ക് നവീകരിക്കുന്ന സൗന്ദര്യാത്മകമായ വിദ്യാഭ്യാസ പ്രവർത്തനമാണ് നാടോടിക്കഥ നിർവ്വഹിക്കുന്നത്.

ലോകത്തെ ഏത് കൂട്ടായ്മകൾക്കിടയിലും നിലനിൽക്കുന്ന ഫോക്‌ലോർ വസ്തുതകളുടെയും അടിസ്ഥാനധർമ്മങ്ങളിലൊന്ന് വിദ്യാഭ്യാസമാണ്. കടങ്കഥ, പഴഞ്ചൊല്ല്, നാടൻപാട്ട് തുടങ്ങി നാടോടിക്കളികളും, നാടോടി അവതരണങ്ങളുമെല്ലാം അതത് സമൂഹത്തിന്റെ പുതുതലമുറയെ സ്വാഭാവികമായി വിദ്യാഭ്യാസം ചെയ്യിക്കുന്ന സാംസ്കാരിക ഘടകങ്ങളാണ്. ഔപചാരികവും അനൗപചാരികവുമായ വിദ്യാഭ്യാസപ്രവർത്തനം സമുദായത്തിലെ കുഞ്ഞുങ്ങൾക്ക് ലഭിക്കാൻ സഹായിക്കുന്ന നാട്ടുവ്യവഹാര രൂപങ്ങളിൽ സുപ്രധാനമാണ് നാടോടിക്കഥ. പ്രബുദ്ധതയാണ് വിദ്യാഭ്യാസത്തിന്റെ ശ്രദ്ധേയ ലക്ഷ്യമെങ്കിൽ ബാല്യത്തിൽ ഒരു കുട്ടി സ്വാംശീകരിക്കുന്ന നാടോടിക്കഥയോളം ശ്രദ്ധേയമായ ഉപാധി വേറെയില്ല. ആ അർത്ഥത്തിലാവണം 'കഥകേട്ട കുട്ടികൾ കഥയുള്ളവരാവുന്നു കഥകേൾക്കാത്തവർ കഥയില്ലാത്തവരായി മാറുന്നു' എന്ന നിരീക്ഷണത്തെ നാം സ്വീകരിക്കേണ്ടത്.

സൗന്ദര്യവിദ്യാഭ്യാസവും മനസ്സിന്റെ സംസ്കരണവുമാണ് നാടോടിക്കഥകളിലൂടെ നിർവ്വഹിക്കപ്പെടുന്നത്. ഒരു മനുഷ്യന്റെ സമഗ്രവികാസമാണ് തലമുറ തലമുറ കൈമാറിവരുന്ന ജ്ഞാനസ്വരൂപമായ നാടോടിക്കഥകളുടെ സ്വാംശീകരണം വഴി നടപ്പിലാക്കുന്നത്. കേവലം ഗുണപാഠം കൈമാറാനുള്ള ഉപാധി മാത്രമല്ല കഥ. മറിച്ച് അനേകം ധർമ്മങ്ങളിലൂടെ ജന്തുസഹജമായ വൈകാരികത

പ്രവർത്തിക്കുന്ന ഒരു ശിശുവിനെ സാമൂഹികജീവിയാക്കി പരിവർത്തിപ്പിക്കുന്ന പ്രക്രിയയാണ് നാടോടിക്കഥയുടെ കേൾവിയും പാരായണവും. ബുദ്ധിപരമായ മേഖലയെയും വൈകാരിക മണ്ഡലത്തെയും പര്യാപ്തമാക്കി അവബോധത്തെ നവീകരിക്കുകയും സംസ്കരിക്കുകയും ചെയ്യുന്ന ദൗത്യമാണ് നാടോടിക്കഥകളിലൂടെ കൈവരുന്നത്. പാരമ്പര്യത്തെയും മൂല്യവ്യവസ്ഥയെയും സക്രിയവും സജീവവുമായ ഭാഷാവ്യവഹാരത്തിലൂടെ കൈമാറുമ്പോൾ നാടോടിക്കഥ സാമൂഹ്യോന്മുഖതയുള്ള വ്യക്തിയെ രൂപപ്പെടുത്തുന്നു. കഥ നിർവ്വഹിക്കുന്ന ഇവ്വിധമുള്ള വൈകാരിക വൈജ്ഞാനിക പ്രവർത്തനത്തെയാണ് സൗന്ദര്യവിദ്യാഭ്യാസ പ്രക്രിയ എന്ന് തിരിച്ചറിയുന്നത്.

ജീവിതം കരുപിടിപ്പിക്കാനും ഭാവിജീവിതത്തെ ചിന്താപരമായ ധീരതയോടെ അഭിമുഖീകരിക്കാനുമുള്ള ശേഷി വ്യക്തിക്ക് നൽകുന്നത് സൗന്ദര്യവിദ്യാഭ്യാസമാണ്. ഈ സവിശേഷ ജ്ഞാനാർജ്ജന വിദ്യാഭ്യാസ പ്രവർത്തനത്തിൽ അനൗപചാരികമായി കഥ ഇടപെടുന്നു. പരിശീലിപ്പിക്കുകയും പഠിപ്പിക്കുകയും ചെയ്യുകയാണ് എന്ന ബോധം സൃഷ്ടിക്കാതെ തന്നെ ജീവിതത്തെയും മനുഷ്യാനുഭവത്തെയും സാമൂഹികയാഥാർത്ഥ്യത്തെയും തിരിച്ചറിയാൻ സർഗ്ഗാത്മകമായി മനുഷ്യനെ പ്രാപ്തമാക്കുകയാണ് കഥ ചെയ്യുന്നത്. ബുദ്ധിപരമായും വൈകാരികമായും ഈ ലോകത്തെ നേരിടാനുള്ള പ്രാപ്തി കൈവരിക്കാൻ കഥയോളം പ്രാധാന്യമുള്ള സാംസ്കാരിക ഉൽപ്പന്നം വിരളമാണെന്നുകാണാം.

പാരമ്പര്യം നൽകുന്ന ലോകാവബോധംകൊണ്ട് തേച്ചുമിനുക്കിയെടുത്തതാണ് ഓരോ കഥയുടെയും ഭാവപ്രപഞ്ചം. അതുകൊണ്ടുതന്നെ വിനിമയശേഷി ഏറെ വർദ്ധിച്ച നാടോടിക്കഥകളുടെ ലളിതവഴികളിലൂടെ വിദ്യാഭ്യാസം നേടുന്ന ഒരാൾക്ക് ഭാവനയും ചിന്താശേഷിയും യുക്തിചിന്തയും ഭാഷാശേഷിയും ആസ്വാദനശേഷിയും ബുദ്ധിവികാസവും ധാർമ്മികബോധവും നൈതികധാരണയും സർഗ്ഗാത്മകതയും ആഴത്തിലും പരപ്പിലും ലഭ്യമാവും. അങ്ങനെ ലഭ്യമാവുന്ന

പ്രബുദ്ധതയാണ് അയാളുടെ സൗന്ദര്യബോധവും സംസ്കാരവും. ജീവിതവിമർശ നത്തിന്റെയും സാംസ്കാരികവിമർശനത്തിന്റെയും ആഴമുള്ള മേഖലയിലേയ്ക്കെ ത്താൻ ഒരാളെ സഹായിക്കുന്നത് ഈ പ്രബുദ്ധതയിൽ രൂപപ്പെട്ട സൗന്ദര്യബോധം കൊണ്ടാണ്. അപ്രകാരം രൂപപ്പെട്ട മനുഷ്യസമൂഹങ്ങളാണ് പ്രകൃതിയോടും മറ്റു മനുഷ്യരോടും പരസ്പരാശ്രിതത്വത്തോടെയും ഒത്തിണക്കത്തോടെയും കഴിയാൻ താല്പര്യപ്പെടുന്നവർ. അവരാണ് സാമൂഹികവികസന പ്രക്രിയയിൽ യഥാർത്ഥ ചാലകശക്തികൾ. കഥകൊണ്ട് ആന്തരിക ജീവിതം രചനാത്മകമായി പരിവർത്തി ക്കപ്പെടാത്ത ഒരു മനുഷ്യൻ വ്യക്തിപരതയിലേക്ക് തളരുമ്പോൾ കഥകേട്ട് വളർന്നൊരാൾ സാമൂഹികതയിലേക്ക് ഉണരുന്നു. അത്തരമൊരു സാമൂഹിക ഉണർവ്വിനുള്ള ഉപാധിയാണ് കഥകളിലൂടെ കൈവരുന്ന സൗന്ദര്യവിദ്യാഭ്യാസം.

കഥയിലൂടെയും മറ്റ് നാടോടിവാമൊഴിയനുഭവങ്ങളിലൂടെയും വളർന്നൊ രാൾ ആർജ്ജിക്കുന്ന സൗന്ദര്യബോധത്തിന്റെ വ്യാപ്തി ചെറുതല്ല. പ്രബുദ്ധതയോ ടൊപ്പം ശ്രദ്ധയും വിവേകവും വികസനവും ഐക്യവും നൈപുണിയും മൗലിക തയും സവിശേഷമികവും നേടി അയാൾ സ്വഭാവസംസ്കരണത്തിന്റെ വലിയ പദ വിമൂല്യം കൈയ്യാളുന്നത് കാണാം. ഒരുമിച്ചു പ്രവർത്തിക്കുന്നതിലും അന്യരെ മന സ്സിലാക്കി തീരുമാനമെടുക്കുന്നതിലും അത്തരം മനുഷ്യർക്ക് വലിയ താൽപര്യമാ യിരിക്കും. സ്വയം തിരിച്ചറിയാനും അന്യരെ തിരിച്ചറിയാനുമുള്ള ശേഷി പ്രധാനമാ ണ്. മറ്റുള്ളവരുടെ ചെറിയ സംഭാവനകൾ പോലും സുപ്രധാനമാണ് എന്ന് അംഗീ കരിക്കുക മാത്രമല്ല പൊതുലക്ഷ്യത്തിനുവേണ്ടി വ്യക്തിപരമായ താൽപര്യങ്ങളെ മാറ്റിവച്ച് പൊരുത്തപ്പെടുകയും ചെയ്യും. മറ്റുള്ളവരുടെ സംഭാവനകൾ, കൂട്ടായ്മ യുടെ വിജയത്തിനാവശ്യമാണെന്നറിയുന്നതോടൊപ്പം സ്വന്തം തെറ്റ് ഉൾക്കൊണ്ട് തിരുത്താനും സന്നദ്ധമാവുന്നു.

സംസ്കാരം എന്നത് ആന്തരികസംസ്കരണമാണ്. ആന്തരികസംസ്കാര ത്തിന്റെ പാഠങ്ങൾ വ്യക്തിജീവിതത്തിൽ മുളപ്പിച്ചെടുക്കുന്ന നാടോടിക്കഥകൾ

പ്രബുദ്ധ വ്യക്തിത്വങ്ങളെ നിർമ്മിച്ചെടുക്കുന്നു. ഇത്തരം പ്രബുദ്ധരുടെ കൂട്ടായ്മ കൾ രൂപപ്പെടുന്ന സമൂഹം മികച്ച സംസ്കാരത്തിന്റെ പ്രത്യക്ഷീകരണമാവും. സൗന്ദര്യാത്മക വിദ്യാഭ്യാസം നാടോടിക്കഥകളിലൂടെ ആഴത്തിലും പരപ്പിലും നിറ വേറ്റപ്പെടുകയും അതുവഴി സംസ്കാരത്തിന്റെ ആണിക്കല്ലായി മാറുകയും ചെയ്യു ന്നു. കമ്പോളവത്കൃത സമൂഹത്തിൽ, മനുഷ്യബന്ധങ്ങൾ കച്ചവടവത്കരിക്കപ്പെടു മ്പോൾ ഇത്തരം തിരിച്ചറിവുകൾ അതീവ പ്രാധാന്യമുള്ളതായിത്തീരുന്നു. പാരമ്പ ര്യബോധവും നൈതികബോധവും അന്യവൽക്കരിക്കപ്പെടുന്ന വർത്തമാന സാമൂ ഹികസന്ദർഭത്തെ പ്രതിരോധിക്കാനും ജീവിതബോധത്തെ നവീകരിക്കാനും ഇവ്വി ധമുള്ള സാംസ്കാരികാലോചനകൾക്ക് കഴിയും. അതുകൊണ്ടു തന്നെ സൗന്ദര്യ വിദ്യാഭ്യാസരംഗത്തെ ചിന്തകൾ സാംസ്കാരിക പ്രതിസന്ധികൾക്ക് പരിഹാരമാവു ന്നതോടൊപ്പം പുതിയദിശാബോധം നൽകുന്നതിനും പര്യാപ്തമാവും.

### 4.2 നാടോടിക്കഥയും ഭാവനയും

ഭാവനാശേഷിയെ പ്രോജ്ജ്വലിപ്പിച്ച് നിർത്തുക എന്നതാണ് നാടോടിക്കഥ യുടെ സുപ്രധാന ധർമ്മങ്ങളിലൊന്ന്. മനുഷ്യന്റെ ഏത് പ്രവർത്തനവും ഏറ്റവും വീര്യത്തോടെയും ഊർജ്ജത്തോടെയും മൗലികതയോടെയും നിറവേറ്റാനാവശ്യ മായ ആന്തരികപാടവമാണ് ഭാവന. പുതിയ ആശയങ്ങളെയും രൂപങ്ങളെയും സംജ്ഞകളെയും രൂപീകരിക്കുന്ന മാനസികപ്രക്രിയയാണ് ഭാവന. സർഗ്ഗാത്മകത യുടെയും രചനാത്മകതയുടെയും അനുഭവലോകമാണത്.

നാടോടിക്കഥ ഉൾപ്പെടെയുള്ള വാമൊഴി വഴക്കങ്ങൾ നിർവ്വഹിക്കുന്ന സൗന്ദര്യാത്മക വിദ്യാഭ്യാസപ്രക്രിയയാണ് ഭാവനയെ സാധ്യമാക്കുന്ന സുപ്രധാന സാംസ്കാരിക വിദ്യാഭ്യാസ ഉപാധി. അപ്രകാരം വിദ്യാഭ്യാസം നേടുന്ന വ്യക്തി സ്വന്തം ജീവിതവഴിയിലെ ക്രിയാംശങ്ങളെയെല്ലാം സമഗ്രവും സജീവവുമാക്കി പരി വർത്തിപ്പിക്കും. സമൂഹത്തിന്റെ സുസ്ഥിരവികസന പ്രക്രിയയിൽ സജീവ പങ്കാളി യാവാൻ ഇവ്വിധം രചനാത്മകതയുള്ള ഭാവനാശാലികൾക്കുമാത്രമേ കഴിയൂ.

കേവല അറിവിനേക്കാൾ പ്രധാന്യമുണ്ട് ഭാവനാശാലികളുടെ അറിവിനെന്ന് പണ്ഡിതന്മാർ നിരീക്ഷിച്ചിട്ടുണ്ട്.

"Imagination is more important than Knowledge. Knowledge is limited, imagination encircles the world."[3]

വ്യത്യസ്തവും വൈവിധ്യപൂർണ്ണവുമായ നാടോടിക്കഥയുടെ അനുഭൂതിമണ്ഡലം നൽകിയ സൗന്ദര്യവിദ്യാഭ്യാസമാണ് ഭാവനയുടെ വലിയലോകങ്ങളെ വ്യക്തികൾക്ക് നൽകുന്നത്, മൂർത്തവും ക്രിയാംശം നിറഞ്ഞതുമായ നാടോടിക്കഥ ആന്തരികവും പരോക്ഷവുമായി നിൽക്കുന്ന മനുഷ്യന്റെ ഭാവനാമണ്ഡലത്തെ വളർത്തി, തെഴുപ്പിച്ച് നിർത്തുന്നു. ശാസ്ത്രസാങ്കേതിക രംഗത്തും വൈദ്യശാസ്ത്ര രംഗത്തമുള്ള പ്രതിഭകളുടെ കൈമുതൽ ഭാവനയാണ്. മനുഷ്യവംശത്തിന്റെ പുരോഗതിയെ ബഹുശാഖിയാക്കി വളർത്തിയെടുക്കുന്നതിൽ വലിയ പങ്കുവഹിച്ചത് ഓരോകാലത്തെയും മനുഷ്യന്റെ ഭാവനാസഞ്ചാരമാണ്. ഇത്തരം ഭാവനാസഞ്ചാരത്തെ യാഥാർത്ഥ്യമാക്കുന്നതിൽ മനുഷ്യൻ സൃഷ്ടിച്ച കഥകളും പുരാവൃത്തങ്ങളും ഐതിഹ്യങ്ങളും അനുഭവകഥകളുമെല്ലാം സഹായകമായിട്ടുണ്ട്.

ഭാവനയുടെ വലിയലോകം വ്യക്തികൾക്ക് നൽകുന്ന ബൃഹത്തായ നാടോടിക്കഥാപാരമ്പര്യം മലയാളിക്ക് സ്വന്തമായി ഉണ്ട്. ഏതൊരു നാടോടിക്കഥയുടെയും ആന്തരിക ഭാവശക്തി ഭാവനകൊണ്ട് രൂപപ്പെട്ടതാണ്. വ്യക്തിയെ പുനഃസൃഷ്ടിക്കുന്നതോടൊപ്പം സമൂഹത്തേയും പുനഃസൃഷ്ടിക്കാനുള്ള ഊർജ്ജം പകരുന്ന നാടോടിക്കഥയാണ് വയനാട്ടിലെ ആദിവാസികൂട്ടായ്മകൊണ്ടു നടക്കുന്ന 'ചെമ്പൂപ്പൻ'. ചെമ്പൂപ്പനിലെ 'ചെമ്പൂപ്പൻ' ഒരു പ്രതീകമാണ്. കഥയിലെ പ്രധാന കഥാപാത്രം ചെമ്പോത്താകുന്നതിലൂടെ അസ്വസ്ഥജനകമായ തന്റെ ജീവിതപരിസരത്തുനിന്ന് ശാന്തമായ ജൈവപ്രകൃതിയിലേക്ക് സ്വച്ഛന്ദം സഞ്ചരിക്കുകയാണ് അയാൾ. പ്രകൃതിയുടെ മടിത്തട്ടിൽ വളർന്ന ആദിവാസി തന്റെ ജൈവപ്രകൃതിയിലേക്കും തനത് ജീവിതത്തിലേക്കും തിരിച്ചുപോകുന്നതിലെ ആദിമ ജൈവചോദ

നയെ ആധാരമാക്കിയുള്ള കഥയാണിത്. സംസ്കാരം സൃഷ്ടിച്ച പ്രതിസന്ധിയെ മറികടക്കാനുള്ള ഉപാധി ഈ കഥയിൽ ഭാവനയാണ്. ഭാവനയിലൂടെ വ്യക്തിയും സമൂഹവും അനുഭവിക്കുന്ന പ്രതിസന്ധികളെ തരണം ചെയ്യുന്നതിന്റെ ആനുഭൂതിക രേഖയാണ് ഈ കഥ. ഭാവന എല്ലാപ്രശ്നത്തിനുമുള്ള പരിഹാരം നിർദ്ദേശിക്കുന്ന വസ്തുതയാണ് എന്ന് പണ്ഡിതന്മാർ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. "Imagination, is a place where all the important answers live"[4] അപരിഹാര്യമെന്നു തോന്നുന്ന സകല സന്ദിഗ്ദ്ധതകൾക്കും ഉത്തരം ലഭ്യമാകാനുള്ള സാധ്യത എപ്പോഴും ഭാവന കരുതിവെയ്ക്കുന്നു എന്നർത്ഥം. പ്രകൃതി ജീവിതവും നാഗരികജീവിതവും തമ്മിലുള്ള ഏറ്റുമുട്ടൽ ചെമ്പൂപ്പൻ കഥയുടെ പ്രമേയമാണ്. ആ സംഘർഷത്തെ 'ചെമ്പോത്താ'യി മാറുന്നതിലൂടെ പരിഹരിക്കപ്പെടുന്നു. ഈ കഥ കേൾക്കുന്ന നാഗരിക മനുഷ്യരുടെ ഓരോ തലമുറയും മേൽപറഞ്ഞ ആന്തരിക സംഘർഷത്തെ പരിഹരിച്ച് മുന്നോട്ടുപോകുന്നു. ഇത്തരമൊരു വൈകാരിക വിദ്യാഭ്യാസമാണ് ഈ കഥയെ ശ്രദ്ധേയമാക്കുന്ന പ്രധാന സംഗതി. അതിലുപരി ചെമ്പൂപ്പൻ കഥ ആദിവാസിയുടെ സവിശേഷ സംഘർഷത്തെയും അഭിസംബോധന ചെയ്യുന്നുണ്ട്. പ്രാകൃതവും ജൈവവുമായ ജീവിതഭാവരാശിയെ പ്രാപിക്കാനുള്ള അഭിവാഞ്ജഛയായി വേണം ചെമ്പോത്തിലേക്കുള്ള പരകായ പ്രവേശനം കാണേണ്ടത്. ഈ ഭാവന വർത്തമാന ആദിവാസി സമൂഹം നേരിടുന്ന സ്വത്വപ്രതിസന്ധികളെ മുറിച്ചു കടക്കാനുള്ള വഴിയും മൊഴിയുമായി മാറുന്നു. ഇതിൽ നിന്ന് പുതിയതായി ഭാവനയുടെ മറ്റൊരു ലോകാനുഭവമാണ് 'മണ്ണാങ്കട്ടയും കരിയിലയും' വിഭാവനം ചെയ്യുന്നത്. മണ്ണാങ്കട്ടയും കരിയിലയിലും മനുഷ്യത്വം ദർശിക്കാനും കാശിയിലേക്കുള്ള യാത്ര ഭാവന ചെയ്യാനും അതുവഴി ജീവിതത്തിന്റെ നിസ്സാരതയും പരസ്പരാശ്രയത്വത്തിന്റെ തണലും താങ്ങും ബോധിപ്പിക്കാനും ഈ കഥയിലെ ഭാവനപര്യാപ്തമാണ്. ഇത്തരം ഭാവനകളാൽ സമൃദ്ധമായ മലയാള നാടോടിക്കഥകൾ വ്യക്തിജീവിതത്തെയും സാമൂഹികജീവിതത്തെയും പുനർനിർണയിക്കുകയും സർഗ്ഗാത്മകമാക്കുകയും ചെയ്യുന്നു. ലോകത്തിന്റെ ഭൂപടം ശരി

യാക്കാൻ മനുഷ്യന്റെ ചിത്രം ചേർത്തുവെച്ച് വിജയിച്ച കുട്ടിയെ ഭാവനചെയ്ത നാടോടിക്കഥ മുന്നോട്ടുവെയ്ക്കുന്നത് മാനവികതയിലധിഷ്ഠിതമായ ലോകവീക്ഷണമാണ്.

മനുഷ്യന്റെ അകവും പുറവും രചനാത്മകമായി പരിവർത്തിക്കുന്ന ഭാവനാസമ്പന്നമായ നാടോടിക്കഥകൾകൊണ്ട് സമ്പന്നമാണ് കേരളം. മലയാള നാടോടിക്കഥകളുടെ ബൃഹദ്കഥാപാരമ്പര്യത്തെ തിരിച്ചറിഞ്ഞ് അവയൊക്കെയും വിദ്യാഭ്യാസവിനിമയപ്രക്രിയയിൽ ഔചിത്യപൂർവ്വം വിനിയോഗിക്കേണ്ടത് അനിവാര്യമാണ്. ഇങ്ങനെ സക്രിയമായി വാമൊഴി പാരമ്പര്യത്തെ പ്രയോജനപ്പെടുത്തുമ്പോഴാണ് മലയാളി സൗന്ദര്യാത്മക വിദ്യാഭ്യാസ പ്രക്രിയയുടെ ഗുണഭോക്താവായി മാറുന്നത്.

### 4.3 നാടോടിക്കഥയും നൈതികബോധവും

നാടോടിക്കഥ നിർവ്വഹിക്കുന്ന സവിശേഷധർമ്മങ്ങളിൽ നൈതികത (Ethics) പരമപ്രധാനമാണ്. 'നൈതികത' എന്നാൽ നീതിപരം എന്നർത്ഥം. സദാചാരസംഹിത, നീതിശാസ്ത്രം, ധർമ്മശാസ്ത്രം, സന്മാർഗ്ഗശാസ്ത്രം എന്നെല്ലാം ഈ വൈജ്ഞാനികശാഖയെ വ്യാഖ്യാനിക്കാം. ഓരോ കൂട്ടായ്മയും കാലഭേദമനുസരിച്ച് നിർമ്മിക്കുന്ന നീതിബോധമാണ് നൈതികതയുടെ കാതൽ. മനുഷ്യജീവിതത്തിലെ ശരിതെറ്റുകളെ ക്രമീകരിക്കുന്ന തത്ത്വജ്ഞാനശാഖയാണിത്. അത് തെറ്റിനെ പ്രതിരോധിക്കുകയും ശരിയെ നിർദ്ദേശിക്കുകയും ചെയ്യും. മനുഷ്യന്റെ പെരുമാറ്റങ്ങളെയും കടമകളെയും നിർണ്ണയിക്കുന്ന ജ്ഞാനവ്യവസ്ഥയായും ഇതിനെ വ്യാഖ്യാനിക്കാവുന്നതാണ്. കൂട്ടായ്മ പാരമ്പര്യമായി നിർമ്മിക്കുന്ന നൈതിക സംഹിതകളിൽ വൈവിധ്യവും വൈചിത്ര്യവും നിലനിൽക്കുന്നുണ്ട്. സ്നേഹം, കാരുണ്യം, സത്യസന്ധത, അനുകമ്പ, വിനയം പോലുള്ള പെരുമാറ്റശീലങ്ങളിൽ പല കൂട്ടായ്മകളും സമാനത പുലർത്തുന്നുണ്ട്. മനുഷ്യർ പ്രകൃതിയോടും മറ്റ് ജീവജാലങ്ങളോടും മനുഷ്യരോടും നിലനിർത്തേണ്ട പാരസ്പര്യ

ത്തിന്റെ ആകത്തുകയെ നിർണ്ണയിക്കുന്നത് നൈതികതയാണ്. ഈ അവബോധം വ്യക്തിയിലും സമൂഹത്തിലും ആഴത്തിൽ വേരുറയ്ക്കുമ്പോൾ മാത്രമേ വ്യക്തിയുടെയും വ്യക്തി ഉൾക്കൊള്ളുന്ന ഈ മഹാപ്രപഞ്ചത്തിന്റെയും സുസ്ഥിതി സാധ്യമാവൂ.

സഹജവാസനകളോടെ ഭൂമുഖത്തെത്തുന്ന മനുഷ്യൻ താൻ ഉൾക്കൊള്ളുന്ന സമാജത്തിന്റെ നിലനിൽപ്പിന് വിരുദ്ധമായ ചിന്തയും പ്രവൃത്തിയും ഉൾക്കൊള്ളുന്നവനാണ്. അസംസ്കൃതമായ ഈ മനുഷ്യപ്രകൃതിയെ സംസ്കരിച്ചെടുക്കുമ്പോഴാണ് ശരിതെറ്റുകളെ വ്യവഛേദിക്കുന്ന, പെരുമാറ്റങ്ങളെ ക്രമപ്പെടുത്തുന്ന, കടമകളെയും മൂല്യങ്ങളെയും തിരിച്ചറിയുന്നവനായി മനുഷ്യൻ മാറുകയുള്ളൂ. സഹജവാസനകളും സംസ്കരിക്കപ്പെട്ട സാമൂഹികശരീരവും തമ്മിൽ ആന്തരികമായും ബാഹ്യമായും സംഘർഷങ്ങൾ രൂപം കൊള്ളും. ഇത്തരം സംഘർഷങ്ങളെ മുറിച്ചുകടക്കാനും സമൂഹത്തിന്റെയും സഹജീവികളുടെയും നിലനിൽപ്പ് ഉറപ്പുവരുത്താനും  മനുഷ്യന് നൈതികത അനിവാര്യമാണ്. ഈ നൈതികധാരണകളുടെ അടിപ്പടവായി നിൽക്കുന്നത് സൗന്ദര്യാത്മകവിദ്യാഭ്യാസമാണ്. ആ സൗന്ദര്യാത്മക വിദ്യാഭ്യാസം ആവിഷ്കരിക്കപ്പെടുന്ന ഉപാധികളിലൊന്ന് നാടോടിക്കഥയുമാണ്.

വിവരശേഖരണത്തിലൂന്നിയ ബൗദ്ധികവിദ്യാഭ്യാസത്തെ സ്വീകരിക്കുമ്പോൾ തന്നെ വികാരമണ്ഡലത്തിലൂന്നുന്ന നൈതികതയെ നാം സ്വീകരിക്കേണ്ടതുണ്ട്. വിജ്ഞാനത്തോടൊപ്പം വിവേകം വളർത്തുന്ന സൗന്ദര്യാത്മകവിദ്യാഭ്യാസത്തിന്റെ ഭാഗമാണ് നൈതികത. അത്തരം വിവേകത്തിന്റെ പാഠമാണ് നാടോടിക്കഥയിലൂടെ നിർവ്വഹിക്കപ്പെടുന്നത്. സത്യം, നീതി, ധർമ്മം, സ്നേഹം, കാരുണ്യം, സഹജീവിസ്നേഹം, വിശ്വസ്നേഹം, ചതി, വഞ്ചന, അക്രമം, അനീതി, അസൂയ, അഹങ്കാരം, അവിശ്വാസം എന്നിവ പ്രപഞ്ചജീവിതത്തിൽ സൃഷ്ടിക്കുന്ന ദൂരവ്യത്യാസങ്ങളെ

തിരിച്ചറിയുന്ന വിവേകത്തിന്റെ പാഠങ്ങൾ ഓരോ കൂട്ടായ്മയും സൃഷ്ടിച്ച നാടോടിക്കഥകളിൽ നിലീനമാണ്.

ലോകത്ത് കൂട്ടായ്മ രൂപം നൽകിയ നാടോടിക്കഥകൾ ഏറ്റെടുത്ത മുഖ്യ ധർമ്മം അബോധപൂർവ്വം നൈതികതയുടെ ബാലപാഠങ്ങൾ സമൂഹത്തെ അനൗപചാരികമായി പഠിപ്പിച്ചു എന്നതാണ്. ഇത്തരം നൈതികപാഠങ്ങൾ ഉൾക്കൊള്ളുന്ന കഥാസഞ്ചയം കേരളത്തിലും തനിമയോടെ കൈമാറ്റം ചെയ്തിട്ടുണ്ട്. മലയാളിയുടെ നാടോടിക്കഥാപാരമ്പര്യത്തിൽ പ്രമേയപരമായി ചരിത്ര നാടോടിക്കഥ എന്നു വിശേഷിപ്പിക്കാവുന്ന 'കോടൻഭരണിയിലെ ഉപ്പുമാങ്ങ' യിൽ തെളിയുന്നത് നൈതികതയുടെ വിശുദ്ധപാഠം തന്നെ. ചൈനീസ്‌വ്യാപാരി സൂക്ഷിക്കാൻ നമ്പൂതിരിയെ ഏൽപ്പിച്ച സ്വർണ്ണനാണയ ഭരണിയിൽനിന്ന്, കടുത്ത ദാരിദ്ര്യത്തിലുഴലുമ്പോൾ സ്വർണ്ണനാണയം ഉപയോഗിക്കുകയും മറ്റൊരവസരത്തിൽ പലിശസഹിതം തിരിച്ച് വയ്ക്കുകയും ചെയ്യുന്നു നമ്പൂതിരി, നമ്പൂതിരിയുടെ പ്രവൃത്തിയിൽ സന്തുഷ്ടനായി ഉപഹാരമായി കോടൻഭരണി നൽകുന്ന ചൈനീസ്‌വ്യാപാരിയുമെല്ലാം മനുഷ്യസ്നേഹത്തിന്റെയും പരസ്പവിശ്വാസത്തിന്റെയും സത്യസന്ധതയുടെയും ആത്മാർത്ഥതയുടെയും പരോപകാരത്തിന്റെയും ബഹുശാഖിയായ നൈതികതയാണ് സമൂഹത്തെ, വ്യക്തിയെ പഠിപ്പിക്കുന്നത്. അതോടൊപ്പം ആദർശാത്മക ധാർമ്മികജീവിതം മനുഷ്യജീവിതത്തിൽ കടന്നുവരുന്ന തെറ്റുകളെ പരിമിതപ്പെടുത്തും എന്ന സന്ദേശവും നൽകുന്നു. ആദർശമുള്ളവൻ ആയിരം തെറ്റുചെയ്യുമ്പോൾ ആദർശമില്ലാത്തവൻ പതിനായിരം തെറ്റുചെയ്യും അതിനാൽ ഏതെങ്കിലും ഒരാദർശം ഉണ്ടാവണം. അത് ജീവിതത്തെ ഗുണാത്മകമാക്കും. ഇത്തരം ആദർശത്തിന്റെ ഉൾവെളിച്ചമാണ് ജീവിതത്തെ സർഗ്ഗാത്മകമായി പരിഷ്കരിക്കുകയും നൈതികതയിലൂന്നിയ സൗന്ദര്യബോധത്തെ സ്ഥാപിച്ചെടുക്കുകയും ചെയ്യുന്നത്.

തെറ്റും ശരിയും തിരിച്ചറിഞ്ഞ് വിവേകത്തോടെ ശരിയുടെ വഴി സ്വീകരിച്ച് വിജയിച്ച 'ഏകാദശി നോറ്റ കാക്ക' നന്മയാണ്, നീതിയാണ് ആത്യന്തികമായി

വിജയം നേടുന്നത് എന്നതിലേക്ക് വിരൽചൂണ്ടുന്നു. 'നിധികിട്ടുമ്പോൾ' എന്ന കഥയിലും അസത്യത്തിനുമുകളിൽ സത്യവും നീതിയും വിജയം നേടുമെന്ന് സൂചിപ്പിക്കുന്നു. ഏറെ സമകാലികപ്രസക്തിയുള്ള 'മുത്തച്ഛന്റെ ചട്ടി' എന്ന കഥ ഏത് ആസ്വാദനതലത്തിൽ വച്ച് പരിശോധിച്ചാലും നൈതികതയുടെ പാഠം ലഭിക്കുന്നതായി കാണാം. സമൂഹവും വ്യക്തിജീവിതവും വാണിജ്യവത്കരിക്കപ്പെടുകയും മനുഷ്യബന്ധങ്ങൾ ശിഥിലമാവുകയും ചെയ്യുന്ന വർത്തമാന അണുകുടുംബവ്യവസ്ഥയിൽ അനാഥമാവുന്ന വാർദ്ധക്യത്തിന്റെ ദൈന്യത നമ്മുടെ അടഞ്ഞ കണ്ണുകളെ തുറപ്പിക്കുന്നു. അപരന്റെ അപകടങ്ങൾ തന്നെ ഒരിക്കലും ബാധിക്കില്ല എന്ന തലതിരിഞ്ഞബോധം സർവ്വനാശത്തിലേ കലാശിക്കൂ. ഈ അവബോധം പകരുന്ന 'എലിപ്പെട്ടി' എന്ന കഥ. കൂട്ടായ്മയിൽ ഓരോ വ്യക്തിയും കാത്തുസൂക്ഷിക്കേണ്ട കടമയും നൈതികതയും ധന്യമായി നിറവേറ്റണം എന്ന ഉപദേശം സമകാലിക സമൂഹത്തിൽ ഏറെ പ്രസക്തമാണ്.

മനുഷ്യജീവിതത്തെ ദരിദ്രമാക്കുന്ന അസൂയ, വഞ്ചന, ചതി, അവിശ്വാസം എന്നിവ ലോകജീവിതത്തിന് നന്നല്ല എന്ന നൈതിക വിദ്യാഭ്യാസം നൽകുന്ന അത്തിമരത്തിലെ കരള്, നിധികിട്ടുമ്പോൾ, ഏകാദശി നോറ്റ കാക്ക, ഉണ്ടനും ഉണ്ടിയും പുള്ളിപ്പുലിയും, തിയ്യാട്ടുണ്ണീ എന്നീ നാടോടിക്കഥകൾ ശ്രദ്ധേയമാണ്. വിശ്വസിച്ചവനെ ചതിക്കാനൊരുങ്ങിയ മുതലയെ സൂത്രത്തിൽ പരാജയപ്പെടുത്തുന്ന കുരങ്ങൻ, നിധികിട്ടുമ്പോൾ സഹയാത്രികനെ മറന്ന ചങ്ങാതി, മടിയും ആർത്തിയും കൊണ്ട് വിശ്വാസവഞ്ചന നടത്തി സ്വയം അപകടത്തിൽ പെട്ട ഉണ്ടനും ഉണ്ടിയും പുള്ളിപ്പുലിയും, അസൂയ വഞ്ചനയിലേക്കും മനുഷ്യത്വമില്ലായ്മയിലേക്കും മനുഷ്യനെ നയിക്കും എന്നു തെളിയിച്ച തിയ്യാട്ടുണ്ണി എന്നീ കഥകളിലെല്ലാം ദുർവിചാരങ്ങളെ സംബന്ധിക്കുന്ന സൂക്ഷ്മനീതിവിചാരണ നടക്കുന്നുണ്ട്. ഈ നീതി വിചാരണയിൽ തെളിയുന്നതെല്ലാം തിന്മമയുടെ മുകളിൽ അന്തിമവിജയം നന്മയ് ക്കായിരിക്കും എന്ന ഗുണകരമായ പാഠമാണ്.

വ്യക്തിയുടെ ജന്മസിദ്ധമായ വാസനകൾക്കപ്പുറത്ത് സമൂഹത്തിന്റെ നില നിൽപ്പിന് കൂട്ടായ്മ നിർമ്മിച്ച പെരുമാറ്റച്ചട്ടങ്ങൾ വ്യക്തിയെ സംബന്ധിച്ചിട ത്തോളം വിലക്കുകളാണ്. ഇത്തരം അരുതായ്മകൾ ചെയ്യാനുള്ള ജന്തുസഹജമായ താൽപ്പര്യവും സാമൂഹികവിലക്കുകളും വ്യക്തികളിൽ ആന്തരികവും ബാഹ്യവു മായി സംഘർഷങ്ങൾക്ക് വഴിവെയ്ക്കുന്നു. ഇത്തരം സംഘർഷങ്ങൾ കഥകളിൽ ആവിഷ്കൃതമാവുമ്പോൾ കഥ കേൾക്കുന്നവരും വായിക്കുന്നവരും വികാരവിരേച നത്തിലൂടെ മാനസിക സ്വസ്ഥത തേടും. ഇത് സമൂഹത്തിന്റെ സമീകൃതമായ നില നിൽപ്പിനെ സ്വാധീനിക്കും. ഇങ്ങനെ വ്യഷ്ടിയേയും സമഷ്ടിയേയും സമതുലിത മാക്കുന്ന നൈതികപാഠം നാടോടിക്കഥകളിലൂടെ സമർത്ഥമായി നിറവേറ്റപ്പെടുന്നു.

പ്രായഭേദമെന്യേ ഇത്തരം വൈകാരികസന്തുലിതാവസ്ഥ സാധ്യമാകു മ്പോൾ നാടോടിക്കഥ ഏതൊരു സമൂഹത്തിന്റെയും ഔപചാരിക വിദ്യാഭ്യാസ ത്തിന്റെ ഭാഗമായിത്തീരുകയാണ്. വിദ്യാഭ്യാസം ഇത്തരുണത്തിൽ സ്വാഭാവികവും ജൈവികവുമായി മാറും. വായനയ്ക്കും പുനർവായനയ്ക്കും സമകാലികവായ നയ്ക്കും ഇടം നൽകുന്ന നാടോടിക്കഥകൾ ഏറ്റവും സജീവവും സുതാര്യവുമായി ഇടപെടുന്ന ഒരു സാംസ്കാരിക ഉപാധിയായി മാറുന്നു. ഇവ്വിധം സമൂഹത്തിന്റെ വലിയ സാംസ്കാരികാനുഭവമായി നാടോടിക്കഥകളെ പരിഗണിക്കാവുന്നതാണ്.

### 4.4 നാടോടിക്കഥയും ചിന്തയും

വൈവിധ്യവും വൈചിത്ര്യവുമുള്ള ആലോചനകൾ കൊണ്ട് സമ്പന്നമാണ് ലോകത്തിലെ നാടോടിക്കഥകൾ. കഥയുടെ ബാഹ്യഘടനയ്ക്കകത്ത് ഗുണപാഠരീ തിയിൽ പ്രത്യക്ഷപ്പെടുന്ന ചിന്തകൾ കഥ ആസ്വദിക്കുന്നവരെ പ്രബുദ്ധമാക്കുന്നു. ഇങ്ങനെ ചിന്തകൾ പ്രക്ഷേപിക്കുക മാത്രമല്ല പലതരത്തിലുള്ള ഉൾക്കാഴ്ചകൾ നൽകി നിലപാടുകൾ ശക്തമാക്കാൻ പ്രാപ്തമായ ആശയങ്ങളും കഥ കൈമാറു ന്നുണ്ട്. ബൗദ്ധികമായ വ്യാപാരത്തെ സംബന്ധിക്കുന്ന പ്രധാന ഘടകമാണ് ചിന്ത നം. മാനസികപ്രക്രിയയുടെ ഉത്പന്നമാണ് ചിന്ത. ചിന്തയുടെ അടിസ്ഥാനഘടകം

ആശയങ്ങളാണ്. കറയറ്റ ആശയങ്ങളാണ് ശരിയായ ചിന്തയെ രൂപപ്പെടുത്തുന്നത്. ശരിയായ ചിന്തയാണ് വ്യക്തിയുടെയും സമൂഹത്തിന്റെയും സുഘടിതമായ നില നില്പിന് ആധാരം. ഭാവനാസമ്പന്നമായ നാടോടിക്കഥകൾ വൈവിധ്യമാർന്ന ആശയങ്ങൾക്കുള്ള ചാലകശക്തിയാണ്. മനുഷ്യ-മനുഷ്യേതര കഥാപാത്രങ്ങളി ലൂടെ ഓരോ നാടോടിക്കഥയിലും നിറയുന്നത് വൈചിത്ര്യമുള്ള മാനസിക വ്യാപാ രങ്ങളാണ്. അത് പ്രത്യക്ഷവും പരോക്ഷവുമായി ആശയാവലികളിലൂടെ ശരിയായ ചിന്തയിലേയ്ക്കും ബൗദ്ധികശേഷിയിലേക്കും നയിക്കും. ഇത്തരം ആനുഭൂതിക പഠനപ്രക്രിയയിലൂടെ ലഭ്യമാകുന്ന ദിശാബോധം ഉത്കൃഷ്ടമായ സാമൂ ഹികനിർമ്മിതിയെ സാധ്യമാക്കുന്നു.

ഏതെങ്കിലും ഒരു പ്രശ്നവുമായി ബന്ധപ്പെട്ടാണ് ചിന്തകൾ രൂപപ്പെടുന്നത്. പ്രശ്നപരിഹാരമാണ് ചിന്താശക്തിയുടെ മുഖ്യസ്വഭാവം. ആ അർത്ഥത്തിൽ ഓരോ നാടോടിക്കഥയും കൈകാര്യം ചെയ്യുന്നത് പ്രശ്നവും പ്രശ്നപരിഹാരവുമാണ്. ലളിതമായ പ്രശ്നം മുതൽ സങ്കീർണ്ണമായ പ്രശ്നങ്ങൾവരെ നാടോടിക്കഥ വിനി മയം ചെയ്യുന്നു. പ്രശ്നങ്ങൾ സങ്കീർണ്ണതയിൽ നിന്നും സങ്കീർണ്ണതയിലേക്ക് വഴു തിമാറുമ്പോൾ അത്തരം കഥകൾ നാടോടിക്കഥാവിഭാഗത്തിലെ സങ്കീർണ്ണകഥക ളിൽപ്പെടുന്നു. എന്നാൽ കേരളീയ നാടോടിക്കഥകളുടെ പ്രമേയതലം ആഴമേറിയ സങ്കീർണ്ണപ്രശ്നങ്ങൾ ചർച്ച ചെയ്യുന്നില്ല. അതിനാൽ താരതമ്യേന ലളിതവും ഹ്രസ്വവുമാണ് മലയാളിയുടെ നാടോടിക്കഥാമണ്ഡലം. എന്നാൽ ലളിതമായ കഥ കൾ മാത്രമല്ല കേരളത്തിൽ പ്രചാരത്തിലുള്ളത്. പുറമേ നിന്ന് വിവർത്തനങ്ങളിലൂ ടെയും മറ്റും കടന്നുവന്ന ദീർഘവും സങ്കീർണ്ണവുമായ എത്രയോ നാടോടിക്കഥ കളെ മലയാളികൾ സ്വാംശീകരിച്ചിട്ടുണ്ട്. വിധി വിശ്വാസം, ഈശ്വരവിശ്വാസം എന്തിനേയും ഹാസ്യാത്മകമായി കാണാനും അനുഭവിക്കാനുമുള്ള മലയാളിയുടെ സവിശേഷ താത്പര്യം തുടങ്ങിയ പ്രത്യേകതകളാണ് മലയാളിയുടെ നാടോടിക്കഥ കളെ ലളിതവും ഹ്രസ്വവുമാക്കുന്നത്. ഇങ്ങനെ ലളിതമായ കഥകളുടെയും

സങ്കീർണ്ണമായ കഥകളുടെയും ആസ്വാദനപ്രക്രിയയിലൂടെ ചിന്തയുടെ ലോക ത്തേക്ക് പ്രവേശിക്കാൻ മലയാളികൾക്ക് സാധ്യമായി എന്നുകാണാം.

അസംബന്ധം മുതൽ അദ്വൈതം വരെയുള്ള അനുഭവപ്രപഞ്ചത്തെ നാടോ ടിക്കഥയുടെ ഇതിവൃത്ത പ്രമേയങ്ങളായി ചർച്ച ചെയ്യുന്നു. അയഥാർത്ഥ്യമെന്നും അസംബന്ധമെന്നും കരുതി തള്ളിക്കളയേണ്ട കഥാതന്തുവാണ് മണ്ണാങ്കട്ടയും കരി യിലയും എന്ന കഥയുടെ കേന്ദ്രം. മനുഷ്യജീവിതത്തിന്റെ വ്യവഹാരമണ്ഡലവും മനുഷ്യജന്മത്തിന്റെ വിധിവൈപരീത്യങ്ങളും അന്വേഷിക്കുന്ന അദ്വൈത അവബോ ധമാണ് ഈ കഥയെ ദാർശനികമാക്കുന്നത്. ആത്യന്തിക നാശം വിധിമൂലമാണ് എന്ന വിശ്വാസത്തിലൂടെ അഭയവും ആശ്വാസവും കണ്ടെത്തുന്ന ഒരു പ്രത്യേക സഞ്ചാരം മനുഷ്യജീവിതത്തെ മുൻനിർത്തി നിർധാരണം ചെയ്യപ്പെടുകയാണ്. ആനന്ദവും സുഖവും അന്വേഷിച്ചലയുകയാണ് മനുഷ്യജന്മം എന്ന മൗലികാലോ ചന ലളിതമായി ആവിഷ്കരിക്കുന്നു ‘പരമസുഖം’ എന്ന കഥയിൽ. സുഖം, സംതൃപ്തി എന്നിവ മനസ്സിന്റെ ഭാവമോ തോന്നലോ ആണെന്നും കേവല സുഖാ ന്വേഷണം ഒരു സുഖവും ലഭിക്കാതെ ജീവിതത്തെ വ്യർത്ഥമാക്കാനേ ഉപകരിക്കൂ എന്നുമുള്ള സൂക്ഷ്മചിന്തയെ പ്രക്ഷേപിക്കുന്നു.

ചിന്തക്ക് പല ഭാവമാണ് ഉള്ളത്. മൂർത്തവും അമൂർത്തവും യുക്തിപരവും ക്രിയാത്മകവും. കൃത്യവും വ്യക്തവുമായ ചിന്താലോകം മൂർത്തഭാവത്തെ സൂചി പ്പിക്കുമ്പോൾ, അവ്യക്തവും അയഞ്ഞതുമായ ചിന്ത അമൂർത്തതയെ ധ്വനിപ്പിക്കു ന്നു. ബുദ്ധിപരമായി ഉയർന്ന പ്രക്രിയയാണ് യുക്തിചിന്തനം. യുക്തിചിന്തയുടെ ഭാഗമായി ക്രിയാത്മകചിന്ത വികസിക്കുന്നു. യുക്തിചിന്തക്ക് ഒന്നോ ഒന്നിലധി കമോ ഉദ്ദേശ്യമുണ്ട്. അത് നിയന്ത്രിതമാണ്. യുക്തിവിചാരം യുക്തമായ തീരുമാന ത്തിലെത്തിച്ചേരാനുള്ള ബുദ്ധിപൂർവ്വമായ മാനസിക പ്രക്രിയയാണ്. ഏതെങ്കിലും ഒരു പ്രശ്നവുമായി ബന്ധപ്പെട്ട് രൂപപ്പെടുന്ന ചിന്തയിൽ, പ്രശ്നം എന്താണ്? എങ്ങിനെ ഉണ്ടായി? അത് പരിഹരിക്കാൻ എന്തു വഴി? എന്ന യുക്തിസഹമായ

ചിന്ത ക്രിയാത്മക ചിന്തയിലേക്ക് നയിക്കും. കാര്യകാരണങ്ങൾ കണ്ടെത്തി പ്രശ്നത്തെ മറികടക്കാനുള്ള തന്ത്രം പരിശീലിപ്പിക്കുന്ന വഴിയാണ് 'അച്ചനും കപ്യാരും' എന്ന കഥ മടിയിലും ക്രിയാരാഹിത്യത്തിലും അഭിരമിച്ചിരുന്ന കപ്യ യാരെ കർമ്മോന്മുഖനാക്കുന്നത് തന്റെ ജീവിതം കടുത്ത പ്രതിസന്ധിയിലാണ് എന്ന പൊള്ളുന്ന തിരിച്ചറിവിൽ നിന്നാണ്. പ്രശ്നത്തെ മറികടക്കാൻ കാര്യകാരണ ചിന്ത സ്വമനസ്സിൽ രൂപപ്പെടുകയും അതുവഴി ജീവിതം പ്രതിസന്ധി രഹിതമാക്കി തീർ ക്കാനും കപ്പിയാരെ നയിക്കുന്നത് യുക്തിചിന്തയാണ്. കാര്യ-കാരണബന്ധ ങ്ങൾ അമൂർത്തതയിൽ ഒരുക്കി സ്വജീവിതത്തെയും അന്യരുടെ ജീവിതത്തെയും വ്യാഖ്യാനിച്ച് ജീവിച്ച പണിക്കർ അണ്ണാനോട് ദേഷ്യപ്പെട്ട് എല്ലൊടിഞ്ഞ് കിടക്കുന്ന തിലെ യുക്തി നമ്മെ ബോധ്യപ്പെടുത്തുന്നത് ജീവിതത്തിൽ നാം കൂത്തുസൂക്ഷി ക്കേണ്ട യുക്തിയുടെ പാഠങ്ങളാണ്. അധികമായാൽ അമൃതും വിഷം എന്നപോലെ യുക്തിയുടെ അമിതാവേശത്തിൽ വഴിമുട്ടി പ്രവർത്തിക്കാതിരുന്ന മർമ്മവിദഗ്ധന്റെ ആശങ്കയെ പരിഹരിക്കുന്ന ഭൃത്യൻ എന്ന കഥാപാത്രത്തിലൂടെ യുക്തിയ്ക്കു ള്ളിലെ അയുക്തിയാണ് അന്വേഷിക്കുന്നത്. ഒപ്പം പ്രായോഗികതയുടെ ജീവിതപാ ഠങ്ങൾ ശീലിക്കണമെന്ന സന്ദേശം പറയാതെ പറയുകയും ചെയ്യുന്നു.

എലിപ്പെട്ടി എന്ന കഥ ബഹുതലങ്ങളെ സംവാദാത്മകമായി അവതരിപ്പിക്കു ന്നു. വ്യക്തിജീവിതത്തെയും പ്രപഞ്ചജീവിതത്തെയും ഒരേപോലെ സ്പർശിക്കുന്ന ഈ കഥ ഒരുമയുടെയും ജീവിതനിരീക്ഷണത്തിന്റെയും വലിയ പാഠമാണ് അവത രിപ്പിക്കുന്നത്. കൂട്ടായ്മ നിർമ്മിക്കുന്ന ഐക്യത്തെ തകർത്തെറിയുന്ന വ്യക്തികൾ സ്വാർത്ഥതയും ഉദാസീനതയും സർവ്വനാശത്തിലേക്കാണ് വഴുതിവീഴുന്നത് എന്ന തിരിച്ചറിവ് പകരുന്നു. പാരസ്പര്യമാണ് ശ്രേയസ്സ് എന്ന വിശ്വദർശനം ലളിതസുന്ദ രമായി അവതരിപ്പിക്കാൻ ഈ കഥ പര്യാപ്തമാണ്. എലിപ്പെട്ടിയിൽ നിന്നും പ്രപ ഞ്ചത്തിന്റെ നിലനില്പുതന്നെ ചർച്ച ചെയ്യുന്ന ചിന്താപദ്ധതി ഈ കഥ രൂപപ്പെടു ത്തുന്നുണ്ട്.

ചിന്തക്ക് പ്രേരകമാകുന്ന ഉപാധി പൂർവ്വാനുഭവമാണ്. അവയെ മനച്ഛായ കൾ എന്ന് മനഃശാസ്ത്രം പറയുന്നു. മനച്ഛായകൾ രൂപപ്പെടുന്നത് ഭൂതകാലാനു ഭവങ്ങളുടെ പശ്ചാത്തലത്തിലാണ്. പാരമ്പര്യത്തിന്റെ കണ്ണിയെ കാത്തുസൂക്ഷി ക്കുന്ന നാടോടിക്കഥകൾ ഭൂതകാലാനുഭവങ്ങളുടെ കലവറയാണ്. കടന്നുപോയ തലമുറകൾ നേരിട്ട ജീവിതാനുഭവങ്ങൾ, പശ്ചാത്തലം, ആചാരങ്ങൾ, അനുഷ്ഠാന ങ്ങൾ, വിശ്വാസങ്ങൾ, ലോകബോധം എന്നിവ നാടോടിക്കഥകളിലൂടെ തലമുറ കൾക്ക് കൈമാറ്റം ചെയ്യപ്പെടുന്നു. അതുവഴി പൂർവ്വകാല അനുഭവങ്ങളിലൂടെ വൈവിധ്യമാർന്ന ചിന്താലോകം നാടോടിക്കഥകൾ പങ്കുവെയ്ക്കുന്നു.

### 4.5 നാടോടിക്കഥയും പാരമ്പര്യബോധവും

നാടോടിക്കഥ ഫോക്‌ലോറിന്റെ ഭാഗമാണ് എന്ന അർത്ഥത്തിൽ പാരമ്പര്യ വിജ്ഞാനത്തിന്റെ അടയാളപ്പെടുത്തലുകൾ നാടോടിക്കഥയുടെ ആന്തരികവും ബാഹ്യവുമായ ധർമ്മത്തെ നിർണ്ണയിക്കുന്നു. 'പാരമ്പര്യം' പരമ്പരയാ ലഭിച്ചത്, തലമുറ തലമുറകളാൽ കൈമാറ്റം ചെയ്യപ്പെട്ടുവരുന്നത് എന്ന അർത്ഥത്തെ ധ്വനി പ്പിക്കുന്നു. ജീവിതം തുടർച്ചയും വളർച്ചയും ഉള്ളതാണ്. അത് ഭൂത-വർത്തമാന-ഭാവി കാലങ്ങളിലൂടെ പരിണമിക്കുന്നു. പരിണാമത്തിന്റെ ശക്തിയും ഊർജ്ജവും പാരമ്പര്യവുമായി കണ്ണിചേർക്കപ്പെട്ടിട്ടുണ്ട്. ഓരോ കൂട്ടായ്മയും അവരവരുടെ അനുഭവത്തിന്റെയും ലോകബോധത്തിന്റെയും പശ്ചാത്തലത്തിൽ രൂപപ്പെടുത്തിയ പലതരം അറിവുകൾ തലമുറകളിലൂടെ കൈമാറ്റം ചെയ്യുന്നു. ഇത്തരം അറി വുകൾക്ക് രണ്ട് തരത്തിൽ നിലനിൽപ്പുണ്ട്. ഒന്ന് അറിവിന്റെ പ്രയോഗം, രണ്ട് പ്രയോഗത്തിന് നിദാനമായ ബോധം. അറിവിന്റെ പ്രയോഗത്തിലൂടെ കൂട്ടായ്മ ഭൗതികജീവിതത്തെ നേരിടുമ്പോൾ അറിവിനു നിദാനമായ ബോധം ജീവിത ത്തിന്റെ സമസ്തമേഖലകളിലും രചനാത്മകമായി സ്വാധീനിക്കുന്നു. ഓരോ കൂട്ടാ യ്മയും നേടിയെടുത്ത അറിവുകൾ വാമൊഴിവഴക്കങ്ങളായി, നാട്ടുകഥകളായി തല മുറകൾ കടന്ന് ആവശ്യമായ മാറ്റത്തോടെ വർത്തമാന സമൂഹത്തേയും സ്വാധീനി

ക്കുന്നു. നാട്ടുനടപ്പുകൾ, ആചാരങ്ങൾ, അനാചാരങ്ങൾ, വിശ്വാസങ്ങൾ, കീഴ്‌വഴക്കങ്ങൾ, നാട്ടറിവുകൾ എല്ലാം മറ്റ് നാടോടി വാമൊഴി വഴക്കങ്ങളിലെന്നപോലെ നാടോടിക്കഥയിലൂടെയും കൈമാറ്റം ചെയ്യപ്പെടുന്നു. സമൂഹത്തിലെ ഒരംഗം എന്ന നിലയിൽ മനുഷ്യൻ ആർജ്ജിച്ച വിജ്ഞാനം, വിശ്വാസം, കല, സദാചാരം, നിയമം, ശീലങ്ങൾ, മറ്റു കഴിവുകൾ എന്നിവയുടെ ആകത്തുകയായ സംസ്കാരത്തെ നില നിർത്താൻ പാരമ്പര്യബോധത്തിന് കഴിവുണ്ട്. പാരമ്പര്യബോധത്തെ വിനിമയം ചെയ്യുന്ന നാടോടിക്കഥകളിൽ തനത് സംസ്കാരത്തിന്റെ മുദ്രകൾ നിലീനമാണ്. ഇവ്വിധം പ്രവർത്തിക്കുന്ന പാരമ്പര്യബോധം ത്യാജ്യഗ്രാഹ്യബുദ്ധിയോടെ സ്വീകരിച്ച് വർത്തമാന ജീവിതത്തെ പുനർനിർണ്ണയിക്കാൻ പ്രേരണ നൽകും.

പാരമ്പര്യത്തെയും പാരമ്പര്യ അവബോധത്തെയും സർഗ്ഗാത്മകമായി ഉപയോഗിക്കാൻ പര്യാപ്തമായ വിധം നാടോടിക്കഥകൾ പ്രഭാഷണങ്ങളിലും കവിതകളിലും നാടകങ്ങളിലും സാമൂഹ്യമാധ്യമങ്ങളിലും ഗുണാത്മകമായി ഉപയോഗിക്കപ്പെടുന്നുണ്ട്. പുതിയ സന്ദർഭത്തെ വ്യാഖ്യാനിക്കാനും വിശദീകരിക്കാനും ആമയുടെയും മുയലിന്റെയും കഥപോലുള്ള നാടോടിക്കഥകൾ മലയാളിയുടെ വർത്തമാന സാമൂഹികസാംസ്കാരിക പ്രവർത്തനങ്ങളിൽ സജീവമാണ്.

പാരമ്പര്യത്തെയും സംസ്കാരത്തെയും പ്രതിഫലിപ്പിക്കുന്ന നാട്ടുകഥകളാൽ സമ്പന്നമാണ് മലയാളിയുടെ കഥാപാരമ്പര്യം. പരസ്പരവിശ്വാസം, അനുകമ്പ, സ്നേഹം, കാരുണ്യം തുടങ്ങിയ സദ്‌വിചാരങ്ങൾ, ഇവയിലൂന്നിയ പ്രവർത്തനങ്ങൾ മാനവജീവിതത്തെ നന്മയിലേക്ക് നയിക്കും എന്ന തിരിച്ചറിവിനെ വിനിമയം ചെയ്യുന്ന നിരവധി കഥകൾ കേരളത്തിലുണ്ട്. കറയറ്റ സ്നേഹവും, സൗഹാർദ്ദവും പരസ്പരസഹായവും ജീവിതപ്രതിസന്ധികളെ മറികടക്കാൻ പര്യാപ്തമാകും (മണ്ണാങ്കട്ടയും കരിയിലയും), അന്യന്റെ മുതൽ അനാവശ്യമായി ഉപയോഗിക്കരുത് (കോടൻഭരണിയിലെ ഉപ്പുമാങ്ങ) തങ്ങളെ വളർത്തി വലുതാക്കിയ അച്ഛനമ്മമാരെ സംരക്ഷിക്കേണ്ട ചുമതല മക്കൾക്കാണെന്ന് ബോധ്യപ്പെടുത്തുന്ന (മുത്തച്ഛന്റെ

ചട്ടി) തിന്മയുടെ മുകളിൽ അന്തിമ വിജയം നന്മയ്ക്കാണെന്ന അറിവുപകരുന്ന (നിധികിട്ടുമ്പോൾ, തിയ്യാട്ടുണ്ണി) വഞ്ചന തന്റെതന്നെ വിനാശത്തിന് കാരണമാവും (ഉണ്ടനും ഉണ്ടിയും പുള്ളിപ്പുലിയും) അധ്വാനം സമ്പത്താണ് (തോട്ടത്തിലെ നിധി) അധ്വാനവും കരുതലുമാണ് ജീവിതത്തിന്റെ സുസ്ഥിരത (മടിയൻ മലചുമക്കും) ജീവിതസാഫല്യം നേടാൻ കാശിയിൽ പോകണം എന്ന വിശ്വാസം രൂപപ്പെടുത്തിയ കൂട്ടായ്മയുടെ വിശ്വാസം കൈമാറ്റം ചെയ്യപ്പെടുന്ന (മണ്ണാങ്കട്ടയും കരിയിലയും) അമ്മാവന്മാരുടെ അധികാരഗർവ്വിനെ സൂചിപ്പിക്കുന്ന (അധികാരിയമ്മാവൻ) ആന കമ്പത്തെ മാത്രമല്ല ആനയാരാധനയേയും ഹൃദയത്തിൽ സൂക്ഷിക്കുന്ന മലയാളി (ആനയും തുന്നൽക്കാരനും) ജീവിതത്തെ ഹാസ്യാത്മകമായി സമീപിച്ചിരുന്ന നമ്പൂതിരി പാരമ്പര്യം (പരമസുഖം) മലയാളിയുടെ മർമ്മ വിദ്യാപാരമ്പര്യത്തെ വെളിപ്പെടുത്തുന്ന (മർമ്മവിദഗ്ധൻ) തുടങ്ങിയ എത്രയോ വിപുലമായ കേരളീയ പാരമ്പര്യ വഴികളെയാണ് കഥകൾ അടയാളപ്പെടുത്തുന്നത്. ജീവിത നിരീക്ഷണങ്ങളും കണ്ടെത്തലുകളും നിലപാടുകളും പരമ്പരയാ കൈമാറ്റം ചെയ്യാൻ ഒരുക്കിവച്ച ആഖ്യാനരൂപങ്ങളായി മലയാളി നാടോടിക്കഥ ഇവ്വിധം മാറുന്നു.

### 4.6 ഭാഷാശേഷിയും നാടോടിക്കഥകളും

ഭാഷ ഒരു സാമൂഹിക ഉൽപന്നമാണ്. കൂട്ടായ്മയുടെ വികാരങ്ങളും ചിന്തകളും കണ്ടെത്തലുകളും വിനിമയം ചെയ്യാനുള്ള ഉപാധിയായി ഭാഷ മാറുന്നു. ആ അർത്ഥത്തിൽ ആശയവിനിമയമാണ് ഭാഷയുടെ മുഖ്യധർമ്മം. മനുഷ്യ സൃഷ്ടിയിലെ മഹാത്ഭുതമാണ് ഭാഷ. സഹജമായ ശേഷിയുടെ ഭാഗമായിട്ടാണ് ഭാഷാപഠനം പുരോഗമിക്കുന്നത്. സഹജമായ ശേഷിയും സാമൂഹികവും സാംസ്കാരികവുമായ ഇടപെടലുകളും ഭാഷാപഠനത്തെ നിർണയിക്കുന്നു. കൂട്ടായ്മയിലൂടെ നിർമ്മിക്കപ്പെട്ട നാടോടിക്കഥകൾ ഉൾപ്പെടെയുള്ള വാമൊഴി വഴക്കങ്ങളെല്ലാം തന്നെ പ്രസ്തുത സമൂഹത്തിന്റെ മാതൃഭാഷയുടെയും മാതൃസാഹിത്യത്തിന്റെയും

ഭാഗമായിരിക്കുമ്പോൾ തന്നെ തലമുറയെ ഭാഷാഭ്യസനത്തിന് സ്വാഭാവികമായി പ്രേരണ നൽകുകയും ചെയ്യുന്നുണ്ട്.

ഒരു ജനത സ്വന്തം വികാരവിചാരങ്ങളും കണ്ടെത്തലുകളും നിരീക്ഷണങ്ങളും മറ്റും പരസ്പരം പങ്കുവെയ്ക്കാൻ രൂപംകൊടുത്ത ആശയവിനിമയ ഉപാധിയാണ് ഓരോ ജനതയുടെയും മാതൃഭാഷ. ഏത് ഭാഷയാണോ ജനിച്ചുവീഴുന്ന ഒരു കുട്ടി തന്റെ തൊട്ടടുത്ത സാഹചര്യങ്ങളിൽ നിന്ന് ആർജ്ജിക്കുന്നത് ആ ഭാഷയാണ് അവന്റെ /അവളുടെ മാതൃഭാഷ. ദേശമാണ് മാതൃഭാഷയുടെ പ്രഭവകേന്ദ്രം. ഒരു ദേശത്തെ ജനത ഉപയോഗിക്കുന്ന ഭാഷയാണ് ആ ദേശത്തിന്റെ മാതൃഭാഷ. പരിസരമാണ് വ്യക്തിയുടെ മാതൃഭാഷയെ നിർണയിക്കുന്നത്. അതിനാൽ മാതൃഭാഷ ജനിതകസങ്കല്പമല്ല സാമൂഹികസങ്കല്പമാണ്.

''മാതൃഭാഷ എന്നത് ജനിതകമായ ഒരു സങ്കല്പമാണ് എന്നാണ് പലരും ധരിച്ചിരിക്കുന്നത്. അമ്മ പറയുന്ന ഭാഷ എന്ന അർത്ഥത്തിൽ മാതൃഭാഷക്ക് സ്വയം ജൈവശക്തിയുണ്ടെന്നു പറയുമ്പോൾ അതിനർത്ഥം അത് അമ്മയുടെയും അച്ഛന്റെയും ശരീരത്തിലൂടെ ശിശുവിന് സ്വാഭാവികമായി ലഭിക്കുന്നതാണ് എന്നതല്ല. മാതൃഭാഷ എന്നത് സാമൂഹ്യ സങ്കല്പമാണ്. പരിസ്ഥിതികളിൽ നിന്ന് തൊട്ടടുത്ത സമൂഹത്തിൽനിന്ന്, അതിന്റെ ബോധാബോധങ്ങളിൽ നിന്ന്, സ്നേഹദ്വേഷങ്ങളുടെ ആവിഷ്കാരങ്ങളിൽ നിന്ന് ശിശു ആർജ്ജിക്കുന്ന ഭാഷയെയാണ് മാതൃഭാഷ എന്നു വിളിക്കേണ്ടത്.''[5]

ശിശു ആർജ്ജിക്കുന്ന മാതൃഭാഷയുടെ സ്രോതസ്സ് സമൂഹമാണ് എന്ന നിരീക്ഷണം കൂട്ടായ്മയും ഭാഷയും തമ്മിലുള്ള ബന്ധത്തെ സൂചിപ്പിക്കുന്നു. ഒരു കൂട്ടായ്മ നിർമ്മിക്കുന്ന വാമൊഴി വഴക്കങ്ങൾ മാതൃഭാഷയുടെ നിർമ്മിതിയിലും നിലനിൽപ്പിലും ഏറെ സ്വാധീനം ചെലുത്തുന്നുണ്ട്. വാമൊഴിവഴക്കങ്ങളിൽ സുപ്രധാനമായ നാടോടിക്കഥകൾ അവയുടെ ഓരോ പാഠവും പാഠഭേദവും അതത് ദേശത്തിന്റെ മാതൃഭാഷയിലൂടെയാണ് വിനിമയം ചെയ്യുന്നത്. അത്തരം വിനിമയങ്ങൾ

മാതൃഭാഷയെ പുഷ്ടിപ്പെടുത്തുകയും പാമ്പര്യബോധത്തെ ശക്തിപ്പെടുത്തുകയും ചെയ്യുന്നു. ഇന്ദ്രിയാനുഭവമാണ് അറിവിന്റെ ആദ്യഘട്ടം. സ്പർശനം, രുചി മുതലായ അനുഭവങ്ങളിൽ നിന്നും കേട്ടും കണ്ടും അനുഭവിച്ചുകൊണ്ട് കേവല ധാരണയിലേയ്ക്കും താരതമ്യം, അവബോധം, യുക്തിവിചാരം തുടങ്ങി ചിന്തയുടെ ഉയർന്ന പടവുകളിൽ നമ്മെ എത്തിക്കുന്നത് മാതൃഭാഷയാണ്. അമൂർത്തമായ ആശയങ്ങളെ ഭാവന ചെയ്യാൻ ഏതൊരു മനുഷ്യനും ഊന്നുവടിയാകുന്നത് മാതൃ ഭാഷയാണ്. ഈ അർത്ഥത്തിൽ ഭാവനയും ചിന്തയും രൂപപ്പെടുത്തുന്ന ജൈവഭാഷ യാണ് മാതൃഭാഷ. ഈ ജൈവഭാഷയിലൂടെയാണ് നാടോടിക്കഥകൾ അതത് സമൂ ഹത്തിൽ പ്രചലിതമാകുന്നത്.

കുട്ടിക്കാലത്ത് കേൾക്കുന്ന നാടോടിക്കഥകളിൽ നിന്ന് വാക്കുകളും വാക്യ ങ്ങളും ലളിതവും സങ്കീർണ്ണവുമായ വ്യാകരണഘടനയുമെല്ലാം കഥാഖ്യാനം എന്ന സ്വാഭാവിക വ്യവഹാരത്തിലൂടെ കുട്ടിയിലെത്തിച്ചേരുന്നു. കഥയിലെ പ്രമേയവും ഇതിവൃത്തവും ഗുണപാഠവും സ്വീകരിക്കുന്നതോടൊപ്പം അറിയാതെ ഭാഷയുടെ പല തലങ്ങളും സ്വാംശീകരിക്കപ്പെടുകയും ചെയ്യുന്നു. മലയാളിയുടെ നാടോടിക്ക ഥകൾ മാതൃഭാഷയായ മലയാളത്തിലൂടെ ഇങ്ങനെ ഇടപെടുമ്പോൾ ഭാഷാവികസ നവും സാംസ്കാരിക വിനിമയവും സർഗ്ഗാത്മകമായി ഉറപ്പുവരുത്തും.

ഏതൊരറിവിന്റെയും അടിസ്ഥാനം ശ്രദ്ധയിലൂന്നുന്നു. ''ശ്രദ്ധാവാൻ ലഭതേ ജ്ഞാനം'' എന്നർത്ഥം[6]. ഭാഷാശേഷിയുടെ താങ്ങും ശ്രദ്ധ തന്നെ. കുട്ടിയിൽ ശ്രദ്ധ ഉത്പാദിപ്പിക്കാൻ അപാരമായ സാധ്യതയുള്ള പഠനവിഭവമാണ് നാടോടിക്കഥകൾ. കുട്ടികളുടെ അനുഭവപരിസരത്തുനിന്നും കണ്ടെടുക്കുന്ന കഥാപാത്രങ്ങൾ (മൃഗ ങ്ങൾ, പക്ഷികൾ) അണിനിരക്കുന്ന നാടോടിക്കഥകൾ ഭാവനാസമ്പന്നമായി സുഘ ടിതമായി അവതരിപ്പിക്കുമ്പോൾ കാതോർക്കുന്ന കുട്ടി ചുറ്റുപാടുകൾ മറക്കുന്നു. ഈ 'മറവി' ശ്രദ്ധയിലേക്കുള്ള പടികളായി മാറുന്നു. ഇങ്ങനെ ചെറുപ്രായത്തിൽ

തന്നെ അബോധമായി ശ്രദ്ധ എന്ന നൈപുണി രൂപപ്പെടുത്താൻ സുസജ്ജമാണ് നാടോടിക്കഥകൾ.

വാമൊഴിയായി പ്രചലിതമാവുന്ന നാടോടിക്കഥകൾ ഭാഷാനൈപുണിയായ സംസാരം, എഴുത്ത്, വായന എന്നിവയെ സക്രിയമാക്കുന്നു. കഥ അവതാരകൻ അവതരണ സന്ദർഭത്തിന്റെയും കഥാസന്ദർഭത്തിന്റെയും ഔചിത്യം ഉൾകൊണ്ട് അനുഗുണമായ ഭാവഭേദങ്ങളോടെ പറയുമ്പോൾ ശ്രദ്ധയോടെ മുന്നിലിരിക്കുന്ന കുട്ടി സംസാരത്തിന്റെ താളം തിരിച്ചറിയുന്നു. ഉച്ചാരണത്തിന്റെ വൈവിധ്യമാർന്ന തലങ്ങൾ അബോധമായി കുട്ടിയിൽ നിറയും. കൃത്യവും വ്യക്തവും സന്ദർഭാനുസാരിയുമായ സംഭാഷണശൈലി രൂപപ്പെടുത്താനുള്ള ശേഷി കഥ ശ്രവണത്തിലൂടെ കൈവരുന്നു. താരതമ്യേന ചെറുതും ലളിതവുമായ കേരളീയനാടോടിക്കഥ ചെറുവാക്യങ്ങളിലൂടെയാണ് പുരോഗമിക്കുന്നത്. ലഘുവാക്യങ്ങളിലെ ആവർത്തിച്ചുവരുന്ന വൈവിധ്യമാർന്ന പദങ്ങളിലൂടെ പദസമ്പത്ത് വർദ്ധിക്കുന്നു. അതോടൊപ്പം ലഘുവാക്യങ്ങളിലെ പദങ്ങളുടെ അർത്ഥം സന്ദർഭത്തിൽ നിന്നും തിരിച്ചറിയാനും പദബോധം, വാക്യബോധം, വ്യാകരണവിവേകം എന്നിവ കഥയുടെ കേൾവിയിലൂടെയും വായനയിലൂടെയും ലഭിക്കും. ഇങ്ങനെ ആവശ്യമായ പദബോധവും അർത്ഥപരമായ തിരിച്ചറിവും കഥാ ശ്രവണത്തിൽ നിന്നും ലഭിക്കുന്നു. ക്രമാനുഗതമായ കഥാപരിണാമം പരിണാമഗുപ്തിയോടെ നിർവ്വഹിക്കപ്പെടുമ്പോൾ വായനയെ ശക്തിപ്പെടുത്തും. കഥയുടെ ഗതിവിഗതികൾ അന്വേഷിക്കുന്ന മനസ്സ് വായനയുടെ തുടർച്ചയിലേക്കും വളർച്ചയിലേക്കും നയിക്കും. കഥയിൽ പറഞ്ഞ കാര്യങ്ങൾ തന്നെ ആവർത്തിക്കുമ്പോൾ കഥാഘടന സുഘടിതമായി നിലനിർത്തിക്കൊണ്ട് തന്നെ നഷ്ടപ്പെടുന്ന ആശയങ്ങളെ തിരിച്ചുപിടിക്കാനും കഴിയുന്നു. കേൾവിയിലൂടെയും വായനയിലൂടെയും രൂപപ്പെടുന്ന ആശയങ്ങൾ ക്രമാനുഗതമായി മറ്റൊരു സന്ദർഭത്തിൽ അവതരിപ്പിക്കാൻ പ്രേരിതമാവുന്നു. അത് സംസാരരൂപത്തിലും എഴുത്തിന്റെ രൂപത്തിലും ആവിഷ്കരിക്കപ്പെടും. സ്വാഭാവികമായി പറയാനും കേൾക്കാനും എഴുതാനും ശക്തിപകരുന്ന നാടോടിക്കഥാവതര

ണങ്ങൾ കുട്ടികളിൽ സർഗ്ഗാത്മകതയുടെ വൈവിധ്യമാർന്ന ആവിഷ്കാരപ്രകാര ങ്ങൾക്ക് ഇടമൊരുക്കും.

ഭാഷാനൈപുണിയെ സമൃദ്ധമാക്കാൻ ഉപകരിക്കുന്ന വ്യത്യസ്ത വ്യവഹാര രൂപങ്ങളിലൂടെ നാടോടിക്കഥ അതിന്റെ ഭാഷാധർമ്മത്തെ പ്രചലിതമാക്കുന്നു. വൈവിധ്യമാർന്ന മസ്തിഷ്കങ്ങളുടെ ആവശ്യങ്ങളെ തൃപ്തിപ്പെടുത്തുംവിധം നാടോടിക്കഥാപൂരണങ്ങളിൽനിന്നും പ്രസംഗം, കഥാപ്രസംഗം, അഭിനയം, ചിത്രീ കരണം, ആനിമേഷൻ, നാടകീകരണം, കഥ ചുരുക്കിയെഴുത്ത്, കഥ ചുരുക്കിപ്പറ യൽ, വിശകലനാത്മക വായന, സ്വാഭിപ്രായ പ്രകടനങ്ങൾ, നിരൂപണം തുടങ്ങി ഭാഷാനൈപുണിയെ ആഴത്തിലും വ്യാപ്തിയിലും തലമുറകളിൽ വാർത്തെടുക്കാ നുള്ള പഠനവിഭവമായി മാറുന്നു നാടോടിക്കഥകൾ.

## 4.7 നാടോടിക്കഥയും സർഗ്ഗാത്മകതയും

'സർഗ്ഗാത്മകത' ഒരു പ്രതിഭാസമാണ്. മനുഷ്യനെ ഇതരജീവികളിൽ നിന്നും വേറിട്ടുനിർത്തുന്ന സവിശേഷവൈഭവം. ലോകത്തെയും ജീവിതത്തെയും സവിശേഷമായും രചനാത്മകമായും ആവിഷ്കരിക്കാനുള്ള മനുഷ്യന്റെ ഈ ശേഷിയെ കുറിച്ച് നിരവധി പഠനങ്ങൾ പുറത്തുവന്നിട്ടുണ്ട്.

'മനുഷ്യൻ നേരത്തെതന്നെ നേടിയെടുത്ത ആശയങ്ങളും ധാരണകളും വസ്തുതകളും ഏകീകരിച്ച് പുനഃക്രമീകരിച്ച് പുതിയ ആശയമോ വസ്തുക്കളോ ധാരണകളോ ആയി ആവിഷ്കരിക്കാനോ സൃഷ്ടിക്കാനോ ഉള്ള കഴിവിനെ സർഗ്ഗാത്മകത എന്ന് വിലയിരുത്താം. എല്ലാ മനുഷ്യരിലും ഏറിയും കുറഞ്ഞും നിലനിൽക്കുന്ന ഈ സർഗ്ഗാത്മകതയെ മികച്ച പഠനാനുഭവങ്ങൾ നൽകി പരിപോ ഷിപ്പിക്കാം.'[7]

വ്യക്തിത്വ സംസ്കരണത്തിലെ രാസത്വരകഘടകം സർഗ്ഗാത്മകതയാണ്. മികച്ച ആസ്വാദനബോധത്തിൽ നിന്നു മാത്രമേ സർഗ്ഗാത്മകത രൂപപ്പെടൂ. ചുറ്റുപാ

ടുകളുടെ ഉൽപ്പന്നമാണ് മനുഷ്യനും അവന്റെ മനസ്സും. മനുഷ്യമനസ്സ് ജീവിതത്തിൽനിന്നും നേടിയെടുത്ത അനുഭവങ്ങളും ആശയങ്ങളും ധാരണകളും വസ്തുതകളും ഏകീകരിക്കുമ്പോൾ അഥവാ അലിഞ്ഞ് ചേരുമ്പോൾ മനുഷ്യമനസ്സിൽ ആസ്വാദനമാണ് നടക്കുന്നത്. ആസ്വാദനത്തിന്റെ പരകോടിയിലാണ് വസ്തുക്കളിലും സംഭവങ്ങളിലും പുതിയ ഭാവവും രൂപവും കണ്ടെത്തുകയും പുതിയ രൂപത്തിൽ ആവിഷ്കരിക്കുകയും ചെയ്യുന്നത്. ഈ അർത്ഥത്തിൽ ആസ്വാദനശേഷിയും സർഗ്ഗാത്മകതയും മനുഷ്യമസ്തിഷ്കത്തിന്റെ സവിശേഷ വൈഭവമാകുന്നു.

ആസ്വാദനശേഷിയും സർഗ്ഗാത്മകതയുമാണ് ജീവിതത്തെ പുനരാഖ്യാനം ചെയ്യുന്നത്. ജീവിതത്തെ നാനാർത്ഥത്തിൽ വായിക്കാനും ആവിഷ്കരിക്കാനും കഴിയുന്നു എന്നതാണ് നാടോടിവാമൊഴി വഴക്കത്തെ സക്രിയവും സചേതനവുമാക്കുന്നത്. നാടോടിക്കഥകൾ ഇത്തരം ജീവിതാഖ്യാനങ്ങളാണ്, സർഗ്ഗാത്മകതയുടെ അടയാളപ്പെടുത്തലാണ്. നാടോടിക്കഥയുടെ ലോകം അചേതനങ്ങളെ സചേതനമാക്കുന്നു. വൈരുദ്ധ്യങ്ങളെ ഇണക്കി നിർത്തുന്നു. അസാധ്യങ്ങളെ സാധ്യമാക്കുന്നു. യാഥാർത്ഥ്യവും അയാർത്ഥ്യവും അലിഞ്ഞു ചേരുന്നു. യുക്തിക്കുള്ളിലെ യുക്തിയും അയുക്തിയിലെ യുക്തി ചിന്തയും ചേർന്ന് നിർമ്മിക്കുന്ന ബൃഹദ് പ്രപഞ്ചമാണ്. മലയാളിയുടെ നാടോടിക്കഥാപാരമ്പര്യം ഇത്തരം സവിശേഷതകളുടെ സമൃദ്ധി അടയാളപ്പെടുത്തുന്നു. മനുഷ്യനും മൃഗങ്ങളും കഥാപാത്രമാവുന്ന കഥകൾ (ആനയും തുന്നൽക്കാരനും, ഉണ്ടനും ഉണ്ടിയും പുള്ളിപ്പുലിയും) അസാധ്യങ്ങളെ സാധ്യമാക്കുന്ന ഒരു സവിശേഷ ഭാവരാശിയെ വെളിപ്പെടുത്തുന്നു. മണ്ണാങ്കട്ടയും കരിയിലയും, അത്തിമരത്തിലെ കരള്, ഏകാദശി നോറ്റ കാക്ക എന്നീ കഥകൾ യുക്തിക്കുള്ളിലെ യുക്തിയും പ്രത്യക്ഷീകരിക്കുന്നു. അയുക്തിയിലെ യുക്തി അവ്വിധം തന്നെ മികച്ച കഥാനുഭവങ്ങളിലൂടെ ചർച്ച ചെയ്യുകയും പഠിപ്പിക്കുകയും ചെയ്യുന്ന പണിക്കരുടെ വാഴത്തോട്ടം, മർമ്മവിദഗ്ധൻ വൈരുദ്ധ്യങ്ങളെ കൂട്ടിയിണക്കുന്ന ചെമ്പൂപ്പൻ, കുറുക്കത്തിപ്പെണ്ണിന്റെ ബുദ്ധി ഉൾപ്പെടെ പല കഥകളിലും ഈ

രീതിയിൽ സർഗ്ഗാത്മകതയുടെ ആധാരമണ്ഡലം കണ്ടെത്താൻ പറ്റും. അപാരമായ ആസ്വാദനശേഷിയും അസാധാരണമായ സർഗ്ഗാത്മകതയും വിളക്കിച്ചേർക്കുന്ന മലയാളിയുടെ നാടോടിക്കഥകൾ ഒരു മനുഷ്യനെന്ന നിലയിൽ പൂർണ്ണനാക്കാൻ പര്യാപ്തമാണ് എന്ന കെ. ശ്രീകുമാറിന്റെ നിരീക്ഷണം ഇത് പ്രതിഫലിപ്പിക്കുന്നു.

''അവയിൽ ജീവിതത്തിന്റെ പച്ചപ്പുണ്ട്. നന്മതിന്മകളുടെ നിരന്തര സംഘർഷമുണ്ട്. നമ്മുടെ മണ്ണിന്റെ ചൂടും ചൂരുമുണ്ട്. കഥാന്ത്യത്തിൽ മനസ്സിൽ സൂക്ഷിക്കാൻ അനല്പമായ അനുഭൂതിയും അവയിലുണ്ട്. മനസ്സുറയ്ക്കും മുമ്പെ കേട്ടറിഞ്ഞ കഥകൾ നമ്മുടെ വ്യക്തിത്വ രൂപീകരണത്തിലും മൂല്യബോധങ്ങളുടെ നിർമ്മിതിയിലും തികഞ്ഞ സ്വാധീനം ചെലുത്തുന്നു. ഒരുവനെ മലയാളിയാക്കി മാറ്റുന്നതിലും ഈ കഥകൾ ചെലുത്തുന്ന പങ്ക് ചെറുതല്ല. മറ്റാർക്കും മുന്നിൽ അടിയറ വെയ്ക്കേണ്ടതില്ലാത്ത നമുക്ക് മാത്രം സ്വന്തമായ കഥാപൈതൃകം ഒരു മനുഷ്യനെന്ന നിലയിൽ നമ്മെ പൂർണനാക്കുക കൂടി ചെയ്യുന്നു''[8]

സർഗ്ഗാത്മകതയും ആസ്വാദനശേഷിയും തുളുമ്പുന്ന നാടോടികഥകൾ മലയാളിയുടെ വർത്തമാന ജീവിതത്തെയും ജീവിതസന്ദർഭങ്ങളെയും പുനർനിർവ്വചിക്കാനും പുനസൃഷ്ടിക്കാനുള്ള പ്രേരകശക്തിയായി സമൂഹികശരീരത്തിൽ നിലനിൽക്കുന്നുണ്ട്. ഇത് കൂട്ടായ്മ സൃഷ്ടിക്കുന്ന വാമൊഴിവഴക്കങ്ങളുടെ ആവിഷ്കാര പ്രകാരങ്ങളുടെ പ്രസക്തിയും നൂതനത്വവും ബോധ്യപ്പെടുത്തുന്നു.

### 4.8 നാടോടിക്കഥയും വികാരവിരേചനവും

ജനനം മുതൽ മരണംവരെ വികാരവിചാരങ്ങളാൽ നിയന്ത്രിക്കപ്പെടുന്നു മനുഷ്യൻ. നന്മ നിറഞ്ഞതും സക്രിയവുമായ വികാരങ്ങളോടൊപ്പം തിന്മ നിറഞ്ഞതും ആപൽക്കരവുമായ വികാരങ്ങൾ മനുഷ്യമനസ്സിൽ അന്തർലീനമാണ്. കൂട്ടായ്മയിൽ ജീവിക്കുന്ന മനുഷ്യൻ വൈയക്തികമായി വേറിട്ടു നിൽക്കുമ്പോഴും സമൂഹവുമായി ഇടപഴകി മാത്രമേ ജീവിക്കാൻ പറ്റൂ. വൈയക്തികമായ വികാരമണ്ഡലം അതിന്റെ പ്രാകൃതാവസ്ഥയിൽ പ്രവർത്തിക്കുമ്പോൾ വ്യക്തി, കൂട്ടായ്മ

യുടെ നേരായ നിലനിൽപിന് പ്രതിബന്ധമാവും. ഇവിടെ വ്യക്തി മനസ്സും സമൂഹ മനസ്സും തമ്മിൽ ആന്തരികവും ബാഹ്യവുമായ സംഘർഷത്തിന് വിധേയമാവുന്നു. ഈ വൈകാരിക പ്രതിസന്ധിയെ മുറിച്ചുകടക്കാൻ മറ്റ് നാടോടിവിഭവങ്ങൾക്കെന്ന പോലെ നാടോടിക്കഥകൾക്കും അനന്തസാധ്യതകൾ ഉണ്ട്.

സുശക്തമായ വികാരങ്ങൾക്ക് വിധേയനായ മനുഷ്യൻ അതിന് അടിമയാവുമ്പോൾ, ജീവിതത്തിൽ അവ പ്രകടിപ്പിക്കാൻ അവസരം ഇല്ലാതെ വരുമ്പോൾ നേരിടുന്ന ആന്തരസംഘർഷങ്ങളെ മറികടക്കാൻ ഇത്തരം വികാരങ്ങളെ സ്വച്ഛന്ദമായും നിരുപദ്രവകരമായും പ്രകടിപ്പിക്കാൻ അവസരം ഒരുക്കുമ്പോൾ മനസ്സ് പ്രശാന്തവും പ്രബുദ്ധവുമാകുന്നു. ബോധപൂർവ്വം മനസ്സിന്റെ മണ്ഡലത്തിൽ ഇടപെട്ട് വിമുക്തി നേടുന്ന പ്രക്രിയയാണ് വികാരവിരേചനം (catharsis). വികാരവിരേചനം സാഹിത്യാദി കലകളിലൂടെ നിറവേറ്റപ്പെടുന്നതുമൂലമാണ് സമൂഹം താളഭംഗമില്ലാതെ നിലനിൽക്കുന്നത്. ശക്തമായ വികാരങ്ങളിൽനിന്ന് പുറത്തുകടക്കാൻ രണ്ട് മാർഗ്ഗങ്ങൾ സ്വീകരിക്കുന്നു. ഒന്ന് വികാരത്തെ മനസ്സിന്റെ ആഴങ്ങളിലേക്ക് അടിച്ചമർത്തുക. എന്നാൽ ഇത്തരം അടിച്ചമർത്തൽ വ്യക്തിയെയും സമൂഹത്തെയും ശിഥിലമാക്കാൻ വരെ കാരണമാവാം. മറ്റൊന്ന് വികാരങ്ങളെ സംസ്കരിച്ച് വിശുദ്ധമാക്കുകവഴി മനസ്സിന്റെ ഒരു പാതി സ്വയം സംതൃപ്തി നേടുമ്പോൾ തന്നെ മറുപാതി സംസ്കരണത്തിന്റെ പാതയിൽ സംതൃപ്തി നേടുന്നു. സംസ്കരണത്തിന്റെ പാതയിൽ വ്യക്തി മനസ്സിനെ സമീകൃതാവസ്ഥയിലേക്ക് കൊണ്ടുവരാൻ പര്യാപ്തമായ നാടോടിക്കഥകൾ ഓരോ കൂട്ടായ്മയും നിർമ്മിച്ചിട്ടുണ്ട്. അടിച്ചമർത്തപ്പെട്ട വികാരവിചാരങ്ങൾ നിരുപദ്രവകരമായി കഥകളിൽ അവതരിപ്പിക്കപ്പെടും, അതുവഴി വ്യക്തിത്വത്തെ സംസ്കരിച്ച് ക്രിയാത്മകമാക്കി ഉണർത്തി നിർത്തും. ഈ മാനസിക സമീകൃതാവസ്ഥ പൊതുബോധത്തെയും കൂട്ടായ്മയേയും അംഗീകരിക്കാൻ വ്യക്തിയെ പ്രാപ്തമാക്കുന്നു.

മനഃശാസ്ത്രപരമായ ഇത്തരം ചികിത്സ നിറവേറ്റുന്ന ഒട്ടനവധി നാടോടിക്ക ഥകൾ മലയാളിക്കുണ്ട്. ആദിവാസിസമൂഹം രൂപം കൊടുത്ത 'കുറുക്കത്തിപ്പെണ്ണിന്റെ ബുദ്ധി' രതിയുടെ വിചിത്രഭാവങ്ങൾ ചർച്ച ചെയ്യുന്നു. തന്റെ ഭാര്യയെ സംശയിക്കുന്ന സിംഹം, യൗവനത്തെ, പ്രതാപത്തെ സാധൂകരിക്കുന്ന ജട കൊഴിയുന്നതിൽ സിംഹത്തിനുള്ള വ്യഥ, മരുന്നുഫലിക്കാതെ വരുമ്പോൾ ജീവികളെ കൊന്നുതിന്ന് തന്റെ പ്രതാപവും ശക്തിയും ഭാര്യയുടെ മുന്നിൽ പ്രദർശിപ്പിക്കുന്ന സിംഹം, ദാരുണമായ അവസ്ഥയെ മറികടക്കാൻ കുറുക്കത്തിപ്പെണ്ണ് പ്രയോഗിക്കുന്ന ബുദ്ധി - ഇവയിലെല്ലാം മനുഷ്യമനസ്സിന്റെ പ്രതിഫലനങ്ങളുണ്ട്. മനുഷ്യർ അബോധമായി അനുഭവിക്കുന്ന ഇത്തരം വൈകാരിക പ്രതിസന്ധിയെ മറികടക്കാൻ കൂട്ടായ്മ നിർമ്മിച്ച വികാരവിരേചന ഉപാധിയാണ് കുറുക്കത്തിപ്പെണ്ണിന്റെ ബുദ്ധി എന്നകഥ. സമൂഹത്തിൽ ഈശ്വരതുല്യം കരുതുന്ന പണക്കാരെയും അയാൾ നിർമ്മിക്കുന്ന അയുക്തികളെയും ആക്ഷേപഹാസ്യത്തിലൂടെ അവതരിപ്പിക്കുന്ന 'പണിക്കരുടെ വാഴത്തോട്ടം' അധികാര കേന്ദ്രങ്ങളെ വിമർശിക്കാനും അധികാരം കെട്ടിപൊക്കിയ സങ്കൽങ്ങളെ പൊളിച്ചടുക്കാനും അതുവഴി വികാരവിമലീകരണം നേടാനും കൂട്ടായ്മയ്ക്ക് ഈ കഥയിലൂടെ സാധിക്കുന്നു. സ്വത്വപ്രതിസന്ധി നേരിടുന്ന ആദിവാസി മനസ്സിന്റെ വികാരവിമലീകരണം പൂർത്തിയാക്കുകയാണ് ചെമ്പൂപ്പൻ എന്ന കഥ ചെയ്യുന്നത്. ജൈവപ്രകൃതിയിലേയ്ക്കും ദാരിദ്ര്യവിമോചനത്തിലേക്കും തുടിക്കുന്ന ആദിവാസി മനസ്സ് വികാരവിമലീകരണം നേടുന്നത് ചെമ്പൂപ്പൻ ചെമ്പോത്താവുന്നതിലൂടെയാണ്. ഇങ്ങനെ വ്യക്തിയുടെയും സമൂഹത്തിന്റെയും സുസ്ഥിതിയെ രൂപപ്പെടുത്തുന്നതിൽ മുഖ്യപങ്ക് നിർവ്വഹിക്കുകവഴി നാടോടിക്കഥ അതിന്റെ ധർമ്മം നിറവേറ്റുന്നു. ഇത് കഥ കേൾക്കുകയും വായിക്കുകയും സ്വീകരിക്കുകയും ചെയ്യുന്ന സമൂഹത്തെയും വ്യക്തിയെയും ആഴത്തിൽ സ്വാധീനിക്കുന്നു. വർത്തമാന സമൂഹത്തെപ്പോലും സമീകൃതമാക്കാൻ നാടോടിക്കഥകൾക്ക് സാധിക്കുന്നു എന്ന വാസ്തവം തിരിച്ചറി

യുകയും അതിനനുസൃതമായി കഥയുടെ പുതിയ പ്രായോഗികപരിസരം സൃഷ്ടിക്കുകയും ചെയ്യേണ്ടത് നല്ല നാഗരികതയ്ക്ക് അനിവാര്യമാണ്.

### 4.9 നാടോടിക്കഥയും മാനവികതയും

പ്രപഞ്ചത്തോളം വികസിക്കുന്ന മനുഷ്യന്റെ നൈതികമായ കാഴ്ചപ്പാടാണ് മാനവികത. അത് മനുഷ്യനും പ്രപഞ്ചവും കാത്തുസൂക്ഷിക്കുന്ന പാരസ്പര്യത്തിന്റെ അടയാളമാണ്. സർവ്വവിധ ഭേദചിന്തകൾക്കും അപ്പുറത്ത് മനുഷ്യനും പ്രപഞ്ചവും ഒന്നാണെന്ന അവബോധത്തിൽനിന്നും മാനവികദർശനം രൂപം കൊള്ളുന്നു. അത് തത്ത്വചിന്താപരവും നൈതികവുമായ കാഴ്ചപ്പാടാണ്. മനുഷ്യനെ കേന്ദ്രസ്ഥാനത്ത് നിർത്തുന്ന യുക്തിപരമായ ഒരു ദർശനം. ഒരു വ്യവസ്ഥയോ ചിന്തയോ പ്രവൃത്തിയോ, മാനവിക താൽപര്യത്തോടുകൂടി നിർവ്വഹിക്കപ്പെടുന്നതെന്തിലും മാനവികത ദൃശ്യമാണ്. അത് പുരോഗമനാത്മകമാണ്. മനുഷ്യവംശത്തിന്റെ മൂല്യസംവാഹകതയാണ് മാനവികത.  അന്യജീവനുതകി സ്വജീവിതം ധന്യമാക്കുന്ന പരമമായ സ്നേഹവും ത്യാഗവുമാണ് മാനവികതയുടെ അടിത്തറ. അത് സ്വയം മനസ്സിലാക്കുകയും മറ്റുള്ളവരെ തിരിച്ചറിയലുമാണ്. മറ്റുള്ളവരെ മനസ്സിലാക്കി അനുഭാവപൂർവ്വം കാണുകയും അവർക്കുവേണ്ടി പ്രവർത്തിക്കുകയും ചെയ്യുന്ന വിശ്വമാനവികതാബോധമാണ് സൂക്ഷ്മാർത്ഥത്തിൽ പ്രപഞ്ചജീവിതത്തിന്റെ ആണിക്കല്ല്.

വ്യക്തിജീവിതത്തിലും സമൂഹജീവിതത്തിലും മനുഷ്യർ കാത്തുസൂക്ഷിക്കുന്ന സ്നേഹം, ത്യാഗം, സഹതാപം, ഉദാരത, വിവേകം, കരുണ, അനുകമ്പ തുടങ്ങിയ വിശുദ്ധമൂല്യങ്ങൾ എന്ത് എന്നും എങ്ങിനെ എന്നും തലമുറയെ ബോധ്യപ്പെടുത്തുമ്പോഴാണ് സുസ്ഥിരമായ ജീവിതം ഭൂമിയിൽ സാധ്യമാവുന്നത്. ഔപചാരികവും അനൗപചാരികവുമായി നടത്തുന്ന വിദ്യാഭ്യാസങ്ങളിലൂടെ ഓരോ കൂട്ടായ്മയും ഈ കടമ നിറവേറ്റുന്നുണ്ട്. നാടോടി വാമൊഴിവഴക്കങ്ങളുടെ മൗലികവും സുദൃഢവുമായ ലക്ഷ്യം മാനവികതയെ സർഗ്ഗാത്മകമായി നിലനിർത്തുക

എന്നതാണ്. നാടോടി വാമൊഴിവഴക്കങ്ങൾ സുപ്രധാനമായ നാടോടിക്കഥയുടെയും പ്രഥമവും പരമപ്രധാനവുമായ ധർമ്മം ഇതു തന്നെയാണ്. അപരന്റെ വേദനയും സന്തോഷവും തന്റേതു കൂടിയാണെന്നും അപരനെ അംഗീകരിക്കുന്നതിലാണ് തന്റെ പ്രബുദ്ധത എന്നും തിരിച്ചറിയുന്ന വിദ്യാഭ്യാസം നാടോടിക്കഥകളിലൂടെ ലോകത്തിലെ ഓരോ കൂട്ടായ്മയും നൽകിക്കൊണ്ടിരിക്കുന്നു. ചുരുക്കത്തിൽ ഒരു പ്രബുദ്ധപൗരനെ നിർമ്മിക്കുന്നതിലൂടെ പ്രബുദ്ധ ജനാധിപത്യ സംസ്കാരത്തിലേക്ക് മനുഷ്യകുലത്തെ പരിവർത്തിപ്പിക്കുന്ന ദൗത്യം നാടോടിക്കഥകളിലൂടെ നിർവ്വഹിക്കപ്പെടുന്നു.

ലോകത്തിലെ മറ്റു കൂട്ടായ്മകളിലെന്നപോലെ മലയാളി നിർമ്മിച്ച നാടോടി വാമൊഴി വഴക്കങ്ങളിലെ സുപ്രധാനമായ നിരവധി നാടോടിക്കഥകളിലൂടെ മാനവികതയുടെ വിത്തുകൾ മുളപ്പിച്ചെടുത്തു കൊണ്ടേയിരിക്കുന്നു. പ്രാചീനവും നവീനവുമായ കൂട്ടായ്മ നിർമ്മിച്ച നാടോടിക്കഥകൾ കൃത്യവും വ്യക്തവുമായ ഈ ലക്ഷ്യബോധം മലയാളിയുടെ സാംസ്കാരികവും ഭൗതികവുമായ ജീവിതത്തെ സമ്പന്നമാക്കി മലയാളി മനസ്സിനെ വിശ്വമാനവികതയിലേക്ക് നയിക്കാൻ പര്യാപ്തമാണ്. ജീവിതത്തിന്റെ അസ്ഥിരതയെ ബോധ്യപ്പെടുത്തി പരസ്പര സ്നേഹത്തിന്റെയും സഹായത്തിന്റെയും താങ്ങും തണലും അനുഭവിപ്പിക്കുന്നു 'മണ്ണാങ്കട്ടയും കരിയിലും' എന്ന നാടോടിക്കഥ. അനീതിയിലും അറിവില്ലായ്മയിലും പൊറുതിമുട്ടി മരണത്തിലേക്ക് തലവെച്ചു കൊടുക്കേണ്ടി വരുന്ന കാട്ടുമൃഗങ്ങൾക്ക് രക്ഷക്കായി എത്തുന്ന 'കുറുക്കത്തിപ്പെണ്ണിന്റെ ബുദ്ധി' എന്ന കഥ ഭേദചിന്തകൾക്കപ്പുറത്ത് സർവ്വരെയും സ്നേഹംകൊണ്ട് പരിരക്ഷിക്കുന്ന ത്യാഗപൂർണമായ സഹജീവി സ്നേഹം, കരുണ, സഹതാപം, ഔചിത്യബുദ്ധി എന്നീ മാനവിക ഗുണം പറയാതെ പറയുന്നു. തനിക്ക് താങ്ങും തണലുമായവർക്ക് തുണയായി നിന്ന് കടമ നിറവേറ്റാൻ പ്രേരിപ്പിക്കുന്ന 'മുത്തച്ഛന്റെ ചട്ടി', ലക്ഷ്യംപോലെ മാർഗ്ഗവും പ്രധാനമാണ് എന്നു സൂചിപ്പിക്കുന്ന 'ഏകാദശി നോറ്റ കാക്ക', സുഖത്തിലും ദുഃഖത്തിലും ഒരുമയാണ് അഭയം അല്ലെങ്കിൽ സർവ്വനാശം എന്ന് വെളിപ്പെടുത്തുന്ന 'നിധികിട്ടു

മ്പോൾ', 'ഉണ്ടനും ഉണ്ടിയും പുള്ളിപ്പുലിയും', പ്രതിഫലം ഇച്ഛിക്കാത്ത കർമ്മവും സ്നേഹവുമാണ് ആത്മാർത്ഥമായ സ്നേഹം എന്ന് പറയുന്ന 'ആനയും തുന്നൽക്കാരനും' ആദർശപൂർണമായ ജീവിതം ആനന്ദത്തിലേക്കുള്ള വഴിയാണ് എന്ന് ബോധ്യപ്പെടുത്തുന്ന 'കോടൻ ഭരണയിലെ ഉപ്പുമാങ്ങ', മനുഷ്യത്വമാണ് ലോകാവബോധം എന്ന തിരിച്ചറിവ് നൽകുന്ന 'ലോകത്തിന്റെ ഭൂപടം' എന്നി ങ്ങനെ കൂട്ടായ്മയിലെ ഇളം തലമുറയെ മാനവികത പഠിപ്പിക്കുന്ന നിരവധി കഥക ളുണ്ട്. അവ മലയാളിബോധത്തെ നിരന്തരം പുനർനവീകരിച്ചുകൊണ്ട് സൗന്ദര്യവി ദ്യാഭ്യാസം സാധ്യമാക്കുന്നു. തുടർച്ചയും വളർച്ചയുമുള്ള ഈ നാടോടി വാമൊഴി സംസാരം ആഴത്തിലും സമഗ്രതയിലും നാം തിരിച്ചറിഞ്ഞുകൊണ്ടിരിക്കുന്നു. ഈ തിരിച്ചറിവാണ് ധന്യമായ ഒരു ലോകവീക്ഷണത്തിലേക്ക് മാനവവംശത്തെ കൈപി ടിച്ചുയർത്തുക.

### കുറിപ്പുകൾ


1. Prabas Jivan Chaudhury, Tagore on Literature and Aesthetics Rabindra Bharati- 1965, page 81.
2. പവിത്രൻ പി. ഡോ. മാതൃഭാഷയ്ക്കുവേണ്ടിയുള്ള സമരം, പുറം 243, മലയാള ഐക്യവേദി, കലാതരംഗിണി, ചെറുതുരുത്തി. 2014.
3. Albert Einstein, Quotation About imagination. https://en.m.wikipedie.org.
4. Joe Memo. quotation about imagination, https:/en.m.wikipedia.org.
5. പവിത്രൻ പി. ഡോ. മാതൃഭാഷയ്ക്കുവേണ്ടിയുള്ള സമരം, പുറം 46,47, മലയാള ഐക്യവേദി, കലാതരംഗിണി ചെറുതുരുത്തി, 2014.
6. നിത്യചൈതന്യയതി, ഭഗവദ്ഗീതാസ്വാദ്ധ്യായം, പുറം 39, ഡി. സി. ബുക്സ്, കോട്ടയം: 1992.
7. ഗോപി പുതുക്കോട്, വിദ്യാഭ്യാസവും സംസ്കാരവും, പുറം 24, പൂർണ്ണ പബ്ലിക്കേഷൻസ്, കോഴിക്കോട് 2005.
8. ശ്രീകുമാർ കെ. ഡോ. നമ്മുടെ നാടോടിക്കഥകളും ഐതിഹ്യങ്ങളും, പുറം 9, ഡി.സി. ബുക്സ്, കോട്ടയം: 2010.

# അധ്യായം 5

# ഉപസംഹാരം

നാടോടിക്കഥയുടെ അനുഭൂതിമണ്ഡലം സൂക്ഷ്മവും ശക്തവുമായി മനുഷ്യാനുഭവങ്ങളിൽ സർഗ്ഗാത്മകമായി ഇടപെട്ട ഒന്നാണ്. അത് വ്യക്തിജീവിതത്തിലും അതുവഴി സാമൂഹികജീവിതത്തിലും നിർണ്ണായകമായ സ്വാധീനമുണ്ടാക്കുകയും സാംസ്കാരിക വ്യവഹാരത്തിന്റെ സജീവമാതൃകയായിത്തീർന്നതുമാണ്. ഭാഷയെയും ഭാവനയെയും ഭാവുകത്വത്തെയും പര്യാപ്തമാക്കി സംസ്കാരത്തിന്റെയും പാരമ്പര്യത്തിന്റെയും സൗന്ദര്യബോധത്തിന്റെയും രചനാത്മകതയുടെയും മറ്റും വ്യാപ്തിയുള്ള ലോകവീക്ഷണത്തിലേയ്ക്ക് കൂട്ടായ്മയിലെ തലമുറകളെ അഭ്യസിപ്പിച്ചെടുക്കുന്ന വാമൊഴി രൂപമാണ് നാടോടിക്കഥ.

നാടോടിക്കഥ പ്രക്ഷേപിക്കുന്ന സാംസ്കാരിക വിനിമയരൂപത്തിന്റെ പ്രസക്തിയും പ്രാധാന്യവും തിരിച്ചറിഞ്ഞ ജനിതതികളെല്ലാം ഈ ഭാഷാസ്വരൂപത്തെ സൗന്ദര്യവിദ്യാഭ്യാസത്തിന്റെ അനിവാര്യ ഭാഗമാക്കിയിട്ടുണ്ട്. പഴഞ്ചനെന്ന് മുദ്രചാർത്തി തള്ളിക്കളയേണ്ടതല്ല മറിച്ച് പുതിയ കാലത്തിനും സന്ദർഭത്തിനുമനുസരിച്ച് ശ്രദ്ധയോടെ ഉപയോഗപ്പെടുത്തേണ്ടതും സമുദ്ധരിക്കേണ്ടതുമായ ഒന്നാണ് നാടോടിക്കഥകൾ. ലോകത്തിലെ ഓരോ സംസ്കൃതിയും തങ്ങളുടെ ഭൂതകാലത്തിന്റെ ഭാഗമായി കൂടെ കൊണ്ടുനടന്നതും കാലഭേദമനുസരിച്ച് തേച്ചുമിനുക്കിയെടുത്തതുമായ കഥാപാരമ്പര്യങ്ങളെല്ലാം എല്ലാവരുടെയും സ്വന്തമാണ്. തനത് കഥാഭൂമിക കൊണ്ടുനടക്കുമ്പോൾ തന്നെ പുറമെനിന്നുള്ള ഇത്തരം കഥാപ്രപഞ്ചവും സ്വീകരിക്കുകയും സ്വാംശീകരിക്കുകയും ചെയ്യുന്നുണ്ട്. നാടോടിക്കഥകളുടെ ബൃഹദ്ലോകത്തിലൂടെ വികാരപരമായും ബുദ്ധിപരമായും സഞ്ചരിക്കുന്നവർ ആർജ്ജിക്കുന്ന ആന്തരിക സൗഭാഗ്യം വലുതാണ്. അതുകൊണ്ടുതന്നെ നാടോടിക്കഥയെന്ന സാംസ്കാരിക നിർമ്മിതി ഓരോ കൂട്ടായ്മയുടെയും ശബള

മായ വിദ്യാഭ്യാസത്തെയും അതുവഴി ഭാവിയെയും അഭിസംബോധന ചെയ്യുന്ന ജൈവജ്ഞാനമേഖലയാണ്.

നാടോടിക്കഥ സൗന്ദര്യവിദ്യാഭ്യാസത്തെ പ്രദാനം ചെയ്യുന്ന വാമൊഴി വ്യവഹാരരൂപമാണ് എന്നു പറയുമ്പോൾ പ്രധാനമായും അർത്ഥമാക്കുന്നത് പ്രബുദ്ധതയുള്ള ജീവിതബോധവും സംഭാവന ചെയ്യുന്നു എന്നാണ്. നന്മയെക്കുറിച്ചും സത്യത്തെക്കുറിച്ചും ലാവണ്യത്തെക്കുറിച്ചുമുള്ള യാഥാർത്ഥ്യത്തിലധിഷ്ഠിതമായ ദർശനം ഓരോ വ്യക്തിയിലും രൂപപ്പെടുത്താനുള്ള ശ്രദ്ധേയമായ ഉപാധി നാടോടിക്കഥതന്നെയാണ്. പ്രകൃതിസൗന്ദര്യം, അഭിരുചി, പാരസ്പര്യം തുടങ്ങി അനേകം അനുഭവങ്ങളെയും മൂല്യങ്ങളെയും സ്വന്തം വൈകാരികമൂല്യമാക്കി പരിവർത്തിപ്പിക്കാനുള്ള രാസത്വരകമായി പ്രവർത്തിക്കുന്ന ഉപാധികൂടിയാണ് നാടോടിക്കഥകൾ. കാലവും ദർശനവും ഉൾച്ചേർന്ന വാമൊഴിപ്പൊരുളുകളാണ് നിസ്സാരമെന്നു തോന്നുന്ന നാടോടിക്കഥകൾ. ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേയ്ക്ക്, അതിന്റെ എല്ലാ വ്യാപ്തിയോടെയും വിമോചിപ്പിക്കുന്ന ആചാര്യപദവിയാണ് കഥകൾക്കുള്ളതെന്നുകാണാം. ശരിതെറ്റുകളെക്കുറിച്ച് ജൈവികമായ പാഠം നൽകുക മാത്രമല്ല, ചിന്താപരമായ ധീരതയോടെ ജീവിക്കാനുള്ള ഉത്തരവാദിത്വവും കഥ ചൂണ്ടിക്കാണിക്കുന്നു. നൈതികതയെക്കുറിച്ച് കൃത്യമായ ധാരണകൾ പ്രക്ഷേപിക്കുന്നതോടൊപ്പം ആന്തരികമായി കരുത്തുറ്റ വ്യക്തിയിലേയ്ക്ക്, സാമൂഹികബോധത്തോടെ കടന്നുചെല്ലാൻ പ്രേരണ നൽകുന്നുമുണ്ട് നാടോടിക്കഥകൾ. പരുഷമായ യാഥാർത്ഥ്യങ്ങളോട് ഏറ്റുമുട്ടാനുള്ള കരുത്ത് കഥ നൽകുന്നത് അതിന്റെ വലിയ സവിശേഷതകളിൽ ഒന്നായ ഭാവനകൊണ്ടാണ്. യാഥാർത്ഥ്യത്തിനേക്കാൾ വലിയ യാഥാർത്ഥ്യം സൃഷ്ടിക്കുന്ന ഭാവനാവ്യവഹാരം ഒരു കുട്ടിയുടെ പിൽക്കാല വളർച്ചയിലുടനീളം സ്വാധീനശക്തിയായി നിൽക്കുമെന്നുറപ്പാണ്. അറിയുന്നതും അറിയാത്തതുമായ അനേകം ലോകങ്ങളിലേക്ക് കുതിക്കാനുള്ള ഊർജ്ജമാണ്, ഇന്ധനമാണ് ഭാവന. ഭാവനയില്ലെങ്കിൽ സർഗ്ഗാത്മകതയോ നിർമ്മാണാത്മകതയോ ഉണ്ടാവില്ല. ഭാവനാത്മകവും നവീനവുമായ ആശയങ്ങളെയും അനുഭവങ്ങളെയും

യാഥാർത്ഥ്യത്തിൽ കൊണ്ടുവരുന്ന രചനാത്മകതയുടെയും ആധാരം കുട്ടിക്കാലത്തും മറ്റും അനുഭവിക്കുന്ന സൗന്ദര്യവിദ്യാഭ്യാസമാണ്. അമൂല്യവും പുതിയതുമായ ആശയങ്ങളെയും രീതികളെയുമെല്ലാം ആവിഷ്കരിക്കാനാവണമെങ്കിൽ ഈ സൗന്ദര്യശിക്ഷണം അനിവാര്യമാണ്.

സംസ്കൃതിയെ സ്വാംശീകരിക്കുകയും സ്വാഭാവികമായ വിദ്യാഭ്യാസ പ്രക്രിയയായി സ്വയം മാറുകയും ചെയ്യുന്ന നാടോടിക്കഥ ഒരു സമൂഹം കാലങ്ങൾകൊണ്ട് രൂപപ്പെടുത്തിയെടുത്തതാണ്. അതുകൊണ്ടുതന്നെ ആശയവിനിമയത്തിന്റെ ശക്തി ഇത്തരം വാമൊഴിരൂപങ്ങൾക്കെല്ലാമുണ്ട്. നാടോടിക്കഥകളിലൂടെ ലഭിക്കുന്ന സൗന്ദര്യാത്മകവും വൈകാരികവും ബുദ്ധിപരവുമായ വിദ്യാഭ്യാസം മനുഷ്യജീവിതത്തെ ആഴത്തിൽ സ്വാധീനിക്കുന്നുണ്ട് എന്ന പരികല്പനയോടെ നടത്തിയ ഈ പഠനത്തിൽ നിന്ന് വെളിപ്പെട്ട വസ്തുതകൾ താഴെ ക്രോഡീകരിക്കുന്നു.

1. സൗന്ദര്യാത്മകവും വൈകാരികവുമായ വിദ്യാഭ്യാസം അനൗപചാരികമായും ജൈവികമായും നിർവ്വഹിക്കുന്നു എന്നതാണ് നാടോടിക്കഥകളുടെ സാമൂഹിക/സാംസ്കാരിക പ്രസക്തി.

2. വാമൊഴി വഴക്കങ്ങളിൽ സുപ്രധാന വ്യവഹാരരൂപമായ നാടോടിക്കഥയുടെ പാഠത്തിന് സന്ദർഭവും ചേരുവയും മാറുമ്പോൾ പരിണാമം സംഭവിക്കുന്നു. മൊഴിരൂപത്തിൽ മുമ്പ് മുത്തശ്ശിമാർ കൈമാറിയ കഥകൾ പുതിയ മാധ്യമങ്ങളിലൂടെ പല രീതിഭേദങ്ങളിൽ ആധുനികമായ കഥാപാഠങ്ങളായി പ്രത്യക്ഷപ്പെടുന്നു.

3. പുതിയ കാലത്തെ ഓരോ മാധ്യമവും ആവശ്യപ്പെടുന്ന ആഖ്യാനപദ്ധതിയും രീതിയുമനുസരിച്ച് നാടോടിക്കഥയുടെ ബാഹ്യഘടനയും മാറിത്തീരുന്നു. വാമൊഴിയിൽ ശബ്ദത്തിന്റെ ഉയർച്ചതാഴ്ചകൾ, ഈണവ്യത്യാസം, വ്യാക്ഷേപകശബ്ദങ്ങളുടെ ഉപയോഗം, മൗനം, ചിരി തുടങ്ങിയവയൊന്നും

ലിഖിത പാഠത്തിൽ സ്വാംശീകരിക്കാനാവില്ല. കൈക്കൊള്ളുന്ന വ്യവഹാര മേഖലയ്ക്കനുസരിച്ച് നാടോടിക്കഥയുടെ രൂപഘടനയും പാഠവും അതു വഴി അർത്ഥവും ധർമ്മവും മാറിക്കൊണ്ടിരിക്കും.

4. നാടോടിക്കഥയുടെ കേൾവിയായാലും പാരായണമായാലും അത് ശ്രോതാവിന്റെ വൈകാരിക വിദ്യാഭ്യാസത്തിന്റെയും ബുദ്ധിപരമായ വളർച്ചയുടെയും സാധ്യത തുറന്നിടുന്നു. വ്യക്തിയുടെ വൈകാരികലോകത്തെ പര്യാപ്തമാക്കുന്ന ശരിയായ വിദ്യാഭ്യാസ പ്രക്രിയയാണ് നാടോടിക്കഥാവ്യവഹാരം വഴി സാധ്യമാവുന്നത്. ചുറ്റുപാടുകളോടും സഹജീവികളോടും സമൂഹത്തോടുമുള്ള ആരോഗ്യകരമായ ബന്ധത്തിലേയ്ക്ക് നാടോടിക്കഥയിലൂന്നിയുള്ള സൗന്ദര്യശിക്ഷണം കരുത്ത് പകരുന്നു.

5. കേവലം ഗുണപാഠം കൈമാറാനുള്ള ഉപാധിയല്ല നാടോടിക്കഥ, മറിച്ച് വ്യക്തിയുടെ മനഃസംസ്കരണത്തിനുള്ള അനേകം ധർമ്മങ്ങൾ ഉള്ളടക്കമാക്കിയ ജ്ഞാനമണ്ഡലമാണത്. ഒരേസമയം ബുദ്ധിപരമായ മണ്ഡലത്തേയും വൈകാരികമണ്ഡലത്തെയും നവീകരിക്കുകയും സംസ്കരിക്കുകയും ചെയ്യുന്ന മൂല്യവത്തായ ദൗത്യമാണ് നാടോടിക്കഥ നിർവ്വഹിക്കുന്നത്.

6. സക്രിയവും സജീവവും ലളിതവും ചടുലവുമായ ഭാഷാവ്യവഹാരത്തിലൂടെ നാടോടിക്കഥ ശ്രോതാവിന് കൈമാറുന്നത് പാരമ്പര്യം, മൂല്യവ്യവസ്ഥ, സംസ്കാരം തുടങ്ങിയ വ്യാപ്തിയുള്ള അനുഭവരാശികളാണ്. ഒരു കൂട്ടായ്മയിലെ ശിശുവിനെ സാമൂഹ്യോന്മുഖതയുള്ള വ്യക്തിയായി രൂപപ്പെടുത്താൻ ആനുഭൂതിദായകമായ വൈജ്ഞാനിക പ്രവർത്തനവും ബഹുജനവിദ്യാഭ്യാസ പ്രക്രിയയുമാണ് കഥയിലൂടെ സാധ്യമാകുന്നത്.

7. ഓരോ സംസ്കൃതിയിലെയും നാടോടിക്കഥ ജൈവികമായി വിനിമയം ചെയ്യുന്നത് മാതൃഭാഷയിലൂടെ ആകുമ്പോൾ അന്യഭാഷാപരിമിതികളെ മറി

കടന്ന് സ്വാഭാവികവും ലളിതവുമായി വ്യക്തിയിൽ ആന്തരിക പരിവർത്തന ങ്ങൾക്ക് വേഗത വർദ്ധിപ്പിക്കും.

8. ചിന്താപരമായ ധീരതയോടെ ഭാവിജീവിതത്തെ ഉൾക്കൊള്ളാനും കരുപ്പിടി പ്പിക്കാനുമുള്ള ശേഷി വ്യക്തിക്ക് നൽകുന്നത് സൗന്ദര്യവിദ്യാഭ്യാസമാണ്. ഈ സൗന്ദര്യവിദ്യാഭ്യാസം ഏറ്റവും സ്വാഭാവികമായും നൈസർഗ്ഗികമായും സാക്ഷാൽകരിക്കപ്പെടുന്നത് നാടോടിക്കഥയുടെ കേൾവിയിലൂടെയും പാരാ യണത്തിലൂടെയുമാണ്.

9. പാരമ്പര്യം നൽകുന്ന ലോകാവബോധംകൊണ്ട് തേച്ചുമിനുക്കിയെടുത്ത താണ് നാടോടിക്കഥയുടെ ഭാവപ്രപഞ്ചം. ഇത് വ്യക്തിത്വവികസനത്തിലൂ ന്നുന്ന വിദ്യാഭ്യാസപ്രക്രിയയെ ത്വരിതപ്പെടുത്തി വ്യക്തിയെ ത്യാജ്യഗ്രാഹ്യ ബുദ്ധിയുള്ള പാരമ്പര്യത്തിന്റെ സംവാഹകനാക്കുന്നു.

10. വിദ്യാഭ്യാസത്തിലൂടെ ലഭ്യമാവുന്ന സംസ്കാരം എന്നത് ആന്തരിക സംസ്കരണമാണ്. ഈ ആന്തരിക സംസ്കരണം വ്യക്തിക്ക് നൽകുന്ന തിൽ നാടോടിക്കഥയ്ക്ക് നിർണായക പങ്കുണ്ട്. ഇങ്ങനെ രൂപപ്പെടുന്ന പ്രബുദ്ധതാസമൂഹമാണ് മികച്ച സംസ്കാരത്തിന്റെ പ്രത്യക്ഷീകരണം.

11. മനുഷ്യന്റെ ഏത് പ്രവർത്തനവും ഏറ്റവും വീര്യത്തോടെയും ഊർജ്ജ ത്തോടെയും മൗലികതയോടെയും നവീനമായും നിറവേറ്റാനാവശ്യമായ ആന്തരികപാടവമാണ് ഭാവന. ഭാവനാശേഷിയെ നിർമ്മിച്ചെടുക്കുക; പ്രോജ്ജ്വലിപ്പിച്ചു നിർത്തുക നാടോടിക്കഥയുടെ സുപ്രധാന ധർമ്മമാണ്.

12. കേവലം അറിവിനപ്പുറത്ത് ഭാവനാസമ്പന്നമായ സൗന്ദര്യവിദ്യാഭ്യാസം നാടോടിക്കഥയിലൂടെ നിർവ്വഹിക്കപ്പെടുമ്പോൾ വർത്തമാന സമൂഹത്തിലെ ദുസ്ഥിതികൾ മറികടന്ന് സുസ്ഥിരവും രചനാത്മകവുമായ വികസനപ്രക്രി യയുടെ ഭാഗമാവാൻ വ്യക്തികൾക്ക് സജീവമായ പിന്തുണ നൽകുന്നു.

13. ഓരോ കൂട്ടായ്മയും കാലത്തിനും ദേശത്തിനുമനുസരിച്ച് സാമൂഹികമായി നിർമ്മിച്ചെടുക്കുന്ന നീതിബോധമാണ് നൈതികതയുടെ ആധാരവസ്തുത. ശരിതെറ്റുകളെക്കുറിച്ചും ധർമ്മാധർമ്മങ്ങളെക്കുറിച്ചുമുള്ള പാഠം കുട്ടിക്കാലത്തെ സവിശേഷകൂട്ടായ്മയിലൂടെ വ്യക്തി സ്വായത്തമാക്കുന്ന ഉപാധികളിലൊന്ന് നാടോടിക്കഥയാണ്. ശരിതെറ്റുകളെക്കുറിച്ച് ജൈവികപാഠം നൽകുക മാത്രമല്ല; ചിന്താപരമായ ധീരതയോടെ ജീവിക്കാനുള്ള ഉത്തരവാദിത്വവും കഥ ചൂണ്ടിക്കാണിച്ചുകൊടുക്കുന്നത്.

14. ദേശകാലങ്ങൾക്കനുസൃതമായി രൂപപ്പെട്ട നീതിബോധത്തിൽനിന്നും എല്ലാകാലത്തും എല്ലാദേശത്തും വേണ്ടതായ നൈതികത, മാറുന്നസമൂഹത്തിന് അനിവാര്യമായ മാറാത്ത മൂല്യങ്ങൾ പ്രക്ഷേപിക്കാൻ നാടോടിക്കഥകൾക്ക് കഴിയുന്നുണ്ട്.

15. ചിന്താശേഷിയും ശരിയായ ചിന്തകളുമാണ് വ്യക്തിയുടെയും സമൂഹത്തിന്റെയും സുസ്ഥിരവികസനത്തിനുള്ള ചാലകശക്തി. വൈചിത്ര്യവും വൈവിധ്യവുമുള്ള ചിന്തകൾകൊണ്ടും ആലോചനകൾ കൊണ്ടും സമ്പന്നമാണ് നാടോടിക്കഥകൾ. കഥയുടെ ബാഹ്യഘടനയ്ക്കകത്ത് ഗുണപാഠരീതിയിൽ പ്രത്യക്ഷപ്പെടുന്ന ആലോചനകൾ മുതൽ കഥയിലെ ഓരോ സംഭവത്തെ നിർണ്ണയിക്കുന്ന യുക്തി വരെയുള്ള ചിന്തകൾ ആസ്വാദകരെ പ്രബുദ്ധരാക്കാൻ പര്യാപ്തമാണ്.

16. യുക്തിവിചാരം യുക്തമായ തീരുമാനത്തിലെത്തിച്ചേരാനുള്ള ബുദ്ധിപൂർവ്വമായ മാനസിക പ്രക്രിയയാണ്. ചിന്തകൾ പ്രശ്നവുമായി ബന്ധപ്പെട്ടതായതിനാൽ പ്രശ്നപരിഹാരം യുക്തിസഹമായി നിറവേറ്റാനുള്ള യുക്തിവിചാരവും പ്രശ്നപരിഹണനൈപുണിയും സ്വാഭാവികമായി നിർമ്മിച്ചെടുക്കാൻ നാടോടിക്കഥ സുശക്തമാണ്.

17. ഓരോ കൂട്ടായ്മയ്ക്കും അവരവരുടെ ലോകവീക്ഷണത്തിന്റെയും സാമൂഹികമനസ്സിന്റെയും അടിസ്ഥാനത്തിൽ രൂപപ്പെടുത്തിയ പലതരം പാരമ്പര്യങ്ങളുമുണ്ടാകും. ഈ പാരമ്പര്യത്തെ നിത്യപരിണാമത്തോടെ തലമുറ തലമുറ കൈമാറ്റം ചെയ്യാനുള്ള സുപ്രധാന ഉപാധികളിലൊന്നാണ് നാടോടിക്കഥ. നാട്ടനുഭവമായും നാട്ടറിവായും നാട്ടുയുക്തിയായും മറ്റും ബഹുതലങ്ങളിൽ നിലകൊള്ളുന്ന പാരമ്പര്യം ഓരോകഥയിലും അലിയിച്ചു ചേർത്തിട്ടുണ്ട്. സൗന്ദര്യബോധത്തിന്റെ ഭാഗമായി നിൽക്കുന്ന ഈ പാരമ്പര്യത്തെയും കഥ ഉൾക്കൊള്ളുകയും പ്രസരിപ്പിക്കുകയും ചെയ്യുന്നു.

18. സഹജമായ ഭാഷാശേഷിയും സാമൂഹികവും സാംസ്കാരികവുമായ ഇടപെടലുകളുമാണ് ഭാഷാപഠനത്തെ നിർണ്ണയിക്കുന്നത്. നാടോടിക്കഥ ജൈവികമായി വിനിമയം ചെയ്യുന്നത് അതത് ദേശത്തെ മാതൃഭാഷയിലൂടെയാണ്. ഒരേസമയം മാതൃസാഹിത്യപഠനവും ഭാഷാഅഭ്യസനവും സാംസ്കാരിക വിനിമയവും സ്വാഭാവികമായി പ്രദാനം ചെയ്യാൻ നാട്ടുകഥകൾക്ക് ശേഷിയുണ്ട്. ഈ അർത്ഥത്തിൽ മാതൃഭാഷാ പഠനത്തെ ശക്തിപ്പെടുത്താൻ നാടോടിക്കഥകൾക്ക് കഴിയുന്നു.

19. ജ്ഞാനത്തെ നിർമ്മിക്കുന്നതിൽ ശ്രദ്ധയ്ക്ക് വലിയ പങ്കുണ്ട്. നാടോടിക്കഥകളുടെ കേൾവിയും പാരായണവും ചെറുപ്രായത്തിൽ തന്നെ കുട്ടിയിൽ അബോധമായി ശ്രദ്ധയെ ഉറപ്പിച്ചെടുക്കുന്ന മാനസികമായ അഭ്യാസം ഉറപ്പുവരുത്തുന്നു.

20. ലോകത്തെയും ജീവിതത്തെയും സവിശേഷമായും രചനാത്മകമായും ആവിഷ്കരിക്കാനുള്ള മനുഷ്യമസ്തിഷ്കത്തിന്റെ ശേഷിയാണ് സർഗ്ഗാത്മകത. ജീവിതത്തെ നാനാർത്ഥത്തിൽ വായിക്കുകയും ആവിഷ്കരിക്കുകയും ചെയ്യുന്ന നാടോടിക്കഥകൾ സചേതനവും സക്രിയവുമാണ്. അതിനാൽ മനുഷ്യന്റെ സർഗ്ഗാത്മകതയെ പുഷ്ടിപ്പെടുത്താൻ പര്യാപ്തവുമാണ്.

21. അടിച്ചമർത്തപ്പെട്ട വികാര വിചാരങ്ങളുടെ സംഘർഷ ഭൂമിയാണ് മനുഷ്യമനസ്സ്. മനുഷ്യമനസ്സിന്റെ അസ്വസ്ഥതകളെ വികാരവിരേചനത്തിലൂടെ സ്വസ്ഥതയിലെത്തിക്കുന്ന മനഃശാസ്ത്രചികിത്സ നാടോടിക്കഥകളിലൂടെ നിർവ്വഹിക്കപ്പെടുന്നു.

22. ഭേദചിന്തകൾക്കപ്പുറത്ത് മുഴുവൻ ചരാചരങ്ങളുടേയും സർവ്വോദയമാണ് വിശാലമായ അർത്ഥത്തിൽ മാനവികത. ബുദ്ധിയും വിവേകവും സർഗ്ഗാത്മകതയുമുള്ള മനുഷ്യനെ കേന്ദ്രസ്ഥാനത്ത് നിർത്തുന്ന ദർശനം. പ്രപഞ്ചത്തോളം വികസിക്കുന്ന വിശ്വമാനവനെ നിർമ്മിക്കുന്ന സൗന്ദര്യാത്മക വിദ്യാഭ്യാസം നാടോടിക്കഥയിലൂടെ സമർത്ഥമായി നിറവേറ്റപ്പെടുന്നുണ്ട്.

23. ജീവിതത്തിന്റെ സമസ്ത തലങ്ങളേയും 'കഥ' എന്ന വാക്കിലേക്കാവാഹിക്കുകയും ജീവിതത്തെ വ്യാഖ്യാനിക്കാൻ അതിനെ ഉപയോഗിക്കുകയും ചെയ്യുന്ന നാട്ടുകഥകളുടെ ബൃഹദ്പാരമ്പര്യം മലയാളിക്കുണ്ട്. മലയാളിയുടെ പാരമ്പര്യവും സംസ്കാരവും നൈതികതയും ജീവിതനിരീക്ഷണവും ലോകാവബോധവും കേരളീയ നാടോടിക്കഥകളിൽ നിലീനമാണ്. പ്രമേയപരവും ശൈലീപരവുമായ സവിശേഷതകളാൽ മലയാളിയുടെ നാട്ടുകഥകൾ മലയാളത്തനിമയെ നിലനിർത്തുന്നു.

24. ആവർത്തിച്ചുവരുന്ന പ്രമേയ മാതൃകകൾ കേരളീയ നാടോടിക്കഥയുടെ പ്രത്യേകതയാണ്. രണ്ടുപേർ ചേർന്നുള്ള യാത്ര, പ്രവൃത്തി, നിധികണ്ടെത്തൽ, രണ്ടാനമ്മയുടെ ക്രൂരത, കാരണവന്മാരുടെ മേൽക്കോയ്മ, കള്ളന്മാരെ പറ്റിക്കൽ, നമ്പൂതിരിയുടെ മണ്ടത്തരം, നെയ്യപ്പമുണ്ടാക്കൽ ഇവയുടെ ആവർത്തനത്തിലൂടെ മലയാളിയുടെ സാമൂഹികജീവിതത്തെയും പരിണാമത്തെയും മലയാളനാട്ടുകഥ അടയാളപ്പെടുത്തുന്നു.

25. ചോദ്യവും മറുചോദ്യവും തർക്കവും ചുട്ട മറുപടികളുമായി നീങ്ങുന്ന ആഖ്യാനമാതൃകകൾ കേരളീയ നാട്ടുകഥകളുടെ സവിശേഷതയാണ്. വാദി

ക്കുന്നതിലും വിജയിക്കുന്നതിലും തത്വബോധം കൈവരിക്കുന്നതിലുമുള്ള മലയാളിയുടെ സാമൂഹികമനോനില ഇതിൽ പ്രകടമാണ്.

26. മലയാളിയുടെ ജീവിതനിരീക്ഷണം അടയാളപ്പെടുത്തുന്ന പഴഞ്ചൊല്ലുകൾ, ശൈലികൾ എന്നിവയ്ക്കു പിന്നിൽ മലയാളനാടോടിക്കഥകളുടെ സാന്നിധ്യം വ്യക്തവും ശക്തവുമാണ്. ഇത് മലയാളിയുടെ ജീവിതത്തെ നാടോടിക്കഥ ബഹുതലസ്പർശിയായി സ്വാധീനിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുന്നു.

27. തനത് സംസ്കാരങ്ങളെല്ലാം നവകൊളോണിയൽ അധിനിവേശയുക്തിയിൽ തിരസ്കൃതമാവുന്ന വർത്തമാന സാമൂഹ്യസാഹചര്യം നിലനിൽക്കുന്നു. പാരമ്പര്യത്തെയും സംസ്കാരവിശേഷങ്ങളെയും ത്യാജ്യഗ്രാഹ്യബുദ്ധിയോടെ സ്വീകരിച്ച് കമ്പോളയുക്തികൾക്ക് ബദൽ സംസ്കാരം രൂപപ്പെടുത്താൻ നാടോടിക്കഥാപഠനത്തിനും നാടോടിവാമൊഴി വഴക്കങ്ങളിലൂന്നിയ സൗന്ദര്യവിദ്യാഭ്യാസത്തിനും കഴിയും. അത്തരത്തിൽ ഒരു പ്രതി-പ്രത്യയശാസ്ത്ര (Counter ideology) പ്രവർത്തനം കൂടി നാടോടിക്കഥയുടെ വ്യവഹാരം വഴി സാധ്യമാവുന്നു.

# ഗ്രന്ഥസൂചി


അജിത്കുമാർ, എൻ. ഡോ, *വാമൊഴിയുടെ സൗന്ദര്യശാസ്ത്രം,* കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തിരുവനനന്തപുരം, 2006.

അജിത്കുമാർ, എൻ. ഡോ, *ഫോക്‌ലോറും സാഹിത്യനിരൂപണവും തത്വവും പ്രയോഗവും,* കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2005.

അജുനാരായണൻ. ഡോ, *ഫോക്‌ലോർ പഠനങ്ങൾ,* സാഹിത്യപ്രവർത്തക കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്, 2011.

അച്യുതൻ, എം. പ്രൊഫ, *പാശ്ചാത്യ സാഹിത്യ ദർശനം,* കോട്ടയം: സാഹിത്യപ്രവർത്തകസഹകരണ സംഘം, നാഷണൽ ബുക്സ്റ്റാൾ, 1962.

അശോകൻ നൊച്ചാട്, *സാമൂഹ്യനരവംശ ശാസ്ത്രത്തിലെ അടിസ്ഥാനാശയങ്ങൾ,* കാലിക്കറ്റ് യൂണിവേഴ്സിറ്റി സെന്റർ കോ- ഓപ്പറേറ്റീവ് സ്റ്റോർ, തേഞ്ഞിപ്പാലം, 2004.

അസീസ് തരുവണ. (എഡിറ്റർ), *വിദ്യാഭ്യാസചിന്തകൾ,* ഒലീവ് പബ്ലിക്കേഷൻസ്, 2007.

കാവിൽപ്പാട്, എ. ബി. പി, *കേരളത്തിലെ 51 ഹാസ്യ നാടോടിക്കഥകൾ,* തൃശ്ശൂർ: എച്ച് & ഡി ബുക്സ്, 2014.

കുമാരൻ വയലേരി. ഡോ, *ഭാഷയും സമൂഹവും,* പയ്യന്നൂർ: പുസ്തക ഭവൻ, 2010.

കൃഷ്ണൻ നായർ, പി.ആർ. *വ്യക്തിത്വവികസനവും മാനസികാരോഗ്യവും,* കോഴിക്കോട്: പൂർണ്ണ പബ്ലിക്കേഷൻസ്, 2010.

ഗോവിന്ദപ്പിള്ള, പി. *വൈജ്ഞാനിക വിപ്ലവം ഒരു സാംസ്കാരിക ചരിത്രം,* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2010.

ഗോപിനാഥൻ, ആർ. ഡോ, *കേരളത്തനിമ,* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റി റ്റ്യൂട്ട്, 2013.

ഗോപി, പുതുക്കോട്. *വിദ്യാഭ്യാസവും സംസ്കാരവും,* കോഴിക്കോട്: പൂർണ്ണ പബ്ലിക്കേഷൻസ്, 2005.

ജോൺ, ടി. സി. *വയനാടൻ കഥകൾ കുട്ടികൾക്ക്,* കോഴിക്കോട്, ഒലീവ് പബ്ലിക്കേ ഷൻസ്, 2012.

ജ്യോതിരാജ്. *പഴഞ്ചൊല്ലുകളിലെ കഥാപ്രപഞ്ചം,* കോഴിക്കോട്: മിഡിൽഫിൽ പബ്ലിക്കേഷൻസ്, 2010.

തരകൻ, കെ.എം. ഡോ, *പാശ്ചാത്യസാഹിത്യ തത്ത്വശാസ്ത്രം,* കോട്ടയം: സാഹി ത്യപ്രവർത്തകസഹകരണസംഘം, നേഷണൽ ബുക്സ്സ്റ്റാൾ, 1990.

നമ്പൂതിരി, എൻ. എം. *ഇന്ത്യൻ നാടോടിക്കഥകൾ,* കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2012.

നമ്പൂതിരി, എൻ. എം. ഡോ, *കേരളസംസ്കാരം അകവും പുറവും,* തേഞ്ഞിപ്പലം: കാലിക്കറ്റ് യൂണിവേഴ്സിറ്റി സെൻട്രൽ കോ- ഓപ്പറേറ്റീവ് സ്റ്റോർ ലിമിറ്റഡ്.

നാരാണ ഭട്ടതിരി, വി.കെ. *വേദാർത്ഥവിചാരം,* കോഴിക്കോട്: മാതൃഭൂമി ബുക്സ്, 1984.

നിത്യചൈതന്യയതി, *സമ്യക്കായ ഒരു ലോകവീക്ഷണം,* വർക്കല: നാരായണഗുരു കുലം, 2008.

നിത്യചൈതന്യയതി, ഭഗവത്ഗീതാസ്വാദ്ധ്യായം, ഡി.സി.ബുക്സ്, കോട്ടയം, 1992.

നിത്യചൈതന്യയതി, പരിവർത്തനോന്മുഖ വിദ്യാഭ്യാസം, നാരായണഗുരുകുലം, വർക്കല, 2006.

പത്മനാഭപ്പിള്ള, ജി. ശ്രീകണ്ഠേശ്വരം, *ശബ്ദതാരാവലി,* കോട്ടയം: നാഷണൽ ബുക്സ്റ്റാൾ, 2008.

പരമേശ്വരയ്യർ, എസ്. ഉള്ളൂർ. *കേരളസാഹിത്യ ചരിത്രം, വാല്യം 1,* തിരുവനന്തപുരം: കേരള സർവ്വകലാശാല.

പത്മിനി, പി.ജി. ഡോ, *ആദിവാസിക്കഥകൾ,* കണ്ണൂർ: സമയം പബ്ലിക്കേഷൻസ്, 2008.

പവിത്രൻ, പി. *മാതൃഭാഷയ്ക്കുവേണ്ടിയുള്ള സമരം,* ചെറുതുരുത്തി: മലയാള ഐക്യവേദി, 2014.

പൊതുവാൾ, പി.പി.കെ. *പരിസ്ഥിതിബോധവും സംസ്കാരവും,* കോഴിക്കോട്: 2007.

പോക്കർ, പി. കെ. ഡോ, *ആധുനികോത്തരതയുടെ കേരളീയ പരിസരം,* കോഴിക്കോട്: ലീഡ് ബുക്സ്, 2014.

പുരുഷോത്തമൻ, പി. വി. *വിഗോദ്സ്കിയും വിദ്യാഭ്യാസവും,* തൃശ്ശൂർ: കേരളശാസ്ത്രസാഹിത്യപരിഷത്ത്, 2008.

പുരുഷോത്തമൻ, പി. വി. *വിമർശനാത്മകബോധനം സിദ്ധാന്തവും പ്രയോഗവും,* കേരളശാസ്ത്രസാഹിത്യ പരിഷത്ത്, 2013.

പൗലോസ്, കെ. ജി. (ജനറൽ എഡിറ്റർ), *അഗ്നിപുരാണം,* മഹാപുരാണപരമ്പര, ഡി.സി. ബുക്സ്, 2014.

പ്രസാദ്, സി.ആർ. ഡോ, ഭാഷയും ഭാവനയും പ്രതിരോധത്തിന്റെ അടയാളങ്ങൾ, തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2010.

പ്രഭാകരൻ, എൻ. (ജനറൽ എഡിറ്റർ), എം. എൻ. വിജയൻ സമ്പൂർണ്ണകൃതികൾ, തൃശ്ശൂർ: കറന്റ് ബുക്സ്, 2009.

പ്രഭാകരവാരിയർ, ശാന്താഅഗസ്റ്റിൻ, *ആധുനികഭാഷാശാസ്ത്രം,* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1989.

പ്രവീൺ ശങ്കരമംഗലം, അമൃതരാജ് ജി. (ജനറൽ എഡിറ്റർ), *വിശ്വസാഹിത്യ ചൊൽക്കഥകൾ,* കോട്ടയം: ഡി. സി.ബുക്സ്, 2015.

ഭരതൻ, കെ.എം. *നാട്ടുസംസ്കൃതിയുടെ നടവഴികൾ,* തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

ഭക്തവത്സല റെഡ്ഡി, എൻ. *ഫോക്‌ലോർ പഠനം സിദ്ധാന്തതലം,* തിരുവനന്തപുരം: ഫോക്‌ലോർ സൊസൈറ്റി ഓഫ് സൗത്ത് ഇന്ത്യൻ ലാംഗ്വേജസ്, 2004.

മനോജ്, മാതിരപ്പള്ളി. *കേരളത്തിലെ ആദിവാസികൾ കലയും സംസ്കാരവും,* കോട്ടയം: ഡി. സി.ബുക്സ്, 2013.

മരയ്ക്കാർ, വി. പി. *ശൈലികൾക്കു പിന്നിലെ കഥകൾ,* കോട്ടയം: കറന്റ് ബുക്സ്, 2011.

മലയാളപഠനസംഘം, സംസ്കാരപഠനം ചരിത്രം സിദ്ധാന്തം പ്രയോഗം, ശുകപുരം: വള്ളത്തോൾ വിദ്യാപീഠം, 2011.

മാരാർ, കെ. കെ. *കേരളത്തനിമ, നാടൻകലാവിജ്ഞാനീയത്തിനൊരാമുഖം,* കോഴിക്കോട്: പൂർണ പബ്ലിക്കേഷൻസ്, 2008.

മുഹമ്മദ്, സി. പി, *മറവി ഓർമ്മ ശാസ്ത്രവും ജീവിതവും,* കോഴിക്കോട്: ഇൻസൈറ്റ് പബ്ലിക്ക, 2016.

മൂസക്കുട്ടി, എൻ. *ബദൂവി പറഞ്ഞ അറബി നാടോടിക്കഥകൾ, സമാഹരണം*, കോഴിക്കോട്: ഗ്രീൻബുക്സ്, 2002.

രവികുമാർ, കെ. എസ്. ഡോ, *കഥയുടെ കഥ,* തിരുവനന്തപുരം: ചിന്താ പബ്ലിഷേഴ്സ്, 2008.

രവി ഇരിഞ്ചയം. *ഭാഷാസമഗ്രതാദർശനം,* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2007.

രവികുമാർ, കെ. എസ്. *ഗാന്ധിജിയുടെ രാമരാജ്യദർശനം*, കൊച്ചി: ശാരദ ബുക്സ്, 1997.

രാഘവവാരിയർ, എം. ആർ. *കേരളീയത ചരിത്രമാനങ്ങൾ,* എടപ്പാൾ: വള്ളത്തോൾ വിദ്യാപീഠം, 2009.

രാജശേഖരൻ, പി. കെ. *കഥാന്തരങ്ങൾ,* തിരുവനന്തപുരം: മാതൃഭൂമി ബുക്സ്, 2007.

രാജരാജവർമ്മ വടക്കുംകൂർ. *ശൈലീപ്രദീപം,* തിരുവനന്തപുരം: കമലാലയ ബുക് ഡിപ്പോ, 1967.

രാജഗോപാലൻ, സി.ആർ. ഡോ, *ഫോക്‌ലോർ സിദ്ധാന്തങ്ങൾ,* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2007.

രാജൻ ചുങ്കത്ത്. ഡോ, *പറയിപെറ്റപന്തിരുകുലം, ഐതിഹ്യവും ചരിത്രവും,* കോട്ടയം: ഡി. സി. ബുക്സ്, 2012.

രാജഗോപാലൻ, ഇ. പി. *പലമ,* തിരുവനന്തപുരം: ഹരിതം ബുക്സ്, 2010.

രാജഗോപാലൻ, ഇ. പി, *സംസ്കാരത്തിന്റെ കുടിലുകൾ,* കണ്ണൂർ: സമയം പബ്ലി ക്കേഷൻസ്, 2010.

രാജഗോപാലൻ, ഇ. പി, *നാട്ടറിവും വിമോചനവും,* പയ്യന്നൂർ: പുസ്തകഭവൻ, 2008.

രാജൻഗുരുക്കൾ. ഡോ, *മിത്ത് ചരിത്രം സമൂഹം,* പത്തനംതിട്ട, പ്രസക്തി ബുക്സ്, 2009.

രാജേന്ദ്രൻ, സി. ഡോ. *സൗന്ദര്യശാസ്ത്രം,* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റി റ്റ്യൂട്ട്, 2006.

രംഗനാഥാനന്ദ സ്വാമികൾ. *മാറുന്ന സമൂഹത്തിന് അനിവാര്യമായ ശാശ്വതമൂല്യ ങ്ങൾ,* തൃശ്ശൂർ: ശ്രീരാമകൃഷ്ണമഠം, 1987.

ലീലാകൃഷ്ണൻ, ആലങ്കോട്. *കേരളീയ നാടോടിക്കഥകൾ,* ലിപി പബ്ലിക്കേഷൻസ്, 2009.

ലീലാവതി, എം. ഡോ. *ആദിപ്രരൂപങ്ങൾ സാഹിത്യത്തിൽ ഒരു പഠനം,* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1998.

വിഷ്ണുനമ്പൂതിരി, എം. വി. *പുരാവൃത്തപഠനം,* കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2010.

വിഷ്ണുനമ്പൂതിരി, എം. വി. *നാടോടിവിജ്ഞാനീയം,* കോട്ടയം: ഡി. സി. ബുക്സ്, 2011.

വിഷ്ണുനമ്പൂതിരി, എം. വി. *ഫോക്‌ലോർ ചിന്തകൾ,* കോഴിക്കോട്: പൂർണ പബ്ലിക്കേഷൻസ്, 2005.

വിഷ്ണുനമ്പൂതിരി, എം. വി. *നാട്ടറിവിലെ അർത്ഥപ്പൊലിമ,* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്,

വിഷ്ണുനമ്പൂതിരി, എം. വി. *നാട്ടറിവും നാമപഠനവും,* കോട്ടയം: ഡി. സി. ബുക്സ്, 2010.

വിഷ്ണുനമ്പൂതിരി, എം. വി. (ജനറൽ എഡിറ്റർ). *ഫോക്‌ലോറിന്റെ കൈവഴികൾ,* കണ്ണൂർ: കേരളഫോക്‌ലോർ അക്കാദമി, 2004.

വിഷ്ണുനമ്പൂതിരി, എം. വി. *ഫോക്‌ലോർ നിഘണ്ടു,* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1989.

വിദ്യാസാഗർ, കെ. ജനറൽ എഡിറ്റർ *നമ്മുടെ നാട്ടറിവുകളും പഴഞ്ചൊല്ലുകളും കടങ്കഥകളും,* ഡി. സി. ബുക്സ്, 2011.

വിനോദ്, വി. ബി. ഡോ, ചീഫ് എഡിറ്റർ *ലോക ഇതിഹാസകഥകൾ,* കോട്ടയം: ഡി. സി. ബുക്സ്, 2013.

ശിവശങ്കരൻ നായർ, എം. കെ. *പ്രീ- സ്കൂൾ വിദ്യാഭ്യാസം,* കോട്ടയം: ആരവല്ലി പബ്ലിക്കേഷൻസ്, 1990.

ശിവശങ്കരൻ നായർ, എം. കെ. *സംസ്കാരം യുഗങ്ങളിലൂടെ,* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2012.

ശ്രീകുമാർ, കെ. ഡോ, *നമ്മുടെ നാടോടിക്കഥകളും ഐതിഹ്യങ്ങളും മലയാള ത്തിന്റെ മഹാപൈതൃകം,* കോട്ടയം: ഡി. സി. ബുക്സ്, 2010.

ശ്രീധരൻ, എ. എം. *ഫോക്‌ലോർ സമീപനങ്ങളും സാധ്യതകളും,* തൃശ്ശൂർ: മലയാള പഠനഗവേഷണകേന്ദ്രം, 2009.

ശ്രീധരൻ, എ. എം. *ആഖ്യാനം കാലം കഥ,* കോട്ടയം: സാഹിത്യപ്രവർത്തകസം ഘം, നാഷണൽ ബുക്സ്റ്റാൾ, 2012.

സോമൻ, പി. ഡോ, *ഫോക്‌ലോർ സംസ്കാരം,* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2004.

സോമൻ കടലൂർ ഡോ. *ആദിവാസിദേശം ഭാഷ സംസ്കാരം,* കോഴിക്കോട്: പിയാനോ പബ്ലിക്കേഷൻസ്, 2011.

സോമൻ കടലൂർ, ഡോ. *ഫോക്‌ലോറിന്റെ സൗന്ദര്യശാസ്ത്രം,* തിരുവനന്തപുരം: ചിന്താ പബ്ലിഷേഴ്സ്, 2011.

സോമൻ കടലൂർ, ഡോ. *വിദ്യാഭ്യാസവും ഫോക്‌ലോറും,* കോഴിക്കോട്: ഇൻസൈറ്റ് പബ്ലിക്ക, 2012.

സോമനാഥൻ, പി. ഡോ, *കഥ ആഖ്യാനം ആഖ്യാനശാസ്ത്രം,* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2016.

സുമംഗല, *നാടോടിചൊൽക്കഥകൾ,* ഡി. സി. ബുക്സ്, കോട്ടയം: 2011.

ഹന്ന, ജി. പുനരാഖ്യാനം, *കേരളകഥകൾ,* തൃശ്ശൂർ: എച്ച് & സി. പബ്ലിഷിങ് ഹൗസ്.

## English Books

Arthur Ransome. *Old Peter's Russian Tales,* Nelson Sons Ltd, London.1916.

Ben, Amos, Dan. 1992 Folklore, Cultural performances and popular entertainments (edited by Richard Boumon) Oxford University Press.

Berat AH1. Dilara Yaya, Sibel ozosy, The concept of environment in folktales from different cultures, Analysis of content and visuals.

Jung, C.G. The collected works of C.G. Jung, Routledge, London, 1959.

Dorson, Richardn. 1972: Folklore and Folklife, Chicago: University of Chicago Press.

Eric K. Taylor; Using Folktales, Cambridge University Press.

Dundes, Alan; 1965: The Study of folklore, New Jercy: Prentice Hall.

Fisher, J.L. 1963. The Socio-psychological Analysis of Folktale

Freud Siagmund; Civilization and it's contents, London: The noggrth press, 1949.

Post wheeler; Russian wonder tales, The Century & 10, New York, 1912.

Propp, V.J. 1968, Morphology of folktale, Austin, University of Texas press.

Prabas Jivan Chaudhury, Tagore on Literature and Aesthetics, Rabindra Bharathi, 1965.

Rada Kumad Mukherjee; Ancient Indian Education, MLBD. Delhi.

Radcuffe Brown, A.R, 1971, Structure and foundation in primitive society, Broadway house, London.

**ആനുകാലികങ്ങൾ**

മായാദാസ്. ഡോ, 'സൗന്ദര്യത്തെപ്പറ്റി സ്വാമിവിവേകാനന്ദനും രവീന്ദ്രനാഥടാഗോറും'. 1995, ലക്കം 64, പ്രഗതി ത്രൈമാസിക.

അജുനാരായണൻ. ഡോ. 'നാടോടിക്കഥ: ചരിത്രം, വ്യാകരണം' 2007, ലക്കം 9, വിജ്ഞാനകൈരളി

കുമാരൻ വയലേരി, 'ഫോക്‌ലോർ പഠനം വർത്തമാനവും ഭാവിയും', 2005, ലക്കം 1, പൊലി ചതുർമാസിക.

സോമൻ കടലൂർ. ഡോ. 'നാട്ടുമൊഴിയുടെ പദവിമൂല്യം', 2015, ലക്കം 31, 32, പൊലി ചതുർമാസിക.

**ആവേദകർ**

1. ശ്രീകുമാർ കെ. ഡോ. ബാലുശ്ശേരി, കോഴിക്കോട്
2. സോമൻ കടലൂർ, ഡോ. കോടിക്കൽ, നന്തി കോഴിക്കോട്.
3. പ്രഭാകരൻ, കുന്നേൽവീട്, തെന്മല, തിരുവനന്തപുരം.
4. തൊപ്പി (സോമൻ), എരച്ചനക്കുന്ന്, വെള്ളമുണ്ട, വയനാട്

**പഠനറിപ്പോർട്ട്**

1. സേതുകുമാർ, വി. കെ. കേരളത്തിലെ നാടോടിക്കഥകൾ, അന്താരാഷ്ട്ര കേരളപഠനകേന്ദ്രം, കേരളസർവ്വകലാശാല, തിരുവനന്തപുരം, 1995.

**വെബ് സൈറ്റ്**


1. www.wikipedia.com
2. bookzz.org